കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ

## സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പ്



# കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ

**സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പ്**

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
**2022**

*Published by* **State Council of Educational Research and Training (SCERT)**
**for General Education Department**
*Website*: www.scertkerala.gov.in *e-mail*: scertkerala@gmail.com
Phone: 0471 - 2341883, Fax: 0471 - 2341869
Typesetting and Layout: SCERT
Printed at: SCERT Press
© Department of General Education, Government of Kerala.

# ആമുഖം

പ്രിയമുള്ളവരേ,

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമീപനം, ഉള്ളടക്കം, വിനിമയം, മൂല്യനിർണയം, ബോധനരീതി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സാമൂഹികരേഖയാണ് പാഠ്യപദ്ധതി. കഴിഞ്ഞ നിരവധി വർഷങ്ങളായി അറിവിന്റെ വ്യത്യസ്ത മേഖലകളിൽ ഉണ്ടായിട്ടുള്ള വികാസത്തെ പരിഗണിച്ചുകൊണ്ടുള്ള പരിഷ്കരണമാകും നടപ്പിലാക്കുക. ഇതിന്റെ ഭാഗമായി, സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികളുടെ തീരുമാനപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. പാഠ്യപദ്ധതിയെ സംബന്ധിച്ചുള്ള പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകൾ നടത്തുന്നതിനാണ് കേരളസർക്കാർ തീരുമാനിച്ചിട്ടുള്ളത്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങളും (ഭാഗം 1) 26 ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളും (ഭാഗം 2) ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, സ്കൂൾ തലങ്ങളിൽ വിശദമായ ജനകീയചർച്ചകൾക്ക് വിധേയമാക്കുന്നതാണ്. പൊതുവായ കാര്യങ്ങളെക്കുറിച്ചും ഓരോ ഫോക്കസ് മേഖലയെക്കുറിച്ചും സമൂഹചർച്ചയ്ക്കുള്ള കുറിപ്പുകൾ അടങ്ങിയ കൈപ്പുസ്തകമാണിത്. കൂടാതെ, നേരിട്ട് നിർദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള ഒരു 'ടെക് പ്ലാറ്റ്ഫോം' പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കുന്നതാണ്. പൊതുചർച്ചകളിലൂടെയും ഓൺലൈനിലൂടെയും ലഭ്യമാകുന്ന പൊതുസമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും അഭിപ്രായം പരിഗണിച്ച് പൊസിഷൻ പേപ്പറുകൾ തയാറാക്കും. പൊസിഷൻ പേപ്പറുകൾ അന്തിമമായി തയാറാകുന്ന മുറയ്ക്ക് നാല് കേരള പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ (ശൈശവകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപകവിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം) കരട് തയാറാക്കുകയും ബന്ധപ്പെട്ട സമിതികളിൽ ചർച്ചചെയ്ത്, പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുകയും ചെയ്യും. ഈ പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാനത്തിലായിരിക്കും പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും വികസിപ്പിക്കുക.

നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന സാമൂഹിക ഉത്തരവാദിത്വം നാം നിർവഹിക്കേണ്ടതുണ്ട്. ഈ പുസ്തകത്തിലെ ഉള്ളടക്കം സൂക്ഷ്മമായി പരിശോധിച്ച് ക്രിയാത്മകമായ നിർദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർഥിക്കുന്നു.

വിനയപൂർവം,

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്**
ചെയർമാൻ
സംസ്ഥാന പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി

# ഉള്ളടക്കം


**ഭാഗം 1**

**നീതിയിലധിഷ്ഠിതമായ ഗുണമേന്മാവിദ്യാഭ്യാസം : പൊതുവായ കാര്യങ്ങൾ** ........ 06

**ഭാഗം 2 ഫോക്കസ് മേഖലകൾ**

1. വിദ്യാഭ്യാസത്തിന്റെ ദർശനം (വിദ്യാഭ്യാസലക്ഷ്യങ്ങൾ ഉൾപ്പെടെ) ........ 23
2. ശൈശവകാല പരിചരണവും വികാസവും ........ 28
3. പാഠ്യപദ്ധതിയും ബോധനശാസ്ത്രവും ........ 32
4. സാമൂഹ്യശാസ്ത്രവിദ്യാഭ്യാസം ........ 37
5. തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം ........ 39
6. ശാസ്ത്രവിദ്യാഭ്യാസം ........ 43
7. കലാവിദ്യാഭ്യാസം ........ 45
8. ഗണിതവിദ്യാഭ്യാസവും ഗണനചിന്തയും ........ 48
9. ഭാഷാവിദ്യാഭ്യാസം ........ 52
10. പരിസ്ഥിതിവിദ്യാഭ്യാസം ........ 55
11. ആരോഗ്യ-കായികവിദ്യാഭ്യാസം ........ 60
12. വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്രപുരോഗതി രേഖയും ........ 63
13. ഇന്ത്യയെക്കുറിച്ചുള്ള അറിവ് ........ 67
14. മൂല്യവിദ്യാഭ്യാസം ........ 71
15. ഉൾച്ചേർന്നവിദ്യാഭ്യാസം ........ 74
16. ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ........ 79
17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ........ 82
18. അധ്യാപകവിദ്യാഭ്യാസം ........ 87
19. ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ ........ 90
20. സ്കൂൾഭരണവും നേതൃത്വവും ........ 95
21. ഗുണമേന്മയുള്ള പഠനസാമഗ്രികളുടെ രൂപീകരണം ........ 98
22. സ്കൂൾവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ........ 100
23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ ........ 103
24. വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക് ........ 106
25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും ........ 109
26. രക്ഷാകർതൃവിദ്യാഭ്യാസം ........ 113

ഭാഗം 1

# നീതിയിലധിഷ്ഠിതമായ ഗുണമേന്മാവിദ്യാഭ്യാസം: പൊതുവായ കാര്യങ്ങൾ

## ആമുഖം

സ്കൂൾ പ്രായത്തിലുള്ള ഏതാണ്ടെല്ലാ കുട്ടികളെയും സ്കൂളിലെത്തിച്ചു എന്നതും പന്ത്രണ്ട് വർഷം നീണ്ടുനിൽക്കുന്ന സ്കൂൾ വിദ്യാഭ്യാസഘട്ടം അവരെല്ലാവരും പൂർത്തിയാക്കുന്നു എന്നുറപ്പാക്കുന്നതും നമ്മുടെ പ്രധാനനേട്ടമാണ്. 2020 ൽ യു.എൻ.ഡി.പി ഇറക്കിയ ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് പ്രകാരം ദേശീയാടിസ്ഥാനത്തിൽ ശരാശരി സ്കൂളിംഗ് (കുട്ടികൾ സ്കൂളിലെത്തുന്ന ശരാശരി വർഷങ്ങൾ) 6.5 വർഷം മാത്രമേ ഉള്ളൂ എന്നതും നാം കാണണം. വിദ്യാഭ്യാസരംഗത്തെ ഒന്നാംതലമുറയിലെ പ്രശ്നങ്ങളായ സ്കൂൾപ്രാപ്യത, പഠനത്തുടർച്ച ഉറപ്പാക്കൽ എന്നീ കാര്യങ്ങളിൽ ചില പരിമിതികളുണ്ടെങ്കിലും നാം വിജയിച്ചിരിക്കുന്നു. ഇനി നമുക്ക് മുന്നേറണമെങ്കിൽ മുഴുവൻ കുട്ടികൾക്കും നീതി ലഭിക്കുന്ന, തുല്യതയിലൂന്നിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയണം. ഓരോ കുട്ടിയുടെയും ഇടമായി പൊതുവിദ്യാലയങ്ങളെ വളർത്തിയെടുക്കണം. കുട്ടികളുടെ കഴിവുകളെ കണ്ടെത്തി, അത് ഏറ്റവും ഉന്നതിയിലെത്തിക്കാനുള്ള അവസരങ്ങളാണ് പ്രദാനം ചെയ്യേണ്ടത്. അതെങ്ങനെ വേണം എന്നത് സംബന്ധിച്ച ആഴത്തിലുള്ള സാമൂഹിക-അക്കാദമിക ചർച്ചകൾ അനിവാര്യമാണ്. ഇതിനായി സമൂഹത്തിലെ വിദ്യാഭ്യാസ തല്പരർ, വിവിധ മേഖലയിലെ വിദഗ്ധർ, സംരഭകർ, സാങ്കേതിക വിദഗ്ധർ, കാർഷിക മേഖലയിലടക്കം വിവിധ ജീവിതതുറകളിൽ അനുഭവസമ്പത്തുള്ളവർ, വിദ്യാർഥികൾ തുടങ്ങി എല്ലാവരുടെയും അറിവും അനുഭവങ്ങളും കോർത്തിണക്കുന്ന രീതിശാസ്ത്രം പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് അവലംബിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ വിപുലമായ ചർച്ചകളും നടക്കേണ്ടതുണ്ട്. പാഠ്യപദ്ധതി രൂപീകരണപ്രക്രിയ ജനകീയമാകണം.

## പശ്ചാത്തലം – അനിവാര്യത

1. കേന്ദ്രസർക്കാർ ദേശീയ വിദ്യാഭ്യാസനയം 2020 പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ച എന്ന നിലയിൽ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസം, പ്രീസ്കൂൾ, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ നാലു മേഖലകളിൽ സംസ്ഥാനപാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കേണ്ടതുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ നിലപാടുകൾക്കനുസൃതമായി പാഠ്യപദ്ധതി എത്രയും വേഗം തയ്യാറാക്കാൻ കഴിയേണ്ടതുണ്ട്.

2. പുതുതായി രൂപീകരിക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടുകൾ പൊതുസമൂഹത്തിന്റെ കൂടി അഭിലാഷങ്ങളും, ആവശ്യകതയും പ്രതിഫലിക്കുന്നതാകണം. മതനിരപേക്ഷത, ജനാധിപത്യം, സ്ഥിതിസമത്വം തുടങ്ങിയ ഭരണഘടനാദർശനങ്ങളും പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകളും വിട്ടുവീഴ്ചകളില്ലാതെ ഉൾച്ചേർക്കുന്നതുമാകണം പാഠ്യപദ്ധതി ചട്ടക്കൂട്. സാമൂഹികമായ പങ്കാളിത്തത്തോടെയാകണം ഇത് വികസിപ്പിക്കേണ്ടത്.

3. 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പശ്ചാത്തലത്തിലാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) 2007 വികസിപ്പിച്ചത്. വിപുലമായ ജനസംവാദങ്ങളിലൂടെ സമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾച്ചേർത്താണ് കെ.സി. എഫ് 2007 രൂപപ്പെടുത്തിയത്. പ്രസ്തുത പാഠ്യപദ്ധതി ചട്ടക്കൂടിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താതെയാണ് പാഠപുസ്തകങ്ങൾ 2013ൽ പരിഷ്കരിച്ചത്. കഴിഞ്ഞ 10 വർഷക്കാലത്ത് വൈജ്ഞാനികമേഖലയിലും സാങ്കേതികവിദ്യാരംഗത്തും ബോധനശാസ്ത്രരംഗത്തും വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്. ഈ മാറ്റങ്ങളെ പുരോഗമനവിദ്യാഭ്യാസ നിലപാടുകൾക്കനുഗുണമായി ഉൾച്ചേർത്തുകൊണ്ട് പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്.

4. വിജ്ഞാനസമൂഹം, പ്രാദേശികസമ്പദ്ഘടന തുടങ്ങിയ സങ്കൽപ്പനങ്ങൾ സാമൂഹികമായി പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാഴ്ചപ്പാടിനനുസൃതമായി സ്കൂൾ പാഠ്യപദ്ധതിയെ പരിവർത്തിപ്പിക്കേണ്ടതുണ്ട്.

5. കേരളത്തിൽ സ്കൂൾ പ്രായത്തിലുള്ള കുട്ടികളിൽ ഏതാണ്ട് എല്ലാവരും സ്കൂളിലെത്തുകയും 12-ാം ക്ലാസ് വരെയുള്ള സ്കൂൾഘട്ടം പൂർത്തിയാക്കുകയും ചെയ്യുന്നു. അതിൽ പകുതിയോളം പേർ ഉന്നതവിദ്യാഭ്യാസ ഘട്ടത്തിലേക്ക് പോകുന്നു. പകുതിയിലധികം ജീവിതത്തിലേക്കാണ് പ്രവേശിക്കുന്നത്. ഇങ്ങനെ ജീവിതത്തിലേക്ക് തിരിയുന്നവർക്ക് തൊഴിൽമേഖലകളിൽ ആത്മവിശ്വാസത്തോടെ ഇടപെടുന്നതിനാവശ്യമായ അറിവോ കഴിവോ നൈപുണിയോ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ ലഭിക്കുന്നില്ല എന്ന വിമർശനം പ്രബലമാണ്. കേരളത്തിൽ ലഭ്യമായ തൊഴിൽസാധ്യതകൾ അഭിമാനബോധത്തോടെ പ്രയോജനപ്പെടുത്തുവാൻ നമ്മുടെ അഭ്യസ്തവിദ്യരായ തൊഴിൽശക്തിക്ക് കഴിയുന്നില്ല എന്നതാണ് വിമർശനങ്ങളുടെ പൊരുൾ. കുട്ടികളിൽ തൊഴിലിനോടുള്ള മനോഭാവം വളർത്തുക, തൊഴിൽപരിചയം നേടുക തുടങ്ങിയവയെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാകണം. അതു

കൊണ്ട് തൊഴിൽവിദ്യാഭ്യാസത്തെ (വർക്ക് എഡ്യൂക്കേഷൻ) സ്കൂൾ പാഠ്യപദ്ധതിയിൽ ശാസ്ത്രീയമായി എങ്ങനെ ഉൾച്ചേർക്കാമെന്ന കാര്യം അടിയന്തിരപരിഗണന അർഹിക്കുന്നു.

6. ജ്ഞാനസമൂഹം എന്നത് നിരന്തരമായി അറിവ് സൃഷ്ടിക്കുന്ന സമൂഹമാണ്. നൂതനത്വം (Innovation) ആണ് പ്രസ്തുത സമൂഹത്തിന്റെ സവിശേഷത. ഇത്തരം ഒരു സമൂഹത്തിലെ വിദ്യാഭ്യാസം, അറിവ് സൃഷ്ടിക്കുന്ന കുട്ടിയെ വളർത്തിയെടുക്കുന്നതാകണം. നിലവിലുള്ള പാഠ്യപദ്ധതി അതിന് എത്രമാത്രം യോജിച്ചതാണ് എന്ന പരിശോധന പ്രാധാന്യം അർഹിക്കുന്നു.

7. കുട്ടി ജീവിക്കുന്ന ലോകക്രമം മത്സരാധിഷ്ഠിതമാണ്. ഇത്തരം മത്സരാധിഷ്ഠിത ലോകത്തിൽ പ്രശ്നനിർധാരണമാണ് പ്രധാനം. ഈ കഴിവുകൾ കൂടി കുട്ടികൾ ആർജിക്കുന്ന തരത്തിലുള്ള പഠനപദ്ധതി വികസിപ്പിക്കേണ്ടതുണ്ട്.

8. നമ്മുടെ ക്ലാസ്സുമുറികളെല്ലാം സാങ്കേതികവിദ്യാ സൗഹൃദമായി. എന്നാൽ ആധുനിക സാങ്കേതികവിദ്യ അനിവാര്യമാകുന്ന ഒന്നല്ല നിലവിലുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും. കുട്ടികളുടെ പഠനത്തിന് സഹായകമായ തരത്തിൽ സാങ്കേതികവിദ്യയെ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടതുണ്ട്.

9. കാലാവസ്ഥാവ്യതിയാനം കേരളത്തെ പ്രത്യക്ഷമായി ബാധിച്ചിരിക്കുന്നു എന്നാണ് അടുത്തകാലത്തെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. മുൻകാലത്തെ അപേക്ഷിച്ച് പ്രകൃതിദുരന്തങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോടൊപ്പം പ്രകൃതിദുരന്തങ്ങളെ എങ്ങനെ അഭിമുഖീകരിക്കണം എന്ന കാര്യം സ്കൂൾ ഘട്ടത്തിൽത്തന്നെ കുട്ടികളെ പരിചയപ്പെടുത്തേണ്ടതുണ്ട്.

10. വിദ്യാസമ്പന്നമായ ഒരു പ്രദേശത്തിന് ചേരാത്ത പല പ്രവണതകളും ഇപ്പോഴും നിലനിൽക്കുന്നു. ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ ഉളവാകാനാവശ്യമായ അംശങ്ങൾ പാഠ്യപദ്ധതിയിൽ വലിയ തോതിൽ ഉണ്ടാകേണ്ടതുണ്ട്.

11. കോവിഡ് 19 മഹാമാരി ഉയർത്തിയ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. അതുപോലെ ഈ കാലഘട്ടം തുറന്നുതരുന്ന സാധ്യതകളും അവസരങ്ങളുമുണ്ട്. ഇവയും പാഠ്യപദ്ധതിയിൽ പ്രതിഫലിക്കേണ്ടതുണ്ട്.

ഇക്കാര്യങ്ങളെല്ലാം ഉൾച്ചേർത്ത് നിലവിലുള്ള പാഠ്യപദ്ധതിയെയും അതിന് നിദാനമായ പാഠ്യപദ്ധതി ചട്ടക്കൂടിനെയും നവീകരിക്കേണ്ടതുണ്ട് എന്നതിലേക്കാണ് വിരൽചൂണ്ടുന്നത്.

### സമീപനത്തിലേക്ക്

1. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക കാഴ്ചപ്പാട്, സമീപനം, വിനിമയം, വിലയിരുത്തൽ തുടങ്ങി പഠനവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഉൾക്കൊള്ളുന്ന സാമൂഹികരേഖയാണ് പാഠ്യപദ്ധതി. കാഴ്ചപ്പാടും സമീപനവും വ്യക്തമാക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂട്, ഉള്ളടക്കവുമായി ബന്ധപ്പെട്ട സിലബസ്ഗ്രിഡ്, പാഠപുസ്തകങ്ങൾ, പഠനബോധന സാമഗ്രികളായ അധ്യാപകർക്കുള്ള കൈപ്പുസ്തകം (Teacher Text), കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം (Activtiy Book), എഡ്യൂക്കേഷൻ ടെക്നോളജി - ഐ.സി.റ്റി സൗഹൃദ വിദ്യാഭ്യാസത്തിന് സഹായകമായ സംവിധാനങ്ങൾ ഉൾപ്പെടെ ഡിജിറ്റൽ വിഭവങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്നതാണ് പാഠ്യപദ്ധതി. പഠനത്തിന്റെ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നിവ അടങ്ങിയ സമഗ്രരേഖ കൂടിയാണിത്. ഈ കാഴ്ചപ്പാടിന്റെ അടിത്തറയിലാകണം പാഠ്യപദ്ധതി ചട്ടക്കൂട് സംബന്ധിച്ച സംവാദങ്ങൾ നടക്കേണ്ടത്.

2. 1997ലാണ് അന്നേവരെ നിലവിലുണ്ടായിരുന്ന പഠനസങ്കൽപ്പത്തെ മാറ്റിമറിക്കാൻ പര്യാപ്തമായ പാഠ്യപദ്ധതി പരിഷ്കരണത്തിനു തുടക്കമിട്ടത്. കുട്ടികൾ സംഘംചേർന്നും സംഘത്തിന്റെ ഭാഗമായും അധ്യാപകരുടെയടക്കം പിന്തുണയോടെയും അറിവുനിർമ്മിക്കുന്നു എന്ന കാഴ്ചപ്പാടിനനുസൃതമായാണ് നവീന പഠനസങ്കൽപ്പനങ്ങൾ മുന്നോട്ടുവച്ചത്. അറിവുനിർമ്മാണത്തിന് പ്രാമുഖ്യംകൊടുത്ത ഈ സമീപനം പ്രക്രിയാബന്ധിതവും ശിശുകേന്ദ്രീകൃതവുമായിരുന്നു. ഇതിന്റെ തുടർച്ചയായിരുന്നു വിപുലമായ ആലോചനകൾക്കും ജനകീയചർച്ചകൾക്കും ശേഷം 2007ൽ നിലവിൽവന്ന കേരള പാഠ്യപദ്ധതി ചട്ടക്കൂട് (Kerala Curriculum Frame Work). ഇത് പരിസരബന്ധിത സമീപനം, പ്രശ്നോന്നിത സമീപനം എന്നിവയ്ക്കും പ്രാമുഖ്യം കൊടുത്തു. ബഹുമുഖബുദ്ധിക്കും വിമർശനാത്മക ബോധനത്തിനും ഊന്നൽ നൽകിയ ഈ രേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളും അനുബന്ധപഠന ബോധനസാമഗ്രികളും പരിഷ്കരിക്കപ്പെട്ടു. 2013 ൽ അടിസ്ഥാന കാഴ്ചപ്പാടുകളിൽ വലിയ മാറ്റങ്ങൾ ഇല്ലാതെ എന്നാൽ ഉള്ളടക്കം, പഠനേട്ടം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ

നൽകി ഒരു നയരേഖ തയാറാക്കി. അതിനനുസരിച്ച് പാഠപുസ്തകങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

3. ലോകത്തിലെ വികസിതസമൂഹങ്ങൾ വൈജ്ഞാനിക സമൂഹത്തിലേക്കുള്ള പ്രയാണത്തിലാണ്. പരീക്ഷയ്ക്ക് കാണാപ്പാഠം പഠിച്ച് ഉയർന്ന മാർക്ക് വാങ്ങിയാൽ എല്ലാമായി എന്ന നിലപാടുകൊണ്ട് അതിജീവിക്കാൻ കഴിയാത്ത ഒരു സമൂഹത്തിലേക്കാണ് കുട്ടി വിദ്യാഭ്യാസഘട്ടം കഴിഞ്ഞാൽ കടന്നുപോകേണ്ടത്. ചുറ്റുപാടും വികസിച്ചുവരുന്ന അറിവിനെ തിരിച്ചറിയാനും അവയെ വിശകലനം ചെയ്യാനും സന്ദർഭത്തിനനുസൃതമായി പുതിയ അറിവാക്കി മാറ്റാനും ഉള്ള കഴിവ് വിദ്യാഭ്യാസത്തിലൂടെ നേടിയെടുത്താൽ മാത്രമേ വിജ്ഞാനസമൂഹത്തിൽ അതിജീവിക്കാൻ കഴിയൂ. നമ്മുടെ സ്കൂൾ വിദ്യാഭ്യാസരീതി അതിനനുസരിച്ച് മാറേണ്ടതുണ്ട്. കുട്ടി ഒഴിഞ്ഞ പാത്രമാണെന്നും അത് നിറയ്ക്കലാണ് അധ്യാപകരുടെ കടമയെന്നും അങ്ങിനെ നിറയ്ക്കാനുള്ള വിഭവങ്ങൾ പാഠപുസ്തകത്തിലേതു മാത്രമാണെന്നുമുള്ള നിലപാട് തിരുത്തേണ്ടതുണ്ട്.

4. വൈജ്ഞാനിക സമൂഹത്തിന് അനുയോജ്യമായതും പ്രാദേശിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതും നൂതനത്വം (innovation) പ്രോത്സാഹിപ്പിക്കുന്നതുമായ സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ബോധനരൂപങ്ങളും  വികസിപ്പിക്കേണ്ടതുണ്ട്. മാത്രവുമല്ല പ്രക്രിയാധിഷ്ഠിത പഠനരീതി വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കേണ്ടിയും വരും. പത്തുവർഷത്തോളം പഴക്കമുള്ളതാണ് നിലവിലെ പാഠപുസ്തകങ്ങൾ. അതിന് ശേഷം വൈജ്ഞാനിക രംഗത്തും ബോധനശാസ്ത്രരംഗത്തും വന്ന മാറ്റങ്ങൾ ഉൾച്ചേർക്കേണ്ട അനിവാര്യതയുമുണ്ട്. മേൽപ്പറഞ്ഞ പ്രശ്നങ്ങളെല്ലാം ഫലപ്രദമായി എങ്ങിനെ അഭിമുഖീകരിക്കാം? ഇതിനായി എങ്ങനെ സജ്ജമാകാം?

5. പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും കാലാനുസൃതമായമാറ്റം അനിവാര്യമാണ്. എന്നാൽ 2013നു ശേഷം സ്കൂൾ പാഠ്യപദ്ധതിയും പഠനസാമഗ്രികളും സമഗ്രമായ ഒരു മാറ്റത്തിന് വിധേയമായിട്ടില്ല. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ, ദുരന്തനിവാരണം, ജീവിതനൈപുണികൾ, തൊഴിൽനൈപുണി സാധ്യതകൾ തുടങ്ങിയവ ഉൾപ്പെടുത്തി പാഠപുസ്തകങ്ങളുടെ കാലാനുസൃതമായ ചില മെച്ചപ്പെടുത്തലുകൾ മാത്രമാണ് അതിനുശേഷം നടന്നത്. ഇതിന്റെ ഭാഗമായി പഠനനേട്ടങ്ങളെ പ്രക്രിയ കൂടി ഉൾച്ചേർത്ത് പരിഷ്ക്കരിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. കൂടാതെ ക്യൂആർ കോഡ് സംവിധാനം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുക വഴി ഡിജിറ്റൽ വിഭവങ്ങളുടെ റഫറൻസി

ങ്ങിനും സ്വയംപഠനത്തിനും കൂടുതൽ അവസരം ഒരുക്കി. ഇതോടൊപ്പം ഹയർസെക്കന്ററിയിലെ കോർ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. എന്നാൽ വിദ്യാഭ്യാസരംഗത്ത് അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും പിൻബലത്തിൽ വിദ്യാഭ്യാസദർശനങ്ങളും ബോധനരീതികളും പഠനോപാധികളും കാലികമായി പരിഷ്കരിക്കപ്പെടേണ്ടതുണ്ട്. ഇതിനായി എന്ത് സമീപനമാണ് നാം കൈക്കൊള്ളേണ്ടത്?

6. വിദ്യാഭ്യാസം സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ വികസനപ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ആഗോളതലത്തിൽ വലിയ പരിവർത്തനങ്ങൾ നടക്കുകയാണ്. നിർമ്മിതബുദ്ധിയും റോബോട്ടിക്കും വിവരവിനിമയസാങ്കേതികവിദ്യയും എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്നു. സർവമേഖലകളിലും ഉണ്ടാകുന്ന മാറ്റത്തിന്റെ വേഗം കൂടുതലാണ്. അധ്യാപകരും കുട്ടികളും തമ്മിലായിരുന്നു തലമുറകൾ തമ്മിലുള്ള വിടവുകൾ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ സെക്കന്ററിയിലെയും പ്രൈമറിയിലെയും കുട്ടികളുടെ തന്നെ ചിന്തയിലും പ്രവർത്തനങ്ങളിലും വൈരുധ്യങ്ങളും വൈവിധ്യങ്ങളും ദൃശ്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ വിജ്ഞാനം നിർണായക ഘടകമാകുന്നു. അറിവിന്റെ നിർമ്മാണം, അറിവിന്റെ പ്രയോഗം, അറിവിന്റെ സാർവത്രികവൽക്കരണം, അറിവിന്റെ ജനാധിപത്യവൽക്കരണം എന്നിവയെ ആധാരമാക്കിയുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളാണ് ജ്ഞാനാധിഷ്ഠിത സമൂഹത്തിന്റെയും ജനായത്തവിദ്യാഭ്യാസത്തിന്റെയും അടിത്തറയാകുന്നത്. അറിവിന്റെയും സാങ്കേതികവിദ്യയുടെയും സ്വീകർത്താക്കൾ എന്നതിനപ്പുറം ഉൽപ്പാദകർ ആയി മാറിയാൽ മാത്രമേ കേരളത്തിന് മുന്നേറ്റം സാധ്യമാകു. ഇക്കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയും എന്ന നിർദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

7. തൊഴിലവസരങ്ങൾ, ജീവിതനിലവാരം, ക്രമസമാധാനനില, സാക്ഷരത, ആയുർദൈർഘ്യം, വിദ്യാഭ്യാസം, പ്രതിശീർഷവരുമാനം തുടങ്ങിയവ പരിഗണിച്ചുള്ള മാനവ വികസനസൂചിക (Human Development Index-2020 UNDP) ഇന്ന് സജീവ ചർച്ചാവിഷയമാണ്. 152 രാജ്യങ്ങളെ ഉൾപ്പെടുത്തിയ അസമത്വ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 104 ആണ്. ഏറ്റവും അസമത്വം കുറഞ്ഞ രാജ്യങ്ങൾ വിദ്യാഭ്യാസ നിലവാരത്തിൽ മുന്നിലാണ്. 2019 ലെ ലിംഗ അസമത്വ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 123 ആണ്. ലിംഗ അസമത്വം കുറഞ്ഞ രാജ്യങ്ങളും വിദ്യാഭ്യാസനിലവാരത്തിൽ മുന്നിലാണ്.

തൊഴിൽരംഗത്തെ പങ്കാളിത്തം, അധികാരസ്ഥാനങ്ങളിലെ പ്രാതിനിധ്യം, പ്രത്യുൽപ്പാദന സൂചികകളുമായി ബന്ധപ്പെട്ട ആരോഗ്യനില എന്നിവയാണ് പ്രധാനമായും ലിംഗ അസമത്വസൂചിക തയ്യാറാക്കാൻ ഉപയോഗിക്കുന്നത്. അസമത്വം കുറച്ചുകൊണ്ടുവരുന്നതിനായുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് നാം ആലോചിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും സമൂഹത്തിൽ ഉടലെടുത്തുകൊണ്ടിരിക്കുന്ന അസമത്വങ്ങളെയും വിവേചനങ്ങളെയും തുല്യതയിലും സമഭാവനയിലും അടിയുറച്ചുകൊണ്ട് വീക്ഷിക്കുവാനും പരിഹരിക്കുവാനും കഴിയേണ്ടതുണ്ട്. കേരളമാതൃക എന്ന് ലോകം വിശേഷിപ്പിച്ച വികസന മാതൃകയ്ക്ക് അതിന്റേതായ ശക്തിയും ദൗർബ്ബല്യങ്ങളും ഉണ്ട്. പുരോഗമന ജനാധിപത്യ നവോത്ഥാന ആശയങ്ങൾ തുറന്നിട്ട സമത്വദർശനത്തിന്റെയും സാഹോദര്യത്തിന്റെയും ആശയങ്ങളെ ഭാവിസമൂഹത്തിന്റെ സുദൃഢമായ സാമൂഹികവ്യവഹാരമായി പ്രയോഗ വൽക്കരിക്കേണ്ടതുണ്ട്. ഇത് സാധ്യമാകണമെങ്കിൽ സമത്വബോധം സൃഷ്ടിക്കണം, അനുഭവാത്മകമായ വിദ്യാഭ്യാസം രൂപപ്പെടണം. ഇക്കാര്യ ത്തിൽ നമ്മുടെ മുന്നോട്ടുള്ള വഴികൾ എന്താകണം?

8. വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള ബന്ധം ഗൗരവമേറിയ ചർച്ചകൾക്ക് വഴിതുറന്നിട്ടുണ്ട്. അതിജീവനത്തിനായുള്ള വിദ്യാഭ്യാസത്തിൽ ഉപജീവനത്തിനും അതിന്റെ ഭാഗമായ തൊഴിൽശേഷി വികാസത്തിനും പ്രധാന സ്ഥാനമുണ്ട്. എന്നാൽ ഇത് കേവലമായ തൊഴിൽ പരിശീലനമായി മാറരുത്. ഗാന്ധിജി തന്റെ അടിസ്ഥാന വിദ്യാഭ്യാസ സങ്കൽപ്പങ്ങളിൽ മുന്നോട്ടുവച്ച തൊഴിൽ സംസ്കാരം വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആർജിക്കാനാകണം. സുസ്ഥിരവികസനത്തിനും പ്രാദേശിക സമ്പദ്‌വ്യവ സ്ഥക്കും അനുഗണമായതരത്തിൽ തൊഴിൽ നൈപുണികളും തൊഴിൽ സംസ്കാരവും വിദ്യാഭ്യസ പ്രവർത്തനങ്ങളുടെ ഭാഗമാക്കി വികസിപ്പിച്ചെ ടുക്കേണ്ടതുണ്ട്. സ്റ്റാർട്ടപ്പുകളുടേതായ സ്വയംതൊഴിൽ സംരംഭക സംസ്കാരം വളർന്നുവരുന്ന പുതിയ കാലഘട്ടത്തിൽ തൊഴിൽവിദ്യാഭ്യാ സത്തെ എങ്ങിനെയാണ് പ്രൈമറിക്ലാസ്സുകൾ മുതൽ പരിഗണിക്കേണ്ടത് എന്നതിൽ വ്യക്തതവേണം. തൊഴിൽപഠനത്തെ എങ്ങിനെ നിർവചിക്കാം? ഇതിനെ പൊതുവിദ്യാഭ്യാസവുമായി എങ്ങിനെ കൂട്ടിച്ചേർക്കും? തൊഴിൽപഠനം ഏതു ക്ലാസ്സിൽ ആരംഭിക്കണം? അതിന്റെ ലക്ഷ്യം എന്തായിരിക്കണം? ഇതിനായി പാഠ്യപദ്ധതിയിൽ വൈവിധ്യവൽക്കരണ ത്തിന്റെ സാധ്യതകൾ എന്തെല്ലാമാണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയേണ്ടതുണ്ട്.

9. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം പകുതിയോളം പേർ ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്നു. പകുതിയിലേറെയും പേർ ജീവിതപ്രവർത്തനത്തിലേക്കാണ് നീങ്ങുന്നത്. ഇങ്ങിനെ അതിജീവനപാതയിലേക്ക് നീങ്ങുന്നവർക്ക് ആത്മവിശ്വാസത്തോടെ ആത്മാഭിമാനത്തോടെ തൊഴിൽതുറയിൽ ഏർപ്പെടാനുള്ള അറിവോ കഴിവോ നൈപുണിയോ വികസിപ്പിക്കാൻ സ്കൂൾ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. തൊഴിലിനെക്കുറിച്ചും തൊഴിൽ നൈപുണി വികാസത്തെക്കുറിച്ചും തൊഴിൽ മനോഭാവം വികസിപ്പിക്കുന്നതിനെക്കുറിച്ചും നിരവധി നിർദേശങ്ങൾ കെ.സി.എഫ് 2007 മുന്നോട്ടുവച്ചിരുന്നുവെങ്കിലും വലിയ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞില്ല. ഈ മേഖലയിൽ മുന്നോട്ടു പോകേണ്ടത് എങ്ങിനെയാണ്?

10. നമ്മുടെ തൊഴിൽശേഷിയുടെ മുഖ്യപങ്കും മുൻകാലങ്ങളിൽ നിന്നും ഭിന്നമായി പന്ത്രണ്ടുവർഷത്തെ സ്കൂൾ വിദ്യാഭ്യാസഘട്ടം കഴിഞ്ഞുവരുന്നവരാണ്. സ്കൂൾ വിദ്യാഭ്യാസഘട്ടം പൂർത്തിയാക്കിയവരിൽ ഭൂരിഭാഗവും തൊഴിലന്വേഷകരായി മാത്രം മാറുകയും തൊഴിലില്ലാത്തവരുടെ പട്ടികയിൽപ്പെടുകയും ചെയ്യുന്നു. അതേസമയം കേരളത്തിൽ ലഭ്യമായതും അത്യാവശ്യമായതുമായ ബഹുവിധ നൈപുണികൾ ആവശ്യമുള്ള തൊഴിലുകൾ ചെയ്യാൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വലിയതോതിൽ തൊഴിലാളികൾ വരേണ്ട അവസ്ഥയും ഉണ്ട്. ഈ വൈരുധ്യത്തെ കാണാതെ ഇനി മുന്നോട്ടുപോവുക പ്രയാസമായിരിക്കും. അതുകൊണ്ട് തൊഴിൽവിദ്യാഭ്യാസത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അനിവാര്യഭാഗമായി ഉൾച്ചേർക്കാൻ കഴിയേണ്ടതുണ്ട്. തൊഴിലെന്നാൽ, കമ്പോളം നിശ്ചയിക്കുന്ന തൊഴിലാണെന്ന ഇന്നത്തെ ധാരണയെയും ചോദ്യംചെയ്യേണ്ടതുണ്ട്. നാട്ടിലെ സാധ്യതകൾ വിനിയോഗിച്ച് പരിസ്ഥിതിസൗഹൃദ മനോഭാവത്തോടെ സമൂഹജീവിത ഗുണത വർധിപ്പിക്കാൻ സഹായകമായ വിധം തൊഴിൽശേഷിയെ വളർത്തുന്നതിന് സ്കൂൾ വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം പരിവർത്തനങ്ങളാണ് വരുത്തേണ്ടത്? മുഴുവൻ കുട്ടികളിലും തൊഴിലിനോടുള്ള അനുകൂല മനോഭാവം എങ്ങിനെ വളർത്തിയെടുക്കാം?

11. ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമാണ് കേരളം. വികസിതരാഷ്ട്രങ്ങളോടൊപ്പം ഡിജിറ്റൽ പഠനസൗകര്യങ്ങൾ കേരളത്തിലെ കുട്ടികൾക്ക് ഇന്ന് ലഭ്യമാണ്. ഈ സന്ദർഭത്തിലാണ് മുഖാമുഖ ക്ലാസുകളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലുള്ള ക്ലാസ്സുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള മിശ്രപഠനരീതി എന്ന ആശയം ഉയർന്നു വന്നിരിക്കുന്നത്. കോവിഡ് മഹാമാരിക്കാലം അതിന്റെ പ്രാധാന്യം വർധിപ്പിക്കുകയുണ്ടായി. നിലവിലുള്ള സ്ഥാപനങ്ങളുടെ സ്വഭാവം, വിഷയങ്ങളുടെ സ്വഭാവം, സമയക്രമം, പഠനബോധന

രീതിശാസ്ത്രം എന്നിവയിലെല്ലാം അടിമുടിമാറ്റം ആവശ്യപ്പെടുന്ന സമീപന രീതി ആയതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്.

12. പഠനത്തിനാവശ്യമായ വിവരങ്ങൾ വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ നേരിട്ട് ക്ലാസ്സ്മുറിയിൽ ലഭ്യമാകുന്ന കാലമാണ് ഇത്. എല്ലാ വിവരങ്ങളും പാഠപുസ്തകത്തിലും മറ്റുമായി കേന്ദ്രീകരിക്കപ്പെട്ടിരുന്ന അവസ്ഥയിൽ നിന്നും മാറി അവ വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. പഠനത്തിനാവശ്യമായ അധികവിവരങ്ങൾ, മറ്റു സഹായകസാമഗ്രികൾ, വിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവയെല്ലാം ഇപ്രകാരം അനായാസമായി കുട്ടികളിലെത്തുന്നു. ഈ സാഹചര്യത്തിൽ ഉള്ളടക്കത്തിന്റെ വിന്യാസത്തിലും പഠനരീതിയിലും മാറ്റങ്ങൾ ആവശ്യമാണ്. ഇതിന്റെ ഭാഗമായി പാഠപുസ്തകങ്ങളുടെ ഘടന തന്നെ മാറേണ്ടതുണ്ടോ? വിവരലഭ്യതയ്ക്കു മാത്രമായി ഉപയോഗപ്പെടുത്തുന്ന പല പൊതുവായ പഠനരീതികളും പരിഷ്കരിക്കേണ്ടിവരുമോ? അധ്യാപകരുടെ പഠനപിന്തുണ, മുഖാമുഖ ക്ലാസുകൾ, പഠനാന്തരീക്ഷവും പഠനവിഭവങ്ങളും ഒരുക്കൽ, വിലയിരുത്തൽ, മോണിറ്ററിങ് എന്നിവ ഫലപ്രദമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യാസംവിധാനങ്ങളെ എങ്ങിനെ ഉപയോഗപ്പെടുത്താം? സാങ്കേതിക വിദ്യയെയും ഡിജിറ്റൽ പഠനോപകരണങ്ങളെയും വിവേകത്തോടെ ഉപയോഗപ്പെടുത്തുന്നതിനും ബോധനരീതികളുമായി ഉദ്ഗ്രഥിക്കുന്നതിനും വഴക്കമുള്ള പാഠ്യപദ്ധതി ഉണ്ടാകേണ്ടതുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

13. കോവിഡ് പോലുള്ള മഹാമാരികൾ അവസരസമത്വത്തിന് പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇത് മുറിച്ചുകടക്കാൻ ആധുനികകാലം മുന്നോട്ടുവയ്ക്കുന്ന വൈവിധ്യമാർന്ന പഠനാവസരങ്ങളും ആധുനിക സാങ്കേതിക സംവിധാനങ്ങളും എല്ലാവർക്കും ലഭ്യമാകണം. അത് കുട്ടികളുടെ അവകാശമായി അംഗീകരിക്കപ്പെടണം. മഹാമാരി കുട്ടികളിൽ സൃഷ്ടിച്ച പഠനവിടവുകൾ, പഠനപ്രശ്നങ്ങൾ എന്നിവ പരിഗണിച്ച് ഓരോ കുട്ടിയുടെയും പഠനനിലയ്ക്കും പഠനവേഗത്തിനും പഠനാഭിരുചിക്കും അനുസരിച്ച് കുട്ടികളുടെ മികവ് പൊതുവെ ഉറപ്പിക്കുന്നതോടൊപ്പം വ്യക്തിഗത മികവും ഉറപ്പിക്കാൻ കഴിയുന്ന പഠനരീതിക്ക് പ്രധാന്യം ലഭിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതിന്റെ യുക്തി വിശദീകരിക്കാൻ പാഠ്യപദ്ധതി ചട്ടക്കൂടിന് കഴിയണം.

14. എല്ലാ കുട്ടികൾക്കും സ്കൂളിലെത്തുന്നതിനുള്ള സൗകര്യം ഒരു പരിധി വരെ

കേരളം ഒരുക്കിയിട്ടുണ്ട്. എന്നാൽ സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അവരുടെ സാധ്യതയ്ക്കനുസരിച്ച് പഠനാനുഭവങ്ങൾ ലഭ്യമാക്കാനും അതുവഴി ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും നാം ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. വിവിധ കാരണങ്ങളാൽ ജിവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് പുറത്താക്കപ്പെട്ടവരെ ശരിയാംവണ്ണം പരിഗണിക്കാൻ നമുക്കാവണം. നഗരവൽക്കരണവും പുത്തൻ സാമ്പത്തികസമീപനങ്ങളും പുതിയ വിഭാഗങ്ങളെ അരികുവൽക്കരിക്കുന്നതിന് ഇടയാക്കിയേക്കാം. ഇതിൽ പരമ്പരാഗത ഗോത്രസമൂഹത്തോടും പിന്നാക്കദളിത് വിഭാഗ ത്തോടും ഒപ്പം നഗരദരിദ്രരും ഇതരസംസ്ഥാന തൊഴിലാളികളും പുതുതായി കൂട്ടിച്ചേർക്കപ്പെടുകയാണ്. ഇവരുടെ പിന്നാക്കാവസ്ഥയുടെ ശരിയായ കാരണങ്ങൾ കണ്ടെത്താനാകണം. അത് സാമൂഹികമാകാം, സാമ്പത്തി കമാകാം, സാംസ്കാരികവുമാകാം. ഇതുപോലെതന്നെ പരിഗണിക്കപ്പെ ടേണ്ടവരാണ് പ്രത്യേക പഠനാവശ്യങ്ങളുള്ള കുട്ടികൾ. ഇവർ നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗങ്ങൾ കണ്ടെ ത്താതെയും ഇവരുടെ പഠനാവശ്യം പരിഗണിക്കാതെയും നമുക്ക് മുന്നേ റാൻ കഴിയില്ല. ഈ വിഭാഗം കുട്ടികൾക്കും തുല്യനീതി ഉറപ്പാക്കുന്ന വിദ്യാ ഭ്യാസം എങ്ങിനെ സാധ്യമാക്കാം?

15. നിരന്തരമായ എഴുത്തുപരീക്ഷകളും അതിനുമാത്രമായുള്ള തയാറെടുപ്പു കളും കുട്ടികൾക്ക് ഗുണനിലവാരമുള്ള പഠനസമയം (Qualtiy Learning Time) നഷ്ടപ്പെടുത്തുന്നു എന്ന നിരീക്ഷണം ഉണ്ട്. സജീവമായ പഠനപങ്കാളിത്തം ഉറപ്പുവരുത്തി പഠനസന്ദർഭത്തിൽ തന്നെ കുട്ടികളെ മനസ്സിലാക്കാനും അവർക്കാവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്താനും സാധ്യമാകുന്ന സ്കൂൾ അധിഷ്ഠിത വിലയിരുത്തൽ സമ്പ്രദായമാണ് ഇതിന്റെ ആവശ്യ കത. നിരന്തരമൂല്യനിർണയത്തിനും വകുപ്പുതല അക്കാദമിക മോണിറ്റ റിങ്ങിനും സഹായകരമാകുന്ന വിധത്തിൽ ഡിജിറ്റൽ സങ്കേതങ്ങൾ ഇന്ന് സാധ്യമാണ്. വിലയിരുത്തൽ പ്രവർത്തനങ്ങളിൽ ചിലതെല്ലാം ഇത്തരം സംവിധാനങ്ങളിലൂടെ എളുപ്പത്തിൽ പുർത്തീകരിക്കാൻ കഴിയും. എങ്കിൽ നമ്മുടെ സംവിധാനത്തിൽ ഇത്തരം ഡിജിറ്റൽ സങ്കേതങ്ങളുടെ സ്ഥാനം എവിടെയാകണം? വിലിയിരുത്തൽ സംവിധാനത്തിന്റെ പരിഷ്കരണ ത്തിനായി സമഗ്രമായ നിർദേശങ്ങൾ ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. കുട്ടി കൾക്ക് ആത്മവിശ്വാസത്തോടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാനും തന്റെ കണ്ടെത്തലുകളും നിലപാടുകളും ഫലപ്രദമായി മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കാനും സഹായകരമാകുംവിധം വിലയിരുത്തൽ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടതുണ്ട്. നിർദേശങ്ങൾ ഉണ്ടാകണം.

16. അധ്യാപകരുടെ പ്രൊഫഷണലിസം സമീപനത്തിലും ഉള്ളടക്കത്തിലും പ്രയോഗത്തിലും ആധുനികകാലത്തിനനുസൃതമായി പരിഷ്കരിക്കണം. അധ്യാപനം കൂടുതൽ ഫലപ്രദമാക്കാനും ആസ്വാദ്യകരമാക്കാനും സഹായകരമാംവിധം അധ്യാപകരിലെ പഠിതാവിനെ ഉണർത്തിയെടുക്കാൻ അധ്യാപക പ്രൊഫഷണൽ വികസന പരിപാടികൾക്കാവണം. കുട്ടികൾക്കുണ്ടാവുന്ന പഠനപ്രയാസങ്ങൾ കണ്ടെത്താനും പരിഹരിക്കാനും അന്വേഷണബുദ്ധിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുമുള്ള സന്നദ്ധതയാണ് അധ്യാപകരിൽ വളർത്തിക്കൊണ്ടുവരേണ്ടത്. ഓൺലൈൻ സങ്കേതങ്ങളുടെ സാധ്യതയും ഇവിടെ പരിഗണിക്കപ്പെടണം. ഡിജിറ്റൽ പശ്ചാത്തലസൗകര്യവും സാങ്കേതികവിദ്യയും പരിചയപ്പെടുക എന്നതിനോടൊപ്പംതന്നെ പ്രധാനമാണ് യുക്തിചിന്ത വികസിപ്പിക്കാനും സർഗാത്മകത വളർത്താനും പഠനസങ്കേതങ്ങളെ ഉപയോഗപ്പെടുത്താനും കഴിയുക എന്നതും. ഇതിനാവശ്യമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പുതിയ സങ്കേതങ്ങളുമായി യോജിച്ചുപോകാൻ കഴിയാത്ത അവസ്ഥ അധ്യാപകരിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പുതിയ കാലത്തിനനുസരിച്ച് ആവശ്യമായ പരിശീലനം ലഭിക്കാത്ത അധ്യാപകരുടെ ആത്മവിശ്വാസത്തിൽ ഇടിവ് ഉണ്ടായേക്കാം. ഇവയെല്ലാം വിരൽചൂണ്ടുന്നത് അധ്യാപക പ്രൊഫഷണൽ വികസന പരിപാടികളുടെ നവീകരണത്തിലേക്കാണ്. ഇത് എപ്രകാരമാകണം എന്നതിൽ വ്യക്തത നല്കാൻ കഴിയേണ്ടതുണ്ട്.

17. വിവിധ വിഷയങ്ങൾ ചേർന്നുകൊണ്ടുള്ള അന്തർവൈജ്ഞാനിക സമീപനരീതി (Interdisciplinary Approach) ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. കോവിഡ് നിയന്ത്രണത്തിന് ഗണിതശാസ്ത്ര മോഡലിങ്ങും സാമ്പത്തികശാസ്ത്ര വിശകലനത്തിന് എക്കണോഫിസിക്സും യോജിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയെ വ്യക്തിയുടെയും സമൂഹത്തിന്റെയും നിലനിൽപ്പിനും ക്ഷേമത്തിനും വിവേകപൂർവം ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവും ധാരണയും രൂപപ്പെടേണ്ടതുണ്ട്. ഇതിനായി കേവലമായ വിഷയപഠനത്തിനപ്പുറം വിവിധ വിഷയങ്ങളുടെ ഉദ്ഗ്രഥിത പഠനത്തിന്റേതായ അനുഭവം സ്കൂൾ ക്ലാസുകളിൽ എങ്ങിനെ ലഭ്യമാക്കാം എന്നത് അതിന്റെ പ്രായോഗികസന്ദർഭത്തിൽത്തന്നെ പാഠ്യപദ്ധതിയിൽ പരിഗണിക്കേണ്ടതുണ്ട്.

18. കോവിഡ് നൽകിയ പുതിയ തിരിച്ചറിവുകൾ പാഠ്യപദ്ധതിയുടെ ഭാഗമായി

വരേണ്ടതുണ്ട്. കുട്ടികളിൽ ആത്മവിശ്വാസം ജനിപ്പിക്കാനും പ്രതികൂല സാഹചര്യങ്ങളെ ഉറച്ച മനസ്സോടെ നേരിടാൻ പ്രാപ്തരാക്കാനും പാഠ്യ പദ്ധതിക്കാവണം. വസ്തുതകളെ ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്യാൻ സഹായിക്കുന്ന ശാസ്ത്രസാക്ഷരത (Science literacy)യ്ക്ക് ഊന്നൽ നല്കുന്ന രീതിയിൽ വിഷയമേഖലകളെ പുനരാവിഷ്കരിക്കേണ്ടതുണ്ടോ എന്ന് ചർച്ചചെയ്യണം. ഇതോടൊപ്പം മഹാമാരികൾ, പ്രകൃതിദുരന്തങ്ങൾ, മനുഷ്യനിർമ്മിത ദുരന്തങ്ങൾ എന്നിവയുടെ കാരണങ്ങളും ഫലങ്ങളും യുക്തിസഹമായി വിശകലനം ചെയ്ത് ശരിയുടെ പക്ഷത്ത് നിൽക്കാൻ കുട്ടിയെ സഹായിക്കുന്ന ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉറപ്പുവരുത്തണം. ഇത് അറിവിനെ തിരച്ചറിവാക്കാനും അത് ജീവിതത്തിൽ പകർത്താനും കഴിയുംവിധം ഉൾക്കാഴ്ച നൽകുന്നതു കൂടിയാകണം. ഇത് സംബന്ധിച്ച് നിർദേശങ്ങൾ ഉണ്ടാകണം.

19. ആരോഗ്യത്തെപോലെതന്നെ വിദ്യാഭ്യാസവും പൊതുവിഭവമാണെന്നും നല്ല ആരോഗ്യവും വിദ്യാഭ്യാസവും എല്ലാവരുടെയും അവകാശമാണെന്നും ഈ മഹാമാരിക്കാലം തെളിയിച്ചു. എന്റെ ആരോഗ്യവും ക്ഷേമവും സുരക്ഷിതമാകുന്നത് മറ്റുള്ളവരുടെ ആരോഗ്യവും ക്ഷേമവും സംരക്ഷിക്കപ്പെടുമ്പോഴാണ് എന്ന തിരിച്ചറിവാണ് ഇതിൽ ഏറെ പ്രധാനം. മനുഷ്യരുടെ മാത്രമല്ല ജീവലോകത്തിന്റെ ആകെ ആരോഗ്യം പ്രധാനമാണ് എന്നാണ് 'ഏകലോകം ഏകാരോഗ്യം' എന്ന നിലപാടിന്റെ പൊരുൾ. ഇത്തരം കാഴ്ചപ്പാടുകൾ എപ്രകാരമാണ് പാഠ്യപദ്ധതിയിൽ പ്രതിഫലിക്കേണ്ടത് എന്നതിൽ ധാരണ രൂപീകരിക്കണം. കോവിഡ് മഹാമാരി ആഗോളതലത്തിലും പ്രാദേശികതലത്തിലും സൃഷ്ടിച്ചിട്ടുള്ള പ്രത്യാഘാതങ്ങളെ പരിഗണിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലും ബോധനരീതികളിലും ഉള്ളടക്കത്തിലും അനുയോജ്യമായ മാറ്റങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. ഇത് എപ്രകാരം സാധ്യമാക്കാം?

20. കുട്ടികൾക്ക് കൂട്ടുകാരോടൊത്ത് കളിക്കാനും ഇടപെടാനും ആഹ്ലാദിക്കാനുമുള്ള അവസരം പരിമിതപ്പെടുകയാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ കൂടുതൽ സമയം നീണ്ടുനില്ക്കുന്ന പഠനം കുട്ടികളിൽ വിരസതയുണ്ടാക്കുന്നു. പഠനത്തിനായുള്ള നിർബന്ധം അസ്വസ്ഥതയും ജനിപ്പിക്കുന്നു. ഇതവരുടെ പഠനസന്നദ്ധതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഒപ്പംതന്നെ കളികളുടെയും വ്യായാമത്തിന്റെയും കുറവ് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കൈയും മെയ്യും അനങ്ങുന്ന രീതിയിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ലഭ്യമാകേണ്ടതുണ്ട്. ഇതെല്ലാം പാഠ്യപദ്ധതി രൂപീകരണത്തിൽ പരിഗണിക്കപ്പെടേണ്ടതാണ്.

21. അറുപത് ലക്ഷത്തിനടുത്ത് കുട്ടികൾ, രണ്ടരലക്ഷത്തോളം അധ്യാപകർ, വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ തുടങ്ങി വലിയൊരു സംവിധാനമാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. ഏതൊരു പ്രതിസന്ധിയെയും നേരിടുന്നതിന് നമ്മുടെ സംവിധാനം കൂടുതൽ ശക്തമാകണം. കാലാതീതമായി നില നിൽക്കുവാനും അതിജീവിക്കാനും നമ്മുടെ സംവിധാനത്തിന് കരുത്തുണ്ടാ കണം. പുതിയ കാലത്തേക്ക് നയിക്കാൻ സംവിധാനം സജ്ജമാക്കണം. ഇതിനാവശ്യമായ ചിന്തയും കാഴ്ചപ്പാടും പാഠ്യപദ്ധതി ഉയർത്തിപ്പിടിക്കണം.

22. മതേതരത്വം, ജനാധിപത്യം, സമഭാവന, എല്ലാവരെയും ഉൾക്കൊള്ളാനുള്ള സന്നദ്ധത, മാനവിക ബോധം എന്നിവയെല്ലാം നമ്മുടെ പാഠ്യപദ്ധതിയുടെ അടിസ്ഥാന ആശയങ്ങളാണ്. ലിംഗസമത്വവും ശാസ്ത്രീയ മനോഭാവവും വെല്ലുവിളികൾ നേരിടുകയാണ്. പാർശ്വവൽക്കരിക്കപ്പെടുന്നവരായ സ്ത്രീകൾ, പിന്നാക്കം നിൽക്കുന്നവർ എന്നിവരുടെ അവകാശങ്ങൾ ഉൾക്കൊള്ളുന്നതും അവർക്ക് ഇടം നല്കുന്നതുമായ വിദ്യാഭ്യാസ പ്രവർത്ത നങ്ങൾ രൂപീകരിക്കപ്പെടേണ്ടതുണ്ട്. തുല്യതയും സമത്വവും ലക്ഷ്യവയ്ക്കു മ്പോഴും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വർധി ക്കുന്ന ജന്റർ സെൻസിറ്റീവ് അല്ലാത്ത സാമൂഹികവ്യവസ്ഥയെ ഉയർന്ന മാനവികതാബോധം കൊണ്ട് പുനർനിർമ്മിക്കേണ്ടതുണ്ട്. ഇവിടെയാണ് പാഠ്യപദ്ധതിയുടെ ഊന്നൽ മേഖലകളിൽ പുനരാലോചന ആവശ്യമായി വരുന്നത്. വിമർശനചിന്തയും സർഗാത്മകതയും യുക്തിചിന്തയും സ്കൂൾ വിദ്യാഭ്യാസകാലം മുതൽ തന്നെ കുട്ടികളുടെ ശീലങ്ങളായി വികസിപ്പി ക്കപ്പെടണം. വിമർശനാത്മക ബോധനത്തിന്റെ അന്തസ്സത്തക്കനുസരിച്ച്, സാമൂഹികമാറ്റത്തിനും സാംസ്കാരിക ഉന്നമനത്തിനും ഉതകുന്ന സാമൂഹികനീതിയിലും ജനാധിപത്യമൂല്യത്തിലും അടിയുറച്ച ഒരു പാഠ്യരീതി രൂപപ്പെട്ടുവരേണ്ടതുണ്ട്. ഇതിനെക്കുറിച്ചുള്ള നിർദേശങ്ങൾ രൂപ പ്പെടേണ്ടതുണ്ട്.

23. ഉന്നതവിദ്യാഭ്യാസ ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികളും പ്രാരംഭഘട്ട ത്തിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. സ്കൂൾ ഘട്ട ത്തിന്റെ അക്കാദമികമായ സ്വാഭാവിക തുടർച്ചയാകാനും സ്കൂൾഘട്ടത്തിൽ നിന്നും ഭിന്നമായ അക്കാദമിക അന്തരീക്ഷത്തെ സ്വാംശീകരിക്കാനും പ്രയാ സമനുഭവപ്പെടുന്നു എന്നും ഉന്നതവിദ്യാഭ്യാസഘട്ടത്തിന്റെ ഭാഗമാകുന്ന കുട്ടികൾക്കടക്കം അഭിപ്രായമുണ്ട്. ഈ പ്രശ്നത്തെ എങ്ങിനെയാണ് അഭി മുഖീകരിക്കേണ്ടത്?

24. പാഠപുസ്തക കേന്ദ്രീകൃതമായ ഒരു സമ്പ്രദായത്തിനനുഗുണമായ ക്ലാസു

മുറി രൂപഘടന (ആർക്കിടെക്ചർ) ആണ് ഇപ്പോൾ നിലവിലുള്ളത്. മുൻ-പിൻ ബഞ്ചുകാരില്ലാത്ത എല്ലാവർക്കും തുല്യപരിഗണ ലഭിക്കുന്ന ക്ലാസുമുറി രൂപഘടന എന്താവണം? എങ്ങിനെയാകണം?

25. മറ്റൊരു പ്രധാന പ്രശ്നം അധ്യയനമാധ്യമത്തിന്റെതാണ്. അറിവിന്റെ ആർജനവും അറിവിന്റെ നിർമ്മാണവും നാടിന്റെ ഭാഷയിലേ നിറവേറ്റാൻ കഴിയൂ എന്ന തത്വം സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ മാത്രമല്ല ജീവിതത്തിലുട നീളം പ്രസക്തമാണ്. ഇവിടെയാണ് മാതൃഭാഷയുടെ പ്രസക്തി. വിദ്യാഭ്യാസം എന്നത് ഒരു സാംസ്കാരിക പ്രവർത്തനം കൂടിയാണ്. അവിടെ ഭാഷ അതിനിർണായകമാണ്. അറിവ് നിരന്തരമായി ഉൽപ്പാദിപ്പിക്കുന്ന ജ്ഞാനസമൂഹം സാധ്യമാകണമെങ്കിൽ ജീവിതപരിസര വ്യവഹാരങ്ങളും സംസ്കൃതിയും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കുട്ടിക്ക് കഴിയണം. കുട്ടിയുടെ ചുറ്റുപാടും നടക്കുന്ന കൊടുക്കൽവാങ്ങലുകൾ എല്ലാം മാതൃഭാഷയിലാണ്. ജീവിതപരിസരത്തെ ആർജിത അറിവുമായി ബന്ധപ്പെടുത്താനും വിശകലനം ചെയ്യാനും ഭാഷ പരമപ്രധാനമാണ്. കുട്ടിയുടെ വിശകലനശേഷിയെയും വിമർശനാവബോധത്തെയും അറിവു നിർമാണവുമായി ബന്ധപ്പെടുത്താനുമുള്ള കഴിവും പരിഗണിച്ചുകൊണ്ടുമാത്രമേ ഗുണമേന്മാവിദ്യാഭ്യാസത്തെയും വിദ്യാഭ്യാസരംഗത്തെ അവസരതുല്യതയെയും വിശദീകരിക്കാൻ കഴിയൂ.

26. വിവരവിനിമയ സാങ്കേതികവിദ്യയിലൂടെ വരുന്ന വിവരങ്ങളുടെ ഭാഷ ഇംഗ്ലീഷാണ്. അതുകൊണ്ട് പുതിയ വിവരങ്ങൾ സ്വാംശീകരിക്കാൻ കഴിയുംവിധം കുട്ടിയുടെ ഇംഗ്ലീഷ് ഭാഷാശേഷി ഏറ്റവും മികച്ചതാകണം. ഇത് അതിജീവനത്തിനും ആവശ്യമാണ്. അതുകൊണ്ട് സ്കൂൾ ഘട്ടത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുകയാണ് വേണ്ടത്. അല്ലാതെ മാതൃഭാഷയിലൂടെയുള്ള ബോധനത്തിന് പകരമായി കുട്ടികളെ ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള ബോധനത്തിനായി നിർബന്ധിക്കുകയല്ല വേണ്ടത്. ഇക്കാര്യവും പ്രധാന പരിഗണന അർഹിക്കുന്നു.

27. മതനിരപേക്ഷ ഇടങ്ങളെ ശക്തിപ്പെടുത്തുക എന്നത് പ്രധാനമാണ്. മതനിരപേക്ഷമായ അന്തരീക്ഷത്തിലേ പൊതു ഇടങ്ങൾ നിലനിൽക്കൂ. പൊതു ഇടങ്ങളുടെ കാര്യക്ഷമതയും, ഗുണതയും വർധിപ്പിച്ചുകൊണ്ടു മാത്രമേ അവയെ നിലനിർത്താൻ കഴിയൂ. അതുപോലെ പ്രധാനമാണ് വീട്ടകങ്ങളിലടക്കം മതനിരപേക്ഷമായ സാംസ്കാരിക അന്തരീക്ഷം വളർത്തുക എന്നത്. ഇതിലെല്ലാം പൊതു ഇടമായ പൊതുവിദ്യാലയങ്ങൾക്ക് നിർണായക പങ്കുണ്ട്. അത് എങ്ങിനെ നിർവഹിക്കാം?

28. ലിംഗതുല്യത, ലിംഗനീതി എന്നിവ സംബന്ധിച്ച കേരളീയ സമൂഹത്തിന്റെ പൊതുബോധം വിമർശനപരമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. സ്ത്രീധന കൊലപാതകങ്ങളും, ആക്രമങ്ങളും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ഒറ്റപ്പെട്ട സംഭവങ്ങളല്ലാതായിട്ടുണ്ട്. ജന്റർസ്പെക്ട്രത്തെക്കുറിച്ചുള്ള ധാരണകളും വികസിക്കുന്നില്ല. ഒരു വ്യക്തിയുടെ വളർച്ചയുടെ നിർണ്ണായ ഘട്ടത്തിൽ ഏറ്റവും കൂടുതൽ സമയം ചെലവിടുന്നത് സ്കൂൾ ക്യാമ്പസിലാണ്. ലിംഗനീതി, ലിംഗതുല്യത സംബന്ധിച്ച കാര്യങ്ങളും ലിംഗാവബോധവും കുട്ടികളിൽ വളർത്താൻ നിലവിലെ സ്കൂൾ വിദ്യാഭ്യാസഘട്ടത്തിലെ പരിമിതികൾ അഭിമുഖീകരിക്കേണ്ടതുണ്ട്. സ്കൂൾ പാഠപുസ്തകങ്ങൾ, പഠന-ബോധനരീതികൾ, സ്കൂൾക്യാമ്പസ്, കളിസ്ഥലം എന്നിവ ജന്റർ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതുണ്ട്. ഇതിനു സഹായകമായ രീതിശാസ്ത്രം എങ്ങനെ വികസിപ്പിക്കാൻ കഴിയും?

29. കേരളം പോലെ വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന സമൂഹത്തിൽ നീതികരിക്കാൻ കഴിയാത്ത ഒന്നാണ് ഇന്ന് കാണുന്ന മാലിന്യപ്രശ്നം. അവരവർ ഉണ്ടാക്കുന്ന മാലിന്യം മറ്റുള്ളവരുടെ ഉത്തരവാദിത്വം എന്ന ധാരണ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കുപോലുമുണ്ട്. മാലിന്യനിർമ്മാർജനത്തിന്റെ ബാലപാഠങ്ങൾ സ്വാംശീകരിക്കേണ്ട സ്കൂൾഘട്ടത്തിൽ അതിന് യാതൊരു പരിഗണനയും ലഭിക്കുന്നുമില്ല. ഉറവിടങ്ങളിൽതന്നെ മാലിന്യങ്ങളെ നിർമ്മാർജനം ചെയ്യാനുള്ള വിവിധ രീതികളും മാലിന്യം യഥാസ്ഥാനത്ത് നിക്ഷേപിച്ചാൽ അത് സമ്പത്തായി മാറും എന്ന കാര്യവും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിയാൻ കുട്ടികൾക്ക് അവസരമൊരുക്കണം. മാലിന്യനിർമ്മാർജനം - അത് ഖരമാലിന്യമായാലും, ദ്രവമാലിന്യമായാലും, ഊർജസംരക്ഷണം, ജലസംരക്ഷണം തുടങ്ങി പലകാര്യങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന പ്രയോഗശാലകളായി എങ്ങനെ വിദ്യാലയങ്ങളെ മാറ്റിയെടുക്കാം?

30. പഠനം എന്നാൽ പരീക്ഷയാണെന്നും A+ ഗ്രേഡ് നേടലാണെന്നുമുള്ള ധാരണ പൊതുവേ സമൂഹത്തിനുണ്ട്. വിദ്യാഭ്യാസ പ്രക്രിയയിലൂടെ നേടേണ്ട വൈകാരിക, സാമൂഹികശേഷികൾ നേടുക എന്നത് പലപ്പോഴും സമൂഹം പ്രാധാന്യത്തോടെ പരിഗണിക്കുന്നതുപോലുമില്ല. ഇതിന്റെ ഫലമായി കളിക്കാനുള്ള അവകാശം പോലും കുട്ടികൾക്ക് നിഷേധിക്കപ്പെടുന്നു. കലാ-കായിക പഠനം വലിയ പ്രതിസന്ധിയിലാണ്. ഇത് കുട്ടികളുടെ വ്യക്തിത്വ വികാസത്തെ ബാധിക്കുന്നു. ആത്മപ്രകാശനത്തിനുള്ള അവസരമൊന്നും അവർക്ക് ലഭിക്കുന്നില്ല. ഇത് കുട്ടികളിലുണ്ടാക്കുന്ന സമ്മർദവും പിരിമുറു

ക്കും വിഷാദരോഗങ്ങളിലേക്ക് നയിക്കുന്ന കാര്യവും പരിഗണനയായി മാറുന്നില്ല. ഇക്കാര്യം തുറന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നിർദേശങ്ങൾ ഉണ്ടാകണം.

31. കാലാവസ്ഥാവ്യതിയാനം ലോകത്ത് വലിയ ദുരന്തങ്ങൾ സൃഷ്ടിക്കുകയാണ്. ഓഖി, ഉരുൾപ്പൊട്ടലുകൾ, പ്രളയം, കനത്ത വർഷപാതം, ഉഷ്ണതരംഗം, സൂര്യാഘാതം, കടുത്ത വരൾച്ച, കടൽതാപനിലയിലെ വർധനവ്, മത്സ്യസമ്പത്ത് നേരിടുന്ന ഭീഷണി, ഈർപ്പ സൂചികയിലുണ്ടാവുന്ന മാറ്റംമൂലം കാർഷികവിളവിലുണ്ടാകുന്ന കുറവ്, അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് വർധിക്കുന്നത് തുടങ്ങിയവ കേരളം നേരിടുകയാണ്. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളില്ലാത്ത പ്രതിഭാസമാണ് കാലാവസ്ഥാവ്യതിയാനം. ഓരോ പ്രദേശത്തും ജാഗ്രതയോടെയുള്ള ഇടപെടൽ ആവശ്യമാണ്. ആഗോളതലത്തിലെ വെല്ലുവിളികളെ ശാസ്ത്രീയമായി സമീപിക്കാനും പ്രശ്നത്തിന്റെ സാമൂഹിക- സാമ്പത്തിക- പരിസ്ഥിതീയമാനങ്ങൾ ഉൾക്കൊണ്ട് പ്രതികരിക്കാനും സമൂഹത്തിനു കഴിയണം. ഇവിടെയെല്ലാം പ്രശ്നപരിഹാരത്തിനായി നവനവങ്ങളായ ചിന്തകൾ രൂപപ്പെടുത്താൻ സാധിക്കണം. ഇതിന് പ്രാപ്തമായ വിദ്യാഭ്യാസരീതി വളർത്തിയെടുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ഉള്ളടക്കവും രീതിശാസ്ത്രവും എന്താകണം? ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും പ്രകൃതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. കാലാവസ്ഥാപരമായി സുരക്ഷിതമായി കരുതിയ നമ്മുടെ നാട് അങ്ങിനെയല്ലാതായിത്തീർന്നിരിക്കുന്നു. പലതരത്തിലുള്ള ദുരന്തങ്ങൾ എല്ലാ വർഷവും ആവർത്തിക്കുന്ന സ്ഥിതിയുണ്ട്. മാറിയ കാലാവസ്ഥയ്ക്ക് അനുഗുണമായ രീതിയിൽ ജീവിതത്തെ ചിട്ടപ്പെടുത്തുക എന്ന കഠിനമായ വെല്ലുവിളി ഏറ്റെടുക്കേണ്ടതുണ്ട്. ദുരന്തമുഖത്തു നിന്നും രക്ഷപ്പെടാനുള്ള അറിവും തന്ത്രങ്ങളും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണം. ഇക്കാര്യങ്ങളിലെല്ലാം എന്തെന്ത് സമീപനങ്ങളാണ് കൈക്കൊള്ളേണ്ടത്?

32. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളും അനുഭവങ്ങളും അറിവും വൈദഗ്ധ്യവുമെല്ലാം കുട്ടികൾക്കായി അവരുടെ അറിവു നിർമ്മാണ പ്രക്രിയയ്ക്ക് സഹായകമാകുംവിധം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. മാത്രവുമല്ല കൃഷിയിടങ്ങളടക്കം നാടിന്റെ പണിയിടങ്ങളെയാകെ വിദ്യാലയത്തിന്റെ ബന്ധകേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം. ഇതെല്ലാം എങ്ങനെ വേണം എന്ന ധാരണ സാമൂഹികമായി ഉണ്ടാകേണ്ടതുണ്ട്.

33. കുട്ടികൾക്ക് പ്രായത്തിനനുഗുണമായ വിദ്യാഭ്യാസം ലഭിക്കുന്നതോടൊപ്പം

അവരുടെ കഴിവുകൾക്കനുഗുണമായ വിദ്യാഭ്യാസവും ലഭിക്കേണ്ടതുണ്ട്. അങ്ങിനെയെങ്കിൽ നിലവിലുള്ള സ്കൂൾ സമയത്തിൽ മാറ്റങ്ങൾ അനിവാര്യമാകും. എന്ത് തരം മാറ്റങ്ങളാകും അഭികാമ്യം?

34. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള സാമൂഹികമായ ഒരു പുനരാലോചന വേണം എന്നതാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഈ ദിശയിലുള്ള അഭിപ്രായങ്ങളും ഉണ്ടാകണം. നിർദേശങ്ങൾ ഉണ്ടാകണം.

35. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം നിർവഹിക്കാൻ പൊതുവിദ്യാലയങ്ങൾക്ക് കഴിയണമെങ്കിൽ ജനങ്ങളുടെ വിശ്വാസ്യത നേടുന്ന തരത്തിൽ ഗുണമേന്മയും തുല്യതയും ഉറപ്പാക്കുന്ന വിദ്യാകേന്ദ്രങ്ങളായി സ്കൂളുകൾ നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം.

36. കോവിഡ് 19 ന് ശേഷം മുഴുവൻ കുട്ടികളെയും സ്കൂളുകളിൽ തിരികെയെത്തിക്കാനും അവർക്കാവശ്യമായ സാമൂഹിക-മാനസിക പിന്തുണ നൽകാനും, സ്കൂളിൽ നിന്നും വലിയ ഒരു കാലയളവിൽ വിട്ടുനിൽക്കേണ്ടിവന്നതിനാലുള്ള പഠനവിടവ് കണ്ടെത്തി പരിഹരിക്കുവാനും ഹ്രസ്വകാല, ദീർഘകാലപദ്ധതികളും രൂപപ്പെടുത്തേണ്ടതുണ്ട്.

37. സമൂഹത്തിന്റെ കൂടി ആഗ്രഹങ്ങളും അഭിലാഷങ്ങളും ആവശ്യകതയും പ്രതിഫലിക്കുന്നതാകണം പുതുതായി രൂപീകരിക്കുന്ന പാഠ്യപദ്ധതി. മതനിരപേക്ഷത, ജനാധിപത്യം, സ്ഥിതിസമത്വം തുടങ്ങിയ ഭരണഘടനാ ദർശനങ്ങളും പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകളും ഒരു വിട്ടുവീഴ്ചയില്ലാതെ ഉൾച്ചേർക്കുന്നതുമാകണം പാഠ്യപദ്ധതി. ഇത്തരം ഒരു പാഠ്യപദ്ധതിയെ സാമൂഹികമായ പങ്കാളിത്തത്തോടെയാകണം വികസിപ്പിക്കേണ്ടത്. ഇതിനുള്ള രീതിശാസ്ത്രം എന്താകണം?

ഭാഗം 2

# ഫോക്കസ് മേഖലകൾ

## 1 വിദ്യാഭ്യാസത്തിന്റെ ദർശനം (വിദ്യാഭ്യാസലക്ഷ്യങ്ങൾ ഉൾപ്പെടെ)

1. ഭാവിസമൂഹം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാട് രൂപീകരിച്ചുകൊണ്ട് മാത്രമേ വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾക്കു തുടക്കംകുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുഴുവൻപേരുടെയും ക്രിയാത്മക പങ്കാളിത്തമുള്ള ഒരു ഭാവിസമൂഹത്തെയാവണം നാം മുന്നിൽ കാണേണ്ടത്. അങ്ങനെയുള്ള ഒരു ജനാധിപത്യസമൂഹത്തിന്റെ ആശയലോകം ഉൾക്കൊള്ളുന്ന ഒരു പഠനരീതിയാണ് വികസിപ്പിക്കേണ്ടത്. മതം, ജാതി, വർഗം, സാമൂഹിക-സാമ്പത്തികസ്ഥിതി, ലിംഗപരമായ വ്യത്യാസം, പ്രാദേശികത എന്നിവയുടെ അടിസ്ഥാനത്തിൽ ഒരുതരത്തിലുമുള്ള വിവേചനവും ഇല്ലാത്തതും മാനവികത നിലനിൽക്കുന്നതുമായ ഒരു ഭാവിസമൂഹമാണ് നമ്മുടെ സ്വപ്നം. ജനാധിപത്യബോധവും മതനിരപേക്ഷചിന്തയും ഓരോ കുട്ടിയിലും വളരാനും വികസിക്കാനും കഴിയുന്ന സാഹചര്യവുമുണ്ടാകണം. വിദ്യാഭ്യാസത്തിൽ അവസരതുല്യത ഉറപ്പുവരുത്തൽ വളരെ പ്രധാനമാണ്. ഇതിനെല്ലാം സഹായകമായ വിദ്യാഭ്യാസം നമുക്ക് എങ്ങനെ ഉറപ്പുവരുത്താൻ കഴിയും?

2. യുക്തിപൂർവം ചിന്തിക്കാനും നീതിപൂർവകവുമായി പ്രവർത്തിക്കാനും പ്രാപ്തിനേടുന്നതിന് വിദ്യാഭ്യാസം സഹായകമാകണം. മാനവികത, അനുതാപം, ശാസ്ത്രീയാവബോധം, സർഗാത്മകത എന്നിവ വികസിപ്പിക്കാനും അതുവഴി വിശ്വമാനവികതയിലേക്കുയരുന്നതുമാകണം വിദ്യാഭ്യാസം. ഈ നിലപാടിലേക്കുയരുന്ന സാഹചര്യം എങ്ങനെ വികസിപ്പിക്കാം?

3. ജനാധിപത്യബോധം, മതനിരപേക്ഷത, സാമൂഹികനീതി, പരിസ്ഥിതിബോധം, ശാസ്ത്രീയാവബോധം, ചരിത്രബോധം, സാംസ്കാരികത, ലിംഗനീതി, ബഹുസ്വരത, എല്ലാവരെയും ഉൾക്കൊള്ളൽ എന്നിവയെല്ലാം നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളാണ്. രാഷ്ട്രനിർമ്മാണപ്രക്രിയയിലും നാടിന്റെ വളർച്ചയിലും പങ്കെടുക്കാൻ കഴിയുന്ന ഉത്തരവാദിത്വമുള്ള പൗരരെ വളർത്തിയെടുക്കലാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം അർഥപൂർണമായി എങ്ങനെ നടപ്പാക്കാം?

4. വിദ്യാഭ്യാസത്തിലൂടെ അടിസ്ഥാനഭാഷാശേഷികളും ഗണിതശേഷികളും വികസിക്കേണ്ടതുണ്ട്. അതോടൊപ്പം പഠനത്തിന്റെ ഉയർന്ന ശേഷികളായ വിമർശനാത്മകചിന്ത,പ്രശ്നപരിഹരണം,വൈജ്ഞാനിക കഴിവുകൾ, സാമൂഹിക-വൈകാരികശേഷികൾ എന്നിവയ്ക്കുമുള്ള അവസരവുമുണ്ടാകണം. ഓരോന്നിനെയും വിമർശനാത്മകമായും സർഗാത്മകമായും സമീപിക്കാനും നൂതനാശയങ്ങൾ രൂപപ്പെടുത്താനും സ്വയംനവീകരിക്കാനും കഴിയണം. ഇതിനായി അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളതും വഴക്കമുള്ളതും സമഗ്രമായതും അന്വേഷണങ്ങൾക്ക് അവസരം നൽകുന്നതുമായ ബോധനരീതികളല്ലേ നാം പിന്തുടരേണ്ടത്? സംവാദാത്മകവും വിദ്യാർഥികേന്ദ്രീകൃതവും ഉദ്ഗ്രഥിതവും രസകരവുമായ ബോധനരീതികളല്ലേ ഇതിന് സഹായകമാകുന്നത്? നിലവിലെ പാഠ്യപദ്ധതി സമീപനത്തെ നിങ്ങൾ എങ്ങനെ കാണുന്നു? പരിവർത്തനം ആവശ്യമെങ്കിൽ എങ്ങനെ വേണം.?

5. എല്ലാവരെയും ഉൾക്കൊള്ളുന്നതും ഓരോ പഠിതാവിലുമുള്ള ശേഷികളെ തിരിച്ചറിയുന്നതും അവ പരിപോഷിപ്പിക്കുന്നതിലൂടെ സമഗ്രവികാസം ഉറപ്പുവരുത്തുന്നതുമാകണം വിദ്യാഭ്യാസം. സയൻസ്,ആർട്സ്എന്ന വിഭജനവും കരിക്കുലർ, എക്സ്ട്രാ കരിക്കുലർ എന്ന സമീപനവും വൊക്കേഷണൽ,നോൺ വൊക്കേഷണൽ എന്ന കാഴ്ചപ്പാടും പാഠ്യപദ്ധതിയെ സമഗ്രമായി കാണുന്നതിന് തടസ്സമാകുന്നുണ്ടോ? സമഗ്രത ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്?

6. ഓരോരുത്തരുടെയും കഴിവും താൽപ്പര്യവുമനുസരിച്ച് വളരാനും വികസിക്കാനുമുള്ള അവസരം വിദ്യാഭ്യാസത്തിലുണ്ടാകേണ്ടതുണ്ട്. ഇതിനാവശ്യമായ വഴക്കം വിദ്യാഭ്യാസസംവിധാനത്തിൽ എങ്ങനെ കൊണ്ടുവരാനാകും?

7. വിവരസാങ്കേതികവിദ്യ അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിൽ അതിന്റെ സാധ്യത വളരെ വലുതാണ്. എന്നാൽ സുരക്ഷിതമായ അവയുടെ ഉപയോഗം ഉറപ്പുവരുത്തുകയും വേണം. ഡിജിറ്റൽ യുഗത്തിലും മാനവികത, നീതിബോധം, മാനുഷികബന്ധങ്ങൾ, സാമൂഹിക ഇടപെടലുകൾ, സഹകരണം, സഹവർത്തിത്വം, സൗന്ദര്യാത്മകജീവിതം എന്നിവയുടെ സ്ഥാനം കൃത്യമായി നിർവചിക്കേണ്ടതുണ്ട്. ഇതിനോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്?

8. ക്ലാസ്റൂം അനുഭവങ്ങളുടെ ഭാഗമായി വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിദ്യാഭ്യാസപ്രക്രിയ മാറുന്നതല്ലേ ഉചിതം. പഠനത്തിൽ വിവരസാങ്കേതികവിദ്യ ഫലപ്രദമാക്കുന്നതിന് സ്വീകരിക്കേണ്ട നിലപാട് എന്താണ്?

9. ദേശീയബോധം, സ്വാശ്രയത്വം, തനതു സംസ്കാരപോഷണം,ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്കു മുഖ്യപരിഗണന നൽകുന്നതാകണം വിദ്യാഭ്യാസം. സമൂഹത്തിന്റെ വികാസം സാധ്യമാകുന്നത് ഇത്തരം വിദ്യാഭ്യാസത്തിലൂടെയാണ്. ഈ സമീപനത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

10. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു മുഖ്യപരിഗണന നൽകുന്നതും ഉൽപ്പാദനാധിഷ്ഠിതമായ ഒരു വികസനസങ്കൽപ്പം മുൻനിർത്തി വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതുമായ സമൂഹമാണ് സൃഷ്ടിക്കേണ്ടത്. ഇതിൽ മാനവികതാബോധം വളരെ പ്രധാന പങ്കുവഹിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനം എങ്ങനെ സാധ്യമാക്കാം?

11. നമ്മുടെ മനുഷ്യവിഭവശേഷിയെ സുസ്ഥിരമായി നിലനിൽക്കുന്ന വികസനങ്ങൾക്കായി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. അതിനാവണം വിദ്യാഭ്യാസത്തിൽ പരിഗണന നൽകേണ്ടത്. ഇത്തരമൊരു സാമൂഹികക്രമം വളർത്തുന്നതിൽ സ്കൂൾവിദ്യാഭ്യാസഘട്ടത്തിന്റെ പങ്ക് എന്താണ്?

12. മനുഷ്യന്റെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടുപോകുന്നതാകണം സമൂഹം. സമ്പത്തിന്റെ ഉൽപ്പാദനവും വിതരണവും നീതിപൂർവകവും കാര്യക്ഷമവുമാകുന്ന വികസനമാതൃകകൾ സൃഷ്ടിക്കുകയും അവ പരിപാലിക്കുകയും വേണം. ഇതിനായുള്ള സമീപനം എങ്ങനെ രൂപപ്പെടുത്താം?

13. അറിവ് പൊതുസമ്പത്താണെന്ന ധാരണയും അറിവ് പങ്കുവയ്ക്കപ്പെടേണ്ടതാണെന്ന ചിന്തയും അന്വേഷണവും വിമർശനാത്മകചിന്തയുമാണ് അറിവുനിർമാണപ്രക്രിയയുടെ അടിസ്ഥാനശിലയെന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ സമൂഹം നവീകരിക്കപ്പെടുമെന്ന ബോധമാണ് കുട്ടികളിലുണ്ടാകേണ്ടത്. സ്കൂൾ കാലഘട്ടത്തിൽത്തന്നെ ഈ തിരിച്ചറിവിലേക്ക് കുട്ടികൾ എത്തുന്നത് എങ്ങനെ ഉറപ്പാക്കും?

14. സാമൂഹികതിന്മകൾക്കെതിരെ അണിചേരാനും സാമൂഹികപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുമുള്ള സന്നദ്ധതയും, വിഭാഗീയശക്തികൾക്കെതിരെ ശക്തമായി പ്രതികരിക്കാനുള്ള മനോഭാവവും സ്കൂൾ ഘട്ടത്തിൽത്തന്നെ വളർത്തിയെടുക്കേണ്ടതുണ്ട്. ഈ മനോഭാവം എങ്ങനെ വളർത്തിയെടുക്കാൻ കഴിയും?

15. കേരളത്തിന്റെ വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർണയിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും മതനിരപേക്ഷതയും ജനാധിപത്യവും അര

ക്കിട്ടുറപ്പിക്കാൻ കഴിവുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. ഉയർന്ന സൗന്ദര്യബോധവും പ്രവൃത്തിയിലധിഷ്ഠിതമായ മാനുഷികമൂല്യങ്ങളും ഇതിലൂടെ ഫലവത്താക്കാൻ കഴിയണം. സുരക്ഷിതത്വബോധവും ചുമതലാബോധവും സാമൂഹികജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും തെളിയണം. തന്റെ നാടിന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലുമുണ്ടാകണം. ഇത്തരം മനോഭാവം രൂപപ്പെടുത്തുവാൻ എന്ത് ഇടപെടലാണ് വേണ്ടത്?

16. സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണ് ലക്ഷ്യമിടേണ്ടത്. ആ സാമൂഹികക്രമം ജനാധിപത്യത്തിലും മതനിരപേക്ഷതയിലും ലിംഗനീതിയിലും അധിഷ്ഠിതമായിരിക്കണം. വിമോചനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള ഉപാധിയായി വിദ്യാഭ്യാസം മാറേണ്ടതുണ്ട്. ആത്മപ്രകാശനത്തിനും ആത്മബോധത്തിനും വഴിതുറക്കുന്നതാകണം വിദ്യാഭ്യാസം. ഈ നിലപാട് എങ്ങനെ സാർഥകമാക്കാം.?

17. പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രബോധം കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. സുസ്ഥിരവികസനമെന്ന ലക്ഷ്യം മുൻനിർത്തി എല്ലാ വികസനപ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുയോജ്യമായവിധം രൂപപ്പെടുത്താനുള്ള മനോഭാവമാണ് വികസിപ്പിക്കേണ്ടത്.വിഭവസംരക്ഷണത്തിലും വിനിയോഗത്തിലും സന്തുലിതവും വിവേചനപൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തരാവുകയും വേണം. ഇത്തരം കാര്യങ്ങൾ എങ്ങനെ പാഠ്യപദ്ധതിയുടെ ഭാഗമാക്കും?

18. നമ്മുടേതുപോലുള്ള ഒരു ബഹുമുഖസമൂഹത്തിൽ വൈവിധ്യം അനിവാര്യമാണ്. ഈ വൈവിധ്യത്തിന്റെ തനിമ അംഗീകരിച്ചും പോഷിപ്പിച്ചുംകൊണ്ടുള്ള ഒരു സമതുലിതമായ വിദ്യാഭ്യാസപ്രക്രിയ നാം ഉറപ്പുവരുത്തണം. അവിടെ സവിശേഷമായി പരിഗണിക്കേണ്ടവരാണ് സാമൂഹികമായി വെല്ലുവിളി അനുഭവപ്പെടുന്ന കുട്ടികളും ഭിന്നശേഷിവിഭാഗം കുട്ടികളും. ഇവരെ ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം എങ്ങനെ വളർത്തിയെടുക്കാം.? അതോടൊപ്പം ആദിവാസി കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളും പല തരത്തിലുള്ള പഠനപരിമിതി നേരിടുന്നുണ്ട്. ഇവരെകൂടി ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം എങ്ങനെ സാർഥകമാക്കാം?

19. ഇവയോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതില്ലേ?

    1. നിലവിലെ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ വിശാലലക്ഷ്യങ്ങളിൽ ഇനിയും ഉൾപ്പെടേണ്ടവ എന്തെല്ലാം.? വിശാല ലക്ഷ്യങ്ങളെ

മുൻനിർത്തി ഓരോ ഘട്ടത്തിലും തലങ്ങളിലും ഉൾപ്പെടേണ്ട വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിർദേശിക്കാം.

2. പഠിതാക്കളുടെ വൈജ്ഞാനിക വികാസത്തിനൊപ്പം സാമൂഹിക-വൈകാരിക വികാസം കൂടി ഉറപ്പുവരുത്തുന്നതിന് പാഠ്യപദ്ധതിയെ എങ്ങനെ സമഗ്രമാക്കാം?

3. ഉള്ളടക്കം കുറച്ചുകൊണ്ട് വിഷയങ്ങൾക്കതീതമായി പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിലുള്ള ഒരു മാറ്റം ആവശ്യമുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതില്ലേ?

4. സെക്കണ്ടറി ഘട്ടത്തിൽ പഠിതാവിന് പഠനമേഖല തിരഞ്ഞെടുക്കുന്നതിനുള്ള വഴക്കം വിദ്യാഭ്യാസസംവിധാനത്തിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം മാറ്റങ്ങൾ ആവശ്യമാണ്?

5. വിഷയങ്ങൾ തമ്മിൽ വിഭജനമില്ലാതെ പാഠ്യപദ്ധതി സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താം?

6. വിദ്യാഭ്യാസത്തിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉൾച്ചേർക്കൽ എങ്ങനെയാകാം.? നിലനിൽക്കുന്ന പരിമിതികളെ മുറിച്ചുകടക്കുന്നതിന് എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കാം.?

7. പഠിതാക്കളുടെ വിവിധ ഘട്ടങ്ങളിലുള്ള (പ്രീപ്രൈമറി, പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി) വികാസം പരിഗണിച്ച് എങ്ങനെയാണ് പാഠ്യപദ്ധതിയും ബോധനശാസ്ത്രവും ചിട്ടപ്പെടുത്തേണ്ടത്?

8. ഭാഷാവൈവിധ്യം മുന്നിൽക്കണ്ട് ബഹുഭാഷാപഠനത്തിന്റെ സാധ്യതകൾ എങ്ങനെ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കാം?

9. ബഹുഭാഷാപഠനം നിലനിൽക്കുമ്പോഴും മാതൃഭാഷയിലൂടെയുള്ള പഠനത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതില്ലേ. നിലവിലുള്ള രീതി അതിന് സഹായകമാണോ? കൂടുതൽ ഇടപെടൽ എങ്ങനെ സാധ്യമാക്കാം.?

10. വൈവിധ്യങ്ങളെ അംഗീകരിക്കൽ, ദേശീയബോധം വളർത്തൽ, പ്രാദേശികതയെ ബഹുമാനിക്കൽ എന്നിവ വിദ്യാഭ്യാസസംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യതകൾ എന്തെല്ലാം? എപ്രകാരം ഉൾച്ചേർക്കാം?

ഇതിൻമേൽ അഭിപ്രായങ്ങളും നിർദേശങ്ങളും ഉണ്ടാകണം.

# 2 ശൈശവകാല പരിചരണവും വികാസവും

1. ആറ് വയസ്സിനു മുമ്പുള്ള കാലഘട്ടം ഒരു വ്യക്തിയെ സംബന്ധിച്ച് നിർണായകമാണ്. മസ്തിഷ്ക വളർച്ചയുടെ 85-90% വും ഈ കാലഘട്ടത്തിലാണ് നടക്കേണ്ടത്. അതായത് കുട്ടിയുടെ ബൗദ്ധികവും ശാരീരികവും സാമൂഹികവും വൈകാരികവുമായ വികാസം ഈ ഘട്ടത്തിൽ സംഭവിക്കണം. ഭാഷാപരമായ വികാസവും വളരെ പ്രധാനമാണ്. ശരിയായ പരിചരണവും പ്രവർത്തനാനുഭവങ്ങളും നൽകിയില്ലെങ്കിൽ കുട്ടിയുടെ വളർച്ചയെയും വികാസത്തെയും അത് ദോഷകരമായി ബാധിക്കും. പ്രീസ്കൂൾ പ്രായത്തിൽ കുട്ടികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസം പ്രധാനമായും ഏതൊക്കെ മേഖലകളിൽ ഊന്നൽ നൽകണം? എന്തുകൊണ്ട്?

2. കുട്ടിയുടെ വളർച്ചയിലും വികാസത്തിലും വീടിന് അതിപ്രധാന പങ്കാണുള്ളത്. പ്രത്യേകിച്ച് 3 വയസ്സുവരെ. കുഞ്ഞ് ഗർഭപാത്രത്തിൽ ജീവൻവച്ചു തുടങ്ങുമ്പോൾതന്നെ ശരിയായ പരിചരണം, പോഷണം, പ്രതിരോധം, ശാരീരിക മാനസികാവസ്ഥ തുടങ്ങിയവയിൽ അതീവ ശ്രദ്ധ ആവശ്യമാണ്. ഇതു കൂടാതെ, ജനിച്ചുവീഴുന്ന കുട്ടിയുടെ പ്രകൃതത്തിനും പ്രായത്തിനും ഇണങ്ങുന്ന ഗൃഹാന്തരീക്ഷവും അനിവാര്യമാണ്. ചുറ്റുപാടുകളെ കാണാനും കേൾക്കാനും അവയോട് അവരുടേതായ രീതിയിൽ പ്രതികരിക്കാനും അവസരം ലഭിക്കണം. കുട്ടിയുടെ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും കുടുംബാംഗങ്ങൾക്ക് കഴിയണം. 0 മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് മേൽപ്പറഞ്ഞ കാര്യങ്ങൾ ലഭ്യമാവുക എന്നത് പ്രസ്തുത കുട്ടികളുടെ അവകാശം കൂടിയാണ്. എല്ലാ കുട്ടികളുടെയും വളർച്ചാ കേന്ദ്രീകൃതമായ പോഷണവും പരിചരണവും ഉറപ്പുവരുത്താൻ ഗൃഹാന്തരീക്ഷത്തിന് കഴിയുന്നുണ്ടോ? 'ഇല്ല' എങ്കിൽ എന്തൊക്കെയാവാം കാരണങ്ങൾ? ഇവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

3. മൂന്നു വയസ്സു മുതൽ ആറ് വയസ്സുവരെയുള്ള കാലയളവിൽ അങ്കണവാടിയിലോ പ്രീപ്രൈമറി വിദ്യാലയത്തിലോ സമാനമായ മറ്റ് കേന്ദ്രങ്ങളിലോ ആവും കുട്ടി പഠിക്കുന്നത്. മുമ്പ് പരാമർശിച്ച വിധമുള്ള ഗൃഹാന്തരീക്ഷത്തിന്റെ തുടർച്ചയാകണമല്ലോ അവിടെയും ഉണ്ടാകേണ്ടത്. കുട്ടിയുടെ എല്ലാവിധമുള്ള വളർച്ചയും വികാസവുമാണ് ലക്ഷ്യമിടുന്നതെങ്കിൽ ഈ പ്രായത്തിനു ചേർന്ന പ്രവർത്തനാനുഭവങ്ങളാണ് അവിടെ നൽകേണ്ടത്.

ഉയർന്ന ക്ലാസുകളിലെപ്പോലെ പഠിക്കുന്ന രീതിയാണോ വിവിധ കളി പ്രവർത്തനങ്ങളിലൂടെ (കഥ, പാട്ട്, അഭിനയം, ലഘു കായിക പ്രവർത്തനങ്ങൾ, ലഘു പരീക്ഷണങ്ങൾ, ചിത്രരചന, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ) കുട്ടികൾക്ക് ഉല്ലാസകരമായ അനുഭവങ്ങൾ നൽകുന്ന രീതിയാണോ ഉചിതം?എന്തൊക്കെയാണ് അതുകൊണ്ടുള്ള പ്രയോജനങ്ങൾ? വിവിധ പ്രീസ്കൂൾ കേന്ദ്രങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താനും ഏകോപനം സാധ്യമാക്കാനും എന്തൊക്കെ ചെയ്യേണ്ടതുണ്ട്?

4. കുട്ടിയെ ഏത് ഭാഷാ മാധ്യമത്തിലൂടെ പഠിപ്പിക്കണം എന്നത് ഇന്നൊരു ചർച്ചാ വിഷയമാണല്ലോ. പഠനത്തിന്റെ പ്രാരംഭഘട്ടത്തിൽ കുട്ടിയുടെ ഗൃഹ/ പ്രാദേശിക ഭാഷയിലൂടെ പഠിപ്പിക്കുന്നത് അവന്റെ ബൗദ്ധിക—സർഗാത്മക വികസനത്തിന് ഏറെ സഹായിക്കുമെന്ന് ന്യൂറോസയൻസിലും വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിലും നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുംതോറും ഇംഗ്ലീഷും ഹിന്ദിയുമൊക്കെ നന്നായി പഠിക്കുന്നതിനും മാതൃഭാഷ മാധ്യമത്തിലൂടെയുള്ള പഠനം സഹായകമാവും. പ്രീസ്കൂൾ പഠനം മാതൃഭാഷ അല്ലെങ്കിൽ ഗൃഹഭാഷയിലൂടെയാകുന്നതിന്റെ മെച്ചങ്ങൾ എന്തൊക്കെയാണ്? എല്ലാ പ്രീസ്കൂൾ കേന്ദ്രങ്ങളിലും പഠനം മാതൃഭാഷയിലൂടെ നടക്കുന്നുവെന്ന് എങ്ങനെ ഉറപ്പാക്കാം?

5. പ്രീസ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ തന്റെ കുട്ടി എഴുത്തും വായനയും (ഇംഗ്ലീഷിലും മലയാളത്തിലും) പഠിക്കണമെന്ന് താൽപ്പര്യപ്പെടുന്ന / നിർബന്ധം പിടിക്കുന്ന ഒരു വിഭാഗം രക്ഷിതാക്കളുണ്ട്. അത് ശാസ്ത്രീയമായി പഠിക്കാനുള്ള അവസരം ഒന്നാം ക്ലാസ് മുതൽ കുട്ടിക്ക് ലഭിക്കുന്നുണ്ട് എന്ന വസ്തുത മനസ്സിലാക്കാതെയാവാം ഇങ്ങനെ ചിന്തിക്കുന്നത്. അത് നന്നായി പരിശീലിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പ്രീസ്കൂളുകളിൽ ലഭ്യമാക്കുന്നതാണ് നല്ലത്. കുട്ടിയെ അതിനു സജ്ജമാക്കുകയാണ് വേണ്ടത്. ഗണിതപഠനത്തിന്റെ കാര്യത്തിലുമിത് പ്രസക്തമാണ്. അക്ഷരപഠനത്തിനും ഗണിതപഠനത്തിനും പ്രീസ്കൂൾ വേളയിൽ അമിത പ്രാധാന്യം നൽകി പഠിപ്പിക്കുകയാണെങ്കിൽ കുട്ടിക്ക് ലഭിക്കേണ്ട മറ്റെന്തെല്ലാം അവസരങ്ങളാണ് നഷ്ടമാകുന്നത്? സമഗ്രവികാസം എന്ന നമ്മുടെ ആഗ്രഹം/ ലക്ഷ്യം നേടാൻ സാധിക്കുമോ? അടിസ്ഥാന പരമായ എല്ലാ കഴിവുകളും വികസിക്കാൻ അവസരം ലഭിച്ചില്ലെങ്കിൽ ഭാവിയിൽ കുട്ടിയുടെ വളർച്ചയെയും വികാസത്തെയും അത് ബാധിക്കില്ലേ? കുട്ടിയുടെ പഞ്ചേന്ദ്രിയങ്ങളുടെ വികാസമാണ് പ്രധാനം എന്നതാണ് വിദ

ഗ്ധർ സൂചിപ്പിക്കുന്നത്. തന്റെ ചുറ്റുമുള്ള ലോകത്തെ കണ്ടും കൊണ്ടും അറിഞ്ഞുമാണ് കുട്ടി പ്രകൃതിയെയും സമൂഹത്തെയും തിരിച്ചറിയുന്നത്. ഈ തിരിച്ചറിവിന്റെ ഭാഗമായാണ് ഭാഷയും, പ്രാഗ്ഗണിതവും മനസ്സിലാക്കുന്നത്. ഈ ഘട്ടത്തിൽ അക്ഷരപഠനവും ഗണിതവും കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ഇത് സംബന്ധിച്ച അവബോധം മുതിർന്നവരിൽ എങ്ങനെയുണ്ടാക്കാം? കുട്ടികളുടെ വളർച്ചയും വികാസവും സംബന്ധിച്ച അതത് കാലത്തെ പുതിയ അറിവുകൾ രക്ഷിതാക്കളിലും സമൂഹത്തിലും എത്തിക്കാൻ എന്ത് ചെയ്യാൻ കഴിയും?

6. പ്രീസ്കൂൾ പ്രായത്തിലെ കുട്ടികൾ തന്റെ ചുറ്റുപാടുകളെ പരിചയപ്പെട്ടുവരുന്നതേയുള്ളൂ. അവർ ജിജ്ഞാസയോടെയാണ് എല്ലാറ്റിനെയും നോക്കിക്കാണുന്നത്. ചിന്താപരവും സർഗാത്മകവും സാമൂഹികവും ശാരീരികവുമായ വളർച്ചയുടെയും വികാസത്തിന്റെയും തുടക്കമാണിത്. കുട്ടിയുടെ സവിശേഷ കഴിവുകൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വേണം. ഇതിനു പറ്റിയ അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും വിദ്യാലയത്തിൽ ഉണ്ടെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ (ആകർഷകമായ ക്ലാസ് മുറികൾ, വിവിധ ഉപകരണങ്ങൾ, സൗകര്യങ്ങൾ, ക്രമീകരണങ്ങൾ....). എങ്കിൽ, ഒരു നല്ല പ്രീ സ്കൂളിലെ ഭൗതികാന്തരീക്ഷം എങ്ങനെയാകണം? എന്തൊക്കെ സൗകര്യങ്ങളും ക്രമീകരണങ്ങളുമാണ് അവിടെ ഉണ്ടാകേണ്ടത്?

7. കുട്ടിയുടെ വളർച്ചയും വികാസവും, ലഭിക്കേണ്ട ശ്രദ്ധയും പരിചരണവും, പ്രവർത്തനാനുഭവങ്ങളുടെ സവിശേഷത, ഭാഷാമാധ്യമം, ഭൗതികാന്തരീക്ഷവും സൗകര്യങ്ങളും തുടങ്ങി നിരവധി കാര്യങ്ങൾ ഇതുവരെ നാം ചർച്ച ചെയ്തു. കുട്ടിയുടെ സ്വഭാവ സവിശേഷതകളും വികാസാവശ്യങ്ങളും അവകാശങ്ങളും പരിഗണിച്ച് ഇവ ലഭ്യമാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ മാത്രമാണ് പ്രീസ്കൂൾ വിദ്യാഭ്യാസം ശിശുകേന്ദ്രീകൃതമാവുകയുള്ളൂ; ശാസ്ത്രീയമാവുകയുള്ളൂ. ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസം എങ്ങനെയാവണം? അവിടുത്തെ ഭൗതിക സൗകര്യങ്ങളും അന്തരീക്ഷവും കുട്ടിയോടുള്ള ഇടപെടൽരീതിയും എങ്ങനെയാവണം? നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്? ഇവ പരിഹരിക്കാൻ നിലവിലുള്ള രീതിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടത്?

8. ശൈശവകാല പരിചരണവും വികാസവും മുൻനിർത്തി 'ശാസ്ത്രീയമായ പ്രീസ്കൂൾ' എന്ന സങ്കൽപ്പം യാഥാർഥ്യമാക്കാനുള്ള പ്രധാന ഉത്തരവാദിത്വം സർക്കാരിനുണ്ട്. എന്നാൽ, സർക്കാരിനോടൊപ്പം രക്ഷിതാക്കളും പൊതുസമൂഹവും ചേർന്നുനിന്ന് പ്രവർത്തിച്ചാൽ ഈ മേഖലയിൽ വമ്പിച്ച മാറ്റം വരുത്താൻ സാധിക്കുമെന്ന അനുഭവസാക്ഷ്യങ്ങൾ നമുക്കുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ പി.ടി.എ കളും പ്രാദേശിക സഹായക സമിതികളും ശക്തിപ്പെടേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർണായക പങ്കാണ് വഹിക്കാൻ കഴിയുക. പ്രീസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ പി.ടി.എ കൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും? സ്കൂൾ വികസനത്തിൽ പ്രാദേശിക വിഭവങ്ങളെ (വിദഗ്ധർ, വിദ്യാഭ്യാസ പ്രവർത്തകർ, അഭ്യുദയ കാംക്ഷികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ) നമുക്ക് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം? ശിശുപരിപാലനം, വികാസം, പ്രീസ്കൂൾ ഭൗതിക സൗകര്യങ്ങൾ എന്നിവ കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ കഴിയുക?

# 3 പാഠ്യപദ്ധതിയും ബോധനശാസ്ത്രവും

1. പഠനത്തിന്റെ ഭാഗമായി നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളെയും മുൻപിൻ ക്രമത്തിലും പരസ്പര ബന്ധത്തോടെയും ചിട്ടപ്പെടുത്തി തയാറാക്കുന്ന രേഖയാണ് പാഠ്യപദ്ധതി. കുട്ടിയുടെ പ്രായം, പഠനപരിസരം, പഠനാന്ത രീക്ഷം, പഠനസമയം, ബോധനസമ്പ്രദായം, പഠനപ്രവർത്തനങ്ങൾ, പാഠ വിനിമയരീതി, ആശയോന്മുഖപഠനം, അധ്യാപക-വിദ്യാർഥി ബന്ധം, പഠനോപാധികൾ, പഠിതാവ് - രക്ഷിതാവ് ബന്ധം, ജനാധിപത്യ-സർഗാത്മക വിദ്യാലയവും ക്ലാസ് മുറികളും, സ്കൂൾ ക്യാമ്പസ്, അധ്യാപക പരിശീലനം തുടങ്ങി നിരവധി കാര്യങ്ങൾ പാഠ്യപദ്ധതി ചിട്ടപ്പെടുത്തലിന്റെ ഭാഗമാവുന്നു. ഇങ്ങനെയുള്ള ചിട്ടപ്പെടുത്തൽ നടക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

2. കുട്ടികൾ ഇപ്പോൾ ജീവിക്കുന്ന ലോകത്തെ അറിവുകളും ഭാവിയിൽ ജീവിക്കേണ്ട ലോകത്തെ പുതിയ അറിവുകളും അതതവസരങ്ങളിൽ സ്വാംശീകരിക്കേണ്ടതിനാവശ്യമായ കഴിവ് വികസിപ്പിക്കുക എന്നതാണ് പാഠ്യപദ്ധതിയുടെ അടിസ്ഥാനശില. അറിവ് എല്ലാ കാര്യങ്ങളെയും നിർണായകമായി സ്വാധീനിക്കുന്ന ഒരു ലോകക്രമത്തിൽ ജീവിക്കാൻ പര്യാപ്തമായ അറിവും കഴിവും നൈപുണികളും ക്രമാനുഗതമായി വികസിച്ചുവരുന്നതിന് പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ളതാകണം പാഠ്യപദ്ധതി. പ്രസ്തുത അറിവുകളെ ഉപഭോഗ സംസ്കാരത്തിനെതിരായ നവസംസ്കാരനിർമ്മിതിക്ക് അനുഗുണമാക്കുന്ന പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യേണ്ടത്. മത്സരാധിഷ്ഠിതവും വ്യക്തിഗതമായ കഴിവു കൾക്കും ക്ഷമതകൾക്കും പ്രാധാന്യമുള്ളതുമായ ഒരു ലോകക്രമമാണ് ഭാവിയിലുണ്ടാവുക എന്ന് തിരിച്ചറിഞ്ഞ് അങ്ങനെയൊരു ലോകക്രമത്തിൽ മികച്ച രീതിയിൽ ജീവിച്ചുപോവാനും അതിനെ മനുഷ്യാനുകൂലമായി മാറ്റിത്തീർക്കാനും അനിവാര്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു വേണം പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കാൻ. ജനാധിപത്യ, മതേനിരപേക്ഷ സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്ത കാഴ്ച്ചപ്പാടുകളും മൂല്യബോധവും കുട്ടികളിൽ ഉളവാക്കേണ്ടതുണ്ട്.

3. വിവേകത്തോടെയും വിവേചനബുദ്ധിയോടെയും നൂതന സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തിക്കൊണ്ടുവേണം പാഠ്യപദ്ധതി തയാറാക്കാൻ. ആധുനിക മൂല്യസങ്കൽപ്പങ്ങൾ വളരാൻ സഹായിക്കുന്നതും മാനവികത,

സഹജീവി സ്നേഹം, ജനാധിപത്യബോധം എന്നിവ ലക്ഷ്യംവയ്ക്കുന്നതും പാരിസ്ഥിതിക അവബോധം വളർത്തുന്നതും പ്രാദേശികമായ അറിവുകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതും പുതിയ അറിവുകൾ നിർമ്മിക്കുന്നതും (നിലവിലുള്ള അറിവിനെ തന്റെ മാനസിക ശേഷികൾ ഉപയോഗിച്ച് ഗ്രഹിക്കലും പുതിയ ധാരണകൾ നിർമ്മിക്കലും) അവ പ്രയോഗിക്കാനുള്ള ആത്മവിശ്വാസം വളർത്തുന്നതും സമൂഹനന്മയ്ക്കായി അറിവിനെ പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുന്നതും ആയ ഒരു പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കാൻ കടന്നുപോകേണ്ട പടവുകൾ എന്തെല്ലാമായിരിക്കും? എന്തെല്ലാം ഘടകങ്ങളാണ് പരിഗണിക്കേണ്ടി വരിക?

4. അറിവിന്റെ മേഖലകളിലെ വൈവിധ്യ വികാസങ്ങൾ, വിദ്യാഭ്യാസ സാങ്കേതിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നമാറ്റങ്ങൾ, ബോധന ശാസ്ത്രരംഗത്ത് വളർന്നുവരുന്ന നൂതനപ്രവണതകൾ എന്നിവയെ പരിഗണിച്ചുകൊണ്ടായിരിക്കണം പാഠ്യപദ്ധതിനവീകരണം. ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ട് മാത്രമേ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. അതിനായി ജനാധിപത്യത്തിന്റെ പ്രായോഗികതലവും ആശയതലവും ഉൾക്കൊള്ളുന്ന പഠനരീതി സ്വീകരിക്കേണ്ടിവരും. ഇവിടെയാണ് വിമർശനാത്മകബോധനരീതി പ്രസക്തമാകുന്നത്. പാഠ്യപദ്ധതിയുടെ ഭാഗമായും അല്ലാതെയും കുട്ടിക്ക് ലഭിക്കുന്ന വിവരങ്ങൾ തന്റെ ചുറ്റുമുള്ള പ്രകൃതിയുമായും ജീവിതാനുഭവങ്ങളുമായും ബന്ധിപ്പിച്ച് വിമർശനപരമായി വിശകലനം ചെയ്യാനും വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങൾ രൂപീകരിക്കാനുമുള്ള അവസരങ്ങൾ ധാരാളം ലഭ്യമാകണം. സാമൂഹികവീക്ഷണമുള്ള പഠന-ബോധനരീതിയാണ് രൂപപ്പെടുത്തേണ്ടതെങ്കിൽ കേരളത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിലും പഠന-ബോധന രീതികളിലും വിലയിരുത്തൽ രീതിയിലും മാറ്റങ്ങൾ ആവശ്യമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പാഠ്യപദ്ധതി എങ്ങനെയായിരിക്കണം?

5. പാഠപുസ്തകത്തിലെ വിവരങ്ങൾ ആവർത്തിക്കുന്ന പ്രവർത്തനമല്ല പഠനം. തങ്ങളുടെ മുന്നിലുള്ള വസ്തുക്കളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ തങ്ങൾ സൂക്ഷ്മതലത്തിൽ സ്വാംശീകരിച്ചതും നേരത്തേയുണ്ടായിരുന്നതുമായ ആശയങ്ങളോട് പുതിയവ കൂട്ടിച്ചേർത്ത് അനിവാര്യമായ പരിവർത്തനങ്ങൾ വരുത്തി അറിവ് സ്വയം നിർമ്മിക്കുകയാണ് പഠിതാക്കൾ ചെയ്യുന്നത്. അന്വേഷണം, പര്യവേഷണം,

ചോദ്യംചെയ്യൽ, സംവാദങ്ങൾ, എന്നിവയിലൂടെ സിദ്ധാന്ത രൂപീകര ണത്തിലേക്കും ആശയങ്ങളുടെയും നിലപാടുകളുടെയും സൃഷ്ടിയിലേക്കും നയിക്കുന്ന പ്രയോഗവും ചിന്തയും അറിവുൽപ്പാദന പ്രക്രിയയുടെ ഭാഗമാണ്. അങ്ങനെയെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പാഠ്യപദ്ധ തിയിൽ വരുത്തേണ്ടത്?

6. പുതിയ പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള വിദ്യാഭ്യാസ പ്രക്രിയ സാധ്യമാക്കാൻ അധ്യാപകരെ സജ്ജമാക്കേണ്ടതില്ലേ? കുട്ടിയുടെ ചിന്താശേഷിയെ ഉണർത്തുക, ഓരോ കുട്ടിയെയും പരിഗണിച്ചുകൊണ്ടുള്ള പാഠാസൂത്രണം സാധ്യമാക്കുക, കുട്ടിയെ പ്രതീക്ഷിത നിലയിലേക്ക് ഉയർത്തുന്നതിനാവശ്യമായ തത്സമയ പിന്തുണ നൽകുക, നിരന്തരമായ നിലവാര പരിശോധന നടത്തുക എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുന്നതിന് എന്തൊക്കെ നിർദേശങ്ങളാണ് നൽകാനുള്ളത്?

7. ഭാഷ മുതൽ ഗണിതം വരെയുള്ള എല്ലാ വിഷയങ്ങളുടെയും അടിസ്ഥാന ശേഷികളിൽ പഠിതാവ് വൈദഗ്ധ്യം നേടിയെന്നുറപ്പു വരുത്തേണ്ടതുണ്ട്. സ്വന്തം പ്രതിഭാമേഖലകൾ തിരിച്ചറിയുന്നതിനും ആ മേഖലയിൽ പോഷണവും ചിട്ടയായ പരിശീലനവും കിട്ടി വൈദഗ്ധ്യം നേടേണ്ടതുണ്ട്. വൈദഗ്ധ്യം നേടിയ വിഷയങ്ങളുടെ രീതിശാസ്ത്രവും വിശകലനരീതിയും ആശയമേഖലകളും ഇതര വിഷയ പഠനസന്ദർഭങ്ങളിൽ ഉപയോഗപ്പെടു ത്താൻ പഠിതാവിന് സാധിക്കേണ്ടതുണ്ട്. ക്രമേണ ലോകത്തെ വിശകലനം ചെയ്യാനും നവീകരിക്കാനും നിർമ്മിച്ചെടുക്കാനും ഉതകുന്ന ചിന്താശേഷി വികസിപ്പിച്ചെടുക്കുന്നതിനുള്ള അവസരം ഓരോ പഠിതാവിനും ലഭിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ വിവിധ തലങ്ങളിലേക്ക് വ്യാപിക്കുമ്പോൾ വ്യക്തിവ്യത്യാസമനുസരിച്ചും വിഷയവ്യത്യാസങ്ങൾക്കനുസരിച്ചും ചിന്തകൾക്ക് പ്രസക്തി നഷ്ടപ്പെട്ടു പോകാനിടയുണ്ട്. പ്രശ്നപരിഹരണ പ്രക്രിയയിൽ ആവശ്യാനുസരണം ശാസ്ത്രഗണിത ശേഷികളും സാമൂഹ്യശാസ്ത്ര നൈപുണികളും ഭാഷാശേഷികളും ഒരുമിച്ച് പ്രയോജനപ്പെടുത്തി തികച്ചും ജൈവികമായി പഠനപ്രക്രിയയെ സമീപിക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക രംഗത്ത് അനുനിമിഷം അത്ഭുതകരമായ മാറ്റങ്ങളാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. വരുംകാലത്ത് ശാസ്ത്ര-സാങ്കേതിക മേഖലയിലെ കണ്ടുപിടിത്തങ്ങളെ ഉൾക്കൊള്ളാനും നവജ്ഞാനനിർമിതിക്കും അനുയോജ്യമായ വിധമായിരിക്കണം പാഠ്യ പദ്ധതി. അതിന് പഠിതാവിന്റെ ക്രിയാത്മക ശേഷിയും സർഗഭാവനയും

ഉത്തേജിപ്പിക്കുന്ന പഠനരീതി ഉരുത്തിരിയേണ്ടതുണ്ട്. എങ്ങനെയാണ് ഇത്തരം രീതികൾ വികസിപ്പിക്കാൻ കഴിയുക? വിഷയാധിഷ്ഠിത അറിവുകൾക്കപ്പുറത്തേക്ക് ഒരിക്കലും സഞ്ചരിക്കാൻ വിടാത്ത നിലവിലെ പാഠപുസ്തകരീതി ഇതുപോലെ തുടരേണ്ടതുണ്ടോ?

8. സ്വന്തം ജീവിതരീതിയും അന്തരീക്ഷവും വാസസ്ഥലത്തിന്റെ ഭൂമിശാസ്ത്രവുമൊക്കെ അറിവുനിർമ്മാണ പ്രക്രിയയിൽ സജീവമായി പ്രയോജനപ്പെടുത്തുമ്പോഴാണ് അർഥപൂർണമായ രീതിയിൽ അറിവ് നിർമ്മിക്കപ്പെടുത്. സാമൂഹികമായ ഇടപെടലിന്റെ പശ്ചാത്തലം ഇതിന് അനിവാര്യമാണ്. ഒരു വ്യക്തി വ്യാപൃതമാകുന്ന സംഭവങ്ങൾ, സാമൂഹികസാഹചര്യം, സ്ഥാപനങ്ങൾ, സാംസ്കാരിക പരിസരം എന്നിവയെല്ലാം അറിവു നിർമ്മാണ പ്രക്രിയയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്. പഠനപ്രക്രിയയുടെ ആസൂത്രണത്തിലും നിർവഹണത്തിലും വിലയിരുത്തലിലുമൊക്കെ പഠിതാവിന് പങ്കാളിത്തമുള്ളതും സാമൂഹിക ആവശ്യങ്ങളുടെ അന്തസ്സത്ത ഉൾക്കൊള്ളുതുമായ പഠനരീതികൾ ഉരുത്തിരിയേണ്ടതുണ്ട്. ഓരോക്ലാസിലും ഘട്ടത്തിലും നേടേണ്ട പഠന ഉദ്ദേശ്യങ്ങളെക്കുറിച്ചും പഠിക്കുന്ന ആശയങ്ങളെക്കുറിച്ചും പഠിതാവിന് ബോധ്യമുണ്ടാകണം. അതേസമയം ഓരോ കാലഘട്ടത്തിലും വിനിമയം ചെയ്യേണ്ട അറിവിനെയും ധാരണകളെയും കുറിച്ച് പൊതുസമൂഹത്തിനും കാഴ്ചപ്പാടുണ്ടായിരിക്കണം. ഇതെല്ലാം എങ്ങനെയാണ് സാധ്യമാക്കുക?

9. പഠനം പലവിധ സവിശേഷതകളുടെയും കഴിവുകളുടെയും വികാസമായി മാറുകയും പ്രാഥമിക തലത്തിലുള്ള നൈപുണികളിലേക്ക് നയിക്കുകയും ചെയ്യുന്നു. യാന്ത്രികപഠനം കഴിവുകളുടെ സ്വാഭാവിക വികാസത്തിന് സഹായിക്കുന്നില്ല. പഠനത്തിലുള്ള സർഗാത്മകവും പ്രക്രിയാബന്ധിതവുമായ ഇടപെടൽ, പഠനത്തെ, കഴിവുകളുടെ സ്വാഭാവികമായകണ്ടെത്തലിനും വികാസത്തിനും സഹായകമാകും. തുടർച്ചയുള്ളതും വൈവിധ്യപൂർണവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതു വഴി പഠിതാക്കളെ ആന്തരികവും ബാഹ്യവുമായ നിരവധി പ്രക്രിയകളിലേക്ക് നയിക്കുകയും അവരുടെ കഴിവുകൾ സ്വാഭാവികമായി വികസിക്കുകയും ചെയ്യുന്നു. പ്രക്രിയാധിഷ്ഠിത പഠനരീതിക്കു പകരം ഉൽപ്പന്നങ്ങളെ മാത്രം പരിഗണിക്കുന്ന രീതിയാണ് ദൗർഭാഗ്യവശാൽ നിലവിലുള്ളത്. സാമ്പ്രദായിക ബോധനരീതിയിൽ നിന്നും ആധുനിക പഠന-ബോധന ശാസ്ത്രത്തിലേക്കുള്ള പരിവർത്തനം എങ്ങനെയാകണം?

10. പഠനനേട്ടങ്ങളെ മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള വിദ്യാഭ്യാസം ഗുണപരമായി അളക്കാവുന്നതും വ്യക്തിനിഷ്ഠമായി വിലയിരുത്താവുന്നതുമാണ്. എങ്കിലും പ്രക്രിയകളെ അപ്പാടെ നിരാകരിച്ച് ഉൽപ്പന്നങ്ങളെ മാത്രം പരിഗണിക്കുന്ന തരത്തിലായി അത് മാറിയിട്ടുണ്ട്. ഇത് വിദ്യാഭ്യാസ ഗുണമേന്മയെ സാരമായി ബാധിക്കും. സാമൂഹികനീതിയും ഗുണതയും ലക്ഷ്യംവയ്ക്കുന്ന ഒരു വിദ്യാഭ്യാസക്രമം വികസിപ്പിക്കണമെങ്കിൽ അനഭിലഷണീയമായ ഈ നിലപാട് തിരുത്തേണ്ടതുണ്ട്. ഈ തിരുത്തൽ പ്രക്രിയ എങ്ങിനെയാണ് നടത്തേണ്ടത് ?

11. നിരന്തരമായി അറിവുൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന സമൂഹമാണ് ജ്ഞാനസമൂഹം. നാളത്തെ ലോകത്തെ അഭിമുഖീകരിക്കാനും പ്രയോജനപ്പെടുത്താനും പ്രതിസന്ധികളെ അതിജീവിക്കാനുമുള്ള ത്രാണി ജ്ഞാനസമൂഹ നിർമ്മിതിയിലൂടെ മാത്രമേ സാധ്യമാവൂ. ഭാവിസമൂഹ നിർമിതിക്കായി സഹജീവിതത്തിന്റെയും അതിജീവനത്തിന്റെയും വിവിധ ഘടകങ്ങൾ കുട്ടികളിൽ വളർത്തേണ്ടതുണ്ട്. ജീവസന്ധാരണത്തിനാവശ്യമായ അനിവാര്യഘടകങ്ങളെ വികസിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും പ്രാപ്തമാവുകയും വേണം. ഇതിന് സാമൂഹ്യ ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതമായ വിമർശനാത്മക ബോധന ശാസ്ത്രത്തിലൂന്നിയുമുള്ള പാഠ്യപദ്ധതിയാണ് വിദ്യാഭ്യാസപരമായി വികസിച്ച രാജ്യങ്ങളും പ്രദേശങ്ങളും നടപ്പിലാക്കുന്നത്. ഈ പാഠ്യപദ്ധതിയും ബോധനതന്ത്രങ്ങളും കേരളീയ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടിവരും. ഇത്തരം കാര്യങ്ങളിൽ ഒരു പൊതുധാരണ നമുക്ക് എങ്ങനെ കൈക്കൊള്ളാൻ സാധിക്കും?

# 4 സാമൂഹ്യശാസ്ത്രവിദ്യാഭ്യാസം

1. മനുഷ്യപുരോഗതിയുടെ വളർച്ചയും വികാസവും രേഖപ്പെടുത്തുകയും വിലയിരുത്തുകയും വിശകലനം ചെയ്യുകയും സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്ന വിജ്ഞാന ശാഖയാണ് സാമൂഹ്യശാസ്ത്രം. മനുഷ്യർ, സമൂഹം, പരിസ്ഥിതി എന്നിവ തമ്മിലുള്ള പാരസ്പര്യമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പ്രതിപാദ്യം. മാനവികത, ജനാധിപത്യബോധം, മതനിരപേക്ഷത, സ്വാതന്ത്ര്യബോധം, സമത്വം, സഹിഷ്ണുത, സംഘബോധം, സാഹോദര്യം, ശാസ്ത്രീയ മനോഭാവം, ബഹുസ്വരസമൂഹത്തോടുള്ള ആദരവ്, വിമർശനാത്മകചിന്ത തുടങ്ങിയവയുടെ രൂപീകരണമാണ് സാമൂഹ്യശാസ്ത്രപഠനം ലക്ഷ്യമിടുന്നത്. വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ പരസ്പരബന്ധം സാമൂഹ്യശാസ്ത്രപഠനത്തിന്റെ രീതിയായി സ്വീകരിച്ചുവരുന്നു.

2. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വിജ്ഞാനശാഖ എന്ന നിലയിൽ സാമൂഹ്യശാസ്ത്രപഠനത്തിൽ കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും അനിവാര്യമാണ്.ആധുനിക വൈജ്ഞാനിക സമൂഹത്തിന്റെ നിർമ്മിതിക്ക് സഹായകമാകുംവിധം സാമൂഹ്യശാസ്ത്രപഠനം മാറേണ്ടതുണ്ട്. നിരീക്ഷണം, പരീക്ഷണം, തെളിവ്ശേഖരണം, വർഗീകരണം, താരതമ്യം, വിശകലനം, നിഗമനങ്ങളുടെ രൂപീകരണം, പ്രശ്നപരിഹരണം, ആശയരൂപീകരണം, അറിവിന്റെ നിർമ്മാണം എന്നിങ്ങനെയുള്ള പ്രക്രിയാശേഷികളും സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കൈവരിക്കേണ്ടതുണ്ട്. സാമൂഹികജീവിതത്തിന് അനുപേക്ഷണീയമായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കാനും സാമൂഹ്യശാസ്ത്രപഠനത്തിന് സാധിക്കേണ്ടതുണ്ട്. സാങ്കേതികവിദ്യയുടെ സാധ്യതകളെ ഫലപ്രദമായും പ്രായോഗികമായും ഉൾച്ചേർക്കുന്നതിനൊപ്പം അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ വിമർശനാത്മകമായി വിലയിരുത്താനുള്ള അവസരങ്ങളും പാഠ്യപദ്ധതി പ്രദാനം ചെയ്യണം. വിവിധ വിഷയങ്ങളുടെ സാധ്യതകളെ സാമൂഹ്യശാസ്ത്രപാഠ്യപദ്ധതിയിൽ പരമാവധി ഉൾച്ചേർക്കണം. ഇതെല്ലാം എങ്ങനെ സാധ്യമാക്കാം?

3. ഇതോടൊപ്പം ചുവടെ പറയുന്ന കാര്യങ്ങളും ചർച്ച ചെയ്യേണ്ടതുണ്ട്.

i സാമൂഹ്യശാസ്ത്രപഠനം കൊണ്ട് നേടിയെടുക്കുന്ന ലക്ഷ്യങ്ങളോടൊപ്പം പുതിയ നിർദേശങ്ങൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തുക.

ii തൊഴിൽ സാധ്യതയുമായി ബന്ധപ്പെടുത്തിക്കൊണ്ട് സാമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ നവീകരിക്കാം?

iii സാമൂഹ്യശാസ്ത്രപഠനത്തിൽ പ്രാദേശികസാധ്യതകൾ ഉൾപ്പെടുന്ന വിധത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നിർദേശിക്കാനുള്ളത്?

iv നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാമൂഹ്യശാസ്ത്രപഠനം എങ്ങനെ മെച്ചപ്പെടുത്താം?

v നിത്യജീവിതസന്ദർഭങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ സാമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ മാറ്റിയെടുക്കാം?

vi ചരിത്രപഠനം പ്രായോഗികമാക്കുന്നതരത്തിലുള്ള (Doing History) സാധ്യതകൾ പ്രയോജനപ്പെടുത്തി സാമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ ആകർഷകവും രസകരവുമാക്കാം?

vii സാമൂഹ്യശാസ്ത്രപഠനത്തിലൂടെ ഭരണഘടനാമൂല്യങ്ങൾ (മതേതരത്വം, ജനാധിപത്യം.... മുതലായവ) കുട്ടിയിൽ കൂടുതൽ പ്രതിഫലിക്കുന്ന വിധത്തിൽ എങ്ങനെ മെച്ചമാക്കാം?

viii കാലാവസ്ഥാവ്യതിയാനം, പ്രകൃതിദുരന്തങ്ങൾ എന്നിവ മറികടക്കാനുള്ള പ്രായോഗിക സന്ദർഭങ്ങൾ പരിചയപ്പെടുത്തുന്ന വിധത്തിൽ വിഷയത്തെ എങ്ങനെ വിപുലീകരിക്കാം?

ix മനുഷ്യാവകാശങ്ങൾ, ലിംഗനീതി, ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ, പാർശ്വവൽകൃതരുടെ അവകാശങ്ങൾ എന്നിവ സംരക്ഷിക്കാനുള്ള സാധ്യതകൾ ഉറപ്പിക്കുന്ന വിധത്തിൽ പഠനത്തെ എങ്ങനെ നവീകരിക്കാം?

x പൗരബോധപഠനം കൂടുതൽ പ്രാധാന്യത്തോടെ അവതരിപ്പിക്കാനും നടപ്പിലാക്കാനുമുള്ള പ്രായോഗിക നിർദേശങ്ങൾ എന്തെല്ലാം? (പരിസരശുചീകരണം, പൊതുബോധം, റോഡ്സുരക്ഷ, മാലിന്യനിർമ്മാർജനം, സഹജീവിസ്നേഹം മുതലായവ)

xi സാമൂഹികനവീകരണം, ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്നിവയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ കൂടുതൽ ഉൾപ്പെടുത്തേണ്ടതുണ്ടോ? നിർദേശങ്ങൾ.

xii നിലവിലെ സാമൂഹ്യശാസ്ത്ര ബോധനരീതിയിലും മൂല്യനിർണയത്തിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത്?

# 5 തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം

I. കേരളം ഒരു ജ്ഞാനസമൂഹമായി വളർന്നുകൊണ്ടിരിക്കുകയാണ്. ആധുനിക വൈജ്ഞാനിക മേഖലകളിൽ അറിവും നൈപുണികളും പരിചയവുമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിനും സുസ്ഥിരമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ നവീനവും സർഗാത്മകവുമായ ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുന്നു. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ നാം നേടിയ അന്യാദൃശ്യമായ പുരോഗതി ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിന്റെ അടിസ്ഥാനമായി മാറേണ്ടതുണ്ട്. നവീനമായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും സൃഷ്ടിപരമായി ചിന്തിക്കുന്നതിനും കഴിയുന്ന തലമുറയാണ് നാം വിഭാവനം ചെയ്യുന്ന പുരോഗതിയുടെ ചാലകശക്തി. തൊഴിൽ തേടുന്നവരിലുപരിയായി സംരംഭങ്ങൾ ആവിഷ്കരിക്കുകയും തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുന്നവരുടെ സമൂഹമായി കേരളം മാറണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ഇതിനായി സമഗ്രമായ വ്യക്തിത്വ വികസനത്തോടൊപ്പം പരമ്പരാഗതവും ആധുനികവുമായ തൊഴിൽ മേഖലകൾ പരിചയപ്പെടുന്നതിനുമുള്ള അവസരം കൂടി വിദ്യാർഥികൾക്ക് സിദ്ധിക്കേണ്ടതുണ്ട്.

II. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ അറിവിനെയും അധ്വാനത്തെയും പരസ്പരവിരുദ്ധമായ, വെള്ളം ചോരാത്ത അറകളിലുള്ള മനുഷ്യാനുഭവങ്ങളായി വർഗീകരിക്കാറുണ്ടായിരുന്നു. എന്നാൽ, ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ അതിന് യുക്തി വളരെ കുറവാണ് എന്നും കാണാം. മനുഷ്യന്റെ അറിവ് വർധിച്ചതോടെയും സാമൂഹിക ബന്ധങ്ങളിൽ മാറ്റംവന്നതോടെയുമാണ് ഈ വർഗീകരണം ഉണ്ടായിട്ടുള്ളത് എന്നു പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അറിവില്ലാതെ തൊഴിലും തൊഴിലില്ലാതെ അറിവും ഇല്ല എന്ന തിരിച്ചറിയലാണ് പ്രധാനം. ഏത് തൊഴിലിലും അടങ്ങിയിരിക്കുന്നത് അറിവോടുകൂടിയ അധ്വാനമാണ്. അതിനാൽ അറിവിനെയും തൊഴിലിനെയും തികച്ചും വ്യത്യസ്തമായ ഇനങ്ങളായി വർഗീകരിക്കുന്നത് യുക്തിസഹമല്ല. അറിവ് എവിടെ അവസാനിക്കണം, തൊഴിൽ എവിടെ നിന്നു തുടങ്ങണം എന്നു വ്യവച്ഛേദിച്ച് പറയുക വിഷമകരമാണ്.

1. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ശരാശരി സ്കൂൾ വർഷം പത്തിന് മുകളിലാണ്; എന്നാൽ ദേശീയ ശരാശരി 6.5 വർഷം മാത്രവും. അതിനാൽ പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞു മാത്രമേ തൊഴിലിനെക്കുറിച്ചുള്ള ചിന്ത ബഹുഭൂരിപക്ഷം മലയാളികൾക്കുമുണ്ടാകുന്നുള്ളൂവെന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്. തൊഴിൽ രംഗത്തെ പ്രവണതകൾ, സാധ്യതകൾ, കുട്ടികളുടെ കഴിവുകൾ, പരിമിതികൾ ഇതൊന്നും തന്നെ പഠിതാക്കൾക്കും ബഹുഭൂരിപക്ഷം രക്ഷിതാക്കൾക്കും അറിയാത്ത അവസ്ഥയുണ്ട്. ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയുന്ന ഘട്ടം പാഴായിപ്പോകുന്നത് വ്യക്തിക്കും സമൂഹത്തിനുമുണ്ടാകുന്ന നഷ്ടം പരിഗണിക്കേണ്ടതില്ലേ? തദ്ദേശീയവും ദേശീയവും അന്തർദേശീയവുമായ തൊഴിൽസാധ്യതകൾ കണ്ടെത്തുന്നതിനും നാടിന് ഗുണപ്രദമാകുന്നരീതിയിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനുമുള്ള  പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതില്ലേ?

2. ഒരു സമൂഹത്തിന്റെ മൊത്തം അതിജീവനത്തിന്റെ ഉപാധി എന്ന നിലയിലാണ് തൊഴിലിനെ കാണേണ്ടത് അല്ലാതെ ഉപജീവനമാർഗം എന്ന നിലയിൽ മാത്രമാകരുത്. കായികവും മാനസികവുമായ ശേഷീ വികാസത്തിനും തൊഴിൽ ഉദ്ഗ്രഥിത പഠനം ഗുണകരമാണെന്നകാര്യം നമ്മൾ വേണ്ടത്രഗൗരവത്തോടെ കാണുന്നുണ്ടോ? തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം തൊഴിലിന് ഒരു വ്യക്തിയെ പ്രാപ്തമാക്കുന്നതോടൊപ്പം സമൂഹത്തിന് ഗുണപ്രദമാകുന്ന മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കാനും സഹായിക്കേണ്ടതല്ലേ? ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുണ്ടായതാണ്. ആധുനിക കാലഘട്ടത്തിനിണങ്ങും വിധം തൊഴിൽവിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഗാന്ധിജിയുടെ ആശയങ്ങളെകൂടി സ്വാംശീകരിക്കാൻ നമുക്കു കഴിയേണ്ടതില്ലേ? ഇത്തരത്തിൽ ചിന്തിച്ചാൽ, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം നിലവിൽ നേരിടുന്ന മറ്റ് പ്രശ്നങ്ങളും പ്രയാസങ്ങളും എന്തൊക്കെയാണ്?

3. ഓരോ തൊഴിലിനും അതിന്റേതായ ഒരിടം നമ്മുടെ സമൂഹജീവിതത്തിൽ ഉണ്ടെന്ന് പഠിതാവിന് സ്വയം ബോധ്യമാകുന്ന തരത്തിലുള്ള പഠനാനുഭവങ്ങൾ വിദ്യാലയങ്ങൾക്കുള്ളിലും പുറത്തുമായി ലഭ്യമാക്കേണ്ടതില്ലേ? വ്യത്യസ്തമായ തൊഴിലുകളെ അംഗീകരിക്കുവാനും തൊഴിലെടുക്കുന്നവരെ ബഹുമാനിക്കുവാനുമുള്ള മനോഭാവം വികസിക്കേണ്ടതില്ലേ? സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ കാലഘട്ടത്തിലൂടെ (പ്രീ പ്രൈമറി, പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി) കടന്നുപോകുന്ന പഠിതാക്കൾക്ക്  എങ്ങനെയു

ള്ള തൊഴിൽ പഠനാനുഭവങ്ങളാണ് നൽകാൻ സാധിക്കുക? അതിന്റെ ഭാഗമായി എപ്രകാരമുള്ള അറിവുകളും മനോഭാവങ്ങളും മൂല്യങ്ങളും നൈപുണികളുമാണ് പഠിതാവ് ആർജിക്കേണ്ടത്? ഇവിടെ രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും വഹിക്കാവുന്ന പങ്കെന്താണ്?

4. തൊഴിലിതര വിഷയങ്ങൾക്കും തൊഴിലധിഷ്ഠിത വിഷയങ്ങൾക്കും പാഠ്യപദ്ധതിയിലുള്ള സ്ഥാനം കൂടുതൽ വ്യക്തമാകേണ്ടതുണ്ട്. പ്രസ്തുത വിഷയങ്ങളുടെ അനുപാതം തീരുമാനിക്കേണ്ടതുണ്ട്. പ്രവൃത്തിവിദ്യാഭ്യാസത്തിൽ നിന്നും തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലേക്കുള്ള മാറ്റം എപ്പോഴാണ് നടക്കേണ്ടത്? അതിന്റെ യുക്തി എന്തായിരിക്കണം? നിലവിലുള്ള വിലയിരുത്തലിന്റെ രീതിശാസ്ത്രം നൈപുണി വികാസത്തെ പ്രോത്സാഹിപ്പിക്കുന്നതാണോ?

5. പഠിതാവിന് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പ്രവൃത്തിവിദ്യാഭ്യാസ (work education) പ്രവർത്തനങ്ങൾ എപ്രകാരം സഹായകമാക്കാം? പ്രാദേശിക തൊഴിൽ വിദഗ്ധരെയും പണിശാലകളെയും ഇക്കാര്യത്തിനായി എത്രത്തോളം പ്രയോജനപ്പെടുത്താനാകും?

6. വിദ്യാർഥി സംരംഭകത്വം (student entrepreneurship) എന്ന ആശയം സ്കൂൾ പഠന കാലയളവിൽ നടപ്പിലാക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അത്തരം ശേഷികൾ വികസിപ്പിക്കുന്നതിനുള്ള അറിവുകളും നൈപുണികളും എപ്രകാരമായിരിക്കണം?

7. പഠിതാക്കളിൽ തൊഴിൽ മനോഭാവവും തൊഴിൽ ആഭിമുഖ്യവും വളർത്തിയെടുക്കുന്നതിൽ അധ്യാപക വിദ്യാഭ്യാസത്തിനുള്ള പങ്കെന്തായിരിക്കണം? അധ്യാപകവിദ്യാഭ്യാസത്തിൽ തൊഴിൽനൈപുണികൾ എപ്രകാരം ഉൾച്ചേർക്കാം?

8. ഔപചാരികമായ വിദ്യാഭ്യാസം നേടാതെതന്നെ വിവിധ തൊഴിൽ മേഖലകളിലും സംരഭങ്ങൾ നടത്തിയും അറിവും നൈപുണിയും ആർജിച്ച മുതിർന്നവരുടെ (adults) കഴിവുകളെകൂടി പ്രയോജനപ്പെടുത്തി നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ എങ്ങനെ ശാക്തീകരിക്കാൻ സാധിക്കും? ഇത്തരത്തിൽ പ്രവർത്തിക്കുന്നവരുടെ അറിവിനെയും നൈപുണികളെയും അംഗീകരിക്കാൻ എപ്രകാരമുള്ള സാധ്യതകളാണുള്ളത്?

9. തൊഴിലില്ലായ്മ ഉയർന്ന തോതിൽതന്നെ തുടരുമ്പോഴും ചില തൊഴിലുകൾക്ക് വൈദഗ്ധ്യമുള്ളവരെ ലഭ്യമാകാതിരിക്കുന്ന അവസ്ഥയും നമ്മുടെ നാട്ടിലുണ്ട്. ഇതിനുള്ള പരിഹാരമാർഗങ്ങൾ നിർദേശിക്കാമോ?

10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് (Children with Special Needs) തൊഴിലധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ നൽകുന്നത് അവരുടെ ശാരീരികവും മാനസികവും വൈകാരികവുമായ വികാസത്തിനു വളരെയധികം സഹായകമാകും. അത്തരം കുട്ടികൾക്ക് ഫലപ്രദമായ തൊഴിൽ വിദ്യാഭ്യാസം എങ്ങനെ ലഭ്യമാക്കാം?

11. മാറിയ സാമൂഹിക-സാമ്പത്തിക ക്രമങ്ങളും വിവര സാങ്കേതിക വിദ്യയും ചേർന്ന് നമ്മുടെ തൊഴിൽസാഹചര്യങ്ങളിലും തൊഴിൽമേഖലകളിലും വലിയ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരുണത്തിൽ പഠിതാക്കൾക്ക് വിവിധ തൊഴിൽമേഖലകളെ കുറിച്ച് വ്യക്തമായ ധാരണ ലഭിക്കേണ്ടതുണ്ട്. തന്റെ ഇഷ്ട മേഖലകളെ മനസ്സിലാക്കി അത്തരം പ്രവർത്തനങ്ങളിൽ കൂടുതൽ ആഴത്തിലുള്ള ശേഷികളും നൈപുണികളും നേടാൻ പഠിതാവിന് അവസരം നൽകേണ്ടതില്ലേ? തങ്ങളുടെ അഭിരുചിക്കനുസരിച്ചുള്ള പഠനമേഖലകൾ തിരഞ്ഞെടുത്ത് കരിയർ കെട്ടിപ്പടുക്കുന്നതിനുള്ള അനുഭവങ്ങൾ പഠിതാവിന് ഏത് കാലഘട്ടം മുതലാണ് നൽകേണ്ടത്?

12. പുത്തൻതലമുറ തൊഴിലുകളെയും പരമ്പരാഗത തൊഴിലുകളെയും എപ്രകാരമാണ് പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടത്? വിവര സാങ്കേതികവിദ്യയിലുണ്ടായ പുരോഗതികൂടി പരിഗണിച്ചുകൊണ്ട് പുതിയ ആഗോള സാധ്യതകൾ തേടാൻ തക്കവണ്ണം പഠിതാക്കളെ നൂതനാശയങ്ങളുള്ളവരാക്കാൻ നമുക്കെന്തു ചെയ്യാൻ സാധിക്കും?

# 6 ശാസ്ത്രവിദ്യാഭ്യാസം

1. ശാസ്ത്രവും സാങ്കേതികവിദ്യയും വ്യക്തിയെന്നോ സമൂഹമെന്നോ വ്യത്യാസമില്ലാതെ ജീവിതത്തെ അതിനിർണായകമായി സ്വാധീനിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. ലോകമെങ്ങും പടർന്നുപിടിച്ച കോവിഡ് മഹാമാരിയെ നാം ഫലപ്രദമായി നേരിട്ടത് ശാസ്ത്രത്തിന്റെ സഹായത്തോടെയാണ്. ഓരോ പ്രതിസന്ധി ഘട്ടത്തിലും ശാസ്ത്രം നൽകിയ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് മനുഷ്യർ ഇന്നു കാണുന്ന പുരോഗതിയിലെത്തിയത്. നിരീക്ഷണം, വിശകലനം, ഊഹം, പരീക്ഷണം, നിഗമനം എന്നിവയിലൂടെ സമൂഹത്തിന് ഏറെ പ്രയോജനം ചെയ്യുന്ന രീതിയിൽ മനുഷ്യർക്ക് ഇടപെടാൻ സാധിച്ചു. ഇതിലൂടെ സ്വായത്തമാക്കിയ അറിവിനെ ശാസ്ത്രമെന്നും ശാസ്ത്രത്തെ ഫലപ്രദമായി ഉപയോഗിച്ചതിനെ സാങ്കേതികവിദ്യയെന്നും വിളിച്ചു. ശാസ്ത്രയറിവ് നിർമ്മിച്ചെടുക്കുക ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യമായി മാറേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക അറിവിന്റെ പരസ്പര പൂരകത്വം ശാസ്ത്രപഠന പ്രവർത്തനങ്ങളിലൂടെ സ്വാഭാവികമായി മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുകയും വേണം. ഇതെങ്ങനെ കഴിയും?

2. 'യുക്തിബോധവും ശാസ്ത്രാവബോധവുമുള്ള ഒരു സമൂഹത്തിന് മാത്രമേ ജനാധിപത്യത്തിന്റെ അടിത്തറയിലൂന്നി രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കാനാവൂ' ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളാണിത്. ശാസ്ത്രാവബോധം (Scientific temper) എന്ന പദത്തിന്റെ പ്രസക്തിക്ക് അടിവരയിട്ടുകൊണ്ടാണ് അദ്ദേഹം ഈ സന്ദേശം നൽകിയത്. ശാസ്ത്രാവബോധവും ശാസ്ത്രത്തിന്റെ രീതികളും സ്വായത്തമാക്കണമെങ്കിൽ അതിന്റെ അടിത്തറയായി വർത്തിക്കേണ്ടത് ക്ലാസ് മുറികളിലെ പഠനപ്രവർത്തനങ്ങളും പഠനപ്രക്രിയകളുമാണ്. ഈ ദിശയിലേക്ക് ശാസ്ത്രവിദ്യാഭ്യാസത്തെ വളർത്തിയെടുക്കാൻ ഇനിയും കഴിയേണ്ടതുണ്ട്. ശാസ്ത്രവിദ്യാഭ്യാസം വഴിയുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ ഇവയെ എങ്ങനെ മറികടക്കാനാവും?

3. കാലഘട്ടത്തിന് അനുസരിച്ച് സ്കൂൾ ഘട്ടത്തിലെ ശാസ്ത്രപഠനം പരിഷ്കരിക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങൾ അനിവാര്യമോ അഭിലഷണീയമോ ആണെന്ന ആലോചന ആവശ്യമാണ്. അവിടെ പരിഗണിക്കാവുന്ന ചില വിഷയങ്ങൾ താഴെ ഉന്നയിക്കുന്നു.

   1. ശാസ്ത്രത്തെ അനുഭവങ്ങളിലൂടെയും പരീക്ഷണ- നിരീക്ഷണങ്ങളി

ലൂടെയും പുതിയ അറിവ് നിർമ്മിക്കുന്നതിനുള്ള രീതിയായി ബോധ്യപ്പെടു ത്താൻ എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം?

2. ശാസ്ത്രത്തിലെ ഉത്തരങ്ങൾ പുതിയ പുതിയ തെളിവുകൾ വരുന്നതി നനുസരിച്ച് പരിഷ്കരണങ്ങൾക്ക് വിധേയമാണ് എന്നതിനാൽ, അന്തിമമായ ഉത്തരങ്ങൾ കൈമാറുക എന്നതിനപ്പുറം പ്രവർത്തനങ്ങളിലൂടെ അഥവാ ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കി ഉത്തരങ്ങൾ കണ്ടെത്തുക എന്ന രീതി എങ്ങനെയൊക്കെ നടപ്പിലാക്കാം?
3. കുട്ടികളുടെ ജിജ്ഞാസയും അന്വേഷണത്വരയും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പരീക്ഷകൾക്കപ്പുറത്തേക്ക് പാഠപുസ്തകങ്ങളെയും പഠനപ്രവർ ത്തനങ്ങളെയും എങ്ങനെ വളർത്തിയെടുക്കാം?
4. ശാസ്ത്രത്തിന്റെ രീതി മനസ്സിലാക്കിക്കൊണ്ട് ശാസ്ത്രീയ മനോഭാവവും ശാസ്ത്രസാക്ഷരതയും കുട്ടികൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ ചെയ്യേണ്ട തുണ്ട്?
5. ക്ലാസിൽ പഠിക്കുന്ന സിദ്ധാന്തങ്ങളെയും ആശയങ്ങളെയും ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പ്രയോഗിക്കുന്നതിന് സജ്ജരാക്കാൻ എന്തൊക്കെ ചെയ്യാം?
6. ശാസ്ത്രത്തെ സാമൂഹിക പ്രതിബദ്ധതയോടെ സമീപിക്കാനും പ്രകൃതി ചൂഷണം പോലെയുള്ള തെറ്റായ പ്രവണതകൾക്ക് അതിനെ ഉപയോഗി ക്കാതിരിക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കാൻ എന്തൊക്കെ ചെയ്യാം?
7. ഒരു വിജ്ഞാനസമൂഹം നിർമ്മിക്കുന്നതിനും പ്രാദേശിക സമ്പദ്ഘടനയെ മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രവിദ്യാഭ്യാസത്തിൽ എന്തൊക്കെ മാറ്റങ്ങൾ സാധ്യമാണ്?
8. ശാസ്ത്രപഠനത്തിലൂടെ പരസ്പര സഹവർത്തിത്വവും കൂട്ടായ്മയും അതുവഴി അതിജീവനവും മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാനാവും?
9. ശാസ്ത്രപഠനബോധനം സംബന്ധിച്ച് ആധുനിക കാഴ്ചപ്പാടുകൾ അധ്യാപകരിൽ എത്തിക്കുന്നതിൽ എന്തൊക്കെ ചെയ്യേണ്ടതുണ്ട്?
10. വിമർശനാത്മകചിന്തയും (critical thinking) വിശകലനാത്മക ചിന്തയും (analytical thinking) ശാസ്ത്രപഠനത്തിൽ ഉൾപ്പെടുത്താൻ എന്തൊക്കെ ചെയ്യാം?
11. ശാസ്ത്രപഠനത്തിൽ കുട്ടികൾ നേരിടുന്ന തടസ്സങ്ങളെ തിരിച്ചറിയുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ പിന്തുണനൽകുന്നതിനും ക്ലാസ് മുറികളിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാകും?
12. ഇപ്പറഞ്ഞവയ്ക്ക് പുറമേ മെച്ചപ്പെട്ട ഒരു സമൂഹനിർമ്മിതിക്കായി ശാസ്ത്ര പഠനത്തിൽ മറ്റ് എന്തൊക്കെ മാറ്റങ്ങൾക്ക് സാധ്യതകളുണ്ട്?

# 7 കലാവിദ്യാഭ്യാസം

1. വിദ്യാഭ്യാസം എന്നത് കുട്ടികളുടെ സമഗ്രമായ വികാസത്തിനായുള്ള മാധ്യമമാണ്. വിദ്യാഭ്യാസം എന്നത് ഒരു സാംസ്കാരിക പ്രവർത്തനം കൂടിയാണ്. കുട്ടികളുടെ ശാരീരികവും വൈചാരികവും വൈകാരികവും സാമൂഹികവുമായ വികാസം വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. ദൗർഭാഗ്യവശാൽ കുട്ടികളുടെ വൈകാരികവും തനതുകഴിവുകളുടെ വികാസത്തിനും വേണ്ടത്ര അവസരങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലഭിക്കുന്നില്ല. അതുകൊണ്ട് കുട്ടികൾ അനുഭവിക്കുന്ന സമ്മർദങ്ങളും പിരിമുറുക്കങ്ങളും എല്ലാം അവരുടെ സ്വഭാവരൂപീകരണത്തെ ദോഷകരമായി ബാധിക്കുന്നു. ദൃശ്യ-അവതരണ കലാവിദ്യാഭ്യാസത്തിന്റെ (visual-performing arts education) ആവശ്യകതയും പ്രസക്തിയും ഏറിവരുന്ന ഒരു സാഹചര്യത്തിലാണ് നാമിപ്പോഴുള്ളത്. ഇത്തരം കാര്യങ്ങൾ സാമൂഹിക അജണ്ടയാക്കി എങ്ങനെ മാറ്റിയെടുക്കാം?
2. ചിത്ര-ശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ എന്നീ വിഷയങ്ങൾ ചേർന്നതാകണം ദൃശ്യ-അവതരണ കലാപാഠ്യപദ്ധതി. ആധുനിക കാലത്തിനനുയോജ്യമായ രീതിയിൽ ശാസ്ത്രവും മറ്റ് വിഷയങ്ങളും പഠിക്കുമ്പോൾ, അത് എങ്ങനെ സമൂഹത്തിന്റെ ഗുണാത്മക വളർച്ചയ്ക്ക് ആവശ്യമായ വിധത്തിൽ പ്രയോഗിക്കാമെന്ന സവിശേഷ തിരിച്ചറിവ് കുട്ടികൾക്ക് പ്രദാനം ചെയ്യുവാൻ കലാപഠനത്തിലൂടെ സാധിക്കും. മേൽപ്പറഞ്ഞ വിഷയങ്ങൾ എല്ലാം പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നതുകൊണ്ട് ദൃശ്യ-അവതരണ കലകളെകൂടി പരിഗണിച്ചല്ലേ കലാവിദ്യാഭ്യാസത്തിന്റെ പേര് ഉപയോഗിക്കേണ്ടത്?
3. കലകൾ പ്രയോഗിക്കാനും ആസ്വദിക്കാനും ശേഷി നേടിയ കുട്ടികളിൽ ലോകത്തെ നോക്കിക്കാണുന്ന രീതിയിൽ മാറ്റമുണ്ടാവുകയും സവിശേഷമായ ദൃശ്യസംസ്കാരം രൂപപ്പെടുകയും ചെയ്യും. അതോടൊപ്പം കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ദൃശ്യ-അവതരണ കലാസാക്ഷരത ആർജിക്കാനുതകുന്ന ഇടങ്ങളായി രൂപപ്പെടേണ്ടതുണ്ട്.
4. കുട്ടികൾ അവരുടെ മസ്തിഷ്ക വികാസഘട്ടത്തിൽ നടത്തുന്ന വിവിധങ്ങളായ കലാപ്രവൃത്തികൾ വ്യക്തിത്വവികാസ രൂപീകരണത്തിൽ വലിയ പങ്കാണ് നിർവഹിക്കുന്നത്. അതുകൊണ്ട് ചിട്ടയായ ദൃശ്യ-അവതരണ കലാവിദ്യാഭ്യാസം പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെ നൽകുന്നതിന് ഉതകുന്ന വിധം പാഠ്യപദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാമാണ്?
5. പഠനപ്രക്രിയ ആഹ്ലാദകരമായ അനുഭവമാണ് കുട്ടികൾക്ക് പ്രദാനം ചെയ്യേ

ണ്ടത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ പഠനം ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുന്നതിന് സർഗാത്മകപ്രവർത്തനങ്ങൾക്കും കലാവിഷ്കാരങ്ങൾക്കും സുപ്രധാനപങ്കാണ് നിർവഹിക്കാനുള്ളത്. പ്രൈമറി തലം മുതൽ ഹയർസെക്കന്ററിതലം വരെ ദൃശ്യ-അവതരണ കലാവിദ്യാഭ്യാസം നടപ്പാക്കുമ്പോൾ, കുട്ടികളുടെ സന്തോഷസൂചിക (Happiness Index) ഉയരുകയും, പഠനനിലവാരം മെച്ചപ്പെടുകയും ചെയ്യും. (Ref: 'Happiness curriculum' by Alejandro Adler) അതിലൂടെ കുട്ടിയുടെ സമഗ്രമായ സർഗാത്മക വ്യക്തിത്വവികാസം സാധ്യമാകുന്ന വിധത്തിൽ പൊതുവിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളെ പുനസ്സജ്ജീകരിക്കേണ്ടതില്ലേ? കുട്ടികൾക്ക് സ്വതന്ത്രമായി കലാപ്രവർത്തനം നടത്തുന്നതിന് മത്സരബുദ്ധി ഇല്ലാത്ത, വിധിനിർണയമില്ലാത്ത പ്രവർത്തന ഇടം ഓരോ വിദ്യാലയത്തിലും പ്രത്യേകമായിത്തന്നെ വേണ്ടതല്ലേ?

6. പ്രകൃതിനിരീക്ഷണത്തിന് സമയം ചെലവഴിക്കുന്നത് കുട്ടികളിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ സഹായകരമാണെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു ('Last child in the woods' (2008) by Richard Louv) കുട്ടികളിലെ ശ്രദ്ധക്കുറവും, അമിത വികൃതിയും (Attention Deficiency and Hyperactive Disorder) നിയന്ത്രിച്ച് ജ്ഞാനസമ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വിശ്വമാനവനെന്ന തലത്തിലേക്ക് ഉയരാനും പ്രകൃതിനിരീക്ഷണം സഹായിക്കും. ഇത്തരത്തിൽ കുട്ടികളുടെ മാനസിക-ശാരീരികാരോഗ്യ നേട്ടങ്ങൾ ആർജിക്കാൻ ഉതകുന്ന വിധത്തിൽ ദൃശ്യ-അവതരണ കലാവിദ്യാഭ്യാസത്തിൽ തീർച്ചയായും ഉണ്ടായിരിക്കണമെന്ന് കരുതുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

7. പുതിയ കാലഘട്ടത്തിൽ കുട്ടികളുടെ പ്രവർത്തനങ്ങളുടെ പ്രതിഫലങ്ങൾ/ പ്രവർത്തന ഫലമായുണ്ടായ ഉൽപ്പന്നങ്ങൾ, അവതരണങ്ങൾ എന്നിവ എങ്ങനെയെല്ലാം ആവണമെന്ന് പാഠ്യപദ്ധതിയിൽ ചർച്ച ചെയ്യേണ്ടതല്ലേ? കുട്ടികൾ വിവിധ പ്രവർത്തനമേഖലകൾ കൈകാര്യം ചെയ്യാനുള്ള പ്രാഗൽഭ്യം സ്വയം ആർജിക്കേണ്ടതില്ലേ? കുട്ടികൾക്ക് കലാപരമായ ശേഷികൾ നേടുന്നതിൽ ഓരോ ക്ലാസിലെയും നിലവിലുള്ള ദൃശ്യ-അവതരണ കലാപഠനം എത്രത്തോളം സഹായകരമാണ്?

8. കുട്ടികളിൽ സ്വാഭാവികമായും അന്തർലീനമായിരിക്കുന്ന വിവിധ ശേഷികളെ കണ്ടെത്തുന്നതിനും അവ പ്രകടമാക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊണ്ടുമല്ലേ സർഗശേഷികളെ പുഷ്ടിപ്പെടുത്തേണ്ടത്? എങ്കിലല്ലേ ദൃശ്യ-അവതരണ കലകളിലുള്ള സവിശേഷ വിനിമയരീതികൾ കുട്ടികൾക്ക് സ്വായത്തമാക്കാനാവൂ?

9. ഒന്നു മുതൽ പത്താം ക്ലാസ് വരെ ഭാഷ-ഗണിത-ശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാന വിദ്യാഭ്യാസം നേടുമ്പോഴും, സർഗാത്മക-മാനവിക വിഷയങ്ങൾ പഠിക്കുന്നതിനുള്ള ഉപാധികൾ ഉൾപ്പെടുത്താത്തതുകൊണ്ട് കുട്ടി

നിരന്തരമായും, നിർബന്ധമായും ആർജിച്ചിരിക്കേണ്ട ദൃശ്യ-അവതരണ കലാ സാക്ഷരത നേടാതിരിക്കുകയല്ലേ? കലയുടെ സവിശേഷ വിനിമയരീതികൾ പരിചയിക്കാനുള്ള കുട്ടിയുടെ പഠനസാധ്യതകൾ സംരക്ഷിക്കപ്പെടേണ്ടതില്ലേ?

10. പ്രാഥമിക തലം മുതൽ തന്നെ കുട്ടികൾക്ക് സർഗാത്മകതയിലൂന്നിയ ദൃശ്യ -അവതരണ കലാവിദ്യാഭ്യാസം ലഭിക്കാതിരുന്നാൽ എങ്ങനെയാണ് ഇതിൽ ഉപരിപഠനം ആഗ്രഹിക്കുന്നവർക്ക് അത് നേടിയെടുക്കാനാവുക? പ്രൈമറി മുതൽ ഹയർസെക്കന്ററിതലം വരെ ചിട്ടയും ക്രമാനുഗതവുമായ ദൃശ്യ-അവതരണ കലാവിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾക്ക് കലാവിഷയങ്ങളിൽ ഉപരിപഠനത്തിനുള്ള സാധ്യതകൾ തുറന്നുകൊടുക്കുക്കേണ്ടതില്ലേ?

11. ആദിവാസി മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് അവരുടെ തനത് ദൃശ്യ -അവതരണ കലകളെ പരിശീലിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ലേ? അത്തരം പഠനപ്രവർത്തനങ്ങൾ നടത്താൻ പ്രത്യേക ഇടങ്ങളും അനുയോജ്യമായ സമയക്രമവും ഉണ്ടാകേണ്ടത് അനിവാര്യമല്ലേ?

12. ഭിന്നശേഷി കുട്ടികൾക്ക് അനുഗുണമായ രീതിയിൽ ദൃശ്യ-അവതരണ കലാ പാഠ്യപദ്ധതിയിൽ അനിവാര്യമായും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചുള്ള നിർദേശങ്ങൾ എന്തൊക്കെയാണ്?

13. കുട്ടികളിൽ അവർ പഠിക്കുന്ന മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട് കലാപഠനത്തിന്റെ പ്രസക്തി എന്ത്? ലോകഭാഷ എന്ന നിലയിൽ കലാപ്രവർത്തന വിനിമയത്തെ ക്ലാസ്മുറികളിൽ ഉപയോഗിക്കാനാവുമോ? സവിശേഷ നിർമ്മിതികൾ, ചിത്രങ്ങൾ ഇവയുടെ വിശകലനങ്ങളും വായനയും കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ എന്തൊക്കെ ഗുണാത്മക പ്രേരണകൾ നൽകാനാകും? സംഘബോധം, സമഭാവന, ലിംഗനീതി, സ്വാതന്ത്ര്യം, ഇടം (space) എന്നതിന്റെ ഉപയോഗം, സഹകരണാത്മകത എന്നിവ കലാപഠനത്തിലൂടെ വികസിക്കണമെങ്കിൽ പഠനരീതിയിലും ഉള്ളടക്കത്തിലും എന്തൊക്കെ മാറ്റങ്ങൾ വരാനുണ്ട്? ചലച്ചിത്രങ്ങൾ, കാഴ്ചയുമായി ബന്ധപ്പെട്ട മറ്റു ദൃശ്യസംസ്കാരങ്ങൾ എന്നിവയുടെ വിപുലീകരണം സാധ്യമാകുന്നു എന്നുള്ളത് എങ്ങനെ ഉറപ്പിക്കാം?

14. ഒരു സമൂഹത്തിന്റെ പൊതുസ്വത്തായ കലാകാരരെയും മൺമറഞ്ഞുകൊണ്ടിരിക്കുന്ന നിരവധി നാടൻ കലാരൂപങ്ങളെയും ഗവേഷണാടിസ്ഥാനത്തിൽ നവമാധ്യമങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുകയും അവ സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കേണ്ടതുമല്ലേ? സമൂഹവുമായി ഇടപെട്ട് കുട്ടികൾ ആർജിക്കേണ്ട ഇത്തരം വിനിമയങ്ങൾ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ദൃശ്യ-അവതരണ കലാവിദ്യാഭ്യാസത്തിലൂടെയല്ലെ പുതുതലമുറയ്ക്ക് ലഭ്യമാകുകയുള്ളു?

# 8 ഗണിതവിദ്യാഭ്യാസവും ഗണനചിന്തയും (MATHEMATICS EDUCATION AND COMPUTATIONAL THINKING)

1. ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാമെല്ലാം പ്രയോജനപ്പെടുത്തുന്ന ഉപാധിയാണ് ഗണിതം. ജീവിതത്തിൽ ആസ്വദിച്ച് പ്രയോജനപ്പെടുത്തുന്ന ഗണിതം ക്ലാസ്മുറിയിൽ ഗണിതപ്പേടിയായി മാറുന്നതെങ്ങനെയാണ്? ഗണിതപഠനം ആനന്ദകരമാക്കാൻ കഴിയുമോ? കഴിയുമെങ്കിൽ എങ്ങനെ?

2. ഓരോ കുട്ടിയും തന്റെ ജീവിതത്തിലെ ആവശ്യങ്ങൾക്കനുസരിച്ച് പലതരം കണക്കുകൾ, അവ ഗണിതമാണെന്ന് അറിയാതെതന്നെ, സ്വാഭാവികമായി ചെയ്യുന്നുണ്ട്. അതിൽ പരമാവധി കൃത്യത പാലിക്കാൻ കുട്ടി ശ്രദ്ധിക്കുന്നുമുണ്ട്. പന്തിന് പുറകെ ഓടുമ്പോഴും റോഡ് മുറിച്ചുകടക്കുമ്പോഴും ക്രിക്കറ്റിൽ നിശ്ചിത ഓവറിൽ എത്ര ബോൾ എറിഞ്ഞു എന്ന് കണക്കാക്കുമ്പോഴും കണക്കുകൂട്ടലുകൾ തെറ്റാതിരിക്കാൻ കുട്ടി ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ക്ലാസ്മുറിയിലെ ഗണിതം പൊതുവെ വിഷമകരമായി അനുഭവപ്പെടുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. അവശ്യബോധത്തോടുകൂടി സ്വാഭാവികമായ ചുറ്റുപാടിൽ ഗണിതപഠനം നടക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ എന്ത് മാറ്റമാണ് ഗണിതപഠനത്തിൽ വരുത്തേണ്ടത്?

3. ഗണിതപഠനത്തിൽ ധാരാളം ക്രിയകൾ ചെയ്യേണ്ടി വരുന്നുണ്ട്. ഇവ പലപ്പോഴും യാന്ത്രികമായ ഒരു പ്രവർത്തനമായി മാറുന്നു. ഒന്നിന്റെ സ്ഥാനം കൂട്ടി ഒന്നുകൾ ഒന്നിന്റെ സ്ഥാനത്ത് എഴുതി ബാക്കി പത്തിന്റെ സ്ഥാനത്ത് ചേർക്കുന്നു..... എന്നിങ്ങനെ യാന്ത്രികമായി ക്രിയ ചെയ്യാൻ പഠിക്കുന്നതിന് പകരം ഓരോ ക്രിയയുടെയും പിന്നിലെ യുക്തി ബോധ്യപ്പെട്ട് ക്രിയകൾ ചെയ്യുന്നതിനും വ്യത്യസ്തവഴികൾ കണ്ടെത്തുന്നതിനും അവയെ തന്റെ ഭാഷയിൽ വിശദീകരിക്കുന്നതിനും ആവശ്യമായ ചിന്തയെയാണ് ഗണനചിന്ത (Computational Thinking) എന്നത് കൊണ്ട് അർഥമാക്കുന്നത്. കുട്ടികളിൽ ഇത്തരം ഗണനചിന്തകൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലെ ഗണിത ക്ലാസ്സ് മുറികൾ പര്യാപ്തമാണോ? എന്ത് മാറ്റമാണ് വേണ്ടത്?

4. ആശയരൂപീകരണം നടക്കാതെ ക്രിയാരീതികളും സൂത്രവാക്യങ്ങളും മനപ്പാഠമാക്കി ഗണിതം പഠിക്കുന്ന രീതി നിലനിൽക്കുന്നുണ്ട്. ഇത് പരീക്ഷയ്ക്ക് മാർക്ക് നേടുക എന്നതിൽ മാത്രം കേന്ദ്രീകരിക്കില്ലേ? യഥാർഥ ഗണിതചിന്ത വളരുന്നതിന് ഇത് സഹായകമാകില്ലല്ലോ. ക്രിയകളുടെയും

സൂത്രവാക്യങ്ങളുടെയും യുക്തി ബോധ്യപ്പെടുന്ന രീതിയിൽ ക്രിയാരീതികളെ ഫലപ്രദമായി ഉൾക്കൊള്ളുകയാണ് വേണ്ടത്. 8+4=12; 9+4=13 എന്നിങ്ങനെ മനപ്പാഠമാക്കുന്നതിന് പകരം 8+4 നെ 8+2+2 എന്നോ മറ്റേതെങ്കിലും രീതിയിലോ വ്യാഖ്യാനിക്കാനും 12 എന്ന് കണ്ടെത്താനുമുള്ള കഴിവാണ് വളർത്തേണ്ടത്. മനപ്പാഠമാക്കിയത് മറന്നുപോയേക്കാം. എന്നാൽ ക്രിയാമാർഗം കണ്ടെത്തിയ കുട്ടി പുതിയ സന്ദർഭത്തിൽ അത് ഉപയോഗപ്പെടുത്തി ഉത്തരം കണ്ടെത്തും. 7+8 നെ 7+3+5 എന്നോ 8+2+5 എന്നോ മറ്റേതെങ്കിലും രീതിയിലോ ഏറ്റവും പെട്ടെന്ന് മാറ്റി ഉത്തരം കാണും. സ്വതന്ത്രമായി ചിന്തിച്ച് പുതിയ ക്രിയാമാർഗങ്ങൾ കണ്ടെത്താനുള്ള കഴിവ് കുട്ടി നേടുകയും ചെയ്യും. ഇത്തരം പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

5. ആസ്വാദ്യകരവും അന്വേഷണാത്മകവുമായ പഠനമാണ് യഥാർഥ പഠനം. ഒരേ ക്രിയകൾ തന്നെ ആവർത്തിച്ച് ചെയ്യുന്നത് വിരസതയുണ്ടാക്കുന്നതാണ്. ലഭ്യമായ പ്രശ്നപരിഹരണത്തിന് ആവശ്യമായ ക്രിയകൾ കണ്ടെത്തുകയും അവയ്ക്ക് പുതിയ ബന്ധങ്ങൾ കണ്ടെത്തി എളുപ്പത്തിൽ ഉത്തരം കണ്ടെത്തുകയും ചെയ്യുന്ന പ്രവർത്തനമാകട്ടെ താൽപ്പര്യജനകവും സർഗാത്മകവുമാണ്. 48x25 എന്നത് ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തുന്നതിന് പകരം താൻ പഠിച്ചിട്ടുള്ള ക്രിയാബന്ധങ്ങൾ ഉപയോഗപ്പെടുത്തി അതിനെ 24x50 എന്നും 12x100 എന്നും മനസ്സിലാക്കാനുള്ള കഴിവാണ് കുട്ടിയിൽ വളരേണ്ടത്. ഇത് ഒരു സർഗാത്മക പ്രവർത്തനവുമാണ്. ഇത്തരം അവസരങ്ങൾ കുട്ടിക്ക് ലഭ്യമാക്കുന്നതിന് എന്താണ് ചെയ്യാൻ കഴിയുക?

6. കുട്ടികൾക്ക് ഗണിതത്തോട് ഭയവും ഗണിതം എല്ലാവർക്കും പഠിക്കാൻ കഴിയുന്നതല്ല എന്ന ഒരു ധാരണയും നിലനിൽക്കുന്നതായി പൊതുവെ ചർച്ച ചെയ്യപ്പെടുന്നു. ഇതിന് എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ? ഇത്തരം ധാരണകളെ മറികടക്കാൻ എന്താണ് മാർഗം?

7. ഗണിതപഠനത്തിലൂടെ ഉള്ളടക്കപരമായ ധാരണകൾ (സംഖ്യകൾ, ക്രിയകൾ, ചുറ്റളവ്, ശരാശരി, ശതമാനം.....) നേടേണ്ടതുണ്ട്. അതോടൊപ്പംതന്നെ നിഗമന രൂപീകരണശേഷി, കാര്യകാരണ ബന്ധം കണ്ടെത്തൽ, പ്രശ്നപരിഹരണശേഷി തുടങ്ങിയ ഗണിതപരമായ കഴിവുകളും നേടേണ്ടതുണ്ട്. ഇവ രണ്ടും നേടുന്ന കുട്ടിക്ക് ഗണിതത്തോട് താൽപ്പര്യവും ഉണ്ടാകും. ഉള്ളടക്കപരമായ ധാരണകളും ഗണിതപരമായ കഴിവുകളും ഗണിതത്തോട് താൽപ്പര്യവും ഉണ്ടാകുന്ന രീതിയിൽ ഗണിതപഠനത്തിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കാൻ എന്താണ് ചെയ്യാൻ കഴിയുക.?

8. എല്ലാവർക്കും പങ്കെടുക്കാനും എല്ലാവർക്കും ചിന്തിക്കാനും എല്ലാവർക്കും പറയാനും അവസരമുണ്ടാകുമ്പോൾ മാത്രമാണ് ഗണിതക്ലാസ് ഫലപ്രദ മാകുന്നത്. എനിക്കും ഈ പ്രവർത്തനങ്ങളിൽ ഒരു ഇടം ഉണ്ട് എന്ന് ഓരോ കുട്ടിക്കും അനുഭവവേദ്യമാകുന്ന രീതിയിൽ ക്ലാസ്റൂം പ്രക്രിയ ഉറപ്പിക്കാൻ കഴിയണം. ഇത്തരം ഒരു സാഹചര്യം നമ്മുടെ ക്ലാസുകളിൽ നിലനിൽക്കു ന്നുണ്ടോ? ഇല്ലെങ്കിൽ നമ്മുടെ ക്ലാസ്മുറികളെ ഇത്തരം പ്രക്രിയ ഉറപ്പിക്കുന്ന രീതിയിൽ എങ്ങനെ മാറ്റാൻ കഴിയും?

9. ഗണിതാശയങ്ങൾ പലതും അമൂർത്തങ്ങളാണ്. പ്രവർത്തനാധിഷ്ഠിതമായി പഠനോപകരണങ്ങളുടെ സഹായത്തോടെ ആശയങ്ങൾ ബോധ്യപ്പെടുത്തേ ണ്ടതുണ്ട്. കുട്ടിക്ക് അനുഭവിച്ചറിയാനുള്ള അവസരം നൽകുകയും വേണം. ഇതിന് സഹായകരമായ ഗണിതലാബുകൾ ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളിലെ ഗണിതലാബുകൾ ഇതിന് പര്യാപ്തമാണോ? അതിനെക്കുറിച്ച് നിങ്ങളുടെ ധാരണകൾ എന്താണ്? നിലവിലുള്ള സാഹ ചര്യങ്ങളെ എങ്ങനെ വിലയിരുത്തുന്നു.?

10. ഇത് കമ്പ്യൂട്ടറുകളുടെ കാലമാണ്. എല്ലാ വിഷയങ്ങളുമായും ബന്ധപ്പെ ടുത്തി കമ്പ്യൂട്ടർ അധിഷ്ഠിത പഠനം നടക്കേണ്ടതുണ്ട്. ഗണിതവുമായി ബന്ധപ്പെട്ട ജിയോജിബ്ര പോലെയുള്ള സോഫ്റ്റ്വെയറുകളുടെ സാധ്യത കൂടി ഉൾപ്പെടുത്തിയല്ലാതെ ഗണിതപഠനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. അതുപോലെ ചില ഗണിതപ്രശ്നങ്ങളെങ്കിലും പരിഹരിക്കുന്ന തിന് കമ്പ്യൂട്ടർ പ്രോഗ്രാമുകൾ ഉപയോഗപ്പെടുത്താനുള്ള സാധ്യതകളും നിലനിൽക്കുന്നു. ഇവയൊക്കെ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം? ചെറിയ ക്ലാസുകളിൽ കാൽക്കുലേറ്ററിന്റെ ഉപയോ ഗത്തെ എങ്ങനെ നോക്കിക്കാണുന്നു?

11. ചില ഗണിതപാഠഭാഗങ്ങൾ നിത്യജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമായവയാണ് (സംഖ്യകൾ, ശരാശരി, പരപ്പളവ്.....). എന്നാൽ മറ്റു ചില ഗണിതപാഠഭാഗങ്ങൾ ഗണിതത്തിലോ മറ്റു വിഷയങ്ങളിലോ ഉപരിപഠനസാധ്യതകൾക്ക് കൂടിയുള്ളതാണ് (ബീജഗണിതം, പോളിനോ മിയലുകൾ.....). എല്ലാവർക്കും ആവശ്യമായ ഗണിതം, ഉപരിപഠനം നടത്തു ന്നവർക്ക് മാത്രമായ ഗണിതം എന്നിങ്ങനെ രണ്ടുതരത്തിൽ ഗണിതപഠനം നടത്തുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

12. ജീവിതസാഹചര്യങ്ങളിലും സാങ്കേതികവിദ്യയിലും കഴിഞ്ഞ ഏതാനും ദശ കങ്ങളായി വലിയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. കുട്ടി നേരത്തെ അനുഭവിച്ച പല സാഹചര്യങ്ങളും ഇന്നില്ല. പുതിയ സാഹചര്യങ്ങൾ ഉണ്ടാകുകയും

ചെയ്തു. മാറിയ കാലഘട്ടത്തിനനുസരിച്ച് ഗണിതപഠന ലക്ഷ്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത്?

13. ഗണിതപഠനത്തിന്റെ പ്രധാനലക്ഷ്യം പ്രശ്നപരിഹരണമാണ്. ഗണിതപ്രശ്നങ്ങൾ ചിട്ടയായി പരിഹരിക്കുന്നതിലൂടെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടി കഴിവ് നേടേണ്ടതുണ്ട്. ഒരു പുതിയ സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് കുട്ടിക്ക് കഴിയണം. പ്രളയം, കോവിഡ് തുടങ്ങിയവയുടെ സാഹചര്യത്തിൽ ഇത് വളരെ പ്രസക്തമാണ്. ജീവിതത്തിൽ കുട്ടി നേരിടുന്ന ഒരു പ്രശ്നത്തെ ഫലപ്രദമായി വിശകലനം ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ഉള്ള കഴിവ് നേടുന്നതിന് നിലവിലുള്ള ഗണിതപഠനം സഹായിക്കുന്നുണ്ടോ? ഇല്ല എങ്കിൽ എങ്ങനെ മുന്നോട്ട് പോകണം?

14. പാഠപുസ്തകം ആകർഷകമാക്കുക എന്നത് താൽപ്പര്യത്തോടെയുള്ള പഠനത്തിന് അനിവാര്യമാണ്. നിലവിലുള്ള പാഠപുസ്തകങ്ങളുടെ ക്രമീകരണം, അവതരണരീതി, ചിത്രങ്ങൾ എന്നിവയിൽ എന്തെങ്കിലും മാറ്റം ആവശ്യമാണോ? നിങ്ങൾ പഠിച്ച പാഠപുസ്തകങ്ങളെയും പഠനരീതിയെയും ഇപ്പോഴുള്ളതുമായി എങ്ങനെ താരതമ്യം ചെയ്ത് വിലയിരുത്തുന്നു?

15. പഠനത്തോടൊപ്പം തന്നെ കുട്ടിയെ വിലയിരുത്തി അതത് സമയത്ത് ആവശ്യമായ പിന്തുണ നൽകിക്കൊണ്ട് മുന്നോട്ടുപോകുമ്പോൾ മാത്രമേ അറിവ് നിർമ്മാണ പ്രക്രിയ പൂർണമാകുകയുള്ളൂ. തത്സമയ വിലയിരുത്തലും പഠനപിന്തുണയും ഏറ്റവും കൂടുതൽ ആവശ്യമുള്ള വിഷയമാണ് ഗണിതം. നമ്മുടെ ക്ലാസ്സ്മുറികൾ ഈ രീതിയിലുള്ള പഠനപ്രക്രിയയിലേക്ക് പൂർണമായി എത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ അങ്ങനെയെത്തുന്നതിന് എന്ത് തടസമാണ് നിലനിൽക്കുന്നത്?

16. കഴിഞ്ഞ ഏതാനും പാഠ്യപദ്ധതി പരിഷ്കരണങ്ങളിലൂടെ പല പാഠഭാഗങ്ങളും അവതരിപ്പിക്കുന്ന രീതിയിൽ കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അധ്യാപകരിൽ ചിലരെങ്കിലും ഇതൊന്നും പൂർണമായി ഉൾക്കൊള്ളാതെ താൻ പഠിച്ച രീതിയിൽ കുട്ടികളെ പഠിപ്പിക്കുന്നു എന്ന ഒരു ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇതിന് എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ? ആവശ്യമായ ശാക്തീകരണം അധ്യാപകർക്ക് ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ടോ? എങ്ങനെ വിലയിരുത്തുന്നു?

# 9 ഭാഷാവിദ്യാഭ്യാസം

1. എല്ലാ മനുഷ്യനും ജന്മസിദ്ധമായി ഭാഷ ആർജിച്ചെടുക്കാനുള്ള കഴിവുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായാണ് ഭാഷ പഠിക്കുന്നത്. ഭാഷാ പഠനക്ലാസ്മുറിയും ഇത്തരത്തിൽ മാറേണ്ടതുണ്ട്. നമ്മുടെ ക്ലാസ്മുറി എത്രത്തോളം ഈ രൂപത്തിൽ മാറിയിട്ടുണ്ട്? മാറിയില്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാം? ഭാഷാസമഗ്രതാദർശനം ആശയതലത്തിൽ ഏറെ ശരിയാണ്. നമ്മുടെ ക്ലാസ്മുറി പൂർണമായും ഭാഷാസമഗ്രതാദർശനത്തിലാണോ മുന്നോട്ടുപോകുന്നത്? ഭാഷാപഠനത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണ്? ഏതൊക്കെ പ്രശ്നങ്ങളാണ് ആശയാവതരണരീതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്? ആശയം → വാക്യം → പദം → അക്ഷരം → പദം → വാക്യം → ആശയം ഈ രീതിയിൽ പഠനപ്രക്രിയ ഫലപ്രദമായി നടക്കുന്നുണ്ടോ? ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാം?

2. ഭാഷയെ വ്യവഹാരരൂപമായി സ്വീകരിക്കുമ്പോൾ ഭാഷാവ്യവഹാരരൂപങ്ങൾ ഉചിതമായും കാര്യക്ഷമമായും പ്രയോഗിക്കാൻ കഴിയേണ്ടതുണ്ട്. ഓരോ തലത്തിനും അനുയോജ്യമായ വ്യവഹാരരൂപങ്ങളുടെ വളർച്ച എങ്ങനെ ഉറപ്പാക്കാം/ പരിപോഷിപ്പിക്കാം? ആഴത്തിലുള്ള ഭാഷാശേഷി നേടുന്നതിന് ബോധനരീതിയിൽ ബദൽമാർഗങ്ങൾ ഉണ്ടോ? നിലവിലെ സാമൂഹികവും സാംസ്കാരികവും പ്രാദേശികവുമായ ഭിന്നതകൾ, ബഹുഭാഷാസാഹചര്യങ്ങൾ എന്നിവ ഭാഷ ഒരു വ്യവഹാരരൂപം എന്ന നിലയിൽ സ്വായത്തമാക്കുന്നതിനെ ഏതൊക്കെ തരത്തിലാണ് സ്വാധീനിക്കുന്നത്? ഭാഷ ഒരു വ്യവഹാരരൂപം എന്നതിലുപരി ഒരു സാംസ്കാരികരൂപം എന്ന നിലയിൽ ക്ലാസ്മുറിയിൽ പരിഗണിക്കപ്പെടുന്നുണ്ടോ?

3. മാതൃഭാഷ (മലയാളം, തമിഴ്, കന്നട) ഒന്നാംതരം തൊട്ടുതന്നെ കുട്ടി പഠിക്കുന്നുണ്ട്. ഒന്ന്, രണ്ട് ക്ലാസുകളിൽ ഭാഷയുമായി ഉദ്ഗ്രഥിച്ചാണ് കുട്ടി മറ്റു വിഷയങ്ങൾ പഠിക്കുന്നത്. ഉദ്ഗ്രഥിതസമീപനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും ഭാഷാശേഷീവികാസം ഉറപ്പിക്കുന്നതിനും നമുക്കു സാധിച്ചിട്ടുണ്ടോ? ഉദ്ഗ്രഥിതപഠനസമീപനം പ്രൈമറിതലത്തിലെ അധ്യാപകരെ സംബന്ധിച്ച് ആശയപരമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടോ? ഉദ്ഗ്രഥിത സമീപനത്തിന്റെ സാധ്യതകൾ ഉയർന്ന ക്ലാസുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ സാധ്യതകൾ എന്തൊക്കെയാണ്?

4. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ മാതൃഭാഷയിൽ കേരളപാഠാവലി, അടിസ്ഥാനപാഠാവലി എന്നിങ്ങനെ രണ്ടു പുസ്തകങ്ങളാണ് പഠിക്കാനുള്ളത്. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിൽ രണ്ടാം ഭാഷയായും ഓപ്ഷനനുസരിച്ച് ഐച്ഛികമായും മലയാളം പഠിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ഒന്നു മുതൽ 12 വരെയുള്ള ക്ലാസുകളിൽ മാതൃഭാഷ നിർബന്ധിതമായും പഠിച്ചിരിക്കേണ്ടതല്ലേ? ഇതോടൊപ്പം കുട്ടികളുടെ പഠനമികവ് വർധിപ്പിക്കുന്നതിനായി അധ്യയനമാധ്യമം മാതൃഭാഷ തന്നെയാകണം എന്ന കാഴ്ചപ്പാട് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള പ്രതിസന്ധികൾ എങ്ങനെയൊക്കെയാണ് അഭിമുഖീകരിക്കേണ്ടത്? കേരളത്തിൽ വിദ്യാഭ്യാസം നടത്തുന്ന എല്ലാ കുട്ടികളും മലയാളം നിർബന്ധമായും പഠിച്ചിരിക്കേണ്ടതല്ലേ? നാം വിഭാവനം ചെയ്യുന്ന ജ്ഞാനസമൂഹത്തിന്റെ സൃഷ്ടിക്കും മലയാളത്തെ ഒരു വൈജ്ഞാനിക ഭാഷയായി ഉയർത്തുന്നതിനും ഭാഷാപഠനത്തിന്റെ ദർശനപരമായും പ്രയോഗപരമായുമുള്ള സാധ്യതകൾ എന്തൊക്കെയാണ്?

5. കേരളത്തിന്റെ സാഹചര്യത്തിൽ മാതൃഭാഷ കൂടാതെ ഇംഗ്ലീഷും ഹിന്ദിയുമടങ്ങിയ ത്രിഭാഷാപദ്ധതിയാണ് പിന്തുടർന്നുവരുന്നത്. സംസ്കൃതം, അറബിക് ഭാഷകൾ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നിലവിലുണ്ട്. സംസ്കൃതം, അറബിക് ഓറിയന്റൽ സ്കൂളുകളിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ ഒന്നാം ഭാഷയായി (ഒന്നും രണ്ടും പേപ്പറുകൾ) യഥാക്രമം സംസ്കൃതം, അറബിക് ഭാഷകളാണ് പഠിക്കുന്നത്. ഹയർസെക്കണ്ടറിതലത്തിൽ മലയാളം, സംസ്കൃതം, അറബിക്, ഹിന്ദി എന്നിവ രണ്ടാം ഭാഷയായും മലയാളം, ഹിന്ദി, കന്നട, അറബിക്, സംസ്കൃത സാഹിത്യം, ശാസ്ത്രം എന്നിവ ഐച്ഛികമായും പഠിക്കുന്നു. ഉർദു 5 മുതൽ 12 വരെ ക്ലാസുകളിൽ നിലവിലുണ്ട്. ഹിന്ദി 5 മുതൽ 10 വരെ എല്ലാ കുട്ടികളും പഠിക്കുന്നു. ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നടയും 1 മുതൽ 12 വരെ പഠിക്കുന്നു. തമിഴ്, കന്നട മാധ്യമമായ സ്കൂളുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഈ ക്രമത്തിലുള്ള ഭാഷാപഠന സംവിധാനം ഏതൊക്കെ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു? ഇതിൽ കാലാനുസൃതമായ പരിവർത്തനം അനിവാര്യമാണോ?

6. ലോകത്താകമാനം സൃഷ്ടിക്കുന്ന അറിവുകൾ വിവരങ്ങളായി കുട്ടികളിലെത്തുന്നത് പ്രധാനമായും ഇംഗ്ലീഷിലൂടെയാണ്. അതുകൊണ്ട് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി കൂടുതൽ മികവിലേക്ക് ഉയർത്തേണ്ടതുണ്ട്. അതിനായി നിലവിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ എന്തൊക്കെ ചെയ്യാൻ കഴിയും? ബോധനമാധ്യമം ഇംഗ്ലീഷ് ആവുകയല്ല വേണ്ടത്; മറിച്ച് ഇംഗ്ലീഷ് നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവ് നേടുകയല്ലേ വേണ്ടത്? അഭിപ്രായം ഉണ്ടാകണം.

7. ബോധനമാധ്യമം മാതൃഭാഷയോ വീട്ടുഭാഷയോ തന്നെ ആകേണ്ടതുണ്ട്. ബോധനമാധ്യമം ഗാർഹികഭാഷയല്ലാത്ത വിദ്യാർഥികൾക്ക് അനുഭവപ്പെടുന്ന പഠനപ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. ദ്വിഭാഷ, ബഹുഭാഷാപശ്ചാത്തലമുള്ള വിദ്യാലയങ്ങളിലെ ഭാഷാപഠനപ്രശ്നങ്ങളെ തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. ഭാഷാപഠനത്തിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് സമീപനപരമായ കൃത്യത ഉറപ്പുവരുത്തേണ്ടതല്ലേ? ഓരോ കുട്ടിയുടെയും പഠനാവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള വ്യക്തിയധിഷ്ഠിത പഠനരീതിയെ സാങ്കേതികവിദ്യക്ക് അഭിമുഖീകരിക്കാൻ കഴിയേണ്ടതുണ്ട്. ഇതിന് നിർദേശങ്ങൾ ഉണ്ടാകണം.

8. അതിഥിത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിൽ ഭാഷാപഠനത്തിന്റെ പ്രവണതകൾ, പ്രതിസന്ധികൾ എന്തൊക്കെയാണ്? ഏതുതരത്തിലുള്ള ഭാഷാപഠനസമീനമാണ് അവരെ സംബന്ധിച്ച് സ്വീകാര്യമാകുന്നത്? അവർക്കായി നടപ്പിലാക്കിയ 'റോഷ്നി പദ്ധതി' എത്രമാത്രം ഫലപ്രദമാണ്?

9. ഭാഷാശേഷീവികാസത്തിനൊപ്പം കുട്ടികളുടെ സർഗാത്മകതയുടെയും ഭാവനാശേഷിയുടെയും വികാസം ഉറപ്പിക്കുന്ന തരത്തിൽ ഭാഷാപഠനം സമഗ്രമാകേണ്ടതുണ്ട്. ജ്ഞാനനിർമിതിയിലധിഷ്ഠിതമായ സർഗാത്മക ക്ലാസ്മുറികളുടെ പ്രായോഗികവഴികൾ എങ്ങനെയൊക്കെ രൂപപ്പെടുത്താം? ഭാഷാപഠനസമീപനത്തിന് ഏറ്റവും അനുയോജ്യമാകുംവിധം നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ എങ്ങനെയാണ് പ്രാവർത്തികമാക്കുക? നിലവിലുള്ള വിലയിരുത്തൽരീതി ഭാഷാപഠനത്തെ പിന്തുണയ്ക്കുന്നതാണോ?

# 10 പരിസ്ഥിതിവിദ്യാഭ്യാസം

1. 1996-99 ലാണ് കേരളത്തിൽ ശാസ്ത്രീയമായി കരിക്കുലം പരിഷ്ക്കരിക്കപ്പെട്ടത്. അധ്യാപകകേന്ദ്രീകൃത സംവിധാനത്തിൽ നിന്നും ശിശുകേന്ദ്രീകൃത രീതിയിലേക്ക് മാറി. പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും പരിസരബന്ധിതവും ജീവിതഗന്ധിയുമായി മാറിയ പാഠ്യപദ്ധതിയുടെ പ്രതിഫലനം സമൂഹത്തിലുടനീളം വ്യത്യസ്ത മേഖലകളിൽ നമുക്ക് ദർശിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യം പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ പരിമിതികൾ മറികടക്കുവാൻ NCF 2005ന്റെ പശ്ചാത്തലത്തിൽ 2007 ൽ KCF ന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിഷ്കരിച്ചു. ഇതെല്ലാം ലക്ഷ്യമിട്ടത് കുട്ടികളിലൂടെ സാമൂഹിക പുനർനിർമ്മിതിയും സുസ്ഥിരവികസനവും ഭൂമിയിലെ വിഭവങ്ങളുടെ സംരക്ഷണവും തന്നെയായിരുന്നു. ഇതിനപ്പുറമായ ഒരു സാഹചര്യത്തിലാണ് നാം ഇന്ന് എത്തിനിൽക്കുന്നത്.

2. പ്രകൃതിയിലെ ജീവജാലങ്ങളും അവയുടെ ചുറ്റുപാടും തമ്മിലുള്ള സന്തുലിത പാരസ്പര്യമാണ് പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം. മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളുടെയും അവയുൾക്കൊള്ളുന്ന വിവിധ ആവാസങ്ങളുടെയും സുസ്ഥിര നിലനിൽപ്പാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. UNESCOയുടെ ബെർലിൻ ഡിക്ലറേഷൻ ഓൺ എഡ്യൂക്കേഷൻ ഫോർ സസ്റ്റെയിനബിൾ ഡെവലപ്പ്മെന്റ് ഭൂമിയുടെ നിലനിൽപ്പിനെ ലക്ഷ്യംവച്ച് വിദ്യാഭ്യാസത്തെ പരിവർത്തിപ്പിക്കുന്നതിനുള്ള മൂർത്തമായ നടപടികൾക്ക് പ്രാമുഖ്യം നൽകുന്നു. വിദ്യാഭ്യാസം എന്നത് സാമൂഹിക വൽക്കരണത്തിന്റെ മുഖ്യമായ ഒരു ചുവടു വയ്പ്പാണ്. സാമൂഹികവൽക്കരണ കാലത്തു ലഭിക്കുന്ന വിദ്യാഭ്യാസത്തിലൂടെയാണ് വിദ്യാർഥി തന്റെ സമൂഹത്തെയും തന്റെ ചുറ്റുപാടുമുള്ള പരിസ്ഥിതിയെയും കണ്ടറിയുന്നത്. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നും അതുകൊണ്ടുതന്നെ പ്രകൃതി സംരക്ഷണവും പരിപാലനവും തന്റെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണെന്നുമുള്ള ബോധം വിദ്യാർഥിയിൽ ഉണർത്തുന്നതിൽ വിദ്യാഭ്യാസത്തിനു വലിയ പങ്കുവഹിക്കാനുണ്ട്. മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടൽ മൂലം പാരിസ്ഥിതികതകർച്ച പൂർണമാവാനും മനുഷ്യജീവിതം ഭൂമിയിൽ അസാധ്യമാകുന്നതിന് ഇനി അധികകാലം കാത്തിരിക്കേണ്ടിവരില്ല എന്ന ശാസ്ത്രജ്ഞരുടെ പ്രവചനങ്ങൾ പാഠ്യപദ്ധതി പരിഷ്ക്കരണത്തിൽ പ്രതിഫലിക്കേണ്ടതുണ്ട്. നാം പഠിപ്പിക്കുന്ന ഓരോ ആശയവും

ആത്യന്തികമായി സമൂഹത്തിന്റെയും വ്യക്തിയുടെയും ജീവിതമൂല്യബോധത്തിന്റെ ഭാഗമാക്കാൻ ഉതകുന്നതും അനുയോജ്യമായ മനോഭാവ രൂപവൽക്കരണത്തിന് സഹായകമാകുന്ന ബോധനതന്ത്രങ്ങൾ സ്വീകരിക്കുന്നതുമാകണം. കേരളത്തിൽ അധ്യാപകരും കുട്ടികളും ചേർന്ന് നടത്തിയ മികച്ച മാതൃകകളായ എന്റെ മരം, പച്ചത്തുരുത്ത്, ഇനി ഞാനൊഴുകട്ടെ എന്നീ പദ്ധതികൾ ഇതിന്റെ ചില ഉദാഹരണങ്ങളാണ്.

3. ഇന്നു നാം അനുഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയും പുതിയ സാങ്കേതിക അറിവിന്റെയും പശ്ചാത്തലത്തിൽ പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിൽ പുതുക്കൽ ആവശ്യമാണന്ന് തോന്നുന്നില്ലേ? നിർദേശങ്ങൾ.

4. വിദ്യാർഥികൾ സമ്പാദിക്കുന്ന അറിവുകൾ കൂടുതൽ പ്രവർത്തനാധിഷ്ഠിതമാകണമെങ്കിൽ പാഠ്യപദ്ധതിയിലും ദിനാചരണങ്ങളിലും മാത്രം ഒതുങ്ങാതെ നമ്മുടെ സ്കൂൾ ക്യാമ്പസിന്റെയും ചുറ്റുമുള്ള പ്രദേശത്തിന്റെയും പാരിസ്ഥിതികമായ അവസ്ഥയെ മെച്ചപ്പെട്ടതാക്കാനുള്ള ശ്രമം നടക്കേണ്ടതില്ലേ? ഇത് കേവലം പഠനപ്രവർത്തനമാകാതെ ഇടപെടൽ പ്രവർത്തനമായി മാറ്റാൻ നിർദേശങ്ങൾ എന്തെല്ലാമാണ്?

5. നിലവിൽ പ്രാദേശികതലം മുതൽ ആഗോള തലം വരെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിലക്കുന്നുണ്ട്. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, മലിനീകരണപ്രശ്നങ്ങൾ തുടങ്ങിയ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളിലൂടെയാണ് ലോകം കടന്നു പോകുന്നത്. ഉപഭോഗത്തിലൂന്നിയുള്ള മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകളാണ് പരിസ്ഥിതിവിനാശത്തിനും തീവ്ര കാലാവസ്ഥാ സംഭവങ്ങൾക്കും വർധിച്ച പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നത്. നിലവിലുള്ള കാലാവസ്ഥാവ്യതിയാനത്തിനനുസരിച്ച് അനുരൂപപ്പെടുന്നതിനും നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനും ഭാവിയിൽ ഉണ്ടാകുന്ന കാലാവസ്ഥാ മാറ്റത്തോട് പൊരുത്തപ്പെട്ടു ജീവിക്കുന്നതിനും ആവശ്യമായ വിഭവങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തി പുതിയ തലമുറയെ സജ്ജമാക്കേണ്ടതില്ലേ?

എ. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള വ്യവസായിക-സാമ്പത്തിക ഉൽപ്പാദന പ്രവർത്തനമാണ് കാലാവസ്ഥാ വ്യതിയാനത്തിന് പ്രധാന കാരണമെന്നത് കുട്ടികളിലേക്ക് എങ്ങിനെ എത്തിക്കാൻ കഴിയും?

ബി. നിഷ്കളങ്കമായ ആഗ്രഹപ്രകടനം മാത്രം പോര പാരിസ്ഥിതിക

അതിജീവനം ഉറപ്പാക്കുന്നതിനെന്ന ആശയം പാഠ്യപദ്ധതി രേഖയിലൂടെ അധ്യാപകരിലും വിദ്യാർഥികളിലും എത്തിക്കേണ്ടതില്ലേ?

സി. ഇന്ത്യയിലും കേരളത്തിലും നടന്നിട്ടുള്ള പാരിസ്ഥിതിക സംരക്ഷണ സമരങ്ങൾ (ഉദാ: ചിപ്കോ മുവ്മെന്റ്, നർമദാ ബച്ചാവോ ആന്ദോളൻ, സൈലന്റ്‌വാലി സമരം, എന്റോസൾഫാൻ വിരുദ്ധസമരം, പ്ലാച്ചിമട സമരം) വരും തലമുറ അറിയേണ്ടേ?

ഡി. അന്തരീക്ഷതാപ ലഘൂകരണത്തിനായി ഇന്ന് ധാരാളം ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നു. (ഉദാ: സമുദ്രോഷ്മാവ് കുറയ്ക്കൽ, വൈറ്റ് റൂഫിംഗ്, താപരശ്മികളെ പ്രതിരോധത്തിന് ഭൗമഛത്രം സ്ഥാപിക്കൽ) എന്നിവയെ സംബന്ധിച്ച് ഉയർന്ന ക്ലാസുകളിലെ കുട്ടികൾക്കെങ്കിലും ധാരണ ഉണ്ടാക്കേണ്ടേ?

6. ഇത് വ്യക്തമായി മനസ്സിലാക്കാൻ കാലാവസ്ഥാ മാറ്റത്തിന്റെ കാരണങ്ങൾ, ചരിത്രം, അതുണ്ടാക്കുന്ന പ്രത്യാഘാതം എന്നിവ അറിയേണ്ടതുണ്ട്. പഠനാനുഭവങ്ങൾ പ്രവർത്തന മണ്ഡലത്തിലേക്ക് എത്തിക്കാൻ ജ്ഞാന നിർമ്മിതിയിലധിഷ്ഠിതമായ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കേണ്ടതായ പഠന സമീപനങ്ങളും രീതിശാസ്ത്രങ്ങളും എന്തൊക്കെയായിരിക്കണം.?

7. അങ്ങിനെ വരുമ്പോൾ സ്വന്തം പ്രദേശത്തെ ഭൂപ്രകൃതിയിലുള്ള വൈവിധ്യം (Geodiverstiy), ജൈവ വൈവിധ്യം (Biodiverstiy), പ്രകൃതി വിഭവങ്ങൾ, പ്രകൃതി ദുരന്ത സാധ്യതകൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രശ്നങ്ങളിൽ കാര്യകാരണ യുക്തിയോടെ ഇടപെടുന്നതിനും കുട്ടിയുടെ ശേഷി എങ്ങിനെ വർധിപ്പിക്കാം? ആധുനിക പരിസ്ഥിതി പ്രസ്ഥാനത്തിന്റെ ചരിത്രം Edwin Muir, Henry Thoreau മുതൽ Rachel Carson എന്നിവരിലൂടെ വളർന്ന് ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ എത്തിനിൽക്കുന്നതിന്റെ ചരിത്രം, വിവിധ പ്രദേശങ്ങളിൽ നടന്നുവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിനും അടുത്തറിയുന്നതിനുമുള്ള അവസരങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കേണ്ടതില്ലേ?

8. ഉള്ളടക്കം കരിക്കുലത്തിന്റെ ചാക്രികാരോഹണം (spiralling) പാലിക്കാത്തത് ആശയ വിടവുകൾ സൃഷ്ടിക്കുന്നതായി കണ്ടുവരുന്നുണ്ട്. പുതിയ വിഞ്ജാന മേഖലകളായ കോസ്മോളജി, ഗ്രീൻ കെമിസ്ട്രി, സ്പേയ്സ് സയൻസ്, കാലാവസ്ഥാ പഠനം, അർബൻ റൂറൽ പ്ലാനിംഗ്, ഡിസാസ്റ്റർ മാനേജ്മെന്റ് മുതലായ പുതിയ വിജ്ഞാനമേഖലകൾ ചാക്രികാരോഹണം പാലിച്ചുകൊണ്ട് കരിക്കുലത്തിൽ ഉൾപ്പെടുത്തേണ്ടേ?

9. മാലിന്യപരിപാലനം, ഊർജ-ജല സംരക്ഷണം, വിനിയോഗം എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂളുകളിൽ നടപ്പാക്കുകയും അത്തരം സ്കൂൾ തല പ്രവർത്തനങ്ങൾ ഓഡിറ്റ് ചെയ്യാൻ സംവിധാനം ഉണ്ടാകുന്നതും പ്രയോജനകരമാകില്ലേ?

10. കാർബൺ പാദമുദ്ര, ജല പാദമുദ്ര എന്നിവയെ പറ്റി ധാരണ സ്ക്കൂൾ വിദ്യാഥികൾക്ക് ഉണ്ടാവേണ്ടതുണ്ട്. കോവിഡാനന്തര വിദ്യാഭ്യാസത്തിൽ മാറി വരുന്ന ആഗോള സാഹചര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പരിസ്ഥിതി വിദ്യാഭ്യാസം കൂടുതൽ കൃത്യതപ്പെടുത്തേണ്ടതുണ്ട്. മഹാമാരികളും പകർച്ച വ്യാധികളും പാരിസ്ഥിതികസന്തുലനവും തമ്മിലുള്ള പാരസ്പര്യം വിശകലനാത്മകമായി പരിശോധിക്കുവാനും 'ഏകലോകം ഏകാരോഗ്യം' എന്ന വിശാലവീക്ഷണത്തിൽ പ്രശ്നങ്ങളെ അപഗ്രഥിക്കുവാനും കഴിയേണ്ടതുണ്ട്. ഏതു തരത്തിലുള്ള ദുരന്തങ്ങളുടെയും പ്രേരകഘടകം പരിസ്ഥിതി തകർച്ചയാണന്നും അതിനാൽ പാരിസ്ഥിതിക 'റിസ്കിനെ' കുറിച്ചുള്ള കൃത്യമായ അവബോധം അവർക്കു ലഭിക്കണ്ടതല്ലേ?

11. ജീവിതത്തിന്റെ സമസ്ത മേഖലകളുമായും പരിസ്ഥിതി വിദ്യാഭ്യാസം പ്രത്യക്ഷത്തിൽ തന്നെ ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഉദ്ഗ്രഥിത പഠനം പരിസ്ഥിതി പഠനത്തിന്റെ സമീപനമാകേണ്ടതില്ലേ? ഭാഷ. ഗണിതം, സാമൂഹ്യ ശാസ്ത്രം, കലാ-കായിക വിദ്യാഭ്യാസം എന്നിവയുമായി പരിസ്ഥിതി വിദ്യാഭ്യാസത്തെ എങ്ങനെയൊക്കെ ഉദ്ഗ്രഥിക്കാം?

12. കൂടാതെ ചുവടെകൊടുത്ത സമസ്യകൾ പരിഗണന അർഹിക്കുന്നു.

    1. നിലവിലുള്ള പരിസ്ഥിതിപഠനം പുതുതലമുറയുടെ പാരിസ്ഥിതിക വീക്ഷണത്തിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കുമോ?

    2. പരിസ്ഥിതിയെക്കുറിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിലുള്ള അവബോധം സൃഷ്ടിക്കുവാൻ ഉള്ളടക്കപരമായി ഇനിയും എന്തൊക്കെയാണ് ഒന്നാം ക്ലാസ് മുതൽ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടത്?

    3. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിലൂടെ ചുറ്റുപാടിനെ കുറിച്ചുള്ള നിരന്തരമായ അന്വേഷണം നടത്തുവാനുള്ള അവസരം കുട്ടികൾക്ക് ക്ലാസ് മുറിയിൽ ലഭിക്കുന്നുണ്ടോ?

    4. കുട്ടികൾ പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയണം, വിമർശനചിന്തനം നടത്തണം, പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ നിർദേശിക്കുവാനുള്ള

നൈപുണികൾ ആർജിക്കണം. ഇതിനായി ഉള്ളടക്കത്തിലും പഠന-ബോധന പ്രക്രിയയിലും എന്തെല്ലാം മാറ്റങ്ങൾ അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകൾ വരുത്തേണ്ടതുണ്ട്?

5. പരിസ്ഥിതിപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് നയിക്കുന്ന പഠന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുവാൻ നമുക്ക് ഇനിയും ഏതൊക്കെ പുതിയ രീതികൾ സ്വീകരിക്കുവാൻ കഴിയും?

6. പാരിസ്ഥിതികനാശം വരുത്തുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ബദലുകൾ കണ്ടെത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള ചിന്തകൾ കുഞ്ഞു മനസ്സുകളിൽ ഉരുത്തിരിയാൻ പഠനസമ്പ്രദായത്തിൽ എന്തെല്ലാം തന്ത്രങ്ങൾ ഉൾപ്പെടുത്തണം?

7. സമൂഹത്തിൽ നിലനിൽക്കുന്ന ചില തെറ്റായ പ്രവണതകൾ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങൾ (സമ്പത്തു കൈയാളുന്നവർ അധികമായി പരിസ്ഥിതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നു) പാഠപുസ്തകങ്ങളിൽ ചേർക്കേണ്ടതല്ലേ?

8. സാധാരണക്കാരായ ചില വ്യക്തികൾ അസാധാരണമായ രീതിയിൽ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനുള്ള ഉദാഹരണങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യമെന്ത്?

# 11 ആരോഗ്യ – കായികവിദ്യാഭ്യാസം

1. ആരോഗ്യമെന്നത് ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവും വൈജ്ഞാനികവുമായ സുസ്ഥിതിയാണ്. ഇതാകട്ടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമാണ്. ഒരു ക്ഷേമരാഷ്ട്രത്തിലെ ജനങ്ങളുടെ ആരോഗ്യം ആ രാജ്യത്തിന്റെ മുൻഗണനാവിഷയമാകുന്നത് അതുകൊണ്ടാണ്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ വിദ്യാഭ്യാസം അതിന്റെ അടിത്തറയായി വർത്തിക്കണം. ലോകമെങ്ങുമുള്ള വിദ്യാഭ്യാസ ചിന്തകർ കുട്ടിയുടെ സമഗ്രവികസനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് അസന്ദിഗ്ദ്ധമായി പറയുന്നുണ്ട്. ഇതിൽ ശാരീരികവികാസത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിൽ ശരിയായ ശാരീരികവികാസത്തിനുള്ള കായികവ്യായാമമുറകൾ പരിശീലിപ്പിക്കുന്നതോടൊപ്പം ആരോഗ്യം സംബന്ധിച്ചും പോഷണം സംബന്ധിച്ചും നല്ല ധാരണ കുട്ടികൾക്കു ലഭ്യമാക്കുകയും വേണം. ഇത് പഠനമുൾപ്പെടെയുള്ള ദൈനംദിന പ്രവൃത്തികൾ ചിട്ടയായും കാര്യക്ഷമമായും ചെയ്യാനുള്ള കരുത്ത് കുട്ടികൾക്ക് നൽകുകയും ചെയ്യും. ഈ ധാരണ രക്ഷാകർത്താക്കളുൾപ്പെടുന്ന പൊതുസമൂഹത്തിന് എങ്ങനെ ഉണ്ടാക്കാം?

2. മാനസിക, ശാരീരിക, സാമൂഹിക, സമത്വ സംബന്ധിയായ പഠനം കായിക വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകണമെന്ന് യുനസ്കോ രേഖ പറയുന്നു. ആശുപത്രിയും മരുന്നും മാത്രമല്ല, അതിലുപരിയായി നല്ല ഭക്ഷണം, ശരിയായ വ്യായാമം, ആരോഗ്യ സംബന്ധിയായ വിഷയങ്ങളിലുള്ള ധാരണ ഇവയൊക്കെയാണ് ആരോഗ്യ സംരക്ഷണത്തിൽ പ്രധാനം. എല്ലാ വിഭാഗം കുട്ടികൾക്കും ആരോഗ്യ-കായിക വിദ്യാഭ്യാസം ലഭ്യമാക്കണമെന്നതാണ് പാഠ്യപദ്ധതിയുടെ സമീപനം. ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ സവിശേഷതയ്ക്കനുസരിച്ച് മാറ്റംവരുത്തിയ പരിശീലനമുറകൾ ആവശ്യമാണ്. അതൊരുക്കുവാൻ സമൂഹത്തിന് പരിപൂർണ്ണ ഉത്തരവാദിത്വവുമുണ്ട്.

3. കായികരംഗത്ത് കേരളത്തിന്റെ മേൽക്കോയ്മയിൽ നമ്മൾ അഭിമാനിക്കുന്നുണ്ടെങ്കിലും കായികക്ഷമതയിലും ആരോഗ്യത്തിലും സന്തോഷസൂചികയിലും മികച്ച നിലയിലാണെന്നു പറയാനാവില്ല. വർധിച്ചതോതിലുള്ള മരുന്നുപഭോഗം, രോഗാതുരത, മാനസികസംഘർഷങ്ങൾ അനുഭവിക്കുന്നവരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർധനവ് എന്നിവ ശുഭസൂചന

യല്ല നൽകുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാകുന്ന യുവാക്കളുടെ എണ്ണം വർധിച്ചുവരുന്നതും ആശങ്കാജനകമാണ്. ആരോഗ്യ കായിക വിദ്യാഭ്യാസത്തിലൂടെ ഇതിന് ഒരു പരിധിവരെ തടയിടാമെന്നാണ് വിലയിരുത്തൽ. കൂട്ടുകൂടാനും കളിക്കാനും വ്യായാമങ്ങളിലേർപ്പെടാനും അവസരമൊരുക്കിക്കൊണ്ട് നാളത്തെ യുവനിരയെ ശാരീരികമായും മാന സികമായും വൈകാരികമായും സാമൂഹികമായും മികച്ച പൗരന്മാരാക്കുക യെന്നത് സമൂഹത്തിന്റെ സുസ്ഥിതിക്ക് അനിവാര്യവുമാണ്. എന്നാൽ ആരോ ഗ്യപരിപാലന രീതികളോടും കായികക്ഷമതാ മാർഗങ്ങളോടും കേരളീയ സമൂഹം കൈക്കൊള്ളുന്ന നിലപാട് അഭികാമ്യമാണോ എന്ന ഒരു പരി ശോധന നടക്കേണ്ടതുണ്ട്. രോഗചികിത്സയുടെ ഭാഗമായി വ്യായാമം മതി എന്ന ധാരണ സാമൂഹികമായി ഉണ്ടാകുന്നുണ്ടോ? കുട്ടികളുടെ പഠനത്തിലും വളർച്ചാ വികാസത്തിലും ആരോഗ്യകായിക സുസ്ഥിതിയെ പരിഗണിക്കാൻ രക്ഷാകർത്താക്കൾ തയ്യാറാകാത്തത് എന്തുകൊണ്ട്? സ്കൂൾ പഠനത്തിന്റെ ഭാഗമായി കായികപഠനം അനിവാര്യമാണ് എന്ന തിരിച്ചറിവ് കേരളീയ സമൂ ഹത്തിന് ഉണ്ടാകുന്നത് എങ്ങനെ? തുടങ്ങിയ കാര്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

4. കുട്ടികൾക്ക് അനുയോജ്യമായതും ആസ്വാദ്യകരവുമായ കായികയിനങ്ങൾ തിരഞ്ഞെടുക്കുന്നതിനും പരിശീലിക്കുന്നതിനും പങ്കെടുക്കുന്നതിനും പ്രകടനം നടത്തുന്നതിനും പാഠ്യപദ്ധതിയിലൂടെ അവസരം ഉണ്ടാകണം. ജീവിതാന്ത്യം വരെ തുടരുന്ന കായികപ്രവർത്തനങ്ങളിലൂടെ കായികക്ഷ മത നിലനിർത്തിക്കൊണ്ട് ഒരു നവീനകായിക സംസ്കാരം രൂപപ്പെടു ത്താനും നിലനിർത്താനും പാഠ്യപദ്ധതി പൊതുവായി ലക്ഷ്യംവയ്ക്കണം. കുട്ടികളുടെ സമഗ്രവികസനത്തെ അടിസ്ഥാനമാക്കി പാഠ്യപദ്ധതി രൂപപ്പെടു ത്തുമ്പോൾ കായികസാക്ഷരതയും കായികക്ഷമതയും കൈവരിക്കുന്നതോ ടൊപ്പം മാനസികവും സാമൂഹികവും വൈകാരികവും വൈജ്ഞാനികവു മായ മേഖലകൾ കൂടി പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടണം. പൊതു വിദ്യാഭ്യാസരംഗത്ത് ബഹുദൂരം മുന്നിൽ നിൽക്കുന്ന കേരളം കായികക്ഷമ തയിലും ആരോഗ്യത്തിലും പിന്നോട്ടുപോകുന്നത് അത്യന്ത്യം ഗൗരവ ത്തോടെ കണ്ട് പരിഹാരമാർഗങ്ങൾ ആസൂത്രണം ചെയ്യണം. അങ്ങനെ ചെയ്യുമ്പോൾ താഴെക്കൊടുത്ത കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

   1. ആരോഗ്യ-കായിക വിദ്യാഭ്യാസം, കായികസാക്ഷരത എന്നിവയെക്കു റിച്ചും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും നിലവിലുള്ള കാഴ്ച പ്പാട് എന്താണ്?

2. കുട്ടികൾ പഠിക്കുന്ന/സമീപത്തുള്ള വിദ്യാലയങ്ങളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം നൽകുന്നുണ്ടോ? ഇല്ലെങ്കിൽ എന്താകാം കാരണം?

3. എല്ലാ വിദ്യാലയങ്ങളിലും ആരോഗ്യ-കായിക വിദ്യാഭ്യാസം ഫലപ്രദ മായി നടപ്പിലാക്കുവാൻ ആവശ്യമായ നിർദേശങ്ങൾ എന്തെല്ലാം?

4. സ്കൂൾ കായികമേളകൾ കായിക സംസ്കാരം രൂപപ്പെടുത്തുന്നതിന് സഹായകരമാകുന്നുണ്ടോ? മേളകൾ പുനരാവിഷ്കരിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ കായികമേളകൾ കൂടുതൽ പങ്കാളിത്തമുള്ളതും ഫലപ്രദ വുമാക്കുന്നതിനുമുള്ള എന്തെങ്കിലും നിർദേശങ്ങളുണ്ടോ?

6. വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി സ്പോർട്സ് എന്ന ആശയം വ്യാപിപ്പി ക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ചനടക്കുന്ന കാലഘട്ടമാ ണിത്. എന്താണ് അഭിപ്രായം?

7. കുട്ടികളിൽ ഡിജിറ്റൽ മാധ്യമങ്ങളുടെ അമിതമായ ഉപയോഗം നിയ ന്ത്രിക്കുവാൻ കായികപ്രവർത്തനങ്ങളെ ഒരു ബദൽ മാർഗമായി പ്രയോ ജനപ്പെടുത്തുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

8. അടിസ്ഥാനപരമായ ശുചിത്വാവബോധം, ശരിയായ ഭക്ഷണശീലങ്ങൾ ആരോഗ്യശീലങ്ങൾ തുടങ്ങിയവ ആരോഗ്യ-കായിക വിദ്യാഭ്യാസ പഠ നത്തിലൂടെ വികസിപ്പിക്കാൻ കഴിയുമോ? എങ്കിൽ എന്താണ് നിർദേശ ങ്ങൾ?

9. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്കുണ്ടാകുന്ന സമ ഗ്രമായ ഗുണഫലങ്ങൾ മനസിലാക്കിയിട്ടും പിന്തിരിഞ്ഞു നിൽക്കുന്ന രക്ഷിതാക്കളുടെ മനോഭാവത്തിൽ മാറ്റം വരുത്തേണ്ടത് സംബന്ധിച്ച അഭിപ്രായങ്ങൾ വ്യക്തമാക്കുമല്ലോ?

10. ദൈനംദിന വ്യായാമങ്ങളിലെ പങ്കാളിത്തക്കുറവ്, സമീകൃതാഹാര ത്തിന്റെ കുറവ് എന്നിവ കുട്ടികളുടെ വളർച്ചാവികാസത്തെ സ്വാധീനി ക്കുമെന്ന് അഭിപ്രായമുണ്ട്. ഇതിനോട് എങ്ങനെയാണ് പ്രതികരിക്കു ന്നത്. നിർദേശങ്ങൾ ഉണ്ടാകണം.

# 12 വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്രപുരോഗതി രേഖയും

1. പഠിതാവിന്റെ സമഗ്ര ഗുണപരവികാസത്തിനായുള്ള അറിവിന്റെ വിശകലനമാണ് വിലയിരുത്തൽ. ജീവിതഗന്ധിയായ പഠനാനുഭവങ്ങളിലൂടെ നിശ്ചയിക്കപ്പെട്ട പഠനലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പാക്കുന്നതിനും വിടവുകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കുന്നതിനും സഹായകരമാകുന്ന രീതിയിലുള്ള വിലയിരുത്തൽ സംവിധാനം രൂപപ്പെടണം. പഠനപ്രക്രിയയിലൂടെ കുട്ടി ആർജിച്ച അറിവുകളും ശേഷികളും എത്രമാത്രമെന്നും ഇവ യഥാർഥ ജീവിതസാഹചര്യങ്ങളിൽ പ്രയോഗിക്കുന്നത് എപ്രകാരം എന്നും പഠിതാവിന്റെ വിശകലനാത്മക - വിമർശനാത്മക ചിന്ത, ആശയവ്യക്തത തുടങ്ങിയവ എത്രത്തോളം എന്നും കണ്ടെത്താൻ വിലയിരുത്തലിലൂടെ സാധ്യമാകണം. ഓരോ പഠിതാവിന്റെയും സാമൂഹിക-സാംസ്കാരിക പ്രയാണത്തിനുള്ള ദിശാസൂചകമായി വിലയിരുത്തൽ പരിവർത്തനം ചെയ്യപ്പെടണം. വിലയിരുത്തൽ പഠിതാവിന്റെ മൂല്യപരമായ വികാസത്തെയും അവരിലെ നന്മകളെ പരിപോഷിപ്പിക്കുന്ന തലത്തെയും ലക്ഷ്യംവയ്ക്കേണ്ടതുണ്ട്. പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning), വിലയിരുത്തൽ തന്നെ പഠനം (Assessment as learning) എന്നീ ആശയങ്ങൾ സാർഥകമാകണം. ആത്യന്തിക വിലയിരുത്തലിൽ (Summative assessment) നിന്നും സംരചനാ വിലയിരുത്തലിലേക്കുള്ള (Formative assessment) പരിപൂർണമായ ചുവടുമാറ്റം അനിവാര്യമാണ്. വിലയിരുത്തൽ എന്നത് പഠിതാവിനെ സമഗ്രമായ തനതു മികവിലേക്ക് നയിക്കുന്ന ഒന്നാകണം. അറിവിന്റെ നിർമ്മിതിയിലൂടെ ബൗദ്ധികമായും വൈകാരികമായും സ്വയം വികാസം പ്രാപിക്കുന്ന പഠിതാവിന്റെ സാമൂഹിക-സാംസ്കാരിക ഗുണങ്ങൾ ഉത്തമ ജ്ഞാനസമൂഹനിർമ്മിതിക്ക് പര്യാപ്തമാകുന്ന തലത്തിലേക്ക് വിലയിരുത്തലിന്റെ രീതിശാസ്ത്രം വികസിക്കേണ്ടതുണ്ട്. അധ്യാപകർക്ക് കൃത്യവും ശക്തവുമായ പിന്തുണാസംവിധാനങ്ങൾ നൽകിയാൽ നിരന്തരവിലയിരുത്തലിന് അവരുടെ അർഥപൂർണമായ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. ഇവയെല്ലാം എങ്ങനെ വികസിപ്പിക്കാം?

2. ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്ര വികാസത്തിനായി പിന്തുണയ്ക്കുക എന്നതാണ് വിലയിരുത്തൽ സംവിധാനത്തിന്റെ പ്രധാന ധർമ്മം. ഇതിലൂടെ കുട്ടികളുടെ പഠനപങ്കാളിത്തവും പഠനത്തിന്റെ

ഗുണനിലവാരവും വർധിപ്പിക്കാനാകും. കേവലം ഓർമ്മിക്കാനുള്ള കഴിവിന്റെ പരിശോധന എന്നതിൽ നിന്നും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ സംവിധാനത്തിലേക്ക് കേരളം മാറിയിട്ടുണ്ട്. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പഠനമേഖലകളും രീതികളും തിരഞ്ഞെടുക്കാനും മുന്നേറാനും നിലവിലെ രീതി പലപ്പോഴും പഠിതാക്കൾക്ക് പ്രയാസം സൃഷ്ടിക്കുന്നു എന്ന് അഭിപ്രായമുണ്ട്. സെക്കന്ററി തലത്തിൽ നിലവിലുള്ള പരീക്ഷാസമ്പ്രദായവും (ബോർഡുപരീക്ഷകളും പ്രവേശനപരീക്ഷകളും) അതിനായുള്ള പ്രത്യേക പരിശീലനവും കുട്ടികളുടെ പഠനത്തെ ഏറെ ഹാനികരമായി ബാധിക്കുന്നു എന്നാണ് ദേശീയ വിദ്യാഭ്യാസ നയരേഖ ചൂണ്ടിക്കാണിക്കുന്നത്. ഇതുവഴി കുട്ടികൾക്ക് ലഭിക്കേണ്ട ഗുണപരമായ പഠനസമയം നഷ്ടപ്പെടുന്നു എന്നും ആക്ഷേപമുണ്ട്. ഇത് ഏകമാനമായ പഠനരീതിയിലേക്കും പഠനസാമഗ്രികളിലേക്കുമാണ് കുട്ടികളെ നയിക്കുന്നത്. ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ എന്താണ്?

3. വിലയിരുത്തലിന് സംഘപരമായ ഊന്നലിനോടൊപ്പം വ്യക്തിപരമായ ഊന്നൽ നല്കിയാലേ ഓരോ കുട്ടിയെയും പഠനപ്രക്രിയയിൽ ഒരു യൂണിറ്റായി പരിഗണിക്കാൻ കഴിയൂ. പഠനത്തിലൂടെ നേടിയ ഗുണപരമായ മികവുകൾ കുട്ടിയെയും സമൂഹത്തെയും ബോധ്യപ്പെടുത്തുംവിധം വിലയിരുത്തൽ പഠനപ്രവർത്തനത്തിന് അനുപൂരകമാകണം. ഇതിനായി സ്വയംവിലയിരുത്തൽ, സഹപഠിതാക്കളുടെ വിലയിരുത്തൽ, സംഘം ചേർന്നുള്ള വിലയിരുത്തൽ, ടീച്ചർ വിലയിരുത്തൽ, രക്ഷാകർത്തൃ വിലയിരുത്തൽ, സമൂഹത്തിന്റെ വിലയിരുത്തൽ എന്നിവയ്ക്കുള്ള ഇടം വിദ്യാഭ്യാസ പ്രക്രിയിൽ ഉറപ്പുവരുത്തണം. ബോധനരീതി എങ്ങനെയാകണം എന്നതിനെ സ്വാധീനിക്കുന്ന നിർണായക ഘടകമാണ് വിലയിരുത്തൽ രീതി. പഠനം യാന്ത്രികവും ഉയർന്ന മാർക്ക്/ഗ്രേഡ് നേടുന്നതിനു വേണ്ടി മാത്രമുള്ളതും ആയിപ്പോകരുത്. അതുകൊണ്ട് നമ്മുടെ വിലയിരുത്തലിന്റെ രീതിശാസ്ത്രം സമഗ്രവും നവീനവും ശാസ്ത്രീയവുമാകണം. ഇതിനായുള്ള നിർദേശങ്ങൾ ഉണ്ടാകണം.

4. കുട്ടികളെ കൃത്യമായി മനസ്സിലാക്കി അവരുടെ സാമൂഹിക പശ്ചാത്തലം, സവിശേഷമായ കഴിവുകൾ, സഹായം ആവശ്യമുള്ള മേഖലകൾ തുടങ്ങി അവരുടെ ശക്തിദൗർബല്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി സമഗ്ര പുരോഗതി രേഖ (Holistic Progress Card) തയ്യാറാക്കി റഫറൻസിനു ഉപയോഗപ്പെടുത്തുന്നത് അധ്യാപകർക്കും കുട്ടികളുടെ പഠനത്തെ സഹായിക്കുന്നവർക്കും ഏറെ സഹായകരമാണ്. അതത് ഘട്ടങ്ങളിൽ

കുട്ടിയുടെ പഠനത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് സഹായകരമായ മാനദണ്ഡങ്ങളും നിലവാരസൂചകങ്ങളും തയ്യാറാക്കുന്നതിന്റെ പ്രാധാന്യവും നാം ചർച്ച ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ നിലവിലുള്ള വിലയിരുത്തൽ സംവിധാനത്തിന്റെ നേട്ടകോട്ടങ്ങൾ നാം പരിശോധിക്കണം. ഇത് കുറ്റമറ്റതാക്കാൻ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കണം. വിവരവിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് നിർദേശങ്ങൾ രൂപീകരിക്കണം. അതിനു സഹായകരമായ ചർച്ചകളാണ് ഉയർന്നു വരേണ്ടത്. അങ്ങനെ ചർച്ചകൾ ഉയരുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. നിലവിലെ ബോർഡ് പരീക്ഷകൾ കുട്ടികളുടെ അറിവിനെ വിലയിരുത്തുന്നതിൽ എത്രമാത്രം ഫലപ്രദമാണ്? ബോർഡ് പരീക്ഷകൾ എങ്ങനെ മെച്ചപ്പെടുത്താം?
2. ബോർഡ് പരീക്ഷകളിൽ പഠിതാക്കളുടെ ഗ്രേഡിനൊപ്പം പെർസന്റൈൽ റാങ്കും ഉൾച്ചേർക്കണമെന്ന അഭിപ്രയമുണ്ടോ? നിർദേശങ്ങൾ എന്തെല്ലാമാണ്?
3. ഓരോ പരീക്ഷയും വളരെ കുറഞ്ഞ പാഠഭാഗങ്ങളെ മാത്രം വിലയിരുത്തുന്ന രീതിയിലുള്ള സെമസ്റ്റർ/മൊഡ്യുലാർ പരീക്ഷാസംവിധാനം, രൂപവൽകരിക്കുന്നതിനുള്ള അഭിപ്രായങ്ങൾ എന്തെല്ലാം? മൊഡ്യുലാർ പരീക്ഷകൾ സമ്മർദരഹിതവും ആനന്ദകരവുമായ പഠനാന്തരീക്ഷം സൃഷ്ടിക്കുമോ?
4. പുരോഗമന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്ന പലയിടങ്ങളിലും ഓപ്പൺ ബുക്ക് പരീക്ഷാ സംവിധാനം വിലയിരുത്തലിനായി ഉപയോഗപ്പെടുത്തുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ ഓപ്പൺബുക്ക്, ടേക്ക് ഹോം, ഓൺ ഡിമാന്റ് എന്നിവ പോലുള്ള വഴക്കമുള്ള പരീക്ഷാരീതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുമോ?
5. നിരന്തര വിലയിരുത്തലിന് പോർട്ട്ഫോളിയോ, അസൈൻമെന്റ്, സെമിനാർ, പ്രക്രിയാശേഷി, യൂണിറ്റ് വിലയിരുത്തൽ എന്നിവയാണല്ലോ അടിസ്ഥാനമാക്കുന്നത്. നിരന്തരവിലയിരുത്തൽ സംവിധാനത്തിന്റെ വിദ്യാലയതല മോണിറ്ററിംഗും ഫീഡ്ബാക്കും എപ്രകാരം കാര്യക്ഷമമാക്കാം? സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ (CCE) മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ എന്തെല്ലാമാണ്?
6. ഓരോ കുട്ടിയുടെയും കഴിവും സാമൂഹിക-സാമ്പത്തിക പശ്ചാത്തലവും

വ്യത്യസ്തമാണ്. ഓരോ കുട്ടിയുടെയും സവിശേഷതകൾ തിരിച്ചറിയുന്നതിനും തുടർപിന്തുണ ഉറപ്പാക്കുന്നതിനും നൂതന സാങ്കേതികവിദ്യ എങ്ങനെ വിലയിരുത്തലിൽ പ്രയോജനപ്പെടുത്താം?

7. പഠിതാവിന്റെ സമഗ്ര പുരോഗതിരേഖ (Holistic Progress Card) യുടെ രൂപകൽപ്പനയ്ക്കായുള്ള നിർദേശങ്ങൾ എന്തെല്ലാമാണ്? സമഗ്ര പുരോഗതി രേഖയിൽ സ്വയം വിലയിരുത്തൽ, പരസ്പര/സഹപഠിതാവിന്റെ വിലയിരുത്തൽ, രക്ഷിതാവിന്റെ വിലയിരുത്തൽ, അധ്യാപക വിലയിരുത്തൽ എന്നിവ എപ്രകാരം സമന്വയിപ്പിക്കാം?

8. വിദ്യാർഥികൾക്ക് അവരുടെ വളർച്ച അനുസ്യൂതം 'ട്രാക്ക്' ചെയ്യാനും അതിനനുസൃതമായി അവരുടെ കഴിവുകളും താൽപ്പര്യമേഖലകളും ശ്രദ്ധിക്കേണ്ട മേഖലകളും മനസ്സിലാക്കി മികച്ച അഭിരുചി/തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാനും സഹായകരമാകുന്ന രീതിയിലുള്ള, നിർമ്മിതബുദ്ധി അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ സാധ്യതകൾ എന്തെല്ലാമാണ്?

9. സ്കൂൾ വിദ്യാഭ്യാസത്തിൽ പല വികസിത രാജ്യങ്ങളും മാനകീകൃത പരീക്ഷ (Standardised test) കൾ വിലയിരുത്തലിനായി പ്രോത്സാഹിപ്പിക്കുന്നില്ല. ഈ സാഹചര്യത്തിൽ, വിലയിരുത്തൽ കൂടുതൽ വിദ്യാലയ-വിദ്യാർഥി കേന്ദ്രീകൃതമാക്കുന്നതിന്റെ പ്രസക്തിയും സാധ്യതകളും എന്തെല്ലാമാണ്?

10. ഏതുതരം നൂതനവും സാങ്കേതികവിദ്യയിലധിഷ്ഠിതവുമായ പരീക്ഷാ സമ്പ്രദായമാണ് അഭികാമ്യം?

# 13 ഇന്ത്യയെക്കുറിച്ചുള്ള അറിവ്

1. മനുഷ്യർ തന്റെ ആദിമകാലം മുതൽ അനുഭവത്തിലൂടെയും പരിചയത്തിലൂടെയും നിരീക്ഷണത്തിലൂടെയും അവരുടെ പിൽക്കാല ജീവിതത്തിനുവേണ്ടി സ്വംശീകരിക്കുന്ന ഒന്നാണ് അറിവ്. രാജ്യ-രാജ്യാന്തര, പ്രാദേശിക തലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള അറിവ് പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടതുണ്ട്. ഇതിൽ ഇന്ത്യയെക്കുറിച്ചുള്ള അറിവ് ഏറെ പ്രധാനമാണ്. 'നാനാത്വത്തിൽ ഏകത്വം' എന്ന സങ്കൽപ്പത്തിലധിഷ്ഠിതമായ വൈവിധ്യപൂർണമായ സാംസ്കാരിക ശാഖകളിൽ നിന്നും രൂപപ്പെട്ട അതിവിപുലമായ വൈജ്ഞാനികശേഖരം ഇന്ത്യക്കുണ്ട്. ഇന്ത്യയുടെ ചരിത്രം, ഭൂമിശാസ്ത്രം, കൃഷിരീതികൾ, ഭാഷകൾ, ശാസ്ത്രം, സാഹിത്യം, സാമൂഹികജീവിതം അറിവുകളുടെ വികാസം തുടങ്ങി വിവിധ മേഖലകളെക്കുറിച്ചുള്ള അറിവ്, ഇന്ത്യയെക്കുറിച്ചുള്ള അറിവ് സ്വയത്തമാക്കാൻ പഠിതാവിനെ സഹായിക്കുന്നു. ഇന്ത്യയുടെ ബഹുസ്വരത, ഭാഷാപരവും സാഹിത്യപരവും സാംസ്കാരികവുമായ സവിശേഷത മുതലായവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. മാനവിക കാഴ്ചപ്പാടോടുകൂടി, വിമർശനാത്മകമായി ഇന്ത്യയിലെ പ്രധാനമേഖലകളിലുണ്ടായ അറിവിന്റെ വികാസം വിലയിരുത്താനുള്ള ശേഷി കുട്ടിയിൽ വികസിക്കേണ്ടതുണ്ട്. ശാസ്ത്രവും കപടശാസ്ത്രവും വേർതിരിച്ചറിയാനും ശാസ്ത്രാവബോധം ആർജിക്കാനും ജീവിതസന്ദർഭങ്ങളിൽ ശാസ്ത്രത്തിന്റെ രീതിശാസ്ത്രം-നിരീക്ഷണം, താരതമ്യവിശകലനം, നിഗമനം രൂപീകരിക്കൽ, നിഗമനം പരിഷ്കരിക്കൽ- പ്രയോഗിക്കാനും പഠിതാവിന് സാധിക്കണം. ഇതെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാക്കി എങ്ങനെ മാറ്റാം?

2. വൈവിധ്യങ്ങളാലും വൈജാത്യങ്ങളാലും സമ്പന്നമാണ് ഇന്ത്യ. ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലം, ജന്തുജാലം എന്നിവയിലെല്ലാം വൈവിധ്യം പ്രകടമാണ്. ജനങ്ങളുടെ പ്രകൃതം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ എന്നിവയിലും വൈവിധ്യം പ്രകടമാണ്. ഭാഷാപരമായ വൈവിധ്യമാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുന്നതിലേക്ക് നയിച്ചത്. കാലാവസ്ഥയിൽ കാണുന്ന വൈവിധ്യം വസ്ത്രങ്ങളിലും വസ്ത്രധാരണത്തിലും പ്രതിഫലിക്കുന്നു. പ്രകൃതിവിഭവങ്ങളിൽ കാണുന്ന വൈവിധ്യം പ്രത്യക്ഷമായും പരോക്ഷമായും ഭക്ഷണത്തിലും ഭക്ഷണരീതിയിലും പ്രകടമാണ്. സാംസ്കാരിക വൈവിധ്യം ഒരു യാഥാർഥ്യമാണ്. കല, സംഗീതം, ആർക്കിടെക്ച്ചർ എന്നിവയിലും വൈവിധ്യവും വൈജാ

ത്യവും ഇന്ത്യയുടെ സവിശേഷതയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും സാമൂഹികവും സാമ്പത്തികവുമായി ഉച്ചനീചത്വങ്ങൾ നമ്മുടെ രാജ്യത്ത് നിലനില്ക്കുന്നു എന്ന് കുട്ടികൾ അറിയേണ്ടതല്ലേ? ഇങ്ങനെയുള്ള വൈവിധ്യങ്ങളിലും വൈജാത്യങ്ങളിലും ഒരുമയുടേതായ, ഐക്യത്തിന്റേതായ, യോജിപ്പിന്റേതായ അംശങ്ങൾ ഒന്നുചേർന്ന് അതിശക്തമായ പാരസ്പര്യം നിലനിർത്തി ഒന്നായി മാറിയതാണ് എന്റെ ഇന്ത്യ എന്ന തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാകേണ്ടതല്ലേ? അങ്ങനെ നമ്മെ ഒന്നാക്കി നിലനിർത്തുന്ന നമ്മുടെ ഭരണഘടനയുടെ സവിശേഷതകൾ സ്കൂൾ പാഠ്യപദ്ധതിയിലൂടെ കുട്ടികൾ അറിയേണ്ടതല്ലേ? ഇങ്ങനെ നാടിന്റെ എല്ലാവിധ ശക്തി ദൗർബല്യങ്ങളും നന്മകളും പരിമിതികളും പാഠ്യപദ്ധതിയിലൂടെ കുട്ടികളിലേക്ക് വിനിമയം ചെയ്യാൻ എങ്ങനെ കഴിയും? ഇത് സംബന്ധിച്ച് നിർദേശങ്ങൾ ഉണ്ടാകണം.

3. ജനാധിപത്യബോധം, മതനിരപേക്ഷത, സ്ഥിതിസമത്വം, സമത്വബോധം തുടങ്ങി ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളെ വികസിപ്പിക്കാനും വേണ്ടുന്ന സാഹചര്യങ്ങളിൽ പ്രയോഗിക്കാനും പഠിതാവിനെ പര്യാപ്തമാക്കുന്ന രീതിയിലുള്ള ഉള്ളടക്കവും പഠനബോധന രീതിയും പാഠ്യപദ്ധതി വിഭാവനം ചെയ്യേണ്ടതുണ്ട്. സമഭാവന, സംസ്കാരത്തോടും ദേശീയതയോടുമുള്ള ആദരവ്, വിശ്വസാഹോദര്യകാഴ്ചപ്പാട്, ലിംഗനീതി, സ്വാശ്രയത്വം, ഐക്യം, പൗരധർമ്മം, അഖണ്ഡത തുടങ്ങിയ മൂല്യങ്ങളും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. തുല്യത, മനുഷ്യന്റെ അന്തസ്സിന്റെ അംഗീകാരം ചിന്താസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, ജനാധിപത്യരീതിയിൽ തീരുമാനമെടുക്കൽ, വിശ്വമാനവസങ്കൽപ്പം, വിശ്വസാഹോദര്യസങ്കൽപ്പം തുടങ്ങിയ ജനാധിപത്യബോധത്തിന്റെ ഉൽപ്പന്നങ്ങളും പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടതില്ലേ? ഈ മൂല്യങ്ങളുടെ അടത്തറയിൽ നിന്നാകണമല്ലോ പൗരാണികമായ അറിവുകളെ കുട്ടി വിശകലനം ചെയ്യേണ്ടത്. കൂട്ടായ അധ്വാനത്തിലും കൂട്ടായ ജീവിതത്തിലും ഊന്നിയുള്ളതായിരുന്നു ഇന്ത്യയിലെ പ്രാചീന സാമൂഹികവ്യവസ്ഥ. പിൽക്കാലത്തു സാമൂഹ്യവ്യവസ്ഥിതിയിലുണ്ടായ മാറ്റങ്ങൾ, ബുദ്ധ-ജൈന സംസ്കാരങ്ങൾ, മുഗൾകാലഘട്ടത്തിന് മുമ്പും പിമ്പും ഇന്ത്യയിൽ പ്രമുഖമായി നടന്ന ഇസ്ലാം സംസ്കാരിക ധാരകൾ കൂടാതെ ഇന്ത്യയിലേക്ക് എത്തിച്ചേർന്ന ഇതര സാംസ്കാരിക ധാരകൾ മുതലായവയെക്കുറിച്ചും ആഴത്തിൽ പഠിക്കേണ്ടതില്ലേ?

4. അറിവിന്റെ ലോകത്ത് ഇന്ത്യ നൽകിയ സംഭാവനകളും പ്രധാനമാണ്. ഇന്ത്യ രൂപപ്പെടുത്തിയ അറിവുകൾ ബഹുസ്വരമാണെന്നും പലതരം വൈജ്ഞാനിക ശാഖകളിലൂടെ രൂപപ്പെട്ടതാണ് എന്നും അറിയാനുള്ള അവസരം പഠിതാവിനുണ്ടാകണം. ഇപ്രകാരം വൈവിധ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ഭാരതീ

യാഗണിതം, ആയുർവേദം, സിദ്ധവൈദ്യം, ചിത്രകല, ശില്പകല, വാസ്തു വിദ്യ, സാഹിത്യം, സംഗീതം, നൃത്തം തുടങ്ങിയവ ലോകമാനവ സംസ്കാര ത്തിന്റെ ഭാഗമായി വിശകലനം ചെയ്യാൻ പഠിതാവിന് അവസരമൊരുക്കേണ്ടത് എങ്ങനെയാകണം?

5. സംസ്കാരത്തിന്റെ ഒരു പ്രധാന മാധ്യമം കലകളാണ്. കലകൾ സംസ്കാ രത്തെ ശക്തിപ്പെടുത്തുന്നതോടൊപ്പം അവബോധം, സർഗാത്മകത, വൈജ്ഞാനിക വികാസം, വ്യക്തികളുടെ സന്തോഷം ഇവ സാക്ഷാത്കരി ക്കുന്നതിന് നിദാനമാകുന്നു. പ്രാദേശിക അറിവുകൾ, നാട്ടറിവുകൾ, സാംസ്കാരിക-സാമൂഹിക അനുഭവങ്ങൾ, ഗോത്ര അറിവുകൾ എന്നിവയെ ജൈവികമായി ഉൾച്ചേർത്തുകൊണ്ട് പാഠ്യപദ്ധതിയെ സമ്പന്നമാക്കണം. ഓരോ കാലഘട്ടത്തിലും രൂപപ്പെട്ട അറിവുകളെ അവയുടെ ചരിത്രപശ്ചാ ത്തലത്തിൽ വിവേചിച്ചറിയാനും അവരുടെ ജീവിത സാഹചര്യത്തിൽ നിന്നു കൊണ്ട് വിശകലനം ചെയ്യാനും പഠിതാവിനാവണം. ഇത് സംബന്ധിച്ച നിർദേ ശങ്ങൾ?

6. ജനാധിപത്യത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ചിന്താ സ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവുമുള്ള വിദ്യാർഥിസമൂഹത്തിനു മാത്രമേ നൂതനാശയങ്ങളുടെ ഉറവിടമാകാനാകൂ. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പുമുള്ള സാമൂഹിക, ശാസ്ത്ര സാമ്പത്തികരംഗത്തുണ്ടായ മാറ്റങ്ങളും പഠനത്തിന്റെ ഭാഗമാകേണ്ടതുണ്ട്. സാമ്പ്രദായിക, ഫ്യൂഡൽ, കൊളോണി യൽ രീതികൾക്കെതിരെ നടന്ന നവോത്ഥാന മുന്നേറ്റവും, പരിവർത്തന ങ്ങളും അത് സാധ്യമാക്കിയ പ്രസ്ഥാനങ്ങളും പ്രാധാന്യമർഹിക്കുന്നവയാ ണ്. വിദ്യാഭ്യാസം, വിവര സാങ്കേതികവിദ്യ, ശാസ്ത്രവും സാങ്കേതികവി ദ്യയും (Science and Technology), പരിസ്ഥിതി സംരക്ഷണം, പൊതുജനാ രോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ത്യ ആർജിച്ച പുരോഗതിയും, ഈ മേഖലകളിൽ ഇന്ത്യയുടെ ഭാവി പ്രതീക്ഷകളും, പ്രതിഫലിപ്പിക്കുന്ന വിധം പാഠ്യപദ്ധതി സമ്പന്നമാകേണ്ടതുണ്ട്. പുതിയ കാലഘട്ടത്തിനായി സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, സാങ്കേതിക മേഖലകളിൽ നാം എപ്രകാരം നവീകരിക്കപ്പെടേണ്ടതുണ്ട് എന്ന ചിന്ത പഠിതാവിൽ ജനിപ്പി ക്കാൻ പാഠ്യപദ്ധതിക്ക് കഴിയേണ്ടതുണ്ട്. ഇതിന്റെ സാധ്യതകൾ എന്താണ്?

7. കൂടാതെ താഴെ പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്

1. ഇന്ത്യയുടെ അടിസ്ഥാനശിലകളായ ബഹുസ്വരത, നാനാത്വത്തിൽ ഏക ത്വം, മതനിരപേക്ഷത, ജനാധിപത്യബോധം, സ്ഥിതിസമത്വം, ലിംഗസമത്വം, ശാസ്ത്രാവബോധം, സഹോദര്യം തുടങ്ങിയവയ്ക്ക് പാഠ്യപദ്ധതിയിൽ കൂടു

തൽ ഊന്നൽ നൽകേണ്ടതുണ്ട്. ഇവയ്ക്ക് പുറമെ ഇനി എന്തൊക്കെ മൂല്യങ്ങൾക്ക്/ഘടകങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്?

2. സാമൂഹികനീതി, ദേശീയോദ്ഗ്രഥനം, വിശ്വമാനവസങ്കൽപ്പം, ഭരണഘടന മൂല്യങ്ങൾ ഇവയൊക്കെ ഉൾപ്പെടുത്തുമ്പോൾ അത് പഠിതാക്കളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന രീതിയിൽ പ്രയോജനപ്പെടുത്തുവാൻ എന്തൊക്കെ വിദ്യാലയാനുഭവങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്?

3. ഓരോ പ്രദേശത്തിന്റെയും അനുഭവസമ്പത്ത്, സംസ്കാരം, ചരിത്രം, അറിവുകൾ എന്നിവ കണ്ടെത്തി സ്കൂൾ പഠനത്തിന്റെ ഭാഗമാകുന്നതിനുള്ള സാധ്യതകൾ നിലവിലെ പാഠ്യപദ്ധതിയിൽ എത്രത്തോളമാണ്? അത് സാധ്യമാക്കുന്നതിന് പ്രദേശിക പാഠങ്ങൾക്ക് (Local text) എത്രത്തോളം പ്രാധാന്യമുണ്ട്? അവയുടെ നിർവഹണം സാധ്യമാക്കുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുക.

4. ലോകപുരോഗതിക്കായി വിവിധ മേഖലകളിൽ ഇന്ത്യ നൽകിയ സംഭാവനകളെ കണ്ടെത്തി ശേഖരിക്കുന്നതിനും വിമർശനബുദ്ധ്യാ വിശകലനം ചെയ്തു വിലയിരുത്തുന്നതിനുള്ള പ്രക്രിയാശേഷികൾ (വിമർശനാത്മക ബോധനം, പ്രക്രിയാ ബന്ധിത പഠനം ഇവയുടെ സഹായത്തോടെ) കുട്ടികളിൽ എങ്ങനെ വികസിപ്പിക്കാം?

5. നാടിന്റെ ചരിത്രവും സംസ്കാരവും മുൻ അനുഭവങ്ങളും സംബന്ധിച്ച ധാരണകൾ ഏറെ പ്രധാനമാണ്. എന്നാൽ വ്യത്യസ്ത സമൂഹങ്ങളുടെ സംഭാവനകൾ ഇതിലുണ്ടെന്നും സമ്മുടേതിന് സമാനമോ ഇതിലേറെയോ സംഭാവന ലോകത്തിന് നൽകാൻ പല ജനസമൂഹങ്ങൾക്കും കഴിഞ്ഞിട്ടുണ്ടെന്നും പഠിതാക്കൾക്ക് ബോധ്യപ്പെടാൻ അവസരമൊരുക്കേണ്ടതില്ലേ? ശാസ്ത്രരംഗത്ത് പ്രത്യേകിച്ചും, നമ്മുടെ സംഭാവന എത്രത്തോളമുണ്ടെന്ന് കണ്ടെത്തുകയും അത് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, മാർഗങ്ങൾ ഇവ ആലോചിക്കാനും ആവിഷ്കരിക്കാനും പഠിതാക്കളെ പ്രാപ്തരാക്കേണ്ടതില്ലേ? ആണെങ്കിൽ അതിന്റെ രീതിശാസ്ത്രം എന്താകണം?

6. വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്ന നിലപാടാണ് നമ്മുടെ ഭരണഘടന രൂപീകരണഘട്ടത്തിൽ രാഷ്ട്രനേതാക്കൾ കൈക്കൊണ്ടത്. ഇതിന്റെ പ്രതിഫലനമാണ് ഭരണഘടന രൂപീകരണഘട്ടത്തിൽ ഫെഡറൽ സംവിധാനമാണ് ഇന്ത്യയുടെ കരുത്ത് എന്ന തീരുമാനത്തിലേക്ക് എത്തിച്ചേർന്നത്. അതുകൊണ്ടാണ് ഇന്ത്യൻ യൂണിയൻ എന്ന ആശയം ഭരണഘടനാരൂപീകരണവേളയിൽ ഉണ്ടായത്. ഈ ഫെഡറൽ സംവിധാനം ഇന്ത്യയുടെ കരുത്താണെന്ന ധാരണ കുട്ടികളിൽ ഉളവാക്കാൻ പാഠ്യപദ്ധതിയിലൂടെ എങ്ങനെയെല്ലാം കഴിയും?

# 14 മൂല്യവിദ്യാഭ്യാസം

1. വർത്തമാനകാല സാമൂഹികബോധത്തിന്റെ ഗുണപരവും ആധുനികവുമായ തലത്തിലേക്ക് പുത്തൻതലമുറയെ ഉയർത്തുന്നതിന് ബോധപൂർവം നടത്തുന്ന സാമൂഹികപ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യങ്ങളിലൊന്നാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യബോധം സ്വായത്തമാക്കുക എന്നത്. ശാസ്ത്രാവബോധവും യുക്തിചിന്തയും സർഗാത്മകമായ ഭാവനയും വികസിപ്പിക്കുക എന്നത് ഇതിന്റെ ഭാഗമാണ്. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും സാമൂഹികവികാസത്തിന് സഹായകരമായ സംഭാവനകൾ നല്കുന്നതിലും വിദ്യാഭ്യാസം സഹായിക്കുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന, തുല്യഅവസരം ഉറപ്പുവരുത്തുന്ന ബഹുസ്വരസമൂഹത്തിനുവേണ്ടിയുള്ള നിലപാടുകൾ മൂല്യബോധത്തിന്റെ കൂടി ഉൽപ്പന്നമാണ്. മതേതരത്വം, ജനാധിപത്യം, സമഭാവന, ലിംഗാവബോധം, ലിംഗനീതിബോധം, എല്ലാവരേയും ഉൾക്കൊള്ളാനുള്ള സന്നദ്ധത, മാനവികത തുടങ്ങിയ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങളെ പൂർണമായും ഉൾക്കൊള്ളാൻ കുട്ടികളെ സഹായിക്കുന്നതായിരിക്കണം വിദ്യാഭ്യാസം. അതായത് പഠിതാവിൽ ഭരണഘടനാമൂല്യങ്ങളെക്കുറിച്ചും മാനിവകമൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക, സാമൂഹിക പ്രതിബദ്ധത വളർത്തുക എന്നിവ പാഠ്യപദ്ധതിയുടെ പ്രഥമപരിഗണനാ വിഷയങ്ങളായി പരിഗണിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാക്കി എങ്ങനെ മാറ്റാൻ കഴിയും?

2. വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ്മയിലൂടെ അനുതാപം, സ്നേഹം, കരുണ, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ കഴിയുന്നതാകണം വിദ്യാഭ്യാസം. കമ്പോളസംസ്കൃതി ഉയർത്തുന്ന ഉപഭോക്തൃ തൃഷ്ണയിൽ നിന്ന് മറികടക്കാൻ സ്വയം സജ്ജമാകേണ്ടതുണ്ട്. സ്വാതന്ത്ര്യസമരഘട്ടത്തിൽ ഉയർത്തിപ്പിടിച്ച ലാളിത്യം, സ്വാശ്രയത്വബോധം എന്നിവയും കുട്ടികളിൽ അങ്കുരിക്കേണ്ടതല്ലേ? ഇതിനായുള്ള നിർദേശങ്ങൾ ഏതെല്ലാം?

3. ആരോഗ്യകരമായ ലിംഗാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. എങ്ങനെയാണ് ഇത് സാധ്യമാക്കുക?

4. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മാനസികാരോഗ്യം, പോഷകാഹാരം, ശുചിത്വം, ദുരന്തനിവാരണം, പ്രഥമശുശ്രൂഷ മുതലായ മേഖലകളുമായി ബന്ധപ്പെട്ട ശാക്തീകരണ പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ലേ?

5. മുതിർന്നവരോടുള്ള ബഹുമാനം, പാരിസ്ഥിതികാവബോധം, നമ്മുടെ സംസ്കാരത്തോടും പാരമ്പര്യത്തോടുമുള്ള ആദരവ് എന്നീ മൂല്യങ്ങളും കുട്ടികൾ ഉൾക്കൊള്ളേണ്ടതുണ്ട്. ജീവിതത്തെ ആത്മവിശ്വാസത്തോടെ സമീപിക്കാനും പ്രശ്നങ്ങളും പ്രതിബന്ധങ്ങളും തരണംചെയ്യാനും പര്യാപ്തമായ ജീവിതനൈപുണികൾ അടിസ്ഥാനഘട്ടം മുതൽ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വിദ്യാർഥികളിൽ നേതൃപാടവവും, സർഗാത്മകവും ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തേണ്ടതുണ്ട്. മദ്യം, മയക്കുമരുന്നുകൾ, പുകയില, മറ്റു ലഹരിപദാർഥങ്ങൾ എന്നിവയുടെ ദുരന്തഫലങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനും പുതുതലമുറയിൽ ലഹരിവിരുദ്ധ മനോഭാവം സൃഷ്ടിക്കാനും വിദ്യാഭ്യാസത്തിലൂടെ കഴിയണം. സൈബർസാക്ഷരതയും സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചുള്ള ബോധവൽക്കരണവും പാഠ്യപദ്ധതിയുടെ ഭാഗമാകണം. നിലവിലെ പാഠ്യപദ്ധതി ഇതിന് പര്യാപ്തമാണോ? അല്ലെങ്കിൽ എന്താണ് നിർദേശങ്ങൾ?

6. സാമൂഹ്യശാസ്ത്ര പഠനത്തിലൂടെയും ശാസ്ത്രപഠനത്തിലൂടെയും വിവിധ ഭാഷകളുടെ പഠനത്തിലൂടെയും ജനാധിപത്യമൂല്യങ്ങളും മാനവികമൂല്യങ്ങളും കുട്ടികളിൽ വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതാണ്. വിവിധ സാഹിത്യരൂപങ്ങളുടെ വായനയിലൂടെയും പഠനത്തിലൂടെയും കുട്ടികളിൽ മൂല്യബോധം വളർത്തിയെടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച് എന്തൊക്കെ അഭിപ്രായങ്ങൾ ഉണ്ട്? പ്രായോഗികമായി ഇവയെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാക്കി എങ്ങനെ മാറ്റിയെടുക്കാൻ കഴിയും?

7. ഈ സാഹചര്യത്തിൽ മൂല്യവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അഭികാമ്യമായ നിലപാടുകൾ എങ്ങനെയെല്ലാം വളർത്തിയെടുക്കാം?. താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

   1. ഭരണഘടനാമൂല്യങ്ങൾ ഉറപ്പിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെയാണ് ചെയ്യേണ്ടത്?
   2. കൗമാരവിദ്യാഭ്യാസമടക്കമുള്ള മേഖലകളിൽ എങ്ങനെയാണ് പുത്തൻ തലമുറയെ അഭിസംബോധന ചെയ്യേണ്ടത്?
   3. സാഹിത്യം, സംസ്കാരം, ഭാഷ, കലാകായിക പ്രവൃത്തി വിദ്യാഭ്യാസം

എന്നിവയെ എങ്ങനെയാണ് മൂല്യവിദ്യാഭ്യാസവുമായി ബന്ധപ്പെടുത്താൻ കഴിയുക?

4. മൂല്യവിദ്യാഭ്യാസത്തിന് മാതൃഭാഷയിലൂടെയുള്ള ബോധനം അനിവാര്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അഭിപ്രായം വ്യക്തമാക്കുക.

5. ഉദ്ഗ്രഥിത മൂല്യവിദ്യാഭ്യാസപഠനം നിലവിലെ പാഠ്യപദ്ധതിയിൽ ഉൾച്ചേർത്തിട്ടുള്ളത് പര്യാപ്തമാണോ? അല്ലെങ്കിൽ എങ്ങനെ പരിഹരിക്കാം?

6. മൂല്യപഠനത്തിന്റെ ഭാഗമായി കുട്ടികളിൽ ജീവിതനൈപുണികൾ ആർജിക്കുന്നതിന് നിലവിലുള്ള പഠനരീതി എത്രത്തോളം സഹായകരമാണ്?

7. സമൂഹത്തിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെ സംബന്ധിച്ച് ആഴത്തിൽ വിശകലനവും പരിഹാരനിർദേശങ്ങളും ഉണ്ടാക്കേണ്ടതുണ്ടോ? വിശദമാക്കുക.

8. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, ഗോത്രവർഗക്കാർ, ഇതര പിന്നാക്ക വിഭാഗങ്ങൾ അതിഥി തൊഴിലാളികളുടെ മക്കൾ എന്നിവരെക്കൂടി പരിഗണിക്കുന്ന തരത്തിൽ മൂല്യവിദ്യാഭ്യാസത്തെ സമഗ്രമായി വിഭാവനം ചെയ്യണം എന്നതിനെക്കുറിച്ചുള്ള അഭിപ്രായം വിശദമാക്കാമോ?

9. മൂല്യവിദ്യാഭ്യാസത്തെ ഉദ്ഗ്രഥിതമായി കാണുകയാണെങ്കിൽ അവയെ പ്രത്യേകം പാഠ്യപദ്ധതി പ്രസ്താവനകളാക്കി വിലയിരുത്തലിന് വിധേയമാക്കണം എന്ന് താങ്കൾ കരുതുന്നുണ്ടോ? അഭിപ്രായം വ്യക്തമാക്കുക.

# 15 ഉൾച്ചേർന്നവിദ്യാഭ്യാസം

1. ഓരോ കുട്ടിക്കും സ്വന്തം കഴിവുകളും ധാരണകളും വികസിപ്പിക്കാൻ അവസരം നൽകുക എന്നത് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യമാണ്. ഇതിനു വേണ്ട അടിസ്ഥാനശേഷികൾ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. ഓരോ കുട്ടിക്കും വേണ്ട അനുയോജ്യമായ പഠനസാഹചര്യം ഒരുക്കുന്നതോടൊപ്പം മൂല്യബോധവും സാമൂഹിക ജീവിതാനുഭവങ്ങളും കുട്ടികൾക്കു പകർന്നു നൽകുന്ന പൊതുവിടങ്ങളാണ് വിദ്യാലയങ്ങൾ.

2. സമൂഹത്തിന്റെ പരിച്ഛേദം വിദ്യാലയങ്ങളിൽ കാണുവാൻ സാധിക്കും. സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വിവിധതലങ്ങളിൽ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ, വ്യത്യസ്ത ബൗദ്ധിക നിലവാരമുള്ളവർ, ലിംഗപരമായി വ്യത്യസ്തരായ കുട്ടികൾ, ഭൂമിശാസ്ത്രപരമായി വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുള്ളവർ, ഭിന്നശേഷി വിഭാഗത്തിൽപെടുന്ന കുട്ടികൾ, നഗരവൽക്കരണം കാരണവും മറ്റു പലകാരണങ്ങളാലും അരികുവൽക്കരിക്കപ്പെട്ടുപോയ കുടുംബങ്ങളിലെ കുട്ടികൾ, അതിഥിതൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ, ഗോത്രവർഗവിഭാഗങ്ങളിലെയും തീരദേശങ്ങളിലെയും കുട്ടികൾ, അനാഥരും രക്ഷിതാക്കളിൽ നിന്നും പിരിഞ്ഞിരിക്കുന്നവരുമായ കുട്ടികൾ തുടങ്ങിയവരെയെല്ലാം ഉൾക്കൊള്ളുന്ന ഇടമായി പൊതുവിദ്യാലയങ്ങളിലെ ക്ലാസ്മുറികളെ മാറ്റിയെടുക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ കുട്ടികൾക്കെല്ലാം വിദ്യാലയങ്ങളിലും ക്ലാസ്സ്മുറികളിലും അവസരതുല്യത ലഭിക്കേണ്ടതുണ്ട്. എന്നാൽ സവിശേഷ പിന്തുണ അർഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ അവസരങ്ങൾ ഉറപ്പാക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടുണ്ടോ? പാഠ്യപദ്ധതി ഉള്ളടക്കത്തിലും വിനിമയത്തിലും ഈ പരിഗണന കാണാനുണ്ടോ? എല്ലാവർക്കും തുല്യവും അനുയോജ്യവുമായ അവസരങ്ങൾ ഉറപ്പാക്കുവാൻ എന്താണു വഴി?

3. പ്രത്യേകാവശ്യങ്ങളുള്ള ഓരോ കുട്ടിയെയും അക്കാദമികമായി ഉൾച്ചേർത്ത് ജീവിതനൈപുണികളും സാമൂഹികനൈപുണികളും പഠനനൈപുണികളും ആർജിക്കുന്നതിന് സജ്ജരാക്കുന്നതെങ്ങനെ?

4. ഭിന്നശേഷി വിഭാഗക്കാർ, ഗോത്രവർഗ വിഭാഗക്കാർ, തീരദേശവാസികൾ

തുടങ്ങിയവരെ പരിഗണിക്കുമ്പോൾ തുല്യ അവസരം എന്ന കാഴ്ചപ്പാടിനോടൊപ്പം തന്നെ അനുയോജ്യമായ (Appropriate Education) വിദ്യാഭ്യാസവും ഈ കുട്ടികൾക്ക് ലഭിക്കേണ്ടതില്ലേ? അനുയോജ്യമായ വിദ്യാഭ്യാസം (Appropriate Education) എന്നത് ഓരോ കുട്ടിയുടെയും സാമൂഹികാവസ്ഥ ശാരീരികാവസ്ഥ, ഭിന്നശേഷി വിഭാഗം, താൽപ്പര്യങ്ങൾ, അനുഭവങ്ങൾ എന്നിവയ്ക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും. അതിനാൽ തന്നെ പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ ഓരോ വിഭാഗം കുട്ടികൾക്കും തുല്യ അവസരം ലഭ്യമാക്കുന്നതോടൊപ്പംതന്നെ സവിശേഷ പിന്തുണ ആവശ്യമായവർക്ക് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി അതീവ ശ്രദ്ധപുലർത്തേണ്ടതുണ്ട്. ഇതെങ്ങനെ സാധ്യമാക്കും?

5. കേരളത്തിൽ 37 പട്ടിക ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്. വിഭിന്ന ദേശങ്ങളിൽ ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽ പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുപോയ ഇവർ തനതായ ഭാഷയും സംസ്കാരവും വച്ചുപുലർത്തുന്നുണ്ട്. സമൂഹത്തിലെ വ്യക്തികൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയുള്ള ആശയവിനിമയത്തിന് പ്രധാനമായും ആശ്രയിക്കുന്നത് അവരുടെ തനതു ഭാഷയെയാണ്. ഭാഷ കേവലമായ ആശയ വിനിമയോപാധി മാത്രമല്ല, സംസ്കാരത്തിന്റെ അടയാളം കൂടിയാണ്. വിദ്യാഭ്യാസ മേഖലയിൽ മലയാള ഭാഷയുടെമേൽ ഇംഗ്ലീഷ് ഭാഷ ആധിപത്യം സ്ഥാപിച്ചതു പോലെയാണ് മലയാള ഭാഷ ആദിവാസി വിഭാഗത്തിന്റെ ഭാഷയെ മാറ്റി നിർത്തുമ്പോൾ സംഭവിക്കുന്നത്. ഗോത്ര ഭാഷയ്ക്കും സംസ്കാരത്തിനും മതിയായ പരിഗണന നൽകി ആധുനിക വിദ്യാഭ്യാസത്തിലേക്കും ജനാധിപത്യ സമൂഹത്തിലേക്കും ഗോത്രജനതയെ നയിക്കാനുതകുന്നതാകണം വിദ്യാഭ്യാസം. ആയതിനാൽ

1 നിലവിലെ സ്കൂൾ പാഠ്യപദ്ധതി സാംസ്കാരികമായും അക്കാദമിക്കമായും ഗോത്രവർഗ വിഭാഗക്കാരെ പരിപൂർണമായും ഉൾക്കൊള്ളുന്ന തരത്തിലല്ല വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കാൻ എന്താണു വഴി?

2 ഗോത്രവർഗ വിഭാഗങ്ങൾക്ക് അവരുടേതായ മാതൃഭാഷയുണ്ട്. ഇതല്ലേ ആദ്യ ബോധനമാധ്യമമാകേണ്ടത്. ഇത് പ്രായോഗികമാക്കാൻ എങ്ങനെ കഴിയും?

3 സാമൂഹിക വിദ്യാഭ്യാസ സാമ്പത്തിക നിലകളിൽ വ്യത്യസ്തരായ ഓരോ ഗോത്രവർഗ വിഭാഗത്തിലെയും കുട്ടികൾക്കും പ്രായഘട്ടത്തിനനുസരി

ച്ചുള്ള പഠനലക്ഷ്യങ്ങൾ നേടാൻ സഹായകരമാകുന്ന രീതിയിൽ സവിശേഷ പരിഗണനയും വ്യക്തിഗത പിന്തുണയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട മാർഗങ്ങളെന്തെല്ലാം?

4 ഗോത്രവിഭാഗങ്ങളുടെ ആർജിത ജ്ഞാനസമ്പത്തുകൂടി ഉപയോഗപ്പെടുത്തി ജ്ഞാനസമൂഹത്തിലേക്കുള്ള പരിവർത്തനത്തിൽ ഗോത്രവർഗ വിഭാഗത്തിലെ കുട്ടികളെ എങ്ങനെ പങ്കാളികളാക്കാൻ സാധിക്കും?

6. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ (ആർ.പി.ഡബ്ല്യൂ.ഡി) ആക്ട് 2016 പ്രകാരം ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നത് 'ഭിന്നശേഷിക്കാരായ കുട്ടികളും മറ്റു കുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കുന്നതും, വിവിധ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് ഉതകുന്ന പഠനാവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലുള്ള അധ്യാപന- പഠന സമ്പ്രദായം' എന്നതാണ്. ആർ.പി.ഡബ്ല്യൂ.ഡി ആക്ട് 2016 പ്രകാരം 21 ശാരീരിക മാനസിക അവസ്ഥകളെയാണ് നിയമപരമായി ഭിന്നശേഷി വിഭാഗക്കാരായി അംഗീകരിച്ചിട്ടുള്ളത്.

7. ചലനവൈകല്യം, മസ്കുലാർ ഡിസ്ട്രോഫി, മൾട്ടിപ്പിൾ സ്ക്ലിറോസിസ്, ഹ്രസ്വകായത്വം, അന്ധത, ലോ വിഷൻ, പഠനവൈകല്യം, സംസാര-ഭാഷാ വൈകല്യം, ബുദ്ധിപരമായ വെല്ലുവിളി, മാനസിക അനാരോഗ്യം, ഓട്ടിസം, കേൾവിപരമായ വെല്ലുവിളി നേരിടുന്നവർ, കുഷ്ഠരോഗ വിമുക്തി നേടിയവർ, ഹീമോഫീലിയ, തലാസീമിയ, അരിവാൾ രോഗം, സെറിബ്രൽ പാൾസി, ഹാർഡ് ഓഫ് ഹിയറിംങ്, ബഹുവൈകല്യം, ആസിഡ് ആക്രമണത്തിനു വിധേയരായവർ, പാർക്കിൻസൺസ് രോഗം ബാധിച്ചവർ എന്നിവരാണ് 21 ഭിന്നശേഷി വിഭാഗങ്ങൾ. ഇവരെ കൂടാതെ മറ്റു പലവിധ ശാരീരിക മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളും ക്ലാസ് മുറികളിൽ ഉണ്ട്. ഈ വിഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളാൻ പാഠ്യപദ്ധതിക്ക് കഴിയേണ്ടതല്ലേ? നിർദേശങ്ങൾ.

8. മേൽപ്പറഞ്ഞ ഭിന്നശേഷി വിഭാഗങ്ങളിൽ പഠനവൈകല്യമുള്ള കുട്ടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, കാഴ്ചപരമായ വെല്ലുവിളിനേരിടുന്ന കുട്ടികൾ, ശ്രവണപരമായ വെല്ലുവിളിനേരിടുന്ന കുട്ടികൾ, ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികൾ, സെറിബ്രൽപാൾസിയുള്ള കുട്ടികൾ എന്നിവരുടെ എണ്ണം മറ്റു ഭിന്നശേഷി വിഭാഗക്കാരെ അപേക്ഷിച്ച് താരതമ്യേന കൂടുതലാണ്. ഓരോ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടിയുടെയും ശാരീരിക-മാനസിക അവസ്ഥ വ്യത്യസ്തമാണ്. പാഠ്യപദ്ധതി പരിഷ്കരണവേളയിൽ സവിശേഷ പിന്തുണ ആവശ്യമുള്ള കുട്ടികളുടെ

വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഓരോ ഭിന്നശേഷി കുട്ടിയുടെയും ശാരീരിക-മാനസിക സവിശേഷതകൾ, കുട്ടിയുടെ ആവശ്യങ്ങൾ, കുട്ടിയുടെ കഴിവുകൾ, പഠനവെല്ലുവിളികൾ, അവമറികടക്കുന്നതിനുള്ള പരിഹാര മാർഗങ്ങൾ, സഹപഠിതാക്കളുടെ പിന്തുണ, രക്ഷിതാവിനു നൽകാൻ കഴിയുന്ന പിന്തുണ, അധ്യാപകരുടെ ധാരണകൾ എന്നിവയും പരിഗണിക്കപ്പെടണം. ഭിന്നശേഷി വിഭാഗത്തിലെ ഓരോ കുട്ടിയുടെയും സവിശേഷതകൾ പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പിന്തുണയാണ് നൽകേണ്ടത്. ഇതെങ്ങിനെ ഉറപ്പാക്കും? ഓരോ ഭിന്നശേഷിവിഭാഗം കുട്ടികൾക്കും അവർക്ക് നിയമപരമായി അവകാശപ്പെട്ട തുല്യപരിഗണനയും അനുയോജ്യമായ വിദ്യാഭ്യാസവും നൽകുവാൻ ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

9. കൂടാതെ

1 നിലവിലുള്ള പാഠ്യപദ്ധതി, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന ഓരോ കുട്ടിക്കും അനുയോജ്യമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് വേണ്ടത്ര പര്യാപ്തമാണോ? ഓരോ കുട്ടിക്കും അനുയോജ്യമായ വിദ്യാഭ്യാസം ശാസ്ത്രീയമായി നൽകുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റങ്ങൾ വരുത്തേണ്ടതില്ലേ? എങ്ങനെ ഇതു സാധ്യമാക്കാൻ കഴിയും?

2 വിവിധ ഭിന്നശേഷി വിഭാഗങ്ങളിൽപെടുന്ന ഓരോ കുട്ടിക്കും അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വിവരസാങ്കേതികവിദ്യയുടെ സഹായം ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും?

3 ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, ഓട്ടിസം എന്ന സവിശേഷ അവസ്ഥയുള്ള കുട്ടികൾ എന്നിവർക്കുകൂടി അനുയോജ്യമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് പാഠ്യപദ്ധതി പരിഷ്കരണത്തെ എങ്ങനെ ഉപയോഗപ്പെടുത്തണം? ഉള്ളടക്കം, പഠനരീതി, മൂല്യനിർണയം എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണു വേണ്ടത്?

4 സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ സവിശേഷ പിന്തുണ അർഹിക്കുന്ന കുട്ടികളിൽ സാമൂഹികനൈപുണി, ജീവിതനൈപുണി, തൊഴിൽനൈപുണി എന്നിവ എങ്ങനെ വളർത്തിയെടുക്കുവാൻ സാധിക്കും? ഇതിനുവേണ്ടി വിദ്യാലയങ്ങളിൽ ഒരുക്കിയെടുക്കേണ്ട സംവിധാനങ്ങൾ എന്തൊക്കെയാവും?

5 ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സഹപഠിതാക്കളുടെയും രക്ഷാകർത്താക്കളുടെയും പിന്തുണ ഉറപ്പാക്കുന്നതിന്, വിദ്യാഭ്യാസരീതികളിൽ കാലികമായി നടത്തേണ്ട ഇടപെടലുകൾ എന്തെല്ലാം? ഉൾച്ചേർന്ന വിദ്യാഭ്യാസം പരിപൂർണമായ അർഥത്തിൽതന്നെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയെടുക്കുന്നതിന് അധ്യാപകർ, രക്ഷിതാക്കൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവരെ ഏതെല്ലാം രീതിയിൽ പ്രാപ്തരാക്കാം? ഉൾച്ചേർക്കൽ എന്ന കാഴ്ചപ്പാടിന് സാമൂഹികപിന്തുണ നേടാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട്?

6 വിദ്യാലയങ്ങൾ പൂർണമായും ഭിന്നശേഷി സൗഹൃദമാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം? ഇത് പരിഹരിച്ച് എല്ലാ വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ സ്വീകരിക്കേണ്ട (അക്കാദമികം, ഭൗതികം, സാമൂഹികം, വൈകാരികം, മനോഭാവതലം) നടപടികൾ എന്തെല്ലാമാണ്?

7 ഭിന്നശേഷിക്കാരുടെ പഠനപിന്തുണയോടൊപ്പം അവരുടെ ജീവിതായോധനത്തിനുള്ള പരിശീലനവും കൂടി ചർച്ചാവിഷയമാക്കണ്ടേ? എന്താണു നിർദേശങ്ങൾ?

8 കിടപ്പിലായ/ പൂർണമായും പരസഹായം ആവശ്യമായ കുട്ടികൾ, പല കാരണങ്ങളാൽ വിദ്യാലയത്തിലെത്താൻ കഴിയാത്ത കുട്ടികൾ, തീരദേശങ്ങളിലെ കുട്ടികൾ, സാമൂഹികമായും സാമ്പത്തികമായും വിവിധ തലങ്ങളിൽ നിൽകുന്ന കുടുംബങ്ങളിലെ കുട്ടികൾ, ലിംഗപരമായി വ്യത്യസ്തരായ കുട്ടികൾ, നഗരവത്കരണം കാരണവും മറ്റു പലകാരണങ്ങളാലും അരികുവൽക്കരിക്കപ്പെട്ടുപോയ കുടുംബങ്ങളിലെ കുട്ടികൾ, അതിഥിതൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ, പ്രതിഭാധനരായ കുട്ടികൾ തുടങ്ങിയവരെയെല്ലാം പാഠ്യപദ്ധതി പരിഷ്കരണവേളയിൽ ചേർത്തുപിടിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

# 16 ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

1 ഭരണഘടനയുടെ ആർട്ടിക്കിൾ 15 അനുസരിച്ച് മതം, ജാതി ലിംഗം, വർണം, വർഗം, പ്രദേശം എന്നിവയുടെ പേരിൽ വിവേചനം അനുവദിക്കുന്നില്ല. ആർട്ടിക്കിൾ 14 എല്ലാ തരത്തിലുമുള്ള സമത്വം വിഭാവനം ചെയ്യുന്നു. ജെൻഡർ അഥവാ ലിംഗഭേദം എന്നത് സാമൂഹിക നിർമ്മിതിയാണ്. നീതിയിലധിഷ്ഠിതമായ സാമൂഹികസൃഷ്ടി സാധ്യമാകണമെങ്കിൽ എല്ലാത്തരത്തിലുമുള്ള നീതി ഉറപ്പാക്കാനാകണം. ഇതിൽ പ്രധാനമാണ് ലിംഗനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം. ഈ നിലപാട് പാഠ്യപദ്ധതിയിലൂടെ എങ്ങനെ അഭിമുഖീകരിക്കാം?

2 വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് ലിംഗപരമായ സവിശേഷതയാൽ ഒരു കുട്ടിയെയും മാറ്റിനിർത്താൻ പാടില്ല. ലിംഗനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം എന്നത് ഇന്ന് ലോകത്തിന്റെ മുൻഗണനാ പട്ടികയിലുണ്ട്. ഇന്നലെകളിൽ ആൺ, പെൺ എന്ന വിഭാഗങ്ങളെ പരിഗണിച്ചാണ് ലിംഗനീതിയെക്കുറിച്ച് പറഞ്ഞതെങ്കിൽ, എല്ലാ ലിംഗവിഭാഗങ്ങളെയും (Gender Spectrum) പരിഗണിച്ചാകണം ഇനിയുള്ള വിദ്യാഭ്യാസം. സ്കൂൾ പ്രവർത്തനപങ്കാളിത്തം, വിദ്യാഭ്യാസത്തിന്റെ തുടർച്ച, തൊഴിൽ എന്നിവയിലെല്ലാം ഏറിയും കുറഞ്ഞും ലിംഗപരമായ അസമത്വം നിലനിൽക്കുന്നു. ഇത് കണ്ടെത്തി പരിഹരിക്കുന്നതിന് സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും എല്ലാ സന്ദർഭങ്ങളിലും കഴിയണം. സാമൂഹികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന പാർശ്വവൽക്കൃത സമൂഹത്തെക്കൂടി ഉൾക്കൊള്ളുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവരുടെയും അവകാശമായി മാറണം. ഈ നിലപാട് പാഠ്യപദ്ധതിയിലൂടെ എങ്ങിനെ സാർഥകമാക്കാം.

3 നിരവധി സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ കടന്നുവന്ന കേരളീയ സമൂഹം പ്രതിസന്ധിഘട്ടങ്ങളിൽ എല്ലാ വിവേചനങ്ങളും മറന്ന് ഒന്നായ നിരവധി അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. എന്നാൽ അത്തരം മനോഭാവം ഭിന്നിച്ചു പോകുന്ന സന്ദർഭങ്ങൾ നിരവധിയാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും ട്രാൻസ്ജന്ററുകൾക്കും മറ്റു ലിംഗന്യൂനപക്ഷ വിഭാഗങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീധനക്കൊലപാതകങ്ങൾ, പ്രണയകൊലപാതകങ്ങൾ, ദുരഭിമാനക്കൊല, സദാചാര പോലീസ് തുടങ്ങിയ സാമൂഹിക തിന്മകൾ ആശങ്കയുണർത്തുംവിധം വർധിച്ചുവരുന്നു. അതിനെ

തരണംചെയ്തു സമത്വബോധം വളർത്തിയെടുക്കാൻ പാഠ്യപദ്ധതിക്കാവണം. അക്കാദമികരംഗത്ത് പെൺകുട്ടികൾ മുൻപന്തിയിലെത്തിയിട്ടുണ്ടെങ്കിലും തൊഴിൽമേഖലയിലും, സമൂഹത്തിന്റെ മറ്റുമേഖലകളിലും (രാഷ്ട്രീയം, സാംസ്കാരികം, സ്പോർട്സ്, തീരുമാനമെടുക്കുന്നിടങ്ങൾ) അർഹമായ മുന്നേറ്റം സാധ്യമാകണമെങ്കിൽ ലിംഗനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം അനിവാര്യമാണ്. ഇതെങ്ങനെ സാധിക്കും?

4 പാഠ്യപദ്ധതി, പാഠപുസ്തകം, വിദ്യാലയാന്തരീക്ഷം, ബോധനരീതികൾ മുതലായവയാണ് ലിംഗനീതി വിദ്യാഭ്യാസം ഉറപ്പുവരുത്താനുള്ള പ്രധാന ഉപാധികൾ. കേരളം വിജ്ഞാനാധിഷ്ഠിത സമൂഹത്തിലേക്ക് പരിവർത്തിക്കപ്പെടുമ്പോൾ ലിംഗപരമായ നീതി ഉറപ്പാക്കണമെങ്കിൽ നമ്മുടെ പാഠ്യപദ്ധതിയിൽ നവീനമാറ്റങ്ങൾ ആവശ്യമാണ്. വ്യക്തികളും സമൂഹവും ലിംഗവിവേചനരഹിതമായി പെരുമാറുമ്പോൾ കുട്ടികളുടെ ഫലപ്രദമായ വളർച്ചയ്ക്കും വികാസത്തിനും മാത്രമല്ല സമൂഹത്തിന്റെയും രാജ്യത്തിന്റെയും ക്ഷേമത്തിന് അത് കാരണമാകും. ഇക്കാര്യത്തിൽ നിർദേശങ്ങളുണ്ടാകണം.

5. കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിച്ച് നിർദേശങ്ങൾ ഉണ്ടാകണം.

1. വീടുകളിൽ കുട്ടികൾക്ക് ലിംഗവ്യത്യാസമില്ലാതെ പഠനം, കളികൾ, ജീവിതാനുഭവങ്ങൾ എന്നിവയിൽ പങ്കാളികളാകുന്നതിന് വേണ്ടത്ര അവസരം ലഭിക്കേണ്ടതല്ലേ? അതിനെക്കുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായം എന്താണ്?

2. പാഠപുസ്തകങ്ങളിലെ ചിത്രങ്ങൾ, ഭാഷാപ്രയോഗം, ഉദാഹരണങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ നിലനിൽക്കുന്ന സാമൂഹിക അവസ്ഥ അതുപോലെ തുടരുന്നതിന് സഹായകമായ തരത്തിലാണ് പാഠപുസ്തകങ്ങൾ ഉൾപ്പെടെയുള്ള പഠനസാമഗ്രികൾ ഉള്ളത് എന്ന വിമർശനം ഉണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതല്ലേ?

3. വീട്ടുജോലികൾ കുടുംബാംഗങ്ങൾ പങ്കിട്ടെടുക്കേണ്ടതാണെന്ന സന്ദേശം നൽകാൻ നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന് എത്ര മാത്രം കഴിയുന്നുണ്ട്.

4. സ്കൂൾ തലത്തിൽ എല്ലാ പ്രവർത്തനങ്ങളിലും പെൺകുട്ടികൾ മികവ് പുലർത്തുന്നുണ്ടെങ്കിലും വളർന്നുവരുമ്പോൾ പൊതുസമൂഹത്തിൽ അവരുടെ പങ്കാളിത്തം പിന്നോട്ട് പോകുന്നത് എന്തുകൊണ്ടായിരിക്കാം?

5. തുല്യഅവസരം, അധികാരപങ്കാളിത്തം, പൊതുഇടങ്ങളുമായുള്ള സമ്പർക്ക സന്ദർഭങ്ങൾ എന്നിവയിൽ ലിംഗനീതിയിലധിഷ്ഠിതമായി വിദ്യാലയ പ്രവർത്തനങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് എന്താണ് അഭിപ്രായം? നിർദേശങ്ങൾ ഉണ്ടാകണം.

6. പുസ്തകങ്ങൾ, കലാരൂപങ്ങൾ, അച്ചടി-ദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവയിലൂടെ കുട്ടി പരിചയപ്പെടുന്ന നീതിയുക്തമല്ലാത്ത ഭാഷാപ്രയോഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വളർന്നുവരുന്ന കുട്ടികൾക്ക് മാനവികതയിലൂന്നിയ ഭാഷ സ്വീകരിക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണ്ടേ?

7. വിദ്യാഭ്യാസപുരോഗതി നേടിയിട്ടും സ്ത്രീധനം, പ്രണയകൊലപാതകം പോലുള്ള സാമൂഹികതിന്മകൾ നിലനിൽക്കുന്നത് നമ്മുടെ വിദ്യാഭ്യാസസംവിധാനത്തിന്റെ പരിമിതിയെയാണോ സൂചിപ്പിക്കുന്നത്? ആണെങ്കിൽ ഇത്തരം കാര്യങ്ങൾ പാഠ്യപദ്ധതിയിൽ എങ്ങനെയാണ് പരിഗണിക്കേണ്ടത്?

8. പുതിയ പാഠ്യപദ്ധതിയിൽ ലിംഗനീതി, ലിംഗസമത്വാവബോധം എന്നിവ കുട്ടികളിൽ വികസിപ്പിക്കാൻ നൽകാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?

# 17 സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

1. വിദ്യാഭ്യാസത്തിന്റെ വിഭിന്നതലങ്ങളുടെ ഉന്നമനത്തിന് സാങ്കേതികവിദ്യയുടെ ഉപയോഗവും ഉദ്ഗ്രഥനവും ആവശ്യമാണ്. പഠനത്തെ എളുപ്പമാക്കുന്നതും ഫലപ്രാപ്തി വർധിപ്പിക്കുന്നതും പഠനോൽപ്പന്ന, ഉള്ളടക്ക നിർമാണ ത്തിനുമുള്ള എല്ലാ ഉപാധികളും വിദ്യാഭ്യാസ സാങ്കേതികവിദ്യയിൽ ഉൾപ്പെടും. നവസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനൊപ്പം കൃത്യവും സുതാര്യവുമായ പരിശോധനയും വിലയിരുത്തലും സാധ്യമാകണം. സാങ്കേതികവിദ്യയെ ജനകീയവൽക്കരിക്കുന്നതിനും ഇതിന്റെ ഗുണഫല ങ്ങളെ എല്ലാവരിലേക്കും എത്തിക്കുന്നതിനും കഴിയേണ്ടതില്ലേ?. സാങ്കേതി കവിദ്യ എന്നത് കേവലം ഐ.സി.ടി.യിലേക്ക് പരിമിതപ്പെടുത്തരുത്. വിദ്യാ ഭ്യാസ സാങ്കേതികവിദ്യ (Educational Technology) യെ സമഗ്രമായി കാണ ണം.

2. ഓഗ്മെന്റഡ് റിയാലിറ്റി, വെർചൽ റിയാലിറ്റി അടക്കമുള്ള ഐ.സി.റ്റി സങ്കേ തങ്ങൾ ക്ലാസ്സിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. പഠനാന്തരീക്ഷം സജീവമാക്കു ന്നതിനും സഹകരണാത്മകപഠനം യാഥാർഥ്യമാക്കുന്നതിനും ആകർഷ കമായ പഠനോപകരണങ്ങൾ, പരീക്ഷണസാമഗ്രികൾ, മോഡലുകൾ, ചാർ ട്ടുകൾ, പുസ്തകങ്ങൾ തുടങ്ങിയവയ്ക്ക് പ്രാധാന്യം ഉണ്ട്. ഇന്ദ്രിയാനുഭവ ങ്ങളിലൂടെ പഠനം സാധ്യമാക്കുന്ന ഐ.സി.ടി ഇതര സാങ്കേതികവിദ്യകളുടെ പ്രസക്തി വർധിപ്പിക്കേണ്ടതില്ലേ? ഇവയുടെ സാധ്യത വിപുലമാക്കു ന്നതിനുള്ള നിർദേശങ്ങൾ എന്തെല്ലാം?

3. ഐ.സി.ടി ഒരു പ്രത്യേക വിഷയമായി കുട്ടികൾ പഠിക്കുമ്പോൾത്തന്നെ ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷകൾ തുടങ്ങിയ വിഷയങ്ങളുടെ പാഠ്യപദ്ധതി വിനിമയത്തിലും മൂല്യനിർണയത്തിലും ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. സ്വതന്ത്ര സോഫ്ട്‌വെയറിന്റെ സാമൂഹിക പ്രതിബദ്ധ തയും രാഷ്ട്രീയകാഴ്ചപ്പാടും കുട്ടികളിൽ വളർത്തിയെടുക്കുക എന്നത് ഐ.സി.ടി പഠനത്തിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്. വികേന്ദ്രീകൃത പഠനാനുഭവം, അർഥവത്തായ പങ്കാളിത്തപഠനം, വ്യക്തിപരമായ സവിശേഷതകൾ എന്നിവ പരിഗണിച്ചുകൊണ്ട് എല്ലാ പഠിതാക്കളുടെയും സമഗ്രവികാസം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിൽ സ്വാഭാവികമായി ഉൾപ്പെടേണ്ടതുണ്ട്. കുട്ടിയുടെ സർഗാത്മകത, വിമർശനബുദ്ധി എന്നിവ വികസിപ്പിക്കാനുതകുന്ന രീതിയിൽ അറിവു നിർമ്മാണപ്രക്രിയയിൽ ഐ.സി.ടി എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം?

4. സാങ്കേതികവിദ്യയെ അറിവുനിർമ്മാണപ്രക്രിയയിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നിലവിലെ പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകിയിരിക്കുന്നു. അർഥവത്തായ പഠനസന്ദർഭങ്ങൾ കളികളിലൂടെ ലഭിക്കുന്ന എഡ്യൂടെയിൻമെന്റ് മാതൃകയിൽ ലോവർപ്രൈമറിതലത്തിൽ ഐ.സി.ടി പഠനം നടന്നുകൊണ്ടിരിക്കുന്നു. ഗണിതം, ഭാഷ എന്നിവയിൽ നേടിയ കഴിവുകൾ പരിശീലിക്കുന്നതിനായി ഐ.സി.ടി സഹായത്തോടെ കളികൾ രൂപകൽപ്പന ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

5. അപ്പർ പ്രൈമറി വിഭാഗത്തിൽ പ്രായോഗികതലത്തിൽ ഐ.സി.ടി പഠനം നടത്തുകയും നിരന്തര മൂല്യനിർണയത്തിന് പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. നേരിട്ട് അനുഭവം ലഭിക്കേണ്ട എല്ലാ സാഹചര്യങ്ങളും പ്രയോജനപ്പെടുത്തുകയും അവയെ പ്രബലപ്പെടുത്തുന്നതിനും നേരിട്ട് അനുഭവങ്ങൾ ഒരുക്കാൻ കഴിയാത്ത സാഹചര്യത്തിലും ഐ.സി.ടി സാധ്യത ഉപയോഗിക്കണം. കുട്ടികൾക്ക് രസകരമാകുന്ന വിധത്തിൽ പഠനസന്ദർഭങ്ങൾ ഒരുക്കുന്നതിനുള്ള നിർദേശങ്ങൾ എന്തൊക്കെ?

6. സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ സ്വയംപഠനത്തിനായി ഐ.സി.ടി പ്രയോജനപ്പെടുന്നതിനും ഗ്രാഫിക്ക് ഡിസൈനിങ് സങ്കേതങ്ങൾ, പ്രശ്നനിർധാരണത്തിന് അനുവർത്തിക്കേണ്ട കമ്പ്യൂട്ടർ പ്രോഗ്രാമിങ് രീതികൾ, പങ്കാളിത്ത (collaborative) മാതൃകയിലുള്ള ഉള്ളടക്കനിർമാണം, വിവരശേഖരണം, പങ്കുവയ്ക്കൽ എന്നിവ പരിശീലിക്കുകയും ചെയ്യുന്നു. ഈ അവസരങ്ങൾ ഓരോ കുട്ടിക്കും ലഭ്യമാക്കുന്നതെങ്ങനെ? ശാസ്ത്രം, സാങ്കേതികവിദ്യ, എൻജിനീയറിങ്, ഗണിതം (STEM) എന്നീ വിഷയങ്ങളിൽ പ്രത്യേക കഴിവുകൾ ആർജിക്കുന്നതിന് ഐ.സി.ടി പഠനം ഉപയോഗ പ്രദമാക്കുന്നത് എങ്ങനെ?

7. വളർന്നുവരുന്ന ഐ.സി.ടി സാധ്യതകൾ മുന്നിൽക്കണ്ട് തൊഴിൽ നൈപുണി വികസിപ്പിക്കുന്ന രീതിയിൽ ഹയർ സെക്കണ്ടറി തലത്തിൽ ഐ.സി.ടി പഠനം നടക്കുന്നു. പഠനരീതികൾ കൂടുതൽ പ്രതികരണശേഷിയുള്ളതും പ്രസക്തിയുള്ളതുമായി മാറ്റേണ്ടതുണ്ട്. നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തുന്നതിനായി ഐ.സി.ടി ടെക്സ്റ്റ്ബുക്കുകൾ ഓരോ വർഷവും നവീകരിക്കേണ്ട ആവശ്യകത നിലനിൽക്കുന്നില്ലേ? സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ബോധനശാസ്ത്രരീതികളെ അതിലടങ്ങിയിരിക്കുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും ഉൾക്കൊണ്ട് ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ? അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യക്ക് അനുസൃതമായി പാഠപുസ്തകങ്ങൾ പരിഷ്കരിക്കേണ്ടതെങ്ങനെ?

8. മുതിർന്നവരുടെ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, സ്കൂൾപഠനം തുടങ്ങിയ മേഖലകളിൽ സാങ്കേതികവിദ്യ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഈ മേഖലകളിൽ ഫലപ്രദമായ ഐ.സി.ടി ഉദ്ഗ്രഥിത വിദ്യാഭ്യാസം സാധ്യമാക്കുന്നതെങ്ങനെ? വിവിധതലങ്ങളിൽ സാങ്കേതിക വിദ്യയുടെ ഉചിതമായ ഉപയോഗത്തിനുള്ള മാർഗനിർദേശങ്ങൾ എന്തെല്ലാം? ശൈശവ, സ്കൂൾ, അധ്യാപക, മുതിർന്ന വിദ്യാഭ്യാസതലങ്ങളിൽ ഈ മാർഗനിർദേശങ്ങൾ എങ്ങനെ വ്യത്യസ്തമാകും?

9. വിഭിന്നശേഷിയുള്ള വിദ്യാർഥികൾ, വിദൂരസ്ഥലങ്ങളിലുള്ളവർ, ഗോത്ര മേഖലയിലുള്ളവർ, ഭാഷാന്യൂനപക്ഷങ്ങൾ, പിന്നാക്ക വിഭാഗങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കായുള്ള ടെക്നോളജി എനേബിൾഡ് പഠനപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്. ഇതിനായുള്ള നിർദേശങ്ങൾ എന്തെല്ലാം?

10. സാങ്കേതികസൗകര്യങ്ങളുടെ ലഭ്യതയുടെ വിടവ് കുട്ടികൾക്കിടയിൽ പഠനവിഭവങ്ങളുടെ ഉപയോഗത്തിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കും. എല്ലാ കുട്ടികൾക്കും ടെക്നോളജി എനേബിൾഡ് എഡ്യൂക്കേഷൻ ലഭ്യമാകുന്ന നിലയിലേക്ക് ബോധപൂർവമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. ഡിജിറ്റൽ ഡിവൈഡ് പരമാവധി കുറയ്ക്കുകയോ സീറോ ആക്കുകയോ ചെയ്യേണ്ട തുണ്ട്. ഫലപ്രദമായ ഒരു ലേണിംഗ് മാനേജ്മെന്റ് സംവിധാനം ഉൾപ്പെടുത്തി കസ്റ്റമൈസ് ചെയ്തതും ഒരു മെന്റർ നിയന്ത്രിക്കുന്നതുമായ ഡിജിറ്റൽ ഉപക രണം ഓരോ ക്ലാസ് നിലവാരത്തിലും തയ്യാറാക്കി നല്കുന്നത് പരിഗണി ക്കാവുന്നതല്ലേ? അധ്യാപകർ മുഴുവനായും ഡിജിറ്റൽ ഡിവൈഡിനെ അടിസ്ഥാനമാക്കി സാധ്യമാകുന്ന കുട്ടികളും BYOD (Bring Your Own Device - അവരവർ അവരവരുടെ ഉപകരണങ്ങൾ കൊണ്ടുവരിക) എന്ന രീതിയും മറ്റും ഉപയോഗപെടുത്താമോ?

11. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക്ക് പദ്ധതിയിലൂടെ ക്ലാസ്സ്മുറിയിലെ ഐ.സി.ടി. സൗകര്യങ്ങൾ വർധിച്ചിട്ടുണ്ട്. ഇതോടൊപ്പം വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും മനോഭാവം, സ്കൂൾ സംസ്കാരം എന്നിവ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനത്തിന് അനുഗുണമാക്കേണ്ടതുണ്ട്. ഇതിനായുള്ള നിർദേശങ്ങൾ എന്തൊക്കെ?

12. പാഠ്യപദ്ധതി വിനിമയത്തിന് മാത്രമല്ല മൂല്യനിർണയത്തിനും ആസൂത്രണ ത്തിനും ഭരണനിർവഹണത്തിനുമെല്ലാം സാങ്കേതികവിദ്യ ഉപയോ ഗപ്പെടുത്തുന്നുണ്ട്. സാങ്കേതികവിദ്യയെ യുക്തിസഹവും വിവേകപൂർ ണവുമായി വിദ്യാഭ്യാസരംഗത്ത് പ്രയോജനപ്പെടുത്തുന്നതിന് അന്വേഷ

ണങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. സ്കൂൾ അഡ്മിനിസ്ട്രേഷൻ, ക്ലാസ് റൂം മാനേജ്മെന്റ് എന്നീ മേഖലകളിൽ നൂതന സാങ്കേതികവിദ്യ പ്രയോഗിച്ചു കൊണ്ട് കാര്യക്ഷമമായ പഠനവും മൂല്യനിർണയവും ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ എന്തെല്ലാം?

13. വിദ്യാഭ്യാസ ആസൂത്രണം, ഭരണം, മാനേജ്മെന്റ് എന്നിവ കാര്യക്ഷമമാക്കുക? ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഡിജിറ്റൽ പഠന വിഭവങ്ങൾ, ഇ-പോർട്ട്ഫോളിയോ, ഇ-പ്രൊഫൈലിങ് തുടങ്ങി സമഗ്രമായ സ്റ്റുഡൻറ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സംവിധാനങ്ങൾ ഏകോപിപ്പിക്കാൻ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അക്കാദമിക് റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കുക.

14. പകർച്ചവ്യാധികളുടെയും മഹാമാരികളുടെയും പശ്ചാത്തലത്തിൽ മുഖാമുഖ ബോധനരീതികൾ പ്രാവർത്തികമാകാതിരിക്കുമ്പോൾ സാങ്കേതികവിദ്യ ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രതിസന്ധികളെ മറികടക്കാൻ കഴിഞ്ഞിട്ടുള്ളത്. സങ്കീർണമായ ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതിനും ഒരേ പഠനാശയം വിവിധതലങ്ങളിൽ പരിശീലിച്ച് സ്വയംപഠനത്തിനുള്ള അവസരം ലഭ്യമാക്കുന്നതിനും സാങ്കേതികവിദ്യയുടെ ഉപയോഗം കൊണ്ട് സാധിക്കും. കോവിഡ് മഹാമാരി കാലത്ത് എല്ലാ വിഭാഗം ജനങ്ങളും സാങ്കേതികവിദ്യയെ ആശ്രയിച്ച് ആശയവിനിമയവും പഠനവും നടത്തുന്നതിന് തയാറായി. സാങ്കേതികവിദ്യ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്താം എന്നതിൽ മഹാമാരി കാലത്ത് എടുത്തുപറയാവുന്ന അനുഭവങ്ങൾ ഏതൊക്കെയാണ്? ഈ ഉദാഹരണങ്ങളിൽ നിന്ന് അനുബന്ധ കുറവുകളെയും അപകടങ്ങളെയും പരിഹരിച്ച് സാങ്കേതികവിദ്യയെ എല്ലാ മേഖലകളിലും സമന്വയിപ്പി ക്കുന്നതിനും അതിന്റെ ഉചിതമായ ഉപയോഗത്തിനുള്ള മാർഗനിർദേശങ്ങളും ചട്ടക്കൂടുകളും ഉണ്ടാക്കുന്നതിന് കഴിയുമോ? സ്വയം പഠനത്തിനായി സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

15. വിദ്യാഭ്യാസ സമ്പ്രദായത്തെ അനിവാര്യമായും മാറ്റിമറിക്കാനുതകുന്ന പരിവർത്തനകാരിയായ സാങ്കേതികവിദ്യകൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഇത്തരം സാങ്കേതികവിദ്യകൾക്ക് ഡാറ്റ ഒരു പ്രധാന ഇന്ധ നമാണ്. കൂടാതെ സ്വകാര്യത, നിയമങ്ങൾ, ഡാറ്റ കൈകാര്യം ചെയ്യൽ, ഡാറ്റ സംരക്ഷണം, സൈബർ സെക്യൂരിറ്റി എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരിഗണിച്ചുകൊണ്ട് അവയെക്കുറിച്ചുള്ള അവബോധം വളർത്തേണ്ടത് നിർണായകമാണ്. ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഇ-റിസോഴ്സ് പോർട്ടലുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് കൃത്യമായ ഡേറ്റ പോളിസി വേണ്ടതുണ്ട്. സാങ്കേതികവിദ്യയുടെ

അവസരങ്ങൾ പ്രായോജനപ്പെടുത്തുമ്പോൾത്തന്നെ ഗുണപ്രദമായ സ്ക്രീൻ ടൈം വിനിയോഗത്തിന് വിദ്യാർഥികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഇതിനായുള്ള നിർദേശങ്ങൾ എന്തെല്ലാം?

16. അറിവിന്റെ നിർമ്മാണം, വിതരണം, വിദഗ്ധമായ ഉപയോഗം എന്നിവയിൽ അധിഷ്ഠിതമായ വിജ്ഞാനസമൂഹത്തെ സൃഷ്ടിക്കുന്നതിന് അനുയോജ്യമായ രീതിയിൽ സാങ്കേതികവിദ്യയെ ഉപയോഗപ്പെടുത്തണം. ആഗോള കാഴ്ചപാടിൽ ചിന്തിച്ചുകൊണ്ട് പ്രാദേശിക സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിന് വ്യക്തികളെ പ്രാപ്തരാക്കേണ്ടതുണ്ട്. സംരഭകത്വം, സുസ്ഥിരവികസനം തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ പങ്ക് എന്തായിരിക്കണം?

17. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ചർച്ച ചെയ്യുന്നതോടൊപ്പം പ്രധാനമായും ചർച്ചചെയ്യേണ്ട ഒന്നാണ് കുട്ടിയുടെ ജീവിതപരിസരത്തുനിന്നും ലഭ്യമാകുന്ന വസ്തുക്കളെ പഠനത്തിന് സഹായകമായ ഉപാധികളാക്കി പരിവർത്തിക്കുക എന്നത്. കുട്ടികൾ സ്വാംശീകരിച്ച സിദ്ധാന്തങ്ങൾ പ്രയോഗവൽക്കരിക്കുക എന്നത് പ്രധാനമാണ്. തന്റെ ചുറ്റുപാടുകളിൽ നിന്നും ലഭ്യമാകുന്ന പാഴ്‌വസ്തുക്കൾ എന്നു കരുതുന്ന വസ്തുക്കൾ പ്രയോജനപ്പെടുത്തി പലതും ചെയ്യാൻ കഴിയും. കുട്ടികളുടെ സർഗഭാവനകളെ ഉത്തേജിപ്പിക്കുന്നതും ചിന്താപ്രക്രിയകളെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന വിദ്യാഭ്യാസ സാങ്കേതികവിദ്യാസാധ്യതകളെ പാഠ്യപദ്ധതിയുമായി എങ്ങിനെ ബന്ധിപ്പിക്കാൻ കഴിയും?

# 18 അധ്യാപകവിദ്യാഭ്യാസം

1. വിവിധ തലങ്ങളിലും സന്ദർഭങ്ങളിലും, ഏറെക്കാലമായി നടത്തിവരുന്ന പങ്കാളിത്തപരിശീലന പരിപാടികൾ വഴി അധ്യാപക സമൂഹത്തെ ആശയ പരമായി വളരെയേറെ ശാക്തീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ക്ഷണി ച്ചുവരുത്തപ്പെട്ട ഒരു കേന്ദ്രത്തിൽ പരിശീലകരും പരിശീലിക്കപ്പെടേണ്ടവരും മുഖാമുഖം കൂടിയിരുന്ന് നടത്തപ്പെടുന്ന, ഇത്തരം ആശയവിനിമയ പരി പാടിക്കായിരുന്നു നാം ഇതുവരെ ഊന്നൽ നൽകിയിരുന്നത്. അതുകൊണ്ടു തന്നെ പരിശീലനം എന്നതിന് നാം പൊതുവെ കൽപ്പിക്കുന്ന സമ്പ്രദാ യിക വിവക്ഷയായി മുഖാമുഖ കൂടിയിരിപ്പുകൾ മാറി. പരിശീലനത്തിന്റെ ഈ പരമ്പരാഗത രീതിശാസ്ത്രത്തിലൂടെ സഞ്ചരിച്ചുകൊണ്ടു മാത്രം അധ്യാ പകരുടെയും വിദ്യാലയത്തിന്റെയും മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളെ പൂർണമായും അഭിസംബോധന ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്. ആധു നിക സാങ്കേതികവിദ്യകൾ വികസിച്ചു വന്ന പശ്ചാത്തലത്തിൽ അധ്യാപ കരെ പരിവർത്തിപ്പിക്കാനുള്ള എന്തെല്ലാം സാധ്യതകൾ ഉയർന്നുവന്നിട്ടു ണ്ട്?

2. കുട്ടിയുടെ സമഗ്ര വികാസത്തിനുള്ള സംയോജിത ഇടപെടലാണ് വിദ്യാല യത്തിൽ സംഭവിക്കേണ്ടത് എന്നിരിക്കെ അധ്യാപകരെ വ്യക്തിപരമായി ശാക്തീകരിച്ചുകൊണ്ടു മാത്രം മാനവികവും ഫലപ്രദവുമായ വിദ്യാലയപ രിവർത്തനം സാധ്യമാകുമോ? നിർദേശങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. നില വിലുള്ള പാഠ്യപദ്ധതി സാർഥകവും കാര്യക്ഷമവുമാകുംവിധം ക്ലാസ്മുറി യിൽ വിനിമയം ചെയ്യുന്നതിനും നിരന്തരവും കാലാനുസൃതവുമായ സ്വയം നവീകരണപ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിനും അധ്യാപകർക്ക് കഴി യേണ്ടതുണ്ട്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ കൈവ രിക്കുന്നതിനനുഗുണമായ ബോധനരീതികൾ വികസിപ്പിച്ചെടുക്കുകയും അവ ഫലപ്രദമായി പ്രയോഗിക്കുന്നതിനുള്ള പഠനതന്ത്രങ്ങളും പഠനോ പാധികളും രൂപീകരിക്കലും ഇതിന്റെ ഭാഗമാണ്. ഈ ലക്ഷ്യങ്ങൾ നിറവേ റ്റുന്നതിനുള്ള കഴിവും കാഴ്ചപ്പാടും മനോഭാവവും മൂല്യബോധവും കൈവ രിക്കാൻ നിലവിലെ അധ്യാപകവിദ്യാഭ്യാസത്തിലൂടെ കഴിയുന്നുണ്ടോ?

3. സ്വന്തം വിദ്യാലയത്തിന്റെയും ക്ലാസ്മുറിയിലെ ഓരോ കുട്ടിയുടെയും സവി ശേഷ സാഹചര്യങ്ങളും ആവശ്യകതയും പരിഗണിച്ചുകൊണ്ടുള്ള ബോധ

നവഴികൾ സ്വീകരിക്കാൻ കഴിയുമ്പോഴാണ് അധ്യാപകർ തൊഴിൽപരമായി മെച്ചപ്പെടുന്നത്, വികാസം പ്രാപിക്കുന്നത്.

i അധ്യാപകരുടെ തൊഴിൽപരമായ വികാസം ഉറപ്പിക്കാൻ കഴിയുംവിധം പൂർവകാല അധ്യാപകവിദ്യാഭ്യാസവും സേവനകാല അധ്യാപകവിദ്യാഭ്യാസവും ഘടനാപരമായും ഉള്ളടക്കപരമായും എങ്ങനെയൊക്കെയാണ് നവീകരിക്കപ്പെടേണ്ടത്?

ii കേരളത്തിലെ നിലവിലുള്ള അധ്യാപകവിദ്യാഭ്യാസ സംവിധാനങ്ങളും ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകളും അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപീകരണവേളയിൽ ഏതുവിധത്തിലാണ് പരിഗണിക്കേണ്ടത്?

4. രാജ്യത്തെ ടീച്ചർ എജ്യൂക്കേഷൻ, പരമ്പരാഗത കോളേജുകളിൽ നിന്ന് സംയോജിത അധ്യാപക വിദ്യാഭ്യാസ പരിപാടികൾ (Integrated Teacher Education Programmes) വാഗ്ദാനം ചെയ്യുന്ന മൾട്ടി ഡിസിപ്ലിനറി സമ്പ്രദായത്തിലേക്ക് നീങ്ങുകയാണ്. അധ്യാപകവിദ്യാഭ്യാസം എന്നത് ദേശീയ തലത്തിലുള്ള നോഡൽ ഏജൻസി വഴി നിയന്ത്രിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു മേഖലയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് സംയോജിത അധ്യാപക വിദ്യാഭ്യാസം നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ കഴിയുക?

5. സമഗ്രമായതും അനുഭവാധിഷ്ഠിതവും വഴക്കമുള്ളതും അന്വേഷണാത്മകവും സംവാദാത്മകവുമായ പഠനബോധനരീതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള അധ്യാപകർക്ക് ഏറ്റവും ഉചിതമായ വിദ്യാഭ്യാസം തന്നെ ലഭിക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന മേഖലകളിലും അഭിപ്രായം ഉണ്ടാകണം.

i ഈയർഥത്തിൽ നിലവിലുള്ള അധ്യാപകവിദ്യാഭ്യാസം സമം അധ്യാപകപരിശീലനം എന്ന കാഴ്ചപ്പാട് എത്രത്തോളം ഉചിതമാണ്?

ii നിലവിലുള്ള അധ്യാപക പരിശീലനപരിപാടികളുടെ പോരായ്മകൾ എന്തെല്ലാമാണ്? ഈ പോരായ്മകൾ എങ്ങനെ മറികടക്കാം?

iii സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി.യുടെയും ജില്ലാതലത്തിൽ ഡയറ്റുകളുടേയും നേതൃത്വത്തിൽ, ബി.ആർ.സി., ഡി.ആർ.സി. സംവിധാനങ്ങളെ കൃത്യമായ ചുമതലാവിഭജനത്തിലൂടെ ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായ അധ്യാപകവിദ്യാഭ്യാസ പദ്ധതികൾ എങ്ങനെയൊക്കെ ആവിഷ്കരിക്കാൻ കഴിയും?

iv കുട്ടികളുടെ പഠനത്തിൽ വിദ്യാഭ്യാസമനശ്ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും ധാരണകളും ഉപയോഗപ്പെടുത്തുമ്പോൾ തന്നെ സാമൂഹികവും സാംസ്കാരികവുമായ ധാരകളുടെ പ്രസക്തി വേണ്ടവിധത്തിൽ പരിഗണിക്കാൻ കഴിയുന്നുണ്ടോ?

v അധ്യാപക വിദ്യാഭ്യാസത്തിൽ സാമൂഹ്യജ്ഞാനനിർമിതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിൽ എന്തൊക്കെയാണ് പ്രതിസന്ധികളുള്ളത്?

vi കുട്ടികളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവർ അനുഭവിക്കുന്ന പഠന പ്രശ്നങ്ങൾ തിരിച്ചറിയാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട്?

vii വിദ്യാലയത്തെ കാലോചിതമായി നവീകരിക്കാൻ അധ്യാപകർ ഏതെല്ലാം തരത്തിൽ മാറേണ്ടതുണ്ട്?

viii അധ്യാപനത്തെ സർഗാത്മകമാക്കാനും അനുകൂല മനോഭാവം വികസിപ്പിക്കാനും അധ്യാപക വിദ്യാഭ്യാസത്തെ എപ്രകാരം പ്രയോജനപ്പെടുത്താം?

ix വിദ്യാഭ്യാസ, ശാസ്ത്ര, സാമൂഹ്യ, സർഗാത്മക മേഖലകളിൽ പ്രവർത്തിക്കുന്ന ഗവേഷണസ്ഥാപനങ്ങളുടെ സഹായങ്ങൾ അധ്യാപക പരിവർത്തന ശ്രമങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതല്ലേ?

x വൈകാരികവും ശാരീരികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്താനും ശരിയായി മനസ്സിലാക്കാനും സഹായകമായ തരത്തിൽ അധ്യാപക പരിവർത്തന പദ്ധതിയുടെ ഉള്ളടക്കം എപ്രകാരം മാറ്റിപ്പണിയേണ്ടതുണ്ട്?

xi അധ്യാപകരുടെ മാനസികാരോഗ്യവും സംതൃപ്തിയും വളർത്തുന്നതിന് ആവശ്യമായ പ്രക്രിയകൾ അധ്യാപക പരിശീലനത്തിൽ എങ്ങനെയെല്ലാം ഉൾപ്പെടുത്താം?

xii അധ്യാപകരുടെ സാമൂഹിക ഇടപെടലുകൾ, നൈപുണികൾ, എന്നിവ വികസിപ്പിക്കുന്നതിനുള്ള അനുഭവങ്ങൾ അധ്യാപക വിദ്യാഭ്യാസത്തിൽ ഏതെല്ലാം തരത്തിൽ ഉൾപ്പെടുത്താൻ കഴിയും?

xiii പൂർവകാല അധ്യാപകവിദ്യാഭ്യാസം നിലവിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്?

xiv നിലവിലുള്ള സ്കൂൾ പ്രവർത്തനങ്ങൾക്കും പാഠ്യക്രമത്തിനും അനുപൂരകമായാണോ പൂർവകാല അധ്യാപകവിദ്യാഭ്യാസം വിഭാവനം ചെയ്തിരിക്കുന്നത്?

xv പൂർവകാല അധ്യാപക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ എന്തൊക്കെ പരിവർത്തനങ്ങളാണ് ആവശ്യമായിട്ടുള്ളത്?

# 19 ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ

1. പഠനത്തിന്റെയും ജീവിതത്തിന്റെയും വിവിധഘട്ടങ്ങളിൽ ഒരു വിദ്യാർഥിക്ക് നൽകുന്ന പിന്തുണയും മാർഗനിർദേശവുമാണ് ഗൈഡൻസ്. വ്യക്തിപരമോ സാമൂഹികമോ ആയ വെല്ലുവിളികൾ സ്വയം മറികടക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന പ്രക്രിയയാണ് കൗൺസിലിംഗ്.

2. സ്കൂളുകളിൽ നടത്തുന്ന കൗൺസിലിംഗിനെപ്പറ്റി പല തെറ്റിദ്ധാരണകളും പൊതുസമൂഹത്തിലുണ്ട്. കുഴപ്പക്കാരായ കുട്ടികളെ നന്നാക്കിയെടുക്കാനുള്ള താണ് കൗൺസിലിങ്, മാനസികപ്രശ്നം അനുഭവിക്കുന്നവർക്കു മാത്രമുള്ള താണ് കൗൺസിലിങ്, ഉപദേശങ്ങളിലൂടെ നല്ല സ്വഭാവം ഉണ്ടാക്കുന്നതാണ് കൗൺസിലിങ്, മോട്ടിവേഷൻ പ്രോഗ്രാമുകളാണ് കൗൺസിലിങ് എന്നിങ്ങനെ പോകും ഈ തെറ്റിദ്ധാരണകൾ. അതൊന്നും വാസ്തവമല്ല. പരിശീലനം നേടിയവർ നൽകുന്ന, വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ സേവനങ്ങളാണ് ഗൈഡൻസും കൗൺസിലിങ്ങും. വിദ്യാർഥിയുടെ സർവതോമുഖമായ വികാസത്തിന് സഹായിക്കുന്നവയാണ് ഗൈഡൻസും കൗൺസിലിങ്ങും. അതുകൊണ്ടുതന്നെ വിദ്യാർഥികൾക്ക് ഗൈഡൻസ് കൗൺസിലിങ് സേവനങ്ങൾ ലഭ്യമാക്കുക എന്നത് സ്കൂളിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. വിദ്യാർഥികളുടെ അക്കാദമിക്, കരിയർ, വ്യക്തിപരവും സാമൂഹ്യപരവും എന്നീ മേഖലകളിലുള്ള ആവശ്യങ്ങളും ആശങ്കകളുമാണ് ഗൈഡൻസ് കൗൺസിലിങ് സേവനങ്ങൾക്ക് വിഷയമാകുന്നത്.

3. 2019-ൽ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്ന ഒരു ഗവേഷണത്തിൽ കണ്ടെത്തിയതുപ്രകാരം കേരളത്തിലെ ഹൈസ്കൂൾ വിദ്യാർഥികളിൽ 10 ശതമാനം പേർ വൈകാരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കോവിഡിന്റെ സമയത്ത് നടത്തിയ മറ്റൊരു പഠനപ്രകാരം, ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർഥികളിൽ 11.6% പേർക്ക് ഗണ്യമായ അളവിൽ ഉത്കണ്ഠയും 23.4% പേർക്ക് ഗണ്യമായ അളവിൽ വിഷാദപ്രവണതയും ഉണ്ടായിരുന്നു. കോവിഡ് കാലഘട്ട ത്തിനുശേഷം വിദ്യാർഥികളിൽ മൊബൈൽ- ഇൻറർനെറ്റ് അമിതോപയോഗം ഉണ്ടായിട്ടുണ്ട് എന്ന പൊതുനിരീക്ഷണവും ഉണ്ട്. ഇതൊക്കെക്കൊണ്ടാവാം കൗൺസിലിങ് സേവനങ്ങളുടെ ആവശ്യക്കാരുടെ എണ്ണം ഇക്കാലത്ത് ഉയർന്നിട്ടുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ ഗൈഡൻസിന്റെയും കൗൺസ ലിംഗിന്റെയും പ്രസക്തി എന്താണ്?

4. സ്കൂൾ കൗൺസിലിങ്ങിൽ സാധാരണയായി ഉപയോഗിക്കുന്നത് ഒരു 'വികാസ -പ്രതിരോധ ചട്ടക്കൂട്' ആണ്. ഓരോ പ്രായത്തിലും കുട്ടികളിൽ ഉണ്ടാകേണ്ട ശാരീരികവും മാനസികവും സാമൂഹികവുമായ ചില മാറ്റങ്ങളുണ്ട്. കുട്ടികളുടെ സ്വാഭാവിക വികാസപ്രക്രിയയുടെ ഭാഗമാണ് ഇവ. വികാസത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടികൾക്ക് ചില വെല്ലുവിളികൾ നേരിടേണ്ടതായും വരും. ഉദാഹരണത്തിന് ആദ്യമായി സ്കൂളിലെത്തുന്ന കുട്ടി വീട്ടിൽ നിന്ന് മാറിനിൽക്കാൻ ശീലിക്കണം, സ്കൂൾ അന്തരീക്ഷത്തോട് പൊരുത്തപ്പെടണം, സ്കൂളിലെ പഠനപ്രക്രിയ പരിശീലിക്കണം. പ്രായം മാറുന്തോറും ആവശ്യങ്ങളും വെല്ലുവിളികളും മാറും. ഇങ്ങനെ ഓരോ വികാസഘട്ടത്തിലും ഉണ്ടാകുന്ന ആവശ്യങ്ങളെ നേടിയെടുക്കുകയും വെല്ലുവിളികളെ പരിഹരിക്കുകയും ചെയ്യാൻ വിദ്യാർഥികളെ പ്രാപ്തരാക്കണം. ചില വിദ്യാർഥികളിലെങ്കിലും വികാസഘട്ടങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകാം. ആ പ്രശ്നങ്ങളെ മുൻകൂട്ടി പ്രതിരോധിക്കാൻ വേണ്ട പ്രവർത്തന പരിപാടികൾ സ്കൂൾ നടപ്പാക്കണം. ഇതിന് ഉതകുന്ന രീതിയിൽ ആണ് വികാസ-പ്രതിരോധ ചട്ടക്കൂട് പ്രവർത്തിക്കുന്നത്.

5. സ്കൂളുകളിൽ ഗൈഡൻസ് കൗൺസിലിങ് സേവനങ്ങൾ വിദ്യാർഥികൾക്ക് രണ്ടുതരത്തിൽ ലഭ്യമാകാറുണ്ട്. ഒന്ന്, അധ്യാപകർ തന്നെ വിദ്യാർഥികൾക്ക് ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്ന രീതിയാണ്. രണ്ട്, പ്രത്യേകം നിയമിക്കപ്പെടുന്ന കൗൺസിലർമാർ വഴി കൂടുതൽ വിശദമായി ഇത്തരം സേവനങ്ങൾ നൽകുന്ന രീതി. ഇങ്ങനെ പ്രത്യേകം നിയമിക്കപ്പെട്ട കൗൺസിലർമാരുടെ സേവനം കേരളത്തിൽ നല്ലൊരു പങ്ക് സെക്കന്ററി സ്കൂളുകളിലും ഇപ്പോൾ ലഭ്യമാണ്. ഇത്തരമൊരു സംവിധാനത്തിൽ ഒരു 'ത്രിതല സമീപന'മാണ് സ്വീകരിക്കുന്നത്. ഇതിൽ ആദ്യത്തെ തലത്തിലുള്ളത് 'സാർവത്രികമായ ഇടപെട'ലുകളാണ്. വിദ്യാർഥികളുടെ സർവതോമുഖമായ വികാസവും സുസ്ഥിതിയും ജീവിതനൈപുണികളും ലക്ഷ്യമാക്കി എല്ലാ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും നൽകുന്ന പരിശീലനങ്ങൾ ആണ് സാർവത്രികമായ ഇടപെടലുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം ഇടപെടലുകളോട് പ്രതികരിക്കാത്തവരോ ദൗർബല്യസാധ്യതയുള്ളവരോ ആയ വിദ്യാർഥികളെ ഉദ്ദേശിച്ച് 'സവിശേഷമായ ഇടപെടലുകൾ' നടത്തുന്നു. ആവശ്യമുള്ള മേഖലകളിൽ നടത്തുന്ന പരിശീലനങ്ങളും ശാക്തീകരണങ്ങളും വഴിയാണ് ഇത്തരം ഇടപെടലുകൾ നടത്തുന്നത്. ഇതൊക്കെ നടത്തിയാലും ചില കുട്ടികളിൽ ചെറുതോ വലുതോ ആയ മാനസികാരോഗ്യബുദ്ധിമുട്ടുകൾ പ്രത്യക്ഷ

പ്പെട്ടേക്കാം. അവർക്ക് ദീർഘകാലത്തേക്കുള്ള സേവനം വേണ്ടിവന്നേക്കാം. ചിലരെ റഫർ ചെയ്യേണ്ടതായും വരാം. ഇതിനുള്ള സംവിധാനങ്ങളെ 'ആഴത്തിലുള്ള/അടിയന്തര ഇടപെടലുകൾ' എന്നു പറയുന്നു.

ഇത്തരമൊരു സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുമ്പോൾ ചില മേഖലകളിൽ ശ്രദ്ധ പതിയേണ്ടതുണ്ട്. ഏതെല്ലാം മേഖലകളിലാണ് ഇങ്ങനെ ശ്രദ്ധപതിയേണ്ടത്.

6. താഴെ പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്.

    1. പ്രാഥമികമായി, കേരളത്തിൽ സ്കൂൾ കൗൺസിലിങ്ങിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ഏജൻസികളുടെ ഏകോപനം നിർബന്ധമായും നടക്കണം. ഇതിനുള്ള സംവിധാനം ഉറപ്പാക്കണം. എങ്ങനെയാണ് ഇത് സാധ്യമാക്കേണ്ടത്?

    2. സ്കൂൾ കൗൺസിലിങ്ങിന്റെ പ്രക്രിയയും ഫലപ്രാപ്തിയും ഗവേഷണ പഠനങ്ങൾക്ക് വിധേയമാക്കണം. ഇതിനായി എന്ത് സംവിധാനങ്ങളാണ് ഒരുക്കേണ്ടത്?

    3. വിദ്യാർഥികളിൽ പ്രായത്തിന് അനുസരിച്ച് മനോ-സാമൂഹിക-വൈകാരികശേഷികൾ വികസിക്കേണ്ടതുണ്ട്. അതിനുതകുംവിധം അവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച നിർദേശങ്ങൾ എന്തെല്ലാം?

    4. അധ്യാപകപരിശീലനത്തിന്റെ പാഠ്യപദ്ധതിയിൽ വികാസമനശ്ശാസ്ത്രം പരിമിതമായ അളവിലേ ഉള്ളൂ. ഓരോ പ്രായത്തിലുമുള്ള വിദ്യാർഥികളെ മനസ്സിലാക്കാൻ അധ്യാപകർ വികാസമനശ്ശാസ്ത്രം കൂടുതലായി പഠിക്കേണ്ടതുണ്ട്. ത്വരിതഗതിയിൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയകാലത്ത് പ്രത്യേകിച്ചും അവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എങ്ങനെയാകണം ഇത്?

    5. സ്കൂൾ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിലർമാർക്ക് പരിശീലനവും പിന്തുണാസംവിധാനവും ലഭ്യമാക്കേണ്ടതുണ്ട്. എന്ത് സംവിധാനമാണ് ഇതിനാവശ്യം?

    6. പുതിയകാലത്തിന്റെ സവിശേഷതകൾ വിദ്യാർഥികളിൽ ഉണ്ടാക്കുന്ന സമ്മർദവും പിരിമുറുക്കവും കുറയ്ക്കാനും ആധുനിക സാങ്കേതികോപകരണങ്ങളുടെ ഉപയോഗം ഗുണപരമാക്കാനും പ്രായോഗികപദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. നിർദേശങ്ങൾ എന്തെല്ലാമാണ്?

7. ഭിന്നശേഷിക്കാർ, ആദിവാസി-പിന്നാക്ക വിഭാഗക്കാർ തുടങ്ങി സവിഷേഷ പിന്തുണ ആവശ്യമുള്ള വിദ്യാർഥികൾക്ക് ഫലപ്രദമായ മനോ-സാമൂഹിക പിന്തുണാ സംവിധാനം എങ്ങനെ ഉറപ്പാക്കാം?

8. മുതിർന്ന ക്ലാസുകളിലേക്ക് എത്തുന്തോറും കുട്ടികൾക്ക് കരിയർ ഓറിയന്റേഷനും കരിയർ ഗൈഡൻസും നൽകുന്ന കാര്യത്തിൽ നയരൂപീകരണം നടത്തേണ്ടതുണ്ട്. ഇതിനായുള്ള ഒരു പ്രവർത്തന പദ്ധതി നിർദേശിക്കാമോ?

7. താഴെപ്പറയുന്ന കാര്യങ്ങൾ കുട്ടികളിൽ നിന്നും അറിയുന്നത് ഉചിതമാകും.

- സ്കൂളിലെ പഠനവുമായി ബന്ധപ്പെട്ട് എപ്പോഴെങ്കിലും അധികസഹായം വേണം എന്ന് തോന്നിയിട്ടുണ്ടോ?
- പഠനം അല്ലാതെ നിങ്ങളുടെ ജീവിതത്തിന്റെ മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകളുമായി ബന്ധപ്പെട്ട് മറ്റൊരാളുടെ സഹായം വേണം എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?
- അത്തരം സഹായം ആരിൽ നിന്നെങ്കിലും ലഭിക്കാറുണ്ടോ? ഉണ്ടെങ്കിൽ ആരിൽ നിന്നാണ്?
- രക്ഷിതാക്കളുടെയും അധ്യാപകരുടെയും നിങ്ങളോടുള്ള ഇടപെടലിൽ മാറ്റംവരണമെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത് തരം മാറ്റമാണു നിങ്ങൾ ആഗ്രഹിക്കുന്നത്?

8. ചുവടെ കൊടുക്കുന്ന കാര്യങ്ങളിൽ മാതാപിതാക്കളുടെ അഭിപ്രായം ആവശ്യമാണ്.

- നിങ്ങളുടെ കുട്ടിക്കോ സ്കൂളിലെ മറ്റേതെങ്കിലും കുട്ടിക്കോ ഏതെങ്കിലും ഘട്ടത്തിൽ കൗൺസിലിങ് ആവശ്യമുണ്ട് എന്ന് തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തായിരുന്നു സാഹചര്യം?
- ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സഹായം ഉപയോഗപ്പെടുത്തുന്നതിൽ എന്തെങ്കിലും തരത്തിലുള്ള വൈമുഖ്യം എപ്പോഴെങ്കിലും അനുഭവപ്പെട്ടിട്ടുണ്ടോ? വിശദമാക്കാമോ?
- മക്കളെ വളർത്തുന്നതുമായി ബന്ധപ്പെട്ട ഏതെല്ലാം കാര്യങ്ങളിൽ കൂടുതൽ കാര്യങ്ങൾ അറിയേണ്ടതുണ്ട്?
- സ്കൂളുകളിൽ നിലവിലുള്ള കൗൺസിലിങ് സംവിധാനത്തിൽ എന്തു മാറ്റം വരണം എന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

9. അധ്യാപകരിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം.

- പുതിയ കാലത്തെ വിദ്യാർഥികളെയും അവരുടെ പ്രശ്നങ്ങളെയും മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോ?
- അത്തരമൊരു ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് പുതിയ സംവിധാനം/ മാറ്റം ആണ് നിർദേശിക്കുന്നത്?
- സ്കൂളുകളിൽ നിലവിലുള്ള കൗൺസിലിങ് സംവിധാനത്തിൽ എന്തു മാറ്റമാണ് നിർദേശിക്കുന്നത്?
- കേരളത്തിലെ യൂണിവേഴ്സിറ്റികളും സർക്കാർ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളും ഗൈഡൻസ് ആൻഡ് കൗൺസിലിംഗിൽ തുടർ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ടോ?എങ്ങനൊയെക്കെ?

10 കൗൺസിലർമാരുടെ അഭിപ്രായങ്ങളും പ്രധാനമാണ്. ചുവടെ നൽകിയ മേഖലകളിൽ അവരുടെ അഭിപ്രായം തേടാവുന്നതാണ്.

- സ്കൂളുകളിൽ നിലവിലുള്ള കൗൺസിലിങ് സംവിധാനത്തിൽ കാണുന്ന പോരായ്മകൾ എന്തെല്ലാമാണ്?
- വ്യത്യസ്ത ഏജൻസികൾ നിയമിക്കുന്ന കൗൺസിലേഴ്സ് ഒരു കുടക്കീഴിലേക്ക് മാറുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിവരും?
- വ്യത്യസ്ത യോഗ്യതകളും മാനദണ്ഡങ്ങളും ഉള്ള കൗൺസലേഴ്സിന്റെ യോഗ്യതകളും മാനദണ്ഡങ്ങളും ഏകീകരിക്കേണ്ടതുണ്ടോ? എന്തുകൊണ്ട്?
- സ്കൂളുകളിൽ നിലവിലുള്ള കൗൺസിലിങ് സംവിധാനത്തിൽ എന്തു മാറ്റമാണ് നിങ്ങൾ നിർദേശിക്കുന്നത്?

# 20 സ്കൂൾഭരണവും നേതൃത്വവും

1. വിദ്യാഭ്യാസ വ്യാപനത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. മഹാഭൂരിപക്ഷം വിദ്യാർഥികൾക്കും നടന്നെത്താവുന്ന ദൂരത്തിൽ നമ്മുടെ നാട്ടിൽ വിദ്യാലയങ്ങളുണ്ട്. സാർവത്രികമായ പ്രവേശനവും വിദ്യാലയത്തിലെത്തുന്നവരെ നിലനിർത്തുന്നതിലും നാം കൈവരിച്ച ഗുണപരമായ മികവ് ശ്രദ്ധേയമാണ്. ഒരു ക്ലാസിന് ഒരു അധ്യാപിക എന്ന സംവിധാനം സംസ്ഥാനത്ത് പ്രൈമറിതലത്തിൽ നിലവിലുണ്ട്, എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള ശ്രമങ്ങൾ ഇതിനകം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

2. പൊതുവിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വലിയതോതിൽ മെച്ചപ്പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു മുന്നോട്ടുപോകുവാൻ വിദ്യാലയങ്ങൾക്ക് കഴിയുന്നുണ്ടെങ്കിലും സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് ഏറ്റവും മികച്ച അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് കഴിയണം. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ആവശ്യമായ വിധത്തിൽ സ്കൂളുകളുടെ ഭരണപരമായ നേതൃത്വമികവിനെ ലക്ഷ്യംവയ്ക്കുവാൻ നമുക്കാകണം. ഒരു പഠനസമൂഹത്തിന് സ്വന്തം പ്രവർത്തനങ്ങളിൽ കൂടുതൽ മികവും സമൂഹത്തിൽ കൂടുതൽ സ്വാധീനവും ഉണ്ടാകണമെങ്കിൽ മികച്ച ഭരണസംവിധാനവും നേതൃത്വവും ആവശ്യമാണ്. ഇതിൽ സ്ഥാപനമേധാവി, അധ്യാപകർ തുടങ്ങിയവർക്ക് വ്യത്യസ്തമായ ഉത്തരവാദിത്വം നിർവഹിക്കാനുണ്ട്. അതോടൊപ്പം വിദ്യാർഥികളെയും രക്ഷിതാക്കളെയും സമൂഹത്തെയും സ്കൂൾ ഭരണസംവിധാനത്തിന്റെ നേതൃത്വപദവിയിലേക്ക് ഉൾപ്പെടുത്തുകയും ചെയ്യേണ്ടതല്ലേ? നിർദേശങ്ങൾ.

3. ഒരേസമയം വിദ്യാലയത്തിന്റെ ഭരണപരവും അക്കാദമികവുമായ നേതൃത്വം വഹിക്കേണ്ടവരാണ് സ്ഥാപനമേധാവികൾ. പ്രഥമാധ്യാപക നിയമനം ഭൂരിപക്ഷം വിദ്യാലയങ്ങളിലും സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ് നൽകുന്നത്. സ്കൂൾ പ്രവർത്തനങ്ങളിൽ എല്ലാവരെയും കൂട്ടിയോജിപ്പിച്ച് മുന്നോട്ട് നയിക്കുന്നതിന് വിദ്യാലയ മേലധികാരിക്ക് കഴിയണം. സാമൂഹിക വിദ്യാഭ്യാസ സാഹചര്യങ്ങളിലും പരിസ്ഥിതിയിലും സമീപകാലത്തുണ്ടായ മാറ്റങ്ങൾ മുൻകാലങ്ങളെക്കാൾ വർധിച്ച ഉത്തരവാദിത്വങ്ങൾ അവർക്ക് നൽകുന്നുണ്ട്. നവകേരള സൃഷ്ടി, സുസ്ഥിര വികസനം, ശാസ്ത്ര-സാങ്കേതിക വികസനം, ജ്ഞാനസമൂഹമെന്ന കാഴ്ചപ്പാട് എന്നിവയ്ക്കനുസരിച്ച് സമൂഹത്തെയും സ്ഥാപനത്തെയും ഏകോപിപ്പിക്കുക, പ്രാദേശിക സർക്കാരുകൾ

അടക്കമുള്ള വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകുക, ജനകീയവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘാടകരാവുക ഇങ്ങനെ വൈവിധ്യമാർന്ന പങ്ക് ഇന്ന് ഒരു വിദ്യാലയ മേധാവിക്ക് നിർവഹിക്കാനുണ്ട്. വ്യത്യസ്ത കാരണങ്ങളാൽ ഈ ദൗത്യങ്ങൾ ഒരുപോലെ വിജയിപ്പിക്കുന്നതിന് എല്ലാവർക്കും കഴിയുന്നില്ല. ഇത് വിദ്യാലയപ്രവർത്തനങ്ങളെ സ്വാധീനിക്കുന്നു. നിരന്തര ശാക്തീകരണവും പിന്തുണയും ഉറപ്പാക്കി മാത്രമേ ഇത് പരിഹരിക്കുവാൻ കഴിയൂ.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മെച്ചപ്പെടലിന് ജനകീയ ഇടപെടലുകൾ ഫലപ്രദമാകുമെന്ന് തെളിയിച്ച സംസ്ഥാനമാണ് കേരളം. ഇതിന് അടിവരയിടുന്ന പ്രവർത്തനമായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്ന ജനകീയമുന്നേറ്റവും തുടർന്നു നടന്നുവരുന്ന വിദ്യാകിരണം പദ്ധതിയും. സ്കൂളുകളെ പൊതു ഇടമായി വളർത്തി മാത്രമേ സാമൂഹിക പങ്കാളിത്തം സർഗാത്മകമായി ഉപയോഗപ്പെടുത്താൻ കഴിയു. നിലവിലുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി.ടി.എ.കൾ, ക്ലാസ് പി ടി എ, പൂർവാധ്യാപക-പൂർവവിദ്യാർഥി സംഘടനകൾ, സ്കൂൾ വികസന സമിതികൾ എന്നിവയുടെ സഹായവും പിന്തുണയും എല്ലാ വിദ്യാലയങ്ങൾക്കും ഉറപ്പാക്കുന്നതിന് കഴിയണം. സ്കൂളിന് സമൂഹത്തിന്റെ പ്രയോജനം കിട്ടുന്നതുപോലെതന്നെ സ്കൂളിനെ സമൂഹത്തിന് പ്രയോജനപ്പെടുത്തുവാനും കഴിയേണ്ടതല്ലേ? അതെങ്ങനെയാകണം?

5. പഞ്ചായത്തിരാജ് - നഗരപാലിക നിയമമനുസരിച്ച് കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്താനുള്ള സാധ്യത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുമുണ്ട്. ഇത് വ്യത്യസ്തമായ രീതിയിലാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർവഹിച്ചുപോരുന്നത്. എല്ലാ വിദ്യാലയങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഗുണപരമായ ഇടപെടലുകൾ നടക്കുന്നുണ്ടോ? പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ഉത്തരവാദിത്വങ്ങൾ എറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും?

6. ഓരോ വിദ്യാലയത്തിന്റെയും സമഗ്രവികസനം ലക്ഷ്യംവെച്ചുള്ള പ്രവർത്തനങ്ങൾക്ക് വിദ്യാലയ നേതൃത്വവും പ്രാദേശിക സർക്കാരുകളും പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ലേ? പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളും വാർഡ് വിദ്യാഭ്യാസ സമിതികളും ശക്തിപ്പെടുത്തിക്കൊണ്ട് പൊതുവിദ്യാലയങ്ങളുടെ ഗുണപരമായ ഉയർച്ചയ്ക്ക് വിദ്യാലയ നേതൃത്വത്തെ സഹായിക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയേണ്ടതല്ലേ? എന്തെല്ലാമാണ് സാധ്യതകൾ?

7. അതോടൊപ്പം താഴെപ്പറയുന്നവ കൂടി പരിഗണിക്കേണ്ടതുണ്ട്.

i അധ്യാപകരിൽ സീനിയറായവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനു മുമ്പു തന്നെ ഹ്രസ്വകാല മാനേജ്മെന്റ് കോഴ്സ്/പ്രായോഗികപരിശീലനം നൽകാൻ ശ്രമിക്കാവുന്നതല്ലേ? എന്താണതിനുവേണ്ട സംവിധാനം?

ii അധ്യാപകപരിശീലനം പോലെ അക്കാദമികാസൂത്രണത്തിലും വിദ്യാലയത്തിന്റെ മറ്റുകാര്യങ്ങളിലും പരിശീലനങ്ങൾ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. ഇത് ഫലപ്രദമാകുമോ? എന്താണഭിപ്രായം?

iii സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുന്നതിൽ സ്ഥാപന മേലധികാരികൾ, ഉദ്യോഗസ്ഥ സംവിധാനം എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാവേണ്ടത്?

iv സ്കൂൾ ഭരണനിർവഹണത്തിൽ വിദ്യാർഥികളെയും രക്ഷിതാക്കളെയും എങ്ങനെ ഉൾപ്പെടുത്താം? കുട്ടികളുടെ നേതൃത്വപരമായ പങ്ക് വികസിപ്പിക്കുന്നതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിദ്യാലയത്തിൽ ഒരുക്കാൻ കഴിയുക? സ്കൂൾ പാർലമെന്റിനെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താം?

v സ്കൂളിന്റെ ഗുണപരമായ വികസനം ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ സർഗാത്മകമായ ഇടപെടലുകൾക്ക് ഏതെല്ലാം തലങ്ങളിൽ സാധ്യതകളുണ്ട് ?

vi ജനകീയ സമിതികളെ ശക്തിപ്പെടുത്തി സ്കൂൾ ഭരണനിർവഹണത്തിൽ വൈവിധ്യമായ ഇടപെടലുകൾ നടത്തുവാൻ എങ്ങനെ കഴിയും ?

vii മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ വളർത്തുവാൻ ഭരണപരമായ മറ്റെന്തെല്ലാം മാറ്റങ്ങൾ നിർദേശിക്കാനുണ്ട് ?

viii ബി.ആർ.സി, സി.ആർ.സി സംവിധാനങ്ങളെ വിദ്യാലയ ഗുണനിലവാര പ്രവർത്തനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താം?

ix നൂതനാശയങ്ങളെയും ഗവേഷണാത്മക പ്രവർത്തനങ്ങളെയും സ്വീകരിക്കാനുള്ള സന്നദ്ധത സ്ഥാപനമേധാവികൾക്ക് വിദ്യാലയാന്തരീക്ഷത്തിൽ എങ്ങനെ വളർത്തിയെടുക്കാം?

x സാങ്കേതികവിദ്യയെ ഫലപ്രദമായി സ്കൂൾ ഭരണ നിർവഹണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം?

xi ഭിന്നശേഷി സൗഹൃദാന്തരീക്ഷം വിദ്യാലയത്തിൽ ഉറപ്പാക്കുന്നതിൽ സ്ഥാപനമേധാവിയുടെ ഉത്തരവാദിത്തം എങ്ങനെ നിജപ്പെടുത്താം?

xii പ്രാദേശിക വിദഗ്ധരെ സ്കൂൾ ഭരണ നിർവഹണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം?

# 21 ഗുണമേന്മയുള്ള പഠനസാമഗ്രികളുടെ രൂപീകരണം

1. നിലവിൽ പഠനസാമഗ്രികൾ എന്നതുകൊണ്ട് പൊതുവെ മനസ്സിലാക്കുന്നത് പാഠപുസ്തകങ്ങളും അധ്യാപകരുടെ കൈപ്പുസ്തകങ്ങളും ഡിജിറ്റൽ പഠനവിഭവങ്ങളുമൊക്കെയാണ്. രക്ഷിതാക്കളും കുട്ടികളും പഠനസാമഗ്രികൾ എന്നത് പാഠപുസ്തകങ്ങളിൽ പരിമിതപ്പെടുത്താറാണ് പതിവ്. പഠനസാമഗ്രികൾ എന്നത് കുറേകൂടി വിശാലാർഥത്തിൽ കാണാൻ സമൂഹത്തെ എങ്ങനെ സജ്ജമാക്കാം? അറിവ് അനുനിമിഷം നവീകരിക്കപ്പെടുന്ന ഈ ലോകത്ത് ഏറ്റവും അവസാനത്തെ അറിവും വിവരങ്ങളായി കുട്ടിയിലേക്കെത്തിക്കാൻ കഴിയേണ്ടതുണ്ട്. എങ്ങനെ ഇത് സാധിക്കും?
2. പുസ്തകമല്ലാതെ വിവിധ പഠനസാമഗ്രികളുടെ സാധ്യതകൾ ഇന്ന് വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിലനിൽക്കുന്നുണ്ടല്ലോ. കോവിഡ്കാലത്തും നാം അത്തരം പല മാർഗങ്ങളിലേക്കും കടക്കുകയുമുണ്ടായി. അവ പൂർണമായും വിവരസാങ്കേതികവിദ്യയെ ആശ്രയിച്ചുമല്ല പ്രവർത്തിച്ചത്. അവയ്ക്ക് എന്തെങ്കിലും പരിമിതികൾ തോന്നിയിട്ടുണ്ടോ? അവ പരിഹരിക്കാനുംമെച്ചപ്പെടുത്താനുമുള്ള നിർദേശങ്ങൾ സൂചിപ്പിക്കാമോ?
3. പ്രയോജനപ്പെടുത്തുന്തോറും നൈപുണി വികസിച്ചുവരും എന്നതാണല്ലോ സാങ്കേതികവിദ്യയുടെ സവിശേഷത. എങ്കിൽ പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾക്ക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ അവസരം ലഭിക്കുന്നതിലൂടെ ഡിജിറ്റൽ സാക്ഷരതയും അറിവുനിർമാണവും ഒരേസമയം സാധ്യമാകില്ലേ? ഇതിനായി ഏതെല്ലാം പഠന ഉപാധികൾ, സാമഗ്രികൾ പ്രയോജനപ്പെടുത്താം? ഇത്തരത്തിലുള്ള സാമഗ്രികൾ കുട്ടികൾ ഉപയോഗിക്കുമ്പോൾ എന്തെല്ലാം ആശങ്കകളാണ് ഉള്ളത്? അവയെ പരിഹരിക്കാവുന്ന അഭിപ്രായങ്ങൾ നിർദേശിക്കാമോ?
4. പൂർണമായും കാഴ്ചപരിമിതി നേരിടുന്ന വിദ്യാർഥി, ലാപ്ടോപ് ഉപയോഗിച്ച്, പരസഹായമില്ലാതെ എസ്.എസ്.എൽ.സി പരീക്ഷയെഴുതി മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വാർത്ത ഏറെ അഭിമാനത്തോടെയാണ് നമ്മൾ കേട്ടത്. നൂതന സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് പരിമിതികളെ അതിജീവിക്കാൻ കഴിയുമെന്ന ആത്മവിശ്വാസമല്ലേ ഇതിൽ നിന്നു നമുക്ക് ലഭിക്കുന്നത്. അങ്ങനെയെങ്കിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളെ പഠനത്തിൽ സഹായിക്കുന്നതിന് നൂതന സാങ്കേതികവിദ്യയുടെ ഏതെല്ലാം സാധ്യതകൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താനാകും?

5. കുട്ടികൾ ഉൾപ്പെടുന്ന പ്രാദേശിക സമൂഹത്തിലെ പരിസ്ഥിതി, ആവാസ വ്യവസ്ഥ, സാമൂഹിക അവസ്ഥകൾ എന്നിവ പഠനസാമഗ്രികളിൽ കടന്നു വരാറുണ്ടോ? അവയെ മെച്ചപ്പെട്ട നിലയിൽ ആവിഷ്കരിക്കാൻ മറ്റു പഠന സാമഗ്രികൾ ഉണ്ടെന്ന് കരുതുന്നുണ്ടോ? സ്വന്തം നാട്ടിലെ ഏതെല്ലാം അറിവുകൾ ഏതെല്ലാം പഠനസാമഗ്രികളിലൂടെ അവതരിപ്പിക്കപ്പെടണമെന്നാണ് ആഗ്രഹിക്കുന്നത്? അവയുടെ നിർവഹണത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്ന നിബന്ധനകൾ എന്തെങ്കിലും ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

6. കുട്ടികളുടെ തന്നെ വ്യക്തിപരമായ വൈദഗ്ധ്യങ്ങൾ, അഭിരുചികൾ, നൈപുണി എന്നിവയെ കൂട്ടിയിണക്കാൻ കഴിയുന്ന പഠനസാമഗ്രികൾ, ഉപകരണങ്ങൾ, കലാ-കായിക മാധ്യമങ്ങൾ എന്നിവ വ്യക്തമാക്കാമോ? അവയെ പരിപോഷിപ്പിക്കാൻ ഇത്തരത്തിലുള്ള പഠന സാമഗ്രികൾ എങ്ങനെയാണ് ഉപയോഗിക്കാനാവുക? അതിന് ചേരുന്ന പ്രവർത്തനം എങ്ങനെയാകുമെന്ന് വിശദീകരിക്കാമോ.?

7. ഭിന്നശേഷിവിഭാഗങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, സാമൂഹിക- സാമ്പത്തിക പിന്നാക്ക വിഭാഗങ്ങൾ എന്നിവരെ ഏതെങ്കിലും പഠന സാമഗ്രികൾ ഇടപെടലുകളിൽനിന്ന് അകറ്റിനിർത്തുന്നു എന്നു തോന്നിയിട്ടുണ്ടോ? അവസരങ്ങളും ക്രിയാത്മകഇടപെടലും നടത്താൻ പഠന സാമഗ്രികളുടെ രൂപകൽപ്പനയിലും ഉള്ളടക്കത്തിലും എന്തെല്ലാം മാറ്റങ്ങളാണ് നിർദേശിക്കാനാവുക?

8. ഭാഷ, മാനവിക വിഷയങ്ങൾ എന്നിവയിൽ സാങ്കേതികതയ്ക്ക് വലിയ പങ്ക് ഇല്ലെന്ന് ഒരു ധാരണ നിലനിൽക്കുന്നുണ്ടോ? അത്തരം ധാരണയ്ക്ക് കാലികമായി മാറ്റങ്ങൾ ആവശ്യമുണ്ടോ. ഉണ്ടെങ്കിൽ ഏതെല്ലാം സാങ്കേതിക പഠനസാമഗ്രികൾ എപ്രകാരം ഉപയോഗിക്കാമെന്ന് വ്യക്തമാക്കാമോ?

9. ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് പറയുമ്പോൾത്തന്നെ ടെക്നോളജി എന്ന സമവാക്യം വന്നുചേരാറുണ്ടല്ലോ. മറിച്ച് അത് ഒഴിച്ചുനിർത്തിയുള്ള പഠന സാമഗ്രികൾ ശാസ്ത്രപഠനത്തിൽ ഉയോഗിക്കാമെന്ന് കരുതുന്നുണ്ടോ. വിദ്യാഭ്യാസ സാങ്കേതികവിദ്യ എന്നത് ഐ.സി.റ്റി സങ്കേതങ്ങളിൽ മാത്രം തളച്ചിടാൻ കഴിയുമോ? തന്റെ ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന ഏതു വസ്തുവിനേയും വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ ഭാഗമാക്കാൻ കഴിയേണ്ടതല്ലേ? ഏതെല്ലാം ശാസ്ത്രവിഷയങ്ങളിൽ (വിഷയത്തിന്റെ സമഗ്രതയിൽ പറയാനാകുന്നില്ലെങ്കിലും വളരെ കൃത്യമായി ഒരു പാഠഭാഗം മാത്രമായിസൂചിപ്പിച്ചാലുംമതി), ഏതെല്ലാം സാമഗ്രികൾ അപ്രകാരം ഉപയോഗിക്കാമെന്ന് നിർദേശിക്കാമോ?

10. പഠനസാമഗ്രികളിൽ പ്രാദേശികമായി രൂപപ്പെടുത്താനും സംസ്ഥാനത്ത് പൊതുവെ അവതരിപ്പിക്കാനും സാധിക്കുന്നവ സൂചിപ്പിക്കാമോ.

# 22 സ്കൂൾവിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

1. കേരളത്തിലെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയവരിൽ 37% പേർ കേരളത്തിൽ തന്നെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠനം തുടരുന്നവരാണ്. ഇതിന് പുറമേ ഒരു വലിയ വിഭാഗം വിദ്യാർഥികൾ സംസ്ഥാനത്തിന് പുറത്തും പഠനം നടത്തുന്നു. സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉന്നത വിദ്യാഭ്യാസ തലത്തിലേക്ക് പ്രവേശിക്കുന്ന ഘട്ടത്തിൽ വിദ്യാർഥികൾ നേരിടുന്ന വിഷയങ്ങളെക്കുറിച്ച് നിരവധിയായ നിരീക്ഷണങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് അക്കാദമിക സമൂഹത്തിലും പൊതു സമൂഹത്തിലും കൂടുതൽ ചർച്ചകൾക്ക് തുടക്കംകുറിക്കേണ്ടതുണ്ട്.
2. സ്കൂൾവിദ്യാഭ്യാസത്തിന്റെ സ്വാഭാവികമായ തുടർച്ചയായി ഉന്നത വിദ്യാഭ്യാസം നമ്മുടെ വിദ്യാർഥികൾക്ക് അനുഭവവേദ്യമാക്കുവാൻ ആവശ്യമായ നിർദേശങ്ങൾ എന്തൊക്കെയാണ്? വിദ്യാർഥികളുടെ സമഗ്ര വികാസം സാധ്യമാക്കുന്ന രീതിയിൽ തുടർച്ചയും വളർച്ചയും സാധ്യമാക്കാൻ എന്തെല്ലാം ചെയ്യുവാൻ സാധിക്കും?
3. സ്കൂൾവിദ്യാഭ്യാസഘട്ടവും ഉന്നതവിദ്യാഭ്യാസഘട്ടവും തമ്മിലുള്ള ബന്ധമില്ലായ്മ വിദ്യാഭ്യാസലക്ഷ്യങ്ങളിലും ഉള്ളടക്കത്തിലും പഠന രീതികളിലും പ്രകടമാണ് എന്ന വാദങ്ങളോട് എന്താണ് പ്രതികരണം ?
4. സ്വയംപഠനവും സംഘപഠനവും ഉന്നത വിദ്യാഭ്യാസത്തിന്റെ അനിവാര്യ ഭാഗമാണ്. എന്നാൽ കുട്ടികൾക്ക് പ്രാപ്യമാകുന്ന വിവരങ്ങളെ വിശകലനം ചെയ്ത് അറിവാക്കി മാറ്റുന്നതിന്റെ രീതിശാസ്ത്രം ആശയപരമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാണെങ്കിലും പ്രായോഗികമായി പൂർണതലത്തിൽ നടക്കുന്നതിൽ പരിമിതികളുണ്ട്. സ്കൂൾരംഗത്ത് കഴിഞ്ഞ കുറേയേറെ വർഷങ്ങളായി വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായ മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസരംഗത്ത് ഉണ്ടാകുന്നില്ല എന്ന വിമർശനവുമുണ്ട്. ഇത് തുടർപഠനഘട്ടത്തിൽ പല തരത്തിലും പല തലങ്ങളിലും പ്രശ്നങ്ങളുണ്ടാക്കുന്നു. ഇത് പരിഹരിക്കാൻ സാധ്യമായ വഴികൾ എന്തൊക്കെയാണ്?
5. സെക്കന്ററിപഠനം കഴിഞ്ഞ് ഉന്നതവിദ്യാഭ്യാസ ഘട്ടത്തിലെത്തുന്ന വിദ്യാർഥികൾക്ക് പ്രതീക്ഷിക്കുന്ന തരത്തിൽ ആശയദൃഢതയോ വിനിമയ ശേഷിയോ സാധ്യമാകുന്നില്ല എന്ന അഭിപ്രായമുണ്ട്. ഇത് ശരിയാണെങ്കിൽ എങ്ങനെ പരിഹരിക്കാനാവും?

6. സെക്കന്ററിവിദ്യാഭ്യാസത്തിന്റെ അവസാനഘട്ടം പരീക്ഷകളിൽ മാത്രം കേന്ദ്രീകരിക്കുന്ന സാഹചര്യത്തിൽ വൈവിധ്യമാർന്ന മൂല്യനിർണയ രീതികൾ അവലംബിക്കേണ്ടതുണ്ട്. നിർദേശങ്ങൾ ക്ഷണിക്കുന്നു.

7. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടത്തിൽത്തന്നെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വിവിധ പ്രോഗ്രാമുകളെ പരിചയപ്പെടുത്താനും മറ്റു വൈവിധ്യമാർന്ന തൊഴിൽതുറകളെ ഉൾപ്പെടെ പരിചയപ്പെടുത്താനും ഉതകുന്ന തരത്തിൽ ഒരു പ്രത്യേക സംവിധാനം വളർത്തിയെടുക്കാനാകുമോ?

8. പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും വിവിധ അനുബന്ധ സ്ഥാപനങ്ങളും തമ്മിൽ ബന്ധപ്പെടുത്തും വിധത്തിൽ ഔദ്യോഗിക സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട് എന്ന ആശയത്തോടുള്ള പ്രതികരണം എങ്ങനെയാണ്?

9. പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും, ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളും, ഹയർസെക്കന്ററി സ്കൂളുകളും കോളജുകളും തമ്മിൽ പാരസ്പര്യ ബന്ധം ഉണ്ടാക്കി മനുഷ്യവിഭവശേഷിയുടെ പങ്കിട്ടെടുക്കൽ സാധ്യമാക്കണം. അതിനായി റിസോഴ്സ് ഷെയറിങ് ക്ലസ്റ്ററുകൾ രൂപീകരിക്കാനാവണം എന്ന അഭിപ്രായത്തോടുള്ള പ്രതികരണം എന്താണ്?

10. സ്കൂൾവിദ്യാഭ്യാസ ഘട്ടത്തിൽ മലയാളവും ഉന്നത വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷും ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഷയായതിനാൽ തുടർച്ച നഷ്ടപ്പെടുന്നു. ആയതിനാൽ ഉന്നതവിദ്യാഭ്യാസം മാതൃഭാഷയിൽ തന്നെയാണ് വേണ്ടത് എന്ന അഭിപ്രായം ശക്തമായി വരുന്നുണ്ട്. ജ്ഞാന സമൂഹത്തിൽ ഭാഷ അതിനിർണായകമായതിനാൽ ഇത് സംബന്ധിച്ച് ശാസ്ത്രീയ നിലപാട് സാമൂഹികമായി രൂപപ്പെടുത്തേണ്ടതുണ്ട്. അഭിപ്രായങ്ങളും നിർദേശങ്ങളുമുണ്ടാകണം.

11. ഹയർസെക്കന്ററി വിദ്യാഭ്യാസത്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിൽ എത്തുന്നവർക്ക് അതിനിടയിലെ വിടവ് നികത്തുന്നതിന് ബ്രിഡ്ജ് കോഴ്സ് നടത്തണം എന്ന അഭിപ്രായമുണ്ട്. അതിന് കൃത്യമായ ഒരു കരിക്കുലവും സിലബസും വേണ്ടതുണ്ട് എന്ന അഭിപ്രായവും ഉയരുന്നുണ്ട്. ഇതെങ്ങനെ നമുക്ക് സാധ്യമാക്കാനാകും?

12. കൂടുതൽ ഇൻഡക്ഷൻ പ്രോഗ്രാമുകൾ നടത്താനുള്ള ഔദ്യോഗിക സംവിധാനം ഏത് വിധേനയാണ് ഏർപ്പെടുത്തേണ്ടത്?

13. നൈപുണി വിദ്യാഭ്യാസ പദ്ധതിയെ നിലവിലുള്ള സമാനമായ പദ്ധതിയുടെ

അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും മെച്ചപ്പെടുത്തുകയും വേണ്ടതുണ്ട്. ഇത് ചർച്ചചെയ്ത് നിർദേശങ്ങൾ ലഭ്യമാക്കുക.

14. ഹയർസെക്കന്ററി വിദ്യാഭ്യാസത്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിലേക്ക് എത്തുമ്പോൾ സാമൂഹികവൽക്കരണത്തിന്റെ സാധ്യതകൾ കുറയുന്നുവോ എന്നത് പരിശോധിക്കപ്പെടണം. ക്യാമ്പസുകളുടെ സാധ്യത പരിഗണിച്ച് വിശാലമായ തരത്തിൽ എൻ.എസ്.എസ്, കോളജ് യൂണിയൻ തുടങ്ങിയ സാമൂഹ്യ സംവിധാനങ്ങളെ പുനർനിർവചിക്കേണ്ടതുണ്ട്. മതനിരപേക്ഷ-ജനായത്ത വിദ്യാഭ്യാസത്തിന്റെ രീതികൾ സംബന്ധിച്ച പരിശീലനം ഉണ്ടാകേണ്ടതുണ്ട്. ഇത് സംബന്ധിച്ച അഭിപ്രായം ക്ഷണിക്കുന്നു.

15. വിദ്യാർഥി ഒരു കോഴ്സ് പഠനത്തിനായി തിരഞ്ഞെടുത്താൽ ആവശ്യമാകുന്ന പക്ഷം അതിൽ നിന്ന് മാറി മറ്റൊരു കോഴ്സ് തിരഞ്ഞെടുക്കാനായി സാധിക്കേണ്ടതുണ്ട്. അത്തരം ഒരു അയവുള്ള സമീപനം നിലവിൽ ഇല്ല. ഉണ്ടാകണം എന്ന ആശയത്തോട് എന്ത് പ്രതികരണമാണ് ഉള്ളത്?

16. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്കും സ്കൂൾ മേഖലയിൽ നിന്ന് ഉന്നത വിദ്യാഭ്യാസമേഖലയിൽ എത്തുമ്പോൾ ഏറെ പ്രശ്നങ്ങളുണ്ട്. ഇത് അഭിസംബോധന ചെയ്യാൻ നമുക്ക് സാധിക്കേണ്ടതല്ലേ ?

17. തൊഴിലുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഹയർ സെക്കന്ററി, സെക്കന്ററി വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിന് ഒരു സ്ഥിരം സർക്കാർ സംവിധാനം രൂപീകരിക്കണം. ഇത് കാലോചിതമായി പരിഷ്കരിക്കുകയും വേണം. ഇതിനായിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാം?

18. സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി, ഉന്നത വിദ്യാഭ്യാസ മേഖലകളിൽ അതതിന് യോജ്യമായ പഠന-മൂല്യനിർണയ രീതികൾ ഉണ്ടാകേണ്ടതുണ്ട്. അതേ സമയം ഇവയുടെ തുടർച്ച സാധ്യമാക്കേണ്ടതുമുണ്ട്. ഇതെങ്ങനെ സാധ്യമാക്കാം?

19. പ്രീ പ്രൈമറി മുതൽ ഉന്നതവിദ്യാഭ്യാസം വരെ സമഗ്ര വ്യക്തിത്വവികാസം സാധ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിലും ഉണ്ടാകേണ്ടതുണ്ട്. ഗ്രാമീണമേഖലയിലെ വിദ്യാർഥികളെയാണ് ഈ സംരംഭം വഴി കൂടുതലായി നാം ലക്ഷ്യം വയ്ക്കുന്നത്. ഇതിനാവശ്യമായ നിർദേശങ്ങൾ ക്ഷണിക്കുന്നു.

# 23 ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ

1. വിദ്യാഭ്യാസപുരോഗതിയിൽ വലിയ മുന്നേറ്റം കേരളം നേടിയെടുത്തിട്ടുണ്ടെങ്കിലും, പല കാരണങ്ങളാൽ മുഖ്യധാരയുടെ ഭാഗമായി മാറാൻ കഴിയാത്ത ഒരു ചെറുസമൂഹം സംസ്ഥാനത്ത് നിലനിൽക്കുന്നു എന്ന കണ്ടെത്തലാണ് ബദൽ വിദ്യാഭ്യാസ സംവിധാനങ്ങളുടെ അന്വേഷണത്തിലേക്ക് നയിച്ചത്.

2. മലമ്പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും സ്കൂളുകൾ സ്ഥാപിക്കാൻ പ്രയാസമുള്ള ഇടങ്ങളിൽ, കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കാനാണ് ഏകാധ്യാപക വിദ്യാലയങ്ങൾ എന്ന നിലയിൽ ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുകളുടെ അവസാനം ബദൽ സ്കൂളുകൾ ആരംഭിച്ചത്. ലോവർ പ്രൈമറി ക്ലാസ്സുകളിൽ എത്തിച്ചേരേണ്ട മുഴുവൻ കുട്ടികളെയും ഔപചാരിക വിദ്യാഭ്യാസത്തിന്റെ കുടക്കീഴിൽ കൊണ്ടുവരിക എന്നതായിരുന്നു ലക്ഷ്യം.

3. മുഴുവൻ കുട്ടികളെയും ഉൾച്ചേർക്കുന്ന വിദ്യാഭ്യാസമെന്നത് കേരളത്തിന്റെ നിലപാടാണ്. എന്നാൽ ചില വിഭാഗം കുട്ടികൾക്കെങ്കിലും ഈ അവകാശം ഇനിയും ലഭ്യമാകാത്ത സാഹചര്യമുണ്ട് എന്ന് പല ചർച്ചകളിലും ഉയർന്നുവരുന്നുണ്ട്. എങ്ങനെയാവണം ഈ പ്രശ്നത്തെ ഏറ്റവും ശാസ്ത്രീയമായി നാം അഭിമുഖീകരിക്കേണ്ടത്?

4. കേവലം ഭൂമിശാസ്ത്രപരമായ ദൂരപരിധി മാത്രം പരിഗണിച്ചുകൊണ്ട് ഈ പ്രതിസന്ധിയെ മനസ്സിലാക്കിയാൽ മാത്രം മതിയാകില്ല, സാംസ്കാരികമായ പ്രതിസന്ധികൾ കൂടി പരിഗണിക്കേണ്ടി വരും. മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കുട്ടികളെ നയിക്കാൻ സാംസ്കാരിക സവിശേഷതകൾ കൂടി പരിഗണിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് എപ്പോഴും പ്രസക്തിയുണ്ട്. ഈ റോൾ നിർവഹിക്കാൻ കാര്യക്ഷമവും, പൊതുഭരണ നിയന്ത്രണത്തിലുള്ളതുമായ ബദൽ വിദ്യാഭ്യാസ സംവിധാനങ്ങളെ പ്രയോജനപ്പെടുത്താമോ? എങ്കിൽ എങ്ങിനെയാകണം?

5. സാമൂഹികനീതി, തുല്യത, ഉൾച്ചേർക്കൽ (inclusion) എന്നിവ വിദ്യാഭ്യാസ മേഖലയിൽ ആർക്കൊക്കെയാണോ ഇപ്പോഴും ലഭിക്കാതിരിക്കുന്നത് അവർക്കൊക്കെ വിദ്യാഭ്യാസ പിന്തുണാസംവിധാനങ്ങൾ ഉറപ്പാക്കേണ്ടതായുണ്ട്. ഭൂമിശാസ്ത്രപരമായി ഏറെ ഉൾപ്രദേശങ്ങളിലെ താമസം, ജോലി സംബന്ധമായി മാതാപിതാക്കളുടെ കുടിയേറ്റം, വ്യത്യസ്ത സാംസ്കാരിക

സാഹചര്യങ്ങൾ, ഒന്നോ അതിലധികമോ ഭിന്നശേഷികൾ എന്നിവയൊക്കെ കാരണമായി വിദ്യാലയത്തിലേക്കെത്താൻ കഴിയാത്ത കുട്ടികൾക്ക് സാമൂഹിക പിന്തുണ ഉറപ്പാക്കിക്കൊണ്ട് വിദ്യാലയ പിന്തുണാസംവിധാനങ്ങൾ അനി വാര്യമാണ്. ഇതെങ്ങനെ ഏറ്റവും നന്നായി നടപ്പിൽവരുത്താം?

6. പഠിതാക്കളുടെ ഭാഷ, സംസ്കാരം, ജീവിതസാഹചര്യങ്ങൾ, സാധ്യതകൾ, വൈവിധ്യമാർന്നശേഷികൾ, സവിശേഷമായ കഴിവുകൾ എന്നിവകൂടി പരി ഗണിച്ചുകൊണ്ടാവണം പിന്തുണാ ബോധനശാസ്ത്രരീതികൾ ആവിഷ്ക്ക രിക്കേണ്ടത്. കേരളത്തിൽ നിലവിൽ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസമേഖലയി ലും, ഇതരസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ മേഖല യിലും, ആദിവാസി-തീരദേശ വിദ്യാഭ്യാസ മേഖലകളിലും നടത്തുന്ന നൂതന ഗവേഷണ ഇടപെടലുകൾ പഠിതാക്കൾക്ക് കൂടുതൽ അനുരൂപീകൃതമാകുന്ന തരത്തിൽ മെച്ചപ്പെടുത്തേണ്ടതായുണ്ട്. പ്രാദേശികവിഭവങ്ങളെ വൈജ്ഞാ നികമായി പരമാവധി പ്രയോജനപ്പെടുത്തലും അതിലൂടെ വിദ്യാലയപിന്തുണാ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലും പരിഗണനാ വിഷയമാകണം. ഇക്കാ ര്യങ്ങൾ മുൻനിർത്തി എങ്ങനെയാവണം വിദ്യാലയപിന്തുണാസംവിധാന ങ്ങൾ മെച്ചപ്പെടുത്തേണ്ടത്? അതിൽ സമൂഹത്തിന്റെ ഗുണപരമായ പങ്ക് എങ്ങ നെയാവാം? തദ്ദേശസ്വയംഭരണ സംവിധാനങ്ങളെ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയാവണം?

7. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി മറ്റുമാർഗങ്ങളൊന്നുമില്ലാത്ത ഇടങ്ങളിൽ സേവനസന്നദ്ധരായി പ്രവർത്തിച്ചുവന്ന വിദ്യാഭ്യാസപ്രവർത്തകരുടെ അർപ്പ ണമനോഭാവവും ആത്മാർഥതയും, വിദ്യാഭ്യാസം ഒരിക്കലും ലഭ്യമാകാൻ സാഹചര്യമില്ലാത്ത കുട്ടികളെ മുഖ്യധാരാവിദ്യാഭ്യാസത്തിലേക്കെത്തിക്കാൻ വലിയതോതിൽ സഹായിച്ചിട്ടുണ്ട്. എന്നാൽ ചിലയിടങ്ങളിൽ ഇതിന് വിപ രീതമായ പ്രവണതകളും ഉണ്ടായിട്ടുണ്ട്. അത്തരം പ്രവണതകൾ തടയുന്ന തിനാവശ്യമായ നിരീക്ഷണവും നിയന്ത്രണവും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്നു. ഇത് എങ്ങനെ കൂടുതൽ കാര്യ ക്ഷമമാക്കാം? ഇത്തരം വിദ്യാഭ്യാസകേന്ദ്രങ്ങളിൽ കുട്ടികൾക്ക് മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ കൂടുതൽ സൗകര്യങ്ങളിലേക്ക് എത്തിപ്പെടാനുള്ള സഹാ യകങ്ങളായി കൂടി ബദൽ വിദ്യാഭ്യാസ സംവിധാനങ്ങളെ പ്രയോജനപ്പെടു ത്താനാകുമോ?

8. ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് ഏവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന സങ്ക ൽപ്പത്തെ സാക്ഷാത്കരിക്കുകയാണ് ബദൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ഇത് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുള്ള നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അടിയുറച്ചുള്ളതാണ്. ഇത് പരിഗണിക്കാതെ രാജ്യത്തിനാകെ ഒരേതരത്തിൽ ബാധകമാകുന്ന വിദ്യാഭ്യാസ നിയമങ്ങൾ അശാസ്ത്രീയമല്ലേ? ഇത്തരം ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകേണ്ട മേഖലകൾ എന്തൊക്കെയാണ്?

9. വിവിധ വിഭാഗങ്ങളുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിരവധി സർക്കാർ സംവിധാനങ്ങൾ ഇടപെടുന്നുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം ശാസ്ത്രീയമായി ഏകോപിപ്പിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അത്തരം ഏകോപനങ്ങൾക്ക് എന്തെല്ലാം പുതിയ സാധ്യതകളാണുള്ളത്?

# 24 വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്

1. സ്കൂൾവിദ്യാഭ്യാസത്തിന്റെ വളർച്ചയിലും വികാസത്തിലും കേരളീയ സമൂഹം സജീവമായി പങ്കാളികളായിട്ടുണ്ട്. ഈ പങ്കാളിത്തമാണ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളീയ വിദ്യാഭ്യാസത്തെ വ്യത്യസ്തമാക്കുന്നത്. പൊതു ഇടം സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന പൊതുബോധം കേരള സമൂഹത്തിന്റെ സഹജഭാവമാണെന്ന് തെളിയിച്ചതാണ് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായുണ്ടായിക്കാണുന്ന വലിയ തോതിലുള്ള ജനപങ്കാളിത്തം. ജനപ്രതിനിധികളും വിദ്യാഭ്യാസതത്പരമായ മുഴുവനാളുകളും നമ്മുടെ പൊതുവിദ്യാലയങ്ങളുടെ വളർച്ചയിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. വിദ്യാലയങ്ങൾ സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങളുമായി ബന്ധപ്പെട്ട വിവിധങ്ങളായ ജനാധിപത്യസംവിധാനങ്ങൾ കുറേക്കൂടി വ്യവസ്ഥാപിതവും സർഗാത്മകവുമാകേണ്ടതുണ്ട്. ഇതിനായുള്ള നിർദേശങ്ങൾ ചർച്ചയിൽ ഉണ്ടാവണം.

2 പ്രാദേശികസമൂഹത്തിന്റെ ആവശ്യങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് വിദ്യാഭ്യാസ സംവിധാനങ്ങൾ കേരളത്തിൽ വളർന്നുവന്നത്. വിദ്യാലയങ്ങളുടെ നിർമിതിയിലും വ്യാപനത്തിലും വിദ്യാഭ്യാസസൗകര്യങ്ങളുടെ വളർച്ചയിലും വിദ്യാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിലും സമൂഹത്തിന്റെ ക്രിയാത്മകമായ ഇടപെടലുണ്ടായിരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടിയെടുക്കാനും വിദ്യാഭ്യാസത്തിന്റെ സമഗ്രമായ പുരോഗതിക്കും ജനാധിപത്യപരമായ നടത്തിപ്പിനും സുതാര്യത ഉറപ്പാക്കാനും സാമൂഹികപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലുള്ള സമൂഹപങ്കാളിത്തം എങ്ങിനെ നമുക്ക് ഉറപ്പുവരുത്താം?

3 കേരളത്തിലെ വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ച 1959 ൽ തന്നെ ജനകീയമായ സംവിധാനങ്ങൾ വിഭാവനം ചെയ്തിരുന്നു. വിദ്യാഭ്യാസ നിയമത്തിൽ പ്രാദേശിക വിദ്യാഭ്യാസ സമിതിയെക്കുറിച്ച് വ്യക്തമായ ധാരണ മുന്നോട്ടുവച്ചിരുന്നു. പിന്നീട് രൂപപ്പെട്ടുവന്ന ജനകീയ സംവിധാനമാണ് അധ്യാപക-രക്ഷാകർത്തൃസമിതി. 1969ലാണ് അധ്യാപക രക്ഷാകർത്തൃസമിതി സംബന്ധിച്ച വിശദമായ സർക്കാർ ഉത്തരവുണ്ടായത്. പിന്നീട് പല ഘട്ടങ്ങളിലും അത് പരിഷ്കരിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുകയുണ്ടായി. നിലവിലുള്ള സാധ്യതകളെല്ലാം പരിശോധിച്ചു അധ്യാപക രക്ഷാകർ

ത്തൃസമിതിയുടെ റോൾ പുനർനിർവചിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

4. പ്രാദേശിക വൈദഗ്ധ്യം കണ്ടെത്തി ഒരു പാനൽ തയ്യാറാക്കി അതുപയോഗപ്പെടുത്തി വിദ്യാലയങ്ങളിലേക്ക് വിന്യസിക്കാനും മറ്റും പഞ്ചായത്ത് വിദ്യാഭ്യാസ സമിതി (പി.ഇ.സി.) കൾ മുൻകൈയെടുക്കേണ്ടതില്ലേ?

5 സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.) എന്നത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി നിലവിൽ വന്നതാണ്. അതുകൊണ്ട് ഈ സമിതികൾ നിയമപരമായി എല്ലാ സ്കൂളുകളിലും രൂപീകരിക്കേണ്ടതാണ്. ദേശീയതലത്തിൽ സ്കൂളുകളുമായി ബന്ധപ്പെട്ട് ഒരുതരത്തിലുമുള്ള ജനാധിപത്യ സംവിധാനങ്ങളും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് സ്കൂൾ മാനേജ്മന്റ് കമ്മറ്റികൾ വേണമെന്ന് നിയമം നിർദേശിച്ചത്. എന്നാൽ 1969 മുതൽ തന്നെ കേരളത്തിൽ പി.ടി.എ വ്യവസ്ഥാപിതമായിട്ടുണ്ട്. മാത്രവുമല്ല എസ് എം സി കളെക്കാൾ കൂടുതൽ ജനപങ്കാളിത്ത ഘടനയും അതിനുണ്ട്. അധ്യാപകർക്ക് മതിയായ പങ്കാളിത്തം പിടിഎ യിൽ ഉള്ളതുകൊണ്ട് അവിടെ നടക്കുന്ന ചർച്ചകൾ അധ്യാപകർക്ക് അക്കാദമിക മികവിനുള്ള ആസൂത്രണത്തിൽ സഹായകരമാവുകയും ചെയ്യേണ്ടതുണ്ട്. എയ്ഡഡ് സ്കൂളുകളിൽ എസ്.എം.സി എന്നത് ഒരു ഉപദേശക സംവിധാനം മാത്രമാണ്. മാത്രമല്ല വിദ്യാഭ്യാസ അവകാശനിയമം പ്രൈമറി തലത്തിലേ ബാധകമാവുന്നുള്ളൂ. 9 മുതൽ 12 വരെ ക്ലാസുകൾ നിയമത്തിന്റെ പരിധിയിൽ വരില്ല. ആയതിനാൽ നിയമപ്രകാരമുള്ള എസ്എംസി കൾ നിലനിർത്തുന്നതോടൊപ്പം പി ടി എ കളെ ശക്തിപ്പെടുത്തേണ്ടതുമുണ്ട്. ഇന്ത്യക്ക് തന്നെ മാതൃകയാകും വിധം ജനാധിപത്യ വേദിയായ പി.ടി.എ. യെ എങ്ങിനെ സജീവമാക്കാമെന്ന കാര്യത്തിൽ നിർദേശങ്ങൾ ഉണ്ടാകണം.

6. അധ്യാപക രക്ഷാകർത്തൃ സമിതി (പി.ടി.എ), സ്കൂൾ മാനേജ്മെന്റകമ്മിറ്റി (എസ്.എം.സി), സ്കൂൾ വികസന സമിതി, ക്ലാസ് പി.ടി.എ, മദർ പി.ടി.എ, പൂർവ വിദ്യാർഥി സംഘടന, പൂർവ അധ്യാപക സംഘടന എന്നിങ്ങനെ വിവിധങ്ങളായ സമിതികൾ സ്കൂളുമായി ബന്ധപ്പെട്ട് ഉണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്നുണ്ട്. തദ്ദേശസ്വയംഭരണതലത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുണ്ട്. എന്നാൽ ഇതെല്ലാം വിഭാവനം ചെയ്തതുപോലെ നടക്കുന്നില്ല. ഇവയുടെയെല്ലാം പ്രവർത്തനം പരസ്പരം തർക്കവിതർക്കങ്ങളില്ലാതെ കാര്യക്ഷമമാക്കാൻ നിർദേശങ്ങൾ ഉണ്ടാകണം.

7 ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിൽ വിദ്യാലയങ്ങൾക്ക് പരിമിതിയുണ്ട്.

പ്രാദേശിക സമൂഹത്തിൽ വൈദഗ്ധ്യമുള്ള നിരവധിപേരുണ്ട്. പഠനവിഭവങ്ങളാക്കാൻ പറ്റുന്ന ഇടങ്ങളും ഉണ്ട്. വിദ്യാഭ്യാസം സ്കൂളിനുള്ളിൽ മാത്രം നടക്കുന്ന പ്രക്രിയയുമല്ല. അയൽക്കൂട്ട വിദ്യാഭ്യാസസമിതികൾ, വാർഡുവിദ്യാഭ്യാസസമിതികൾ, വായനശാലകൾ, പ്രാദേശിക വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സാധ്യതകൾ കേരളത്തിൽ ചില പഞ്ചായത്തുകൾ പരിശോധിച്ചു വിജയം കണ്ടത് വ്യാപിപ്പിക്കാനുള്ള സാധ്യത പരിശോധിക്കണം. ക്ലാസ് പി.ടി.എ മുതൽ പഞ്ചായത്ത് വിദ്യാഭ്യാസമിതി വരെയുള്ള സംവിധാനങ്ങളെ എങ്ങനെ പുനരാവിഷ്കരിക്കാം?

8. സ്വന്തം വാസസ്ഥലത്തു തന്നെ പഠനപിന്തുണ ആവശ്യമായി വരുന്ന കുട്ടികളുണ്ട്. വാസകേന്ദ്രികൃത പഠനപിന്തുണാസംവിധാനങ്ങൾ, പ്രവേശനം, നിലനിറുത്തൽ, വൈഭവവികസനം തുടങ്ങിയ മേഖലകളിൽ സമൂഹ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്താമെന്നും ആലോചിക്കേണ്ടതുണ്ട്. പ്രാദേശിക സമൂഹത്തിന്റെ ക്രിയാത്മകപങ്കാളിത്തത്തിലൂടെ എങ്ങനെ വിദ്യാഭ്യാസഗുണത ഉയർത്താൻ കഴിയുമെന്ന് കേരളം ചിന്തിക്കേണ്ടിയിരിക്കുന്നു. വിദ്യാലയം സമൂഹത്തിലേക്ക്, സമൂഹം വിദ്യാലയത്തിലേക്ക് എന്ന ആശയത്തിന്റെ സാധ്യതകൾ പരിശോധിക്കുകയും വേണം.

9 കോവിഡാനന്തര ലോകക്രമത്തിൽ ജനങ്ങൾക്ക് ഒട്ടേറെ പുതിയ വിവരങ്ങളും നൈപുണികളും ലഭ്യമാക്കേണ്ടതുണ്ട്. ഈ പൊതുസമൂഹത്തിന്റെ നൈപുണ്യവികസന പ്രവർത്തനങ്ങളിലും പൗരബോധന പ്രവർത്തനങ്ങളിലും നിർണ്ണായകമായ പങ്കുവഹിക്കാൻ പൊതുസ്ഥാപനങ്ങളായ വിദ്യാലയങ്ങൾക്ക് കഴിയണം. ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനു ശേഷമുള്ള സമയം സാമൂഹികവിദ്യാഭ്യാസ കേന്ദ്രങ്ങളായി വിദ്യാലയങ്ങളുടെ ഭൗതികപരിസരത്തെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്ന് കാര്യം സാമൂഹിക സംവാദത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇത്തരം സംവാദങ്ങളിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ അടിസ്ഥാനമാക്കി സ്കൂളുകളെ സമൂഹകേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയേണ്ടതല്ലേ?

10. മുകളിൽ പറഞ്ഞ സമിതികളിലൊന്നും അംഗമാകാൻ കഴിയാത്ത വിദ്യാഭ്യാസതൽപ്പരരായ മുഴുവൻ ആളുകളെയും സ്കൂളുമായി ബന്ധപ്പെടുത്തുന്നതിനും പങ്കാളികളാക്കുന്നതിനും സ്കൂൾ വികസനസമിതികൾ ഒരു നല്ല സധ്യതയാണ്. ഇത് പ്രയോജനപ്പെടുത്തുന്നതിനും വ്യക്തമായ രൂപരേഖ ഉണ്ടാകേണ്ടതില്ലേ? നിർദേശങ്ങൾ ഉണ്ടാകണം.

11 വിദ്യാലയത്തിന് ചുറ്റുപാടുമുള്ള വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ എങ്ങനെ വിദ്യാലയവുമായി ബന്ധപ്പെടുത്താം. ഏകോപനത്തിനുള്ള ക്രിയാത്മകമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുമല്ലോ?

# 25 മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും

1 മുതിർന്നവരുടെ വിദ്യാഭ്യാസത്തിന് സ്വാതന്ത്ര്യാനന്തര ഇന്ത്യ പരിഗണന കൊടുത്തിരുന്നുവെങ്കിലും മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കാനുള്ള ശ്രമം നടന്നത് 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തെത്തുടർന്നായിരുന്നു. 1988ൽ ദേശീയ സാക്ഷരതാമിഷൻ (National Literacy Mission) ഇക്കാര്യത്തിൽ വ്യത്യസ്തമായ സമീപനങ്ങളോടെ ശ്രമങ്ങൾ ആരംഭിച്ചു. അങ്ങനെയാണ് 1989-90ൽ എറണാകുളം സാക്ഷരതാ പരിപാടി നടപ്പാക്കുന്നത്. ഈ പരിപാടിയെ മെച്ചപ്പെടുത്തിയായിരുന്നു 1990-91ലെ സാക്ഷരകേരളം പരിപാടി. തുടർന്ന് 'ലൈഫ് ലോങ്ങ്' എഡ്യൂക്കേഷനാവണം ഇത്തരം പരിപാടികളിൽ ലക്ഷ്യമാക്കേണ്ടത് എന്ന ആശയം അംഗീകരിക്കപ്പെട്ടു.

2 2021 ലെ ജനസംഖ്യാ പ്രൊജക്ഷൻ പ്രകാരം ഇന്ത്യയുടെ ജനസംഖ്യ 140.12കോടിയാണ്. അതിൽ വനിതകൾ 68.16 കോടിയാണ്. അഖിലേന്ത്യാ സാക്ഷരത 77.70% ആണ്. സ്ത്രീ സാക്ഷരത 70.30% ആണ്. അങ്ങിനെ വന്നാൽ 31.25 കോടി നിരക്ഷരർ ഉണ്ട് എന്നർഥം. നാഷണൽ സാമ്പിൾ സർവേ പ്രൊജക്ഷൻ പ്രകാരം 2021ലെ കേരള ജനസംഖ്യ 3.53 കോടിയാണ്. സാക്ഷരതാനിരക്ക് 96.2% ആണ്. അതായത് നമ്മുടെ സംസ്ഥാനത്തിൽ ഏതാണ്ട് 13.6 ലക്ഷത്തിനടുത്ത് നിരക്ഷരർ ഉണ്ടാകാം. അതിൽ വളരെ പ്രായ മായവരും പെട്ടേക്കും. നിരക്ഷരതയുടെ ഈ വിടവിനെ നാം അഭിമുഖീ കരിക്കേണ്ടത് എങ്ങനെയാണ്?

3 പ്രായപൂർത്തിയായ പഠിതാക്കൾക്ക് പഠനത്തോട് വ്യത്യസ്തമായ സമീപനമുണ്ട്. മുതിർന്നവരുടെ വിദ്യാഭ്യാസം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്തുന്നു. ഇത് സാമൂഹികമാറ്റത്തിന് കാരണമാകുന്നു. അതിനാൽ സാമൂഹികപങ്കാളിത്തത്തിനും സാങ്കേതിക വിദ്യയുടെ പ്രയോജനകരമായ സംയോജനത്തിനുമുള്ള സംരംഭങ്ങൾ ആവശ്യമാണ്. പഠിതാക്കൾക്ക് താൽപ്പര്യമുള്ളതോ ഉപയോഗിക്കുന്നതോ ആയ മറ്റ് വിഷയങ്ങൾ, നിർണായക ജീവിതനൈപുണ്യത്തെക്കുറിച്ചുള്ള കൂടുതൽ നൂതനസാമഗ്രികൾ, പ്രാദേശികകല, സാഹിത്യം, ഭാഷ, സംസ്കാരം, പ്രാദേശിക ആവശ്യങ്ങൾ (അറിവ്, താൽപ്പര്യങ്ങൾ, തൊഴിൽ ആവശ്യങ്ങൾ ഉൾപ്പെടെ) എന്നിവ ഉൾക്കൊള്ളുന്ന ചട്ടക്കൂടിന്റെ എല്ലാ ഭാഗങ്ങളും വ്യക്തമായ കാഴ്ചപ്പാടോടെ അയവുള്ളതായിരിക്കണം. ഔദ്യോഗിക വിദ്യാഭ്യാസ

കേന്ദ്രങ്ങൾ (വിദ്യാലയങ്ങളടക്കം) മുതിർന്നവർക്കുള്ള അനൗദ്യോഗിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങൾ കൂടിയാകേണ്ടതല്ലേ? പാർശ്വവൽക്ക രിക്കപ്പെടുന്നവർ, ഭിന്നശേഷിക്കാർ തുടങ്ങിയ മുഴുവൻ ജനങ്ങളുടെയും വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനുമുള്ള പൊതുസമീപനം എന്താകണം?

4 തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി സാക്ഷരരായവർക്ക് നാലാം ക്ലാസ്, ഏഴാം ക്ലാസ്, പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസ തുല്യത ഉറപ്പാക്കാനുള്ള സൗകര്യം സംസ്ഥാനത്തുണ്ട്. അറിവ് നിർണായകസ്വാധീനം ചെലുത്തുന്ന ഈ ലോകക്രമത്തിൽ നിരന്തരമായി സ്വയം നവീകരിക്കപ്പെടുക എന്നത് വളരെ പ്രധാനമാണ്. എല്ലാവരും ഇപ്പോഴുള്ള വിദ്യാഭ്യാസയോഗ്യത ഒരു പടികൂടി ഉയർത്താൻ സ്വയം തയാറാകണം എന്ന ആവശ്യം ഉയർന്നു വരുന്നുണ്ട്. എങ്ങനെയാണ് പ്രസ്തുത നിർദേശത്തെ സമീപിക്കേണ്ടത്? മുതിർന്നവരുടെ തുല്യതാ സർട്ടിഫിക്കറ്റിൽ അവരുടെ തൊഴിൽ നൈപുണികൾ കൂടി പരിഗണിച്ചു ചേർക്കേണ്ടതല്ലേ? അങ്ങിനെ നിരന്തരം വിദ്യാഭ്യാസ കാര്യത്തിൽ നവീകരിക്കപ്പെടുമ്പോൾ അതിനായി എന്തെന്തു സംവിധാനങ്ങളാണ് ഒരുക്കേണ്ടത്?

5 സാങ്കേതികവിദ്യാഭ്യാസ രംഗത്ത് വരുന്ന മാറ്റങ്ങൾ ജീവിതപ്രവർത്തനങ്ങളെ കൂടുതൽ സുഗമവും ആയാസരഹിതവും ആക്കും. കായികപ്രാധാന്യമുള്ള തൊഴിലുകൾ ചെയ്യാൻ ലഘുയന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക എന്നത് ഏറെ സഹായകമാകും. അങ്ങനെയെങ്കിൽ ഇത്തരം ഉപകരണങ്ങളെ പരിചയപ്പെടുത്തുക എന്നതും ഇവ ഫലപ്രദമായി ഉപയോഗിക്കാൻ പഠിക്കുക എന്നതും വളരെ പ്രധാനമാണ്. പ്രയോഗത്തിലൂടെ ആകണം പഠനം. അതുപോലെ കേരളത്തിന്റെ പ്രകൃതിപരമായ സവിശേഷതകളെല്ലാം ജീവിത പ്രവർത്തനത്തിന്റെ ഭാഗമാക്കാം. ഇവ എന്തൊക്കെയാണെന്ന് വിവേകത്തോ ടെയും വിവേചന ബുദ്ധിയോടെയും തീരുമാനിക്കുകയും അവ സ്വായത്തമാക്കാനുള്ള പരിശീലന പ്രവർത്തനങ്ങളിൽ അതിന്റെ ഭാഗമായി ഇടപെടുകയും വേണം. ഇവയെല്ലാം എങ്ങനെ തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമാക്കാം?

6 തൊഴിലില്ലായ്മ ഏറെയുള്ള കേരളത്തിൽ ലഭ്യമായ തൊഴിലുകൾ ചെയ്യാൻ വലിയ തോതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ആളുകൾ വരേണ്ട അവസ്ഥ നിലനിൽക്കുന്നു. ഏതൊരു തൊഴിലും സമൂഹനിർമാണത്തിന്റെ ഭാഗമാണെന്നും അതിനു തുല്യമായ പ്രാധാന്യമാണുള്ളതെന്നും

ഉൾക്കൊള്ളുന്ന മനോഭാവം വികസിപ്പിക്കുന്നതിന് നമ്മുടെ ഔപചാരിക വിദ്യാഭ്യാസസംവിധാനം പൂർണമായും വിജയിച്ചില്ല. മനോഭാവനിർമ്മിതി യോടൊപ്പം പ്രധാനമാണ് നൈപുണി വികാസവും. സമൂഹത്തിനാവശ്യമായ വൈവിധ്യമായ തൊഴിൽ സാധ്യതകൾ വിനിയോഗിക്കാനാവശ്യമായ അറിവും കഴിവും നൈപുണിയും വികസിപ്പിക്കൽ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗം ആകേണ്ടതില്ലേ? ഇതോടൊപ്പം തൊഴിൽമനോഭാവവും ആത്മവിശ്വാസവും അഭിമാനബോധവും വികസിക്കേണ്ടതുണ്ട്. ഇവയെല്ലാം തുടർവിദ്യാഭ്യാസ ത്തിന്റെ ഭാഗമാക്കാൻ നമുക്ക് എങ്ങനെ കഴിയും?

7 വിദ്യാഭ്യാസ കാര്യങ്ങളിൽ അഭിമാനകരമായ മുന്നേറ്റം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പല കാര്യങ്ങളിലും ഇനിയും മുന്നേറാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഭരണഘടനാ മൂല്യങ്ങൾക്കൊപ്പം സാങ്കേതികവിദ്യാ സാക്ഷരത (കമ്പ്യൂട്ടർ ലിറ്ററസി ഉൾപ്പെടെ), നിയമ സാക്ഷരത, സാമ്പത്തിക സാക്ഷരത, പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കൽ (ക്രൈസിസ് മാനേജ്മെന്റ്), ട്രാഫിക് സാക്ഷരത തുടങ്ങി ഒട്ടനവധി മേഖലകൾ നമ്മുടെ മുന്നിൽ തുറന്നുകിടക്കുകയാണ്. ഈ മേഖലകളിൽ മുതിർന്നവരെ ബോധവാന്മാ രാക്കാനുള്ള വഴികളെന്തൊക്കെയാണ്?

8 ജനാധിപത്യബോധം, മതനിരപേക്ഷത, ലിംഗാവബോധം തുടങ്ങിയ കാര്യങ്ങളിൽ ഒരു വിദ്യാസമ്പന്നസമൂഹം വച്ചുപുലർത്തേണ്ടതും പാലിക്കേ ണ്ടതുമായ കാര്യങ്ങൾ നമുക്ക് പാലിക്കാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ ഇവയെല്ലാം തുടർവിദ്യാഭ്യാസ പരിപാടിയിൽ ഉൾച്ചേർക്കേണ്ടതുണ്ട്. അവ എങ്ങനെയാകണം? ഒരു വിദ്യാസമ്പന്ന സമൂഹത്തിൽ സ്വാഭാവികമായും വികസിക്കേണ്ട പൗരബോധം കേരളസമൂഹത്തിൽ വികസിക്കുന്നില്ല എന്ന വിമർശനമുണ്ട്. കേരളത്തിൽ കാണുന്ന മാലിന്യപ്രശ്നം, കുട്ടികളുടെ ഇടയിൽ പോലും വർധിച്ചുവരുന്ന ലഹരി ഉപയോഗം, സ്ത്രീകളോട് കാട്ടുന്ന അനഭിലഷണീയമായ മനോഭാവം ഇത്തരം കാര്യങ്ങളൊക്കെ ഇതിൽ പ്പെടുന്നു. നാം നേടുന്ന വിദ്യാഭ്യാസംകൊണ്ട് ഒരു ജനാധിപത്യ മതനിരപേക്ഷ സമൂഹത്തിനനുഗുണമായ പൗരബോധം വികസിക്കുന്നില്ല എന്ന വിമർശനവുമുണ്ട്. ഇത്തരം വിമർശനങ്ങളിൽ കഴമ്പുണ്ടെങ്കിൽ അവ മറികടക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗം ആകേണ്ടതില്ലേ? ആകണമെങ്കിൽ ഇവയെല്ലാം തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറ്റാൻ എങ്ങനെ കഴിയും?

9 അണുകുടുംബം ഉയർത്തുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അവ ഏറെയും

ബാധിക്കുന്നത് മുതിർന്നവരെയും അതിൽത്തന്നെ പ്രായമേറെയുള്ളവരെ യുമാണ്. അതുകൊണ്ട് പ്രായമേറെയുള്ളവരെ ഉൾക്കൊള്ളുന്നതും അവർക്കും കൂടി ആനന്ദപ്രദമാകുന്ന തരത്തിൽ ഉള്ള സാമൂഹികസാഹചര്യം വളർത്തുന്നതിൽ മുതിർന്നവരുടെ വിദ്യാഭ്യാസത്തിന് എന്ത് പങ്കുവഹിക്കാൻ കഴിയും?

10 പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ജീവിതത്തെക്കൂടി (പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, സമൂഹത്തിൽ ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവർ, വിധവകൾ, ഗോത്രവിഭാഗത്തിൽപെട്ടവർ തുടങ്ങി ...) ഉൾച്ചേർക്കുംവിധം തുടർവിദ്യാഭ്യാസത്തെ എങ്ങനെ ക്രമപ്പെടുത്താം?

11 ഇതുകൂടാതെ ഇനിയും ഒട്ടേറെ കാര്യങ്ങൾ നാം അന്വേഷിക്കേണ്ടതുണ്ട്. ഉദാ. മുതിർന്നവരുടെ വിദ്യാഭ്യാസത്തിൽ സാമൂഹിക പങ്കാളിത്തം ഏതെല്ലാം രീതിയിൽ ഉറപ്പുവരുത്താൻ സാധിക്കും? മുതിർന്നവരുടെ വിദ്യാഭ്യാസം സാർവത്രികമാക്കാൻ സ്വീകരിക്കാവുന്ന മാർഗങ്ങൾ എന്തെല്ലാം? മുതിർന്നവരുടെ നിലവിലുള്ള വിദ്യാഭ്യാസ രീതിയിൽ എന്തെല്ലാം കാതലായ മാറ്റങ്ങളാണ് ആഗ്രഹിക്കുന്നത്? തൊഴിലധിഷ്ഠിത നൈപുണിവികസനം മുതിർന്നവരുടെ വിദ്യാഭ്യാസത്തിൽ ഉൾപെടുത്തുകയാണെങ്കിൽ എന്തെല്ലാം മേഖലകൾക്കാണ് ഊന്നൽ നൽകേണ്ടത്? അത് പ്രായോഗികതലത്തിൽ വിജയകരമാക്കാനുള്ള നിർദേശങ്ങൾ എന്തെല്ലാം? പരിസ്ഥിതിപഠനം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങി വിദ്യാഭ്യാസ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തേണ്ട മേഖലകൾ എന്തെല്ലാം?

12 പ്രാദേശികസർക്കാരുകൾ, സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുതിർന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളിത്തം എങ്ങനെ സാധ്യമാകും?

13 മുതിർന്നവരുടെ വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടുന്ന സംവിധാനങ്ങളായ സാക്ഷരതാമിഷൻ അതോറിറ്റി, സ്കോൾ കേരള (സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ), സ്റ്റേറ്റ് റിസോഴ്സ് സെന്റർ (SRC) എന്നിവയുടെ ചുമതലകൾ എന്താകണം? ഈ ചുമതലകൾ നിറവേറ്റാൻ പ്രസ്തുത സംവിധാനങ്ങളെ എങ്ങനെ സജ്ജമാക്കാം?

# 26 രക്ഷാകർത്തൃ വിദ്യാഭ്യാസം

1. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ അതീവതൽപ്പരരാണ് രക്ഷിതാക്കൾ. നമ്മുടെ രാഷ്ട്രത്തിന്റെ പൊതു അവസ്ഥയിൽ നിന്നും ഭിന്നമായി ഔപചാരിക വിദ്യാഭ്യാസം പൂർത്തികരിച്ചവരാണ് രക്ഷിതാക്കളിൽ ബഹു ഭൂരിപക്ഷവും. കേരളീയ വിദ്യാഭ്യാസത്തെ മുന്നോട്ടു നയിക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് വളരെ വലുതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കണ്ട ജനകീയമുന്നേറ്റത്തിന്റെ കേന്ദ്രസ്ഥാനത്ത് രക്ഷിതാക്കൾ ഉണ്ടായിരുന്നു. രക്ഷിതാക്കളുടെ കഴിവുകളും സാധ്യതകളും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും മുന്നോട്ടുള്ള പ്രയാണത്തിനും എങ്ങനയെല്ലാം പ്രയോജനപ്പെടുത്താം?

2. അനുകൂലഘടകങ്ങൾ ഒട്ടേറെയുണ്ടെങ്കിലും വിദ്യാഭ്യാസത്തെക്കുറിച്ച് ശരിയല്ലാത്ത പല ധാരണകളും രക്ഷിതാക്കളിൽ നിലനിൽക്കുന്നുണ്ട്. പുരോഗമന വിദ്യാഭ്യാസ മുന്നേറ്റത്തിന് ഇത് പലപ്പോഴും പ്രതിബന്ധമാകുന്നുമുണ്ട്. ഇക്കാര്യങ്ങൾ അതത് സമയങ്ങളിൽ രക്ഷാകർത്താക്കളുമായി സംവദിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതല്ലേ? ഇതിന്റെ രീതിശാസ്ത്രം എന്താകണം?

3. പത്താം ക്ലാസുവരെ എല്ലാകുട്ടികൾക്കും പൊതുവായുള്ള പാഠ്യപദ്ധതിയാണ്. 11-12 ക്ലാസുകളിൽ വിഷയാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളാണ്. കുട്ടികൾ വ്യത്യസ്തമായ കഴിവുള്ളവരാണ് എന്ന് രക്ഷിതാക്കൾക്ക് അറിയാമെങ്കിലും തന്റെ കുട്ടി എല്ലാ വിഷയങ്ങളിലും എ പ്ലസ് തന്നെ നേടണം എന്ന് അവർ ആഗ്രഹിക്കുന്നു. ഇതിൽ തെറ്റില്ലെങ്കിലും പ്രസ്തുത ആഗ്രഹം കുട്ടിയുടെ മാനസികാരോഗ്യത്തെപോലും ബാധിക്കുന്ന രീതിയിലേക്ക് മാറുന്നത് രക്ഷിതാക്കൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. പലപ്പോഴും പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ മറ്റു കുട്ടികളോട് താരതമ്യം ചെയ്യുകയും ഇകഴ്ത്തുകയും ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ദൂരവ്യാപക പ്രത്യാഘാതങ്ങൾ അറിയാതെ പോകുന്നു. അതുപോലെ സ്വന്തം കുട്ടികളുടെ കഴിവുകളെ പർവതീകരിച്ച് പറയുന്നതുകൊണ്ട് കുട്ടികളിലുണ്ടാകുന്ന മനോഭാവ വ്യതിയാനങ്ങളും തിരിച്ചറിയാതെ പോകുന്നു. ഇത്തരം കാര്യങ്ങൾ രക്ഷിതാക്കളുമായി സംവദിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ വികസിപ്പിക്കാൻ കഴിയും?

4. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ രാഷ്ട്രനേതാക്കൾ മുന്നോട്ടുവച്ച ലാളിത്യ

ത്തിന്റെയും എളിമയുടെയും സംസ്കൃതിക്ക് പകരം ഉപഭോക്തൃ തൃഷ്ണ യുടെയും പൊങ്ങച്ചത്തിന്റെയും ഒരവസ്ഥ പൊതുവേ പ്രകടമാകുന്നു എന്ന അഭിപ്രായം ഉയർന്നുവരുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ഏറെ പ്രതിഫലി ക്കുന്ന ഇടങ്ങളായി വിദ്യാലയങ്ങൾ മാറിയിരിക്കുന്നു എന്നും അഭിപ്രായ വുമുണ്ട്. ജീവിതപ്രയാസങ്ങളോ കഷ്ടപ്പാടുകളോ ഒന്നും കുട്ടികളെ അറി യിക്കാതെയിരിക്കാൻ ബഹുഭൂരിപക്ഷം രക്ഷിതാക്കളും ശ്രമിക്കുന്നു എന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ധാരാളിത്ത ത്തിന്റേതായ ഒരു ശൈലി കുട്ടികൾ സ്വായത്തമാക്കാൻ ഇടവരുത്തുകയും ചെയ്യുന്നു. ഇതെല്ലാം കുട്ടികളിൽ സ്വഭാവവ്യതിയാനങ്ങൾക്ക് ഇടവരുത്തു ന്നുണ്ട് എന്നാണ് ഓരോ ദിവസവും മാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊ ണ്ടിരിക്കുന്നത്. ഈ പ്രശ്നങ്ങളെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടത്?

5. വിദ്യാഭ്യാസം എന്നത് കേവലം പരീക്ഷകൾക്ക് തയാറാകലാണ് എന്ന ധാരണ കൂടുതൽ കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ പരീക്ഷകളിൽ കുട്ടികളെ തളച്ചിടാൻ വലിയൊരു വിഭാഗം രക്ഷിതാ ക്കൾ നിർബന്ധിതരാകുന്നു. ഫലമോ കുട്ടിത്തം ആസ്വദിക്കാൻ കുട്ടികൾക്ക് അവസരമോ അവകാശമോ ഇല്ലാതായി. സ്കൂളുകളിൽ നിന്ന് കുട്ടികളുടെ ശാരീരിക-വൈകാരിക വികാസത്തിന് നിദാനമായ പ്രവർത്തനങ്ങളെല്ലാം അന്യംവരികയും ചെയ്തു. കലാ-കായിക വിദ്യാഭ്യാസം മേളകളിൽ മത്സ രിക്കുന്നതിന് സജ്ജമാക്കുക എന്നതിലേക്ക് പരിമിതപ്പെട്ടു. ഫലമോ കുട്ടി കളിൽ പോലും രോഗാതുരത പ്രകടമായി. ജീവിത ശൈലീരോഗങ്ങൾ കുട്ടി കളിലടക്കം വ്യാപകമായിക്കാണുന്നു. ഈ ഒരവസ്ഥയെ രക്ഷിതാക്കളുടെ പിന്തുണയോടെ എങ്ങിനെ അഭിമുഖീകരിക്കാം?

6. കളിയും വ്യായാമവും രോഗചികിത്സയുടെ ഭാഗമാണ് എന്ന ധാരണ പ്രബ ലപ്പെട്ടുവരുന്നു. കളിക്കേണ്ട പ്രായത്തിൽ കളിക്കാനുള്ള അവസരം കുട്ടി കൾക്ക് ലഭ്യമാകാതെ പോകുന്നു. സ്കൂൾ ഗ്രൗണ്ടുകൾപോലും ആവശ്യ മില്ല എന്ന ധാരണ ചിലയിടങ്ങളിലെങ്കിലും ഉണ്ടാകുന്നു. പുതിയ കെട്ടിടം നിർമ്മിക്കാൻ നിർദേശം വരുത്തുമ്പോൾ അത് ഗ്രൗണ്ടിൽ തന്നെയാകാം എന്ന അഭിപ്രായം പറയുന്നവരുടെ എണ്ണം കൂടിവരുന്നു. ഇത് സ്കൂൾ പ്രായ ത്തിലൂടെ കുട്ടികൾക്ക് കളിയും വ്യായാമവും ആവശ്യമില്ല എന്ന സമൂഹചിന്ത യുടെ പ്രതിഫലനമാണ്. ഇത്തരം അശാസ്ത്രീയധാരണകളെ എങ്ങിനെ നമുക്ക് തിരുത്തിയെടുക്കാൻ കഴിയും?

7. വികസിത രാജ്യങ്ങളെല്ലാം വിജ്ഞാനസമൂഹത്തിലേക്കുള്ള പ്രയാണത്തി ലാണ്. കേരളവും പ്രസ്തുത പാതയിലാണ്. അറിവ് സൃഷ്ടിച്ചുകൊണ്ടേയി രിക്കുന്ന സമൂഹമാണ് വിജ്ഞാനസമൂഹം. ആർജിച്ച അറിവിന്റെ മേൽ ലഭ്യ

മായ പുതിയ വിവരങ്ങൾ കൂടി പ്രയോജനപ്പെടുത്തി, കുട്ടി ജീവിക്കുന്ന ജീവിത പരിസരവുമായും പ്രകൃതിയുമായും സമൂഹചലനങ്ങളുമായും ബന്ധിപ്പിച്ച് പുത്തൻ അറിവ് സൃഷ്ടിക്കുന്നു. ചുറ്റുമുള്ള ലോകത്തിൽ നടക്കുന്ന എല്ലാത്തരം വ്യവഹാരങ്ങളും ഇവിടെ പ്രധാനമാണ്. ചുറ്റും നടക്കുന്ന ജീവിതത്തിന്റെയും വ്യവഹാരങ്ങളുടെയും മാധ്യമം മാതൃഭാഷയാണ്. വിചാരത്തോടൊപ്പം വികാരവും ഇതിൽ പ്രവർത്തിക്കുന്നു. തങ്ങളുടെചുറ്റുമുള്ള വികാരവും വിചാരവും നടക്കുന്നതും മാതൃഭാഷയിൽ തന്നെയാണ്. അതുകൊണ്ടുതന്നെ ജ്ഞാനസമൂഹത്തിന്റെ ഭാഗമാകണമെങ്കിൽ അവിടെ നിലനിൽക്കുന്ന ആശയപ്രപഞ്ചം വളരെ പ്രധാനമാണ്. മാതൃഭാഷയിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന കുട്ടികൾക്ക് വിജ്ഞാനസമൂഹത്തിലെ ക്രിയാത്മക പങ്കാളികളാക്കാൻ പരിമിതിയേറെയുണ്ടാകും. ഇവിടെയാണ് മാതൃഭാഷ ആധുനികലോകത്തിൽ വളരെ പ്രസക്തമാകുന്നത്. അതേസമയം ലോകത്തിന്റെ വിവിധകോണുകളിൽ നിർമ്മിക്കുന്ന അറിവുകൾ വിവരങ്ങളായി ഒഴുകി എത്തുന്നത് ആധുനിക സാങ്കേതികവിദ്യാസങ്കേതങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷയിലൂടെയാണ്. അതുകൊണ്ട് തന്നെ കുട്ടികളുട ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള ശേഷി വർധിപ്പിക്കേണ്ടതുമുണ്ട്. അതുകൊണ്ടാണ് വിദ്യാഭ്യാസ വിദഗ്ധരും മനശ്ശാസ്ത്രജ്ഞരുമൊക്കെ മാതൃഭാഷാ മാധ്യമത്തിലൂടെ വേണം പഠിക്കേണ്ടത് എന്നത് നിഷ്കർഷിക്കുന്നതും സ്കൂളുകളിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തണം എന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നത്. ഇക്കാര്യം രക്ഷാകർത്താക്കളടക്കമുള്ള പൊതുസമൂഹത്തിന്റെ പൊതുബോധ്യമാക്കിയാലേ ഈ ദിശയിലുള്ള പദ്ധതികൾ രൂപപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യേണ്ടതുണ്ട്?

8. അധ്യാപനത്തിൽ കഴിവും കുട്ടികളോട് ഇടപെടൽ താൽപ്പര്യമുള്ള അഭ്യസ്തവിദ്യരായ ധാരാളം രക്ഷിതാക്കൾ മറ്റു തൊഴിലിനൊന്നും പോകാത വീടുകളിലുണ്ട്. ഇവരുടെ അറിവും കഴിവും നൈപുണിയും കൃത്യമായ ആസൂത്രണത്തോടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് പ്രയോജനപ്പടുത്താൻ കഴിയുമോ? ശാസ്ത്രം, ഗണിതം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് അധികപിന്തുണ ആവശ്യമാണ്. ഈ രംഗങ്ങളിൽ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ മഴവില്ല്, മഞ്ചാടിപോലുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ട്. ഇതുപോലുള്ള അന്വേഷണങ്ങൾ നിരന്തരമായി നടക്കേണ്ടതുണ്ട്. രക്ഷാകർത്താക്കളുടെ സാധ്യത ഇത്തരം അന്വേഷണങ്ങളിൽ എങ്ങനെയെല്ലാം പ്രയോജനപ്പടുത്താം?

9. ലഹരി ഉപയോഗം നമ്മെയെല്ലാം വിഷമിപ്പിക്കുന്ന തരത്തിൽ വളരുകയാണ്. ഇത് ചെറുത്തേപറ്റൂ. മുമ്പ് അയൽപക്ക വിദ്യാലയങ്ങളിലായിരുന്നു കുട്ടി

കളേറെയും പഠിച്ചിരിക്കുന്നത്. സ്കൂൾ എന്നത് നാടിന്റെ ഭാഗം കൂടിയായിരുന്നു. രക്ഷിതാക്കളും അധ്യാപകരും പരസ്പരം കാണുമായിരുന്നു, സംസാരിക്കുമായിരുന്നു. ഇത് കുട്ടികളിലുണ്ടാക്കിയ കരുതലിന്റേതായ മനോഭാവം വളരെ വലുതായിരുന്നു. വിദ്യാഭ്യാസത്തോടും സ്കൂളുകളെക്കുറിച്ചും ഉണ്ടായിരുന്ന ശരിയല്ലാത്ത ധാരണകൾ കുട്ടികളെ അകലങ്ങളിലേക്കുള്ള വിദ്യാലയങ്ങളിലേക്ക് അയയ്ക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിച്ചു. സ്വന്തം കുട്ടികൾ പഠിക്കാത്ത നാട്ടിലെ സ്കൂളുകൾ നാട്ടിൽ നിന്നും അകന്നു. അധ്യാപകരും രക്ഷിതാക്കളും പരസ്പരം നാട്ടിൽവച്ച് കാണുന്നത് കുറഞ്ഞുവന്നു. ഔപചാരികമായ രക്ഷാകർത്തൃമീറ്റിംഗുകൾ മാത്രമായി അത് പരിമിതപ്പെട്ടു. ഇത് കുട്ടികളിൽ ഉണ്ടാക്കിയ മനോഭാവം വേണ്ടതരത്തിൽ രക്ഷാകർത്താക്കൾ ഉൾക്കൊണ്ടിട്ടില്ല. ഞങ്ങളെ ആരും ശ്രദ്ധിക്കുന്നില്ല എന്ന മനോഭാവമാണ് അനഭിലഷണീയമായ പല കാര്യങ്ങളിലേക്കും കുട്ടികളെ നയിച്ചിട്ടുണ്ടാകുക. ആയതിനാൽ രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും ശ്രദ്ധാപരിതിയിലുള്ള സ്കൂളുകളിൽ, അതായത് അയൽപക്ക വിദ്യാലയങ്ങളിൽത്തന്നെ കുട്ടികളെ ചേർത്തു പഠിപ്പിക്കാനും സ്കൂളിന്റെ അഭിവൃത്തിയിൽ സ്വയം പങ്കാളികളാകാനും അതുവഴി ഇന്ന് കുട്ടികളിലടക്കം കാണുന്ന അനഭിലഷണീയ പ്രവണതകളിൽ നിന്നും അവരെ മോചിപ്പിക്കാനും സഹായകരമായ തരത്തിൽ രക്ഷാകർത്തൃവിദ്യാഭ്യാസം എങ്ങനെ വികസിപ്പിക്കാം?

10. വിദ്യാഭ്യാസത്തെക്കുറിച്ച് അശാസ്ത്രീയമായ പല ധാരണകളും രക്ഷിതാക്കളിൽ നിലനിൽക്കുന്നുണ്ട്. അവ അതത് സമയത്ത് കണ്ടെത്തി എങ്ങനെ അഭിമുഖീകരിക്കാം? നിർദേശങ്ങൾ ഉണ്ടാകണം. നമ്മുടെ സ്കൂളുകളെല്ലാം സാങ്കേതികവിദ്യാ സൗഹൃദമായിട്ടുണ്ട്. രക്ഷാകർത്തൃ വിദ്യാഭ്യാസത്തിന് ഈ സാധ്യതയെ എങ്ങനെ പ്രയോജനപ്പടുത്താം?

11. ഇന്നത്തെ കുട്ടികൾ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ രക്ഷിതാക്കളെ അപേക്ഷിച്ച് മികവ് പുലർത്തുന്നവരാണ്. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതമായ ഉപയോഗം കാരണം കുട്ടികളിൽ പലതരത്തിലുള്ള മാനസികപ്രശ്നങ്ങളും ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. കുട്ടികൾക്ക് ലഭ്യമാകുന്ന ഒഴിവ് സമയം ഫലപ്രദമായി ഉപയോഗിക്കുന്നതിന് രക്ഷാകർത്തൃവിദ്യാഭ്യാസത്തിനുള്ള പങ്ക് എന്തായിരിക്കണം?

12. കോവിഡ് കാലത്ത് വീട് തന്നെ വിദ്യാലയമായി. ഇക്കാലത്ത് അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുകയും ചെയ്തു. ഇത്തരം പ്രതിസന്ധിഘട്ടങ്ങൾ തരണംചെയ്യുന്നതിന് രക്ഷാകർത്തൃവിദ്യാഭ്യാസത്തിന് എന്ത് പങ്ക് നിർവഹിക്കാൻ കഴിയും? അഭിപ്രായം ഉണ്ടാകണം.